Special Purpose Assessment Tools

TESTS OF LANGUAGE PROFICIENCY MALAYALAM

For Secondary (Std. X) Level

सत्यमेव जयते

CENTRAL INSTITUTE OF INDIAN LANGUAGES
Mysore, India

TESTS OF
LANGUAGE PROFICIENCY

For Secondary (Standard X) Level

MALAYALAM

Central Institute of Indian Languages
Publication No.
Subject : Evaluation & Testing

Series Editing

Pon Subbiah

Assistance

M. Balakumar

Prepared in workshops by

C. J. Roy
A.P. Andrewskutty
K. Regu
M.S. Gomathiammal
V. Saratchandran Nair
P.T. Abraham

Revised & finalised by

N. Rajasekharan Nair
Naduvattam Gopalakrishnan
K. Vasudevan Nair
V. Saratchandran Nair

Final Scrutiny by

V. Saratchandran Nair
N. Rajasekharan Nair

Advice & Consultancy

D.P. Pattanayak
A.K. Srivastava
E. Annamalai
Udaya Narayana Singh

TESTS OF
LANGUAGE PROFICIENCY

For Secondary (Standard X) Level

MALAYALAM

CENTRAL INSTITUTE OF INDIAN LANGUAGES
Mysore, India

Tests of Language Proficiency : Malayalam

First Published : January, 2005
Pushya Masa 1927

© *Central Institute of Indian Languages, Mysore,*

This material may not be reproduced or transmitted in any form or by any means, electronic, or mechanical including photocopy, recording, or any information storage and retrieval system without permission in writing from :

Director
Central Institute of Indian Languages
Manasagangotri, Mysore - 570006
INDIA

Phone	: 0091-0821-2515820 (Director)	PABX	: 0091-0821-2515888, 2414568
Grams	: BHARATI	Fax	: 0091 - 0821-2515032
E-mail	: udaya@ciil.stpmy.soft.net (Director) bhasha@sancharnet.in	Web site	: http://www.ciil.org

ISBN-81-7342-140-4

Price: Rs. 200/-

Published by Prof. Udaya Narayana Singh, Director
Central Institute of Indian Languages, Mysore
Printed by Mr. S.B. Biswas, Manager
CIIL Printing Press, Manasagangotri, Mysore-570 006, India
Cover Design: H. Manohar
DTP: Ms. Dhanalakshmi & Ms. R. Shakunthala

Foreword

In partial fulfillment of the objectives of the Institute, the Evaluation Unit has undertaken a series of programmes not only to identify the thrust areas of requirement but also to develop specialized materials in those areas in various Indian languages. The materials thus developed under the category of **Special Purpose Assessment Tools** are being brought out in different series.

Item resources developed for the construction of proficiency tests at the level of standard X are included in the *Proficiency Test Series*. The tools meant for the assessment of various inhouse-programmes such as Refresher Courses, National Integration Camps, Contact-cum-Correspondence Courses, Programmes of teaching Indian languages as L_2 and their instructional materials are included under the *Programme Evaluation Series.* These are available mostly in English. Similarly, the item samples developed for the construction of graded tests of general ability in language & literature applicable to all the seven levels of general education viz., primary, upper primary, secondary, higher secondary, graduate, post-graduate, and research, are included in the *General Ability Test Series.*

The present volume is one of the constituents of the *Proficiency Test Series*. The original suggestion to create a series of studies in proficiency as is being presented now came from the Ministry (1989) at the instance of the then Minister of Human Resource Development. The work initiated accordingly at the secondary education level (std. X) continued for several years till it was completed in all the fourteen major Indian languages viz., *Assamese, Bengali, Gujarati, Hindi, Kannada, Kashmiri, Malayalam, Marathi, Oriya, Punjabi, Sindhi, Tamil, Telugu,* and *Urdu.*

There was difficulty in arriving at a consensus on the format as the concept of *language proficiency* continued to be a controversial issue. One of the issues of concern is the question of how a mastery is acquired when a well founded course of study involving language competence, cultural insight, and literary acquaintances is completed - based on which tests are developed. The other one is concerned with the view that proficiency is a reflection of a candidate's mastery of specific skills and content deemed pre-requisites for a particular job.

Proficiency as a concept is also differentiated from other related concepts such as *achievement*, *aptitude*, etc. The concept of *achievement* is stated to be the extent of learning of the material presented in a particular course or programme of instruction. The learning achievement is usually reported either with reference to the other students of the class (norm referenced) or with reference to a particular learning material (criterion referenced). The concept of *aptitude*, on the other hand refers to the prediction of potentiality or readiness or likely success of the examinee in a particular area of learning, employment, etc.

Not withstanding the perceptions of all these concepts, a common format was evolved and on the basis of the consensus arrived at item samples for assessing proficiency were prepared and included in these volumes. These samples can be used for constructing tests of different lengths and time with necessary modifications. A *flexible approach* has been suggested for the test constructor who is free to fix up the objectives on the basis of his own perception and priority. Thus, the models provided may be used for *developing tests* to effectively explore the terrain of language proficiency for *education* and *employment* purposes by various organizations that require its assessment.

The important point is that this series of materials employ a *common frame* consisting the content areas such as main idea, sequence, cause and effect, inferences, etc., which are quite innovatively cultivated. Divided into seven parts, the item samples provided here focus on various aspects of proficiency. It goes without saying that advanced users of this material will find their own ways of creating more such question items specifically suited to their contexts based on what they find in these item resources. Such explorations and additions will only enrich the field. Much of what we see here has resulted from a series of workshops and meetings and as a consequence of continued efforts.

I would like to appreciate the efforts of the Series Editor and all those individual experts who have contributed the item resources with so much of care and imagination. A number of senior scholars including former Directors and Deputy Directors of the Institute have been involved in this project.

I am sure the students, teachers, and language evaluators in this part of the world will find this series of books very useful.

Udaya Narayana Singh
Director

Acknowledgement

The then Professor-cum-Deputy Director of this Institute Late Dr. A.K. Srivastava was instrumental for developing this series of materials. His involvement and contributions are gratefully remembered. The founder Director Dr. D.P. Pattanayak, and the then Professor-cum-Deputy Directors Dr. E. Annamalai and Dr. M.S. Thirumalai too, have involved in this work. Their involvement and encouragements cannot be forgotten. Sanction for taking up the finalisation and publication of this series of materials on priority, was first accorded by the Director i/c Dr. N. Ramaswami (1999). Drs. C.J.Roy, A.P.Andrewskutty, K.Regu, M.S.Gomathiammal, V.Saratchandran Nair, and P.T.Abraham contributed the item resources through decentralised and centralised workshops during 1980s. Drs. N. Rajasekharan Nair, Naduvattam Gopalakrishnan, K.Vasudevan Nair, and V.Saratchandran Nair have jointly worked and updated the material. Dr. V. Saratchandran Nair, and Dr. N.Rajasekharan Nair took up the follow up work and got the material press ready. Dr. M. Balakumar, my colleague in the Centre for Testing & Evaluation, has been of great help in the finalisation process. The composing of the material and the DTP work were completed by Ms.Dhanalakshmi of Krishnamurthypuram. Ms. R. Shakunthala of Kuvempunagar checked uniformity of the format. Sri. H. Manohar designed the wrapper. Sri. S.B. Biswas, Press Manager and his staff have executed the printing of the material. The help and cooperation extended by all of them are gratefully acknowledged.

Last but not the least, we are particularly grateful to Professor Udaya Narayana Singh, our present Director for his continuous encouragement in all our endeavours.

Pon Subbiah
Series Editor

Introduction

"**General proficiency** in the context of education is perceived as the *degree of ability* already acquired; *skill* in a comprehensive sense, including not only motor or manual activities but also activities such as competence in language, book keeping, economics, mathematics, etc." (Good, Carter V: 1959). However, proficiency as a concept has not yet found a completely satisfactory expression in language education. Different interpretations of this concept have been aptly summarized by Stern (1983). The summary consists of two sets of options. One set relates to the *levels* of proficiency-the different degrees of actual or required mastery of the language. This is what rating scales postulate, and inter-language studies (or error analysis) investigate. The other set relates to the *components* (essential characteristics) of proficiency. Both these options can be seen as expressed in relatively general or abstract terms, or itemized in increasingly concrete ways.

Oller (1976) has opted for a *single concept*-expression of proficiency as *expectancy grammar*, Cummins (1979) recognized a *two fold* division between a more *academic* (linguistic) and a more *communicative* component. Canale and Swain's (1980) division of proficiency is *three fold* with *linguistic* (grammatical), *socio-linguistic*, and *strategic* competence. A *four fold* interpretation, implicitly incorporating the *formal* mastery (form), *semantic* mastery (meaning), *communication* capacity and *creativity* into the traditional divisions of proficiency viz., *listening, speaking, reading,* and *writing* (L,S,R,W) is advocated by Stern (1983). The Council of Europe Inventories represent a *multiple* interpretation of proficiency combining *roles, settings, topics, functions* and *notions* while Carroll's (1968) analysis relates the proficiency to a concept involving *four behavioural* aspects (L,S,R,W) to *three or more linguistic* categories. Thus, it is found in the literature on language evaluation that a number of attempts have been made to explore the *dimensions of proficiency* but none of them appears to have had universal acceptance.

In the light of these interpretations, language proficiency was visualized as a tool used for predicting *how well an individual*, after certain number of years of normal education, could *communicate in a content free and context-free manner across a wide variety of situations*. It was also presumed that such a measure would test the *knowledge of language in use* abstracted from content based instruction.

It was with this background that a workshop on review & developing guidelines for the preparation of proficiency items was organised at the Eastern Regional Language Centre, Bhubaneshwar from Nov. 25 - 29, 1985. During the course of the proceedings, a review of existing tests was first taken up in the light of the syllabi being followed at the secondary level (std. X) of general

education in different Indian languages. After a series of deliberations among the linguists and litterateurs representing Bengali, Marathi, Punjabi, Tamil, Telugu, and Urdu, it was decided to formulate a *set of guidelines* for the preparation of tests of language proficiency with certain samples of item models. The idea behind this was to identify the *structure* and the *levels* of language proficiency that could be assessed by a set of item samples (to be assembled by drawing academic resources from the text books of standards, and also of other reading materials of the comparable standard).

Accordingly, the concept of proficiency was considered as a combination of *seven domains* (dimensional areas) with each of them having a number of *content components*. They are assumed to be assessed through the suggested models of question items. Accordingly, question / item models which deal with *main idea, direct information, sequence, cause & effect, inference*, and *vocabulary* - have been suggested for assessing READING COMPREHENSION, the first of the seven domains. Items dealing with *lexical meaning, contextual meaning, synonyms,* and *antonyms* - are suggested for LEXICAL SKILLS (vocabulary), the second domain. For the third one STRUCTURE, items dealing with *sequence completion, error detection, sentence comprehension, transformation, and formal grammar* have been suggested. Similarly for the next domain WRITING AND COMPOSITION, those dealing with *spelling, idioms & proverbs, precis writing, text organization,* and *letter writing & composition* are suggested. However, in respect of fifth, sixth, and seventh domains viz., LISTENING COMPREHENSION, SPEAKING, and GENERAL LANGUAGE RELATED INFORMATION, the decision of specifying the content components and the corresponding item models has been left to the choice of item writers in view of the familiarization of the areas. All these suggestions are herewith made with appropriate examples.

Subject experts representing 14 major Indian languages were at a later stage requested to prepare additional resources in *equivalent forms* of the models suggested through a *decentralized workshop* [staying in their own places]. Subsequently, the item resources prepared by various experts were pooled together, reviewed, and finalized in different phases of a *centralized workshop* held at the CIIL, Mysore, during 1986-88. These finalised question items have then been classified and incorporated under each of the seven dimensional areas, in the same sequential order as specified in the common format. [Such a sequence, however has not strictly been followed in some languages included in this series]. The assumption is that the responses so obtained can be quantified by adopting appropriate scaling procedures and the outcome can be treated as the *indicatives* of measures of language proficiency that exist in the examinee.

It is suggested that by keeping this material as a source, optimized tests of required length and time, may be constructed and made use of by any agency which seek to assess language proficiency of a large number of individuals for such purposes as *admissions* into higher education, *job selection*, *training*, and also for assessing various programmes of language instruction. The item resources provided here, are meant *primarily for assessment* and *not for diagnostic* purposes. They may also be adopted for *screening purposes* and for which more elaborate forms of diagnostic tools may be required. It may also be noted that the tests constructed out of these item resources seek to evaluate individual's proficiency in relation to group norm and as such permit *norm-referenced* interpretations.

Pon Subbiah
Series Editor

References :

Canale, M. and **Swain, M.** 1980. 'Theoretical bases of communicative approaches to second language teaching and testing.' *Applied Linguistics* 1 : 1-47 [116(n15), 242-3(n6,7), 258, 268(n22), 347, 358 (n5)].

Carroll, J.B. 1968. 'Language Testing' in Davies 1968 : 46-49 [349,350].

Cummins, J. 1979. 'Cognitive / academic language proficiency, linguistic interdependence, the optimal age question and some other matters'. *Working papers on Bilingualism* 19 : 197-205 [352-3, 356-7, 358(n8)].

Good, Carter V., ed., 1973. 'Dictionary of Education' New York : McGraw-Hill Book Company.

Oller, J.W. Jr. 1976. 'Evidence for a general proficiency factor : an expectancy grammar'. *Die Neueren Sprachen* 2 : 165-74 [349-52].

Srivastava, A.K., *et al.,*1985 (compiled). 'Preparation of Tests of Language Proficiency : Recommended Guidelines' (Proceedings of the workshop on Review, & Developing Guidelines for the preparation of Proficiency Test Items, Nov.25-29, 1985, ERLC, Bhubaneshwar) - Mysore: CIIL.

Stern, H.H., 1983. 'Fundamental Concepts of Language Teaching' Oxford : Oxford University Press.

Contents

Foreword v
Acknowledgement vii
Introduction ix

Tests of Language Proficiency - Malayalam

1. Reading Comprehension
   Passage 1 to Passage 14 each with a group of questions for eliciting information on Main idea, Detail, Sequence, Cause & Effect, Inference, and Vocabulary 1-56
2. Lexical Skill 57
   - Word Meaning 57
   - Contextual Meaning 70
   - Synonyms 84
   - Antonyms 92
3. Structure of Language 103
   - Sentence Completion 103
   - Error Detection 118
   - Sentence Comprehension 137
   - Sentence Transformation 143
   - Formal Grammar 159
4. Writing & Composition 177
   - Spelling 177
   - Idioms and Proverbs 191
   - Precis Writing 201
   - Text Organization 213
   - Letter Writing and Composition 230
5. Listening Comprehension 241
   Passage 1 to Passage 18 241-289
6. Speaking (Optional) & 290
7. General Information (Optional) 290

Answer Keys 291
Appendix - I : Recommended Guidelines 313
Appendix - II : Addresses of Resource Persons 325

Reading Comprehension 1
വായനാശേഷി

Instruction: *It is an objective type of test. Mark (✓) the correct answer out of 4 choices.*

Mark (✓) the correct answer according to the given question

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക ശ്രദ്ധാപൂർവ്വം വായിച്ച - തിനുശേഷം ചോദ്യങ്ങൾക്കു ഉത്തരമെഴുതുക.

Passage - 1

അടിയുറച്ച വിശ്വാസവും, വിട്ടുവീഴ്ചയില്ലാത്ത വിശുദ്ധിയും എവിടെയുണ്ടോ അവിടെ ആരോഗ്യമുണ്ട്, വിജയമുണ്ട്, ശക്തിയുണ്ട്. അങ്ങനെയുള്ള ഒരിടത്ത് രോഗത്തിനോ, പരാജയത്തിനോ, അനർത്ഥത്തിനോ താങ്ങാൻ ഇടമുണ്ടാവില്ല. കാരണം അവയെ പോറ്റിവളർത്തുന്ന യാതൊന്നും അവിടെ ഇല്ലെന്നതു തന്നെ.

രോഗമെന്ന് പറയുന്നത് നമ്മുടെ തന്നെ വീഴ്ചകളുടെയും പാപങ്ങളുടെയും ഫലമാണെന്ന് നാമെത്ര എളുപ്പം അറിയുകയും അംഗീകരിക്കുകയും ചെയ്യുന്നുവോ അത്രയെളുപ്പം നാം ആരോഗ്യത്തിന്റെ രാജവീഥിയിൽ, എത്തിച്ചേരുകയായി. രോഗം ചെന്നെത്തുന്നത് അതിനെ വിളിച്ചുവരുത്തുന്നവരിൽ മാത്രമാണ്. ആരിലാണോ ശക്തവും ശുദ്ധവും സൃഷ്ടൃൻമുഖവുമായ ചിന്താമേഖലകൾ ജീവസന്ദായകവും രോഗശമനകാരിയുമായ പ്രവാഹങ്ങൾ ഉണർത്തുന്നത് അവരിൽനിന്ന് രോഗങ്ങൾ ഓടി അകലും.

കോപം, ഉത്ക്കണ്ഠ, അസൂയ, ആർത്തി, മനസ്സിന്റെ താളം തെറ്റിയ മറ്റേതെങ്കിലും അവസ്ഥ എന്നിവയ്ക്കെല്ലാം വഴിപ്പെടുകയും എന്നിട്ടും സമ്പൂർണ്ണമായ ശാരീരികാരോഗ്യം നില നിർത്താമെന്ന് കരുതുന്ന ആളാണ് നിങ്ങളെങ്കിൽ, തീർച്ചയായും നിങ്ങൾ നടക്കാത്ത കാര്യം നടക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. നിങ്ങളുടെ മനസ്സിൽ നിരന്തരം രോഗത്തിന്റെ വിത്തുകൾ പാകിക്കൊണ്ടേയിരിക്കുകയാണ്. ബുദ്ധിമാൻമാരായ ആളുകൾ അത്തരം മാനസികാവസ്ഥകളിൽ നിന്ന് ശ്രദ്ധാപൂർവ്വം അകന്നു നിൽക്കുന്നു. കാരണം അവർക്കറിയാം അത്തരമൊരവസ്ഥ വൃത്തികെട്ട ഓടയെയോ, രോഗാണുബാധിതമായ വീടിനേയോക്കാൾ അപകടകാരിയാണെന്ന്.

ശാരീകികമായ വേദനകളിൽനിന്ന് രക്ഷനേടി, ശരീരത്തിന്റെ താളം സമ്പൂർണ്ണമായി വച്ചുപുലർത്താൻ കഴിഞ്ഞാൽ, നിങ്ങൾ പിന്നീട് ചെയ്യേണ്ടത് മനസ്സിനെ ക്രമനിലയിലാക്കുകയും ചിന്തകൾക്കു പരസ്പരം പൊരുത്തം കൈവരുത്തുകയും ആണ്. ആഹ്ലാദപൂർണ്ണമായ ചിന്തകളിൽ മുഴുകുക.

സിരാപടലങ്ങളിലൂടെ സൗമനസ്യത്തിന്റെ അമൃതം പ്രസരിക്കട്ടെ, അങ്ങനെയായാൽ നിങ്ങൾക്ക് മറ്റൊരു മരുന്നും വേണ്ടിവരുകയില്ല.

അസൂയകളും, ആശങ്കകളും, ഉത്ക്കണ്ഠകളും, വെറുപ്പുകളും, സ്വാർത്ഥകർമ്മങ്ങളും ഒഴിവാക്കുക, അങ്ങനെയായാൽ ദഹനക്കേടും ഞരമ്പുകളുടെ പടപടപ്പും, സന്ധിവേദനയും എല്ലാം അകറ്റി നിറുത്താം. അതിനുപകരം മനസ്സിന്റെ വീര്യവും ധൈര്യവും കെടുത്തുന്ന ശീലങ്ങളിൽ തൂങ്ങിപ്പിടിച്ചു കിടക്കാനാണ് ഭാവമെങ്കിൽ ശരീരം രോഗംപിടിച്ചു നശിച്ചുപോയി എന്ന് പരാതിപ്പെടാൻ തുനിയരുത്.

അമിതധ്യാനം നിമിത്തം ആകെത്തകർന്നു പോയി എന്ന് പലരും പരാതിപ്പെടാറുണ്ട്. അത്തരക്കാരിൽ ഭൂരിപക്ഷത്തിന്റെയും കാര്യത്തിൽ തകർച്ച സംഭവിച്ചിട്ടുള്ളത് പലപ്പോഴും ശക്തിയുടെ ദുർവ്യയം നിമിത്തമാണ്. ആരോഗ്യം വച്ചുപുലർത്തണമെന്നു-ണ്ടെങ്കിൽ സംഘർഷം കൂടാതെ പണിയെടുക്കാൻ പഠിക്കണം. അനാവശ്യമായ കാര്യങ്ങളെച്ചൊല്ലി ഉത്ക്കണ്ഠപ്പെടാനോ, ആവേശംകൊള്ളാനോ, മനസ്സ് പുണ്ണാക്കാനോ തുടങ്ങുന്നത് തകർച്ചയെ ക്ഷണിച്ചു വരുത്തും. പ്രവൃത്തി ബുദ്ധിപരമായാലും ശരി, ശാരീരികമായാലും ശരി, ഗുണകരവും ആരോഗ്യപ്രദവുമാണ്. ഉത്ക്കണ്ഠകളും, മനഃശ്ശല്യങ്ങളും അകറ്റി നിർത്തിയിട്ട് സ്ഥിരവും ശാന്തവുമായ ഔന്മുഖ്യത്തോടെ പണിയെടുക്കുകയും, താനേറ്റെടുത്തിട്ടുള്ള പ്രവൃത്തിയെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാതിരിക്കുകയും ചെയ്യുന്നയാൾക്ക്, നിരന്തരം ഉത്ക്കണ്ഠകളിൽ മുഴുകി തിരക്കുകൂട്ടി ക്കഴിയുന്നയാളെക്കാൾ കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കും എന്നു തന്നെയല്ല, അയാൾക്ക് തന്റെ ആരോഗ്യം നഷ്ടമാകാതെ സൂക്ഷിക്കാനും സാധിക്കും അപരൻ വളരെപ്പെട്ടെന്ന് ആ മഹാനുഗ്രഹം നഷ്ടപ്പെടുത്തി ക്കളയുമ്പോൾ.

യഥാർത്ഥമായ ആരോഗ്യവും യഥാർത്ഥമായ വിജയവും ഒരുമിച്ചാണ് സ്ഥിതിചെയ്യുന്നത്. ചിന്തയുടെ മണ്ഡലത്തിൽ അവ രണ്ടും വേർപിരിക്കാ-നാവാത്തവണ്ണം കെട്ടുപിണഞ്ഞുകിടക്കുന്നു. വിശ്വാസത്തിന്റെ ശക്തി നിമിത്തമാണ് ഏതൊരു ചിരസ്ഥായിയായ കർമ്മവും പൂർത്തിയാക്ക-പ്പെടുന്നത്. പരമമായ ശക്തിയിൽ അർപ്പിക്കുന്ന വിശ്വാസം, ഏറ്റെടുക്കുന്ന പ്രവൃത്തിയിലും ആ പ്രവൃത്തി നിറവേറ്റാനുള്ള സ്വന്തം ശക്തിയിലുമുള്ള വിശ്വാസം ഈ ആധാരശിലകളിൻമേൽ വേണംജീവിതം പടുത്തുയർത്തുവാൻ. എങ്കിലേ നേട്ടങ്ങൾ ഉണ്ടാവൂ. എങ്കിലേ വീഴ്ചകളൊന്നും പറ്റാതെ ഉറച്ചു നിൽക്കാനാവൂ. സാഹചര്യം എന്തായാലും വേണ്ടില്ല, എല്ലായ്പ്പോഴും തന്റെയുള്ളിൽ നിന്ന് ഉയർന്നു പൊങ്ങുന്ന മഹത്തരങ്ങളായ ചോദനകൾ ക്കൊത്ത് പ്രവർത്തിക്കുക, തന്റെ തന്നെ ദിവ്യമായ സത്തയോട് സത്യ സന്ധത പാലിക്കുക, ആന്തരമായ ശബ്ദത്തിലും ആന്തരമായ വെളിച്ചത്തിലും വിശ്വാസം അർപ്പിക്കുക, സ്വസ്ഥവും നിർഭീകവുമായ ഹൃദയത്തോടെ ലക്ഷ്യത്തെത്തന്നെ നിരന്തരം അനുവർത്തിക്കുക, ഓരോ ചിന്തയുടെയും ഓരോ കർമ്മത്തിന്റെയും ഫലം ഭാവിനൽകാതിരിക്കുകയില്ലെന്ന് ഉറച്ചു വിശ്വസിക്കുക, പ്രപഞ്ചനിയമങ്ങൾ ഒരിക്കലും പതറിപ്പോവുകയില്ലെന്നു അറിയുക, നിങ്ങൾക്കായി വിധിക്കപ്പെട്ടിട്ടുള്ളതെല്ലാം അണുവിടതെറ്റാതെ നിങ്ങൾക്കു തന്നെ ലഭിക്കുമെന്ന് ഉറച്ചു വിശ്വസിക്കുക ഇവയൊക്കെയാണ് യഥാർത്ഥമായ

വിശ്വാസം. വിശ്വാസാധിഷ്ഠിതമായ ജീവിതം, അമ്മാതിരിയുള്ള വിശ്വാസത്തിന്റെ ശക്തിക്കുമുന്നിൽ അനിശ്ചിതത്വത്തിന്റെ പ്രളയജലം വഴിമാറുന്നു. പ്രാതികൂല്യങ്ങളുടെ പർവ്വതങ്ങൾ തകർന്നുപോവുന്നു. വിശ്വാസാധിഷ്ഠിതമായ ആത്മാവ് നിരപായം മുന്നോട്ടുപോവുന്നു. അത്തരമൊരു വിശ്വാസത്തിൻ മേൽ പടുത്തുയർത്താൻ ശ്രമിക്കുക. അപ്പോൾ നിങ്ങൾ പടുത്തുയർത്തുന്നത് അനശ്വരതയുടേതായ പാരമേലായിരിക്കും. അനശ്വരതയുടേതായ വിഭവങ്ങൾ കൊണ്ടുമായിരിക്കും. അങ്ങനെ നിങ്ങൾ പടുത്തുയർത്തുന്ന സൗധം ഒരിക്കലും നശിക്കുകയില്ല. എന്തുകൊണ്ടെന്നാൽ മണ്ണോടു മണ്ണായി ലയിച്ചു ചേരുന്ന ഭൗതിക സമ്പത്തിന്റെയും ഭൗതികസൗഭാഗ്യങ്ങളുടെയും സഞ്ചിതാവസ്ഥകളെയെല്ലാം അത് അതിവർത്തിക്കുകതന്നെ ചെയ്യുന്നു.

ചോദ്യങ്ങൾ

1. ഈ ഖണ്ഡികയിൽ പ്രധാനമായും പരാമർശിച്ചിട്ടുള്ള വിഷയം ഏതാണ്?
   a. മാനസികമായ പ്രശ്നങ്ങളും ശരീരവും
   b. സന്തുഷ്ടമായ മനസ്സും ആരോഗ്യവും
   c. ആരോഗ്യ സംരക്ഷണവും മനസ്സും ജീവിത വിജയവും
   d. ശാരീരികസ്ഥിതിയും മനസ്സും ജീവിതവും

2. ഏതു തരത്തിലുള്ള ആളുകളാണ് മാനസികാസ്വാസ്ഥ്യങ്ങളിൽ ചെന്നു പെടുന്നത്?
   a. ധൈര്യമില്ലാത്തവർ
   b. ബുദ്ധിഹീനർ.
   c. പരാജിതർ
   d. ശുദ്ധമനസ്ഥിതിക്കാർ

3. മാനസികരോഗവും അതിനെത്തുടർന്നു ശാരീരിക രോഗവും
   a. മനുഷ്യനിൽ സ്വയമേ അങ്കുരിക്കുന്നു.
   b. മനുഷ്യന്റെ പ്രവൃത്തികൾകൊണ്ടു സ്വയം ഉടലെടുക്കുന്നു.
   c. മറ്റുള്ളവരിൽനിന്നു പകരുന്നു.
   d. മനുഷ്യന്റെ ദുർബ്ബല മനസ്സുകൊണ്ടാണ് ഉണ്ടാകുന്നത്.

4. ഈ ലേഖനത്തിന്റെ അടിസ്ഥാനത്തിൽ മാനസികാരോഗ്യം എങ്ങനെ ഏറ്റവും നല്ല രീതിയിൽ നില നിർത്താം?
   a. ബുദ്ധിപരമായ പ്രവൃത്തിയിൽ ഏർപ്പെടണം.
   b. ശാരീരികമായ പ്രവൃത്തിയിൽ മുഴുകണം.

c. ഉൽക്കണ്ഠാപൂർവ്വം പ്രവർത്തിക്കണം.

d. സംഘർഷരഹിതമായ പ്രവൃത്തി.യിൽ നിരന്തരമായി മുഴുകണം.

5. ഭാരിച്ച പ്രവർത്തനംകൊണ്ടു തകർന്നുപോയിയെന്നു പറയുന്നവരുടെ പരാതിക്കു മുഖ്യ കാരണമെന്താണ്?

a. അവരുടെ ശാരീരകശക്തി ക്ഷയിച്ചതുകൊണ്ട്.

b. അവരുടെ മാനസിക ശക്തി ക്ഷയിച്ചതുകൊണ്ട്.

c. അവരുടെ ശക്തി ചീത്ത കാര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചതു-കൊണ്ട്

d. അവരുടെ ശക്തി ഉപയോഗപ്രദമാക്കാത്തതുകൊണ്ട്.

6. മാനസികരോഗ നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്താണ് ഏറ്റവും നല്ല - പോംവഴി?

a. മരുന്നു കഴിക്കണം.

b. മനസ്സിനെയും ശരീരത്തിനെയും ക്രമപ്പെടുത്തുകയും സന്തോഷജനകമായ കാര്യങ്ങളിൽ ഏർപ്പെടുകയും ചെയ്യണം.

c. അസൂയകളും ഉത്ക്കണ്ഠകളും വെറുപ്പുകളും ഒഴിവാക്കണം.

d. ദഹനക്കേടും സന്ധിവേദനയും ഞരമ്പുകളുടെ പടപടപ്പും ഒഴിവാക്കണം.

7. മാനസികാരോഗ്യം ഉണ്ടെങ്കിൽ എന്തൊക്കെ ഉണ്ടാകും?

a. ജയവും ശക്തിയും അർത്ഥവും ഉണ്ടാകും.

b. സാമ്പത്തികസ്ഥിതി മെച്ചപ്പെടും.

c. കോപവും അസൂയയും ഉണ്ടാകും.

d. സംശയവും വിശ്വാസക്കുറവും ഉണ്ടാകും.

8. എങ്ങനെയുള്ള ആളാണ് നിരന്തരമായി മാനസികരോഗത്തിന്റെ വിത്തുകൾ പാകിക്കൊണ്ടിരിക്കുന്നത്?

a. ക്രോധവും, ആശങ്കയും, വിദ്വേഷവും, ദുരാഗ്രഹവും ഉള്ളവൻ ആണ്.

b. സ്നേഹവും, ദയയും, സമഭാവനയും ഉള്ളവനാണ്.

c. കഠിനപ്രയത്നവും സ്വാർത്ഥ താല്പര്യ മുള്ളവനാണ്.

d. നിഷ്ക്രിയനും വ്യാകുല ചിന്തയുള്ളവനുമാണ്.

9. ജീവിതവിജയം സാഫല്യമാക്കണമെങ്കിൽ എന്തൊക്കെയാണ് അത്യന്താപേക്ഷിതം?

   a. ദൃഢമായ വിശ്വാസവും ഭൗതിക സമ്പത്തും.

   b. ദൃഢമായ വിശ്വാസവും ആരോഗ്യവും .

   c. സാഹചര്യത്തിനനുസരിച്ചു പ്രവർത്തിക്കുക.

   d. ഉറച്ച വിശ്വാസവും മനസ്സാക്ഷിക്കനുസൃതമായ പ്രവൃത്തിയും ആരോഗ്യപൂർണ്ണമായ മനസ്സും.

10. യഥാർത്ഥമായ വിശ്വാസമെന്നാൽ എന്ത്?

   a. അനിശ്ചിതമായ കാര്യങ്ങളിൽ വിചാരമർപ്പിക്കുക.

   b. സാഹചര്യങ്ങൾക്കുവശംവദനാകാതെ അവനവന്റെ ഇംഗിതത്തിനനുസരിച്ചു പ്രവർത്തിക്കുക.

   c. കർമ്മത്തിനനുസരിച്ചു പ്രവർത്തിക്കുക.

   d. ലക്ഷ്യത്തോടെ പ്രവർത്തിക്കുക.

Passage - 2

'പരസ്പരസഹായ'മെന്ന ശബ്ദത്തിന്റെ സമഷ്ടിയായും സാമാന്യമായും ഉള്ള അർത്ഥത്തിലല്ലാതെ സംക്ഷിപ്തവും പരിമിതവും ആയ പരസ്പര സഹായസംഘം, എന്ന നാമധേയത്തിൽ പ്രചരിച്ചുവരുന്ന സംഘങ്ങളെ ക്കുറിച്ച് ആലോചിച്ചു ക്ലേശിക്കുവാൻ എനിക്കു സംഗതി വന്നിട്ടില്ല. പരസ്പര സഹായമില്ലാഞ്ഞാൽ ഉണ്ടാകുന്ന ക്ലേശം ഞാനനുഭവിച്ചിട്ടുണ്ട്. ആ ക്ലേശം നിമിത്തം ആ വിഷയത്തെക്കുറിച്ച് കുറച്ചൊന്നു വിചിന്തനം ചെയ്യാനും സംഗതി വന്നിട്ടുണ്ട്. അന്യോന്യം സഹായം കൂടാതെ ഒരു നിമിഷംപോലും ജീവിച്ചിരിക്കുവാൻ നമ്മൾക്കു സാധിക്കയില്ല. ബ്രഹ്മാണ്ഡ കടാഹത്തിൽ ഏതൊരു വസ്തുപോലും, ചേതനമാകട്ടെ അചേതനമാകട്ടെ, പരസ്പര സഹായം കൂടാതെ ജീവിക്കുന്നില്ല. നാം കണ്ണുതുറന്ന് മോലോട്ടു നോക്കുന്ന തായാൽ ആകാശവീഥിയിൽ അനേകായിരം തേജോമയങ്ങളായ ഗോളങ്ങൾ സ്ഥിതിചെയ്യുന്നതായി കാണാവുന്നതാണല്ലോ. ആയവ അതാതിന്റെസ്ഥാനത്തു നിലനിന്നു പോരുന്നത്, പരോക്ഷമായ ഒരുശക്തിവിശേഷം കൊണ്ടു നിത്യബന്ധങ്ങളാകയാലാണെന്നു നാം അനുമാനിക്കുന്നു. മൂർത്തവസ്തു ക്കളിൽ സ്വാഭാവികമായുള്ള ആകർഷണശക്തികൊണ്ടാണെന്നു വലിയ ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുകയും ചെയ്യുന്നു. ഈ ശക്തിയുടെ സഹായ ത്താലും പരസ്പര വിനിമയത്താലുമാകുന്നു അനേകകോടി ഗോളങ്ങൾ ആകാശത്തിൽ സ്വസ്ഥാനങ്ങളിൽനിന്നുകൊണ്ടു സ്വകൃതങ്ങളെ നിർവ്വഹിച്ചു

പോരുന്നത്. അങ്ങനെയൊരു പരസ്പര സഹായ പ്രേരകശക്തി ഇല്ലായിരുന്നു വെങ്കിൽ ആ ഗോളങ്ങളുടെ അവസ്ഥ എന്തായിരിക്കും? അവ തമ്മിൽ തട്ടി മുട്ടി വീഴുന്നതായാൽ ഈ ഭൂഗോളനിവാസികളുടെ അവസ്ഥ എന്തായിരിക്കും? ഈ ഗോളങ്ങളിൽനിന്നു തന്നെയാണ് നമ്മുടെ ജീവസന്ധാരണത്തിനാ-വശ്യമായ വെളിച്ചം, ചൂട് മുതലായവയും കിട്ടുന്നത്. ഇനി നാം കീഴ്പോട്ടു നോക്കുന്നതായാലും സഹായസഹകരണങ്ങളുടെ ഗൗരവവും അനുപേക്ഷണീയത്വവും വെളിപ്പെടുന്നതാണ്. കരചരണാദ്യവയവങ്ങളും പരസ്പരസഹായം കൂടാതെ വർത്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നതല്ല. ഓരോരോ അവയവങ്ങളും അതാതിന്റെ പ്രവൃത്തിചെയ്യുന്നതും വളർന്നു വരുന്നതും അവയവങ്ങൾ തമ്മിലുള്ള ഒരുമയുടെ ഫലമാകുന്നു.

ഇങ്ങനെ ഒരുമയോടെ പ്രവർത്തിച്ചില്ലെങ്കിൽ നമുക്കു ജീവസന്ധാരണം അസാദ്ധ്യമായിത്തീരുന്നു. ബ്രഹ്മാണ്ഡകടാഹമാകുന്ന ശരീരത്തിലും ഈ പ്രകൃതിനിയമം നാം ഭക്ഷിക്കുന്ന പദാർത്ഥങ്ങൾ, ശ്വസിക്കുന്ന വായു, കുടിക്കുന്ന ജലം എന്നു വേണ്ട ജീവരക്ഷയ്ക്കുള്ള ഏതുരൂപായവും പരസ്പര സഹായം കൂടാതെ നമുക്കു സ്വാധീനപ്പെടുന്നതല്ല. നാം വായുമണ്ഡലത്തിലെ പ്രാണവായുവിനെ ശ്വസിച്ച് അമ്ലബാഷ്പത്തെ ഉച്ഛ്വസിക്കുന്നു. ഉച്ഛ്വസിതമായ ആ വിഷവായു വൃക്ഷലതാദികൾക്കു ഭക്ഷണമായിത്തീരുന്നു. ആ വിഷവായുവിൽ നിന്ന് ഇംഗലത്തെ വേർപെടുത്തി സ്വപുഷ്ടിക്കായി സ്വീകരിച്ച് ശുദ്ധിചെയ്ത പ്രാണവായുവിനെ ആയവ വീണ്ടും ഉച്ഛ്വസിക്കുന്നു. ഇങ്ങനെ പരിവർത്തന രീതിയിലുള്ള പരസ്പര സഹായം കൂടാതെ ചേതനകൾക്കോ, അചേതനകൾക്കോ ജനിച്ചു വളരുവാൻ സാധിക്കുന്നതല്ല. നാം കുടിക്കുന്ന ശുദ്ധജലവും കാലാകാലങ്ങളിലുണ്ടാകുന്ന വേനൽ, വർഷം, മഞ്ഞ് മുതലായവയും, മനുഷ്യപ്രയത്നംകൊണ്ട് സമ്പാദിക്കുന്നുവെന്നു നാം അഭിമാനിക്കുന്ന ഭക്ഷണപദാർത്ഥങ്ങളും പരസ്പര സഹായത്തോടുകൂടിയ പ്രയത്നത്തിന്റെ ഫലമെന്നേ പറഞ്ഞു കൂടു. വിത്തുകൾ മുളപൊട്ടി വളർന്നു ഫലപ്രദങ്ങളായിത്തീരുന്നതു നമ്മുടെ പൗരുഷം കൊണ്ടല്ല. അപ്രത്യക്ഷങ്ങളും പ്രത്യക്ഷങ്ങളുമായ അനേക ശക്തികളുടെ സഹായസഹകരണങ്ങൾ കൊണ്ടാണ് പദാർത്ഥങ്ങൾ നമുക്കു അനുഭവയോഗ്യങ്ങളായിത്തീരുന്നത്. കർഷകന്മാർ കൃഷിഗുണത്തിനായി ചേർക്കുന്ന വളങ്ങൾപോലും ഉദ്ദിഷ്ട സാദ്ധ്യത്തിന് എത്രയോ ചുരുങ്ങിയ ഒരംശം മാത്രമേ ഉതകുന്നുള്ളു എന്നു ധരിക്കണം. ഭൂമിയുടെ അന്തർഭാഗത്തിൽ നിവസിക്കുന്ന ഞാഞ്ഞൂൽ മുതലായ ക്ഷുദ്രജന്തുക്കളാണ് ഭൂമിയെ ഉഴുതുമറിച്ച് അടിയിൽ കിടക്കുന്ന വളത്തെ മേല്പോട്ടു കൊണ്ടുവന്നു നിരത്തി അവിടം വിളവുള്ളതാക്കിത്തീർക്കുന്നത്. അങ്ങനെയുള്ള വളം മനുഷ്യർ ചേർക്കുന്ന കൃത്രിമവളത്തെ സഹായിച്ചില്ലെങ്കിൽ, നാം ചേർക്കുന്ന അല്പമായ വളം ഒരുവിധത്തിനും മതിയാകുന്നതല്ല.

മനുഷ്യർ സ്വതന്ത്രന്മാരാണെന്നഭിമാനിക്കുന്നതിന്റെ ഫലമല്ലേ, അവർ തമ്മിൽ യോജിക്കാതിരിക്കുന്നതെന്നു ഞാൻ സംശയിക്കുന്നു. ക്ഷുദ്രങ്ങളായ ജന്തുക്കളുടേയും തുച്ഛങ്ങളായ അചേതന പദാർത്ഥങ്ങളുടെയും സഹകരണം നമ്മുടെ ജീവിതസന്ധാരണത്തിന് അത്യാന്താപേക്ഷിതമായിരിക്കേ, മനുഷ്യർ തമ്മിൽത്തമ്മിൽ എത്രത്തോളം സഹകരിക്കണമെന്നു പറയേണ്ടതുണ്ടോ? നിങ്ങൾ ചുറ്റുപാടും നോക്കുകയാണെങ്കിൽ ഏതു രാജ്യവും ഏതു സമുദായവും ഒരുമയ്ക്കായി ഭഗീരഥപ്രയത്നം ചെയ്യുന്നതു കാണാം.

അതിന്റെ ഫലമോ ഭിന്നിപ്പായി കലാശിക്കുന്നു. യോജിപ്പിനു ശ്രമിക്കുന്നു, ഭിന്നിപ്പു പ്രത്യക്ഷപ്പെടുന്നു. ഈ അവസ്ഥ സ്വാർത്ഥ ബുദ്ധികൊണ്ടു വന്നു കൂടുന്നതാണ്. സ്വാർത്ഥം കൂടുമ്പോൾ എനിക്കു പരാപേക്ഷ വേണ്ട, ഞാൻ സ്വതന്ത്രനാണ്, എനിക്കു ശക്തിയുണ്ട്, എന്നെല്ലാം വിചാരിച്ചു തുടങ്ങും. പ്രകൃതി നിയമം പരാർത്ഥ പ്രധാനമായിട്ടുള്ളതാണെന്ന് അവർ കാണുന്നില്ല. പരാർത്ഥബുദ്ധി തന്നെയാണ് സ്വാർത്ഥലാഭത്തിനുള്ള ഉത്തമമാർഗ്ഗമെന്നും അവരറിയുന്നില്ല.

പരസ്പരസഹായ സംഘങ്ങളുടെ ഉദ്ദേശ്യം മനുഷ്യരിൽ ഒരുമയും സത്യവും മര്യാദയും വർദ്ധിപ്പിക്കുകയാണെന്ന് ഒരുസഹകാരി എന്നോടു പറയുകയുണ്ടായി. ഈ ധർമ്മലംഘനം ഇല്ലാതിരുന്നുവെങ്കിൽ, പരസ്പര സഹായസംഘങ്ങളുടെ ആവിർഭാവത്തിന് അവകാശമുണ്ടായിരുന്നില്ല. എന്നാൽ, ലോകത്തിന്റെ ദുഃസ്ഥിതി പരിഹരിക്കുവാനും അഭിവൃദ്ധി സമ്പാദിക്കുവാനും ഇങ്ങനെയുള്ള സംഘങ്ങളുടെ സഹായം കൂടാതെ ഇക്കാലത്തുതന്നെയല്ല മേലിലും സാധിക്കയില്ലെന്നു സ്പഷ്ടമാകുന്നു. സുഖഭോഗത്തിലും ധനാർജ്ജനത്തിലും ആസക്തരായ ജനങ്ങളെ സന്മാർഗ്ഗത്തിൽ നയിക്കുവാൻ, അവരുടെ ആഗ്രഹങ്ങളെ നിവർത്തിക്കാൻ, പരസ്പര സഹായം തന്നെയാണ് എളുപ്പവഴിയെന്നു ബോധ്യപ്പെടുത്തിക്കൊടുക്കണം. ഞെഴിലില്ലായ്മ പരിഹരിക്കുവാനും ജനങ്ങളുടെ ഉപജീവനം സുഗമമാക്കിത്തീർക്കാനും, പരസ്പര സഹായ സംഘങ്ങൾ ഏറ്റവും ഉപകാരപ്രദങ്ങളായിത്തീരുന്നതാണ്.

ചോദ്യങ്ങൾ

1. ഈ ലേഖനത്തിൽ പ്രധാനമായും പ്രതിപാദിച്ചിട്ടുള്ള വിഷയമേതാണ്?
   a. പ്രകൃതിയുടെ നിലനിൽപ്പ്.
   b. സഹകരണ പ്രസ്ഥാനം.
   c. ആദാനപ്രദാനം.
   d. നിസ്വാർത്ഥമായ ജീവിതം.

2. 'പരസ്പര സഹായം' എന്ന ആശയം എവിടെ നിഴലിച്ചു കാണുന്നു?
   a. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളിലും.
   b. ചേതനമായ വസ്തുക്കളിൽ.
   c. ചേതനവും അചേതനവുമായ വസ്തുക്കളിൽ.
   d. ജീവജാലങ്ങളിൽ.

3. ഒരു കർഷകന് കൃഷിവിഭവങ്ങൾ സമൃദ്ധിയായി ലഭിക്കുന്നതിന്റെ മുഖ്യകാരണമെന്താണ്?
   a. കൂടുതൽ വളം ഇറക്കുന്നതുകൊണ്ട്.
   b. കൃഷിക്കാരന്റെ ഭഗീരഥയത്നത്തിന്റെ ഫലം കൊണ്ട്.
   c. ഭൂമിയ്ക്കുള്ളിലുള്ള ക്ഷുദ്രജീവികൾ കാരണം.
   d. പരോക്ഷവും പ്രത്യക്ഷവുമായ പല ശക്തികൾ കാരണം.

4. പരസ്പരധാരണ വേണ്ട എന്ന് ചിന്തിക്കുന്ന മനുഷ്യൻ ഏതു തരക്കാരനാണ്?

   a. ദുർമോഹി.
   b. അസൂയാലു
   c. സ്വാർത്ഥതല്പരക്കാരൻ.
   d. നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവൻ.

5. മനുഷ്യനിൽ ഒരുമയോടെ പ്രവർത്തിക്കുന്നത് നമ്മൾ പ്രത്യക്ഷമായി മനസ്സിലാക്കുന്നത് എങ്ങനെയാണ്?

   a. മനുഷ്യന്റെ ജീവിത രീതിയിൽ.
   b. മനുഷ്യാവയവങ്ങളുടെ പ്രവർത്തനത്തിൽ.
   c. മനുഷ്യന്റെ തൊഴിലിൽ.
   d. മനുഷ്യന്റെ ശ്വാസോച്ഛ്വാസത്തിൽ.

6. മനുഷ്യനും വൃക്ഷലതാദികളും തമ്മിലുള്ള പരസ്പരബന്ധം അത്യാന്താപേക്ഷിതമായി നിലനിൽക്കുന്നത് ഏതു കാര്യത്തിലാണ്?

   a. പ്രാണവയുവിൽ.
   b. ഭക്ഷണത്തിന്റെ കാര്യത്തിൽ.
   c. വിറകിന്റെ കാര്യത്തിൽ.
   d. വൃക്ഷങ്ങളിൽനിന്നും കിട്ടുന്ന പഴങ്ങളുടെ കാര്യത്തിൽ.

7. സഹകരണസംഘങ്ങളുടെ പ്രധാനോദ്ദേശ്യങ്ങളെന്താണ്?

   a. മനുഷ്യരിൽ വർഗ്ഗബോധം വളർത്തുന്നു.
   b. മനുഷ്യരിൽ ഐക്യബോധം വളർത്തുന്നു.
   c. മനുഷ്യരിൽ സ്വതന്ത്ര ചിന്താഗതി വളർത്തുന്നു.
   d. മനുഷ്യരിൽ ഐക്യതയും സത്യവും മര്യാദയും വളർത്തുന്നു.

8. ഒട്ടും പരസഹായമില്ലാതെ മനുഷ്യന് ജീവിക്കാൻ സാധ്യമാണോ?

   a. ചിലപ്പോൾ സാധിക്കും.
   b. എപ്പോഴും സാധിക്കും.
   c. ഒരിക്കലും സാധിക്കില്ല.
   d. മേൽപ്പറഞ്ഞവ മൂന്നും ശരിയല്ല.

9. നമ്മുടെ ചുറ്റുമുള്ള ജനങ്ങളും സമൂഹവും രാജ്യങ്ങളും ഒക്കെ എന്തിനു വേണ്ടിയാണ് പരിശ്രമിക്കുന്നത്? (ഈ ലേഖനത്തെ അടിസ്ഥാനമാക്കി)

a. കൂടുതൽ സ്വതന്ത്രതയ്ക്കു വേണ്ടി.
b. കൂടുതൽ ഐക്യബോധത്തിനു വേണ്ടി.
c. കൂടുതൽ ധനശേഖരണത്തിനു വേണ്ടി.
d. കൂടുതൽ കൃഷിനടത്തുന്നതിനു വേണ്ടി.

10. ആകാശത്തിലുള്ള ഓരോ നക്ഷത്രങ്ങളും മറ്റു നക്ഷത്രങ്ങളെ ആശ്രയിച്ചാണോ നിലനിൽക്കുന്നത്?

a. അല്ല, പരിപൂർണ്ണ സ്വതന്ത്രമായി നിൽക്കുന്നു.
b. അതെ, ഒന്നു മറ്റൊന്നിനെ എപ്പോഴും ആശ്രയിക്കുന്നു.
c. അതെ, ചിലപ്പോൾ ആശ്രയിക്കുന്നു.
d. മേൽപ്പറഞ്ഞ പ്രശ്നം ഉദിക്കുന്നേയില്ല.

11. 'കരചരണം' എന്നു ലേഖനത്തിൽ ഉദ്ദേശിക്കുന്ന വാക്കിന്റെ അർത്ഥമെന്താണ്?

a. കണ്ണും മൂക്കും.
b. തലയും കാലും.
c. കയ്യും കാലും.
d. കയ്യും ശരീരവും.

12. 'അനുമിക്കുന്നു' എന്ന വാക്കിന്റെ അർത്ഥം ഈ ലേഖനത്തിൽ

a. അനുമാനിക്കുന്നു എന്നാണ്.
b. ഉദ്ദേശിക്കുന്നു എന്നാണ്.
c. തീരുമാനിക്കുന്നു എന്നാണ്.
d. വിശ്വസിക്കുന്നു എന്നാണ്.

Passage - 3

ജീവിതാനുഭവങ്ങൾ കുമിഞ്ഞു കൂട്ടുന്നതോടെ മനസ്സിന്റെ ഭാരം വല്ലാതെ വർദ്ധിക്കുന്നു. അനുഭവങ്ങൾക്കു വല്ല യാഥാർത്ഥ്യവുമുണ്ടെങ്കിൽ, അവ സാമാന്യക്കാരെ വൈരാഗ്യബുദ്ധികളാക്കിത്തീർക്കും. വിരക്തന്മാരെ ലോകവിദ്വേഷികളും ആക്കും. അനുഭവങ്ങൾ ആ വിധത്തിലാണ് സാധാരണ പരിണമിക്കുന്നത്. പ്രത്യക്ഷത്തിൽ സമ്മോഹനമെന്നു തോന്നുന്ന

കാര്യങ്ങൾ സൂക്ഷ്മ പരിശോധനയിൽ ഭയാവഹമായി കലാശിക്കുന്നതാണ്. യോഗ്യത തികഞ്ഞവരായി ആദ്യം തോന്നുന്ന വ്യക്തികൾ അവ ഗാഢമായ പരിചയം സിദ്ധിക്കുമ്പോൾ വിപരീതഗുണങ്ങൾക്കു ആവാസ-മായിരിക്കുന്നതു കാണാം. മനുഷ്യരെപ്പറ്റി വലിയ അഭിമാനത്തോടും വിശ്വാസത്തോടും കൂടിയാണ് നാം ജീവിതവ്യാപാരങ്ങളിൽ ഏർപ്പെട്ടു തുടങ്ങുന്നതെങ്കിൽ അവിചാരിതമായ വിധത്തിലുള്ള ആശാഭംഗങ്ങൾ അടിക്കടി നേരിട്ടു പോകും.

മനുഷ്യലോകത്തോടുള്ള പരിചയത്തിന്റെ ആഭ്യന്തരഭാവങ്ങളാണ് ഇവിടെ വിചാരഗോചരമാകുന്നത്. നല്ലവർ നിറഞ്ഞ ഒരു ലോകമാണ് നമ്മുടെ പരിചയത്തിൽ ആദ്യം അറിവാകുന്നത്. നല്ലവർ! നിർവ്വചനം ആവശ്യമില്ല. എത്രയോ തരത്തിലുള്ള നല്ലവർ നമുക്ക് ആദ്യം പരിചയക്കാരാകും. സ്നേഹശാലികൾ, കാരുണ്യസമ്പന്നർ, ഉപകാര നിപുണന്മാർ, സേവന കുശലന്മാർ എന്ന് ഏതെല്ലാം തരത്തിൽപ്പെട്ട നന്മയുള്ളവരാണ് നമ്മെ പരിചയംകൊണ്ട് പ്രീണിപ്പിക്കാനടുക്കുന്നത്. ലോകത്തിന്റെ നന്മയിൽ നാം പരവശരായി ചമഞ്ഞ്പോകും. കവികൾ സ്വപ്നം കാണുന്ന നന്മ, സ്നേഹം, പരോപകാര സന്നദ്ധത, സൽസ്വഭാവം, ആദരവ്, ഔദാര്യം, ദാക്ഷിണ്യം, ആർജ്ജവം, വിനയം എന്നിവയെല്ലാം സാമാന്യലോകത്തിന്റെ സാധാരണ സിദ്ധികളാ-ണെന്നു നമുക്കു തോന്നിപ്പോകും. ഒരാളിൽ തിന്മ ആശങ്കിക്കുന്നതിനു നമുക്കു വൈഷമ്യം തോന്നും. മധുരമായ സംഭാഷണം, മൃദുലമായ മന്ദഹാസം, വിനയനമ്രമായ ഉപചാര പ്രകടനം എന്നീ ഭാവങ്ങൾ സുലഭമായിരിക്കും. അവയ്ക്കു പിറകിൽ തീരെ മാധുര്യമില്ലാത്ത വിചാര-ങ്ങളും മാർദ്ദവമില്ലാത്ത മനോഭാവങ്ങളും ഉദ്ധതമായ മത്സരബുദ്ധിയും ഒളിച്ചിരിക്കുന്നു എന്നു മനസ്സിലാക്കാൻ എളുപ്പമുണ്ടോ? ആദിപരിചയങ്ങൾ ലോകത്തിന്റെ നന്മയുടെ വശീകരണത്തിൽപ്പെട്ടു നിത്യശുദ്ധമായി അങ്ങനെ കഴിയട്ടെ.

ജീവിതത്തിന്റെ ആരംഭത്തിൽ മനുഷ്യരെ അവിശ്വസിക്കുകയെന്ന ഒരു ദുഃസ്വഭാവം ആർക്കും ഉണ്ടായിരിക്കുകയില്ല. അഥവാ വല്ല ഭയവും വല്ലവരെപ്പറ്റിയും ഉണ്ടായാലും അത്, അവരിൽ കുടിക്കൊള്ളുന്ന യഥാർത്ഥ ദൂഷ്യങ്ങളെപ്പറ്റി ആയിരിക്കുകയും ഇല്ല. എല്ലാവരും നല്ലവർ എന്ന ബുദ്ധി തന്നെ ഉണ്ടാവാനാണ് എളുപ്പം. ഇല്ലെങ്കിലും, എല്ലാവരും ചീത്തയാണെന്ന ബുദ്ധി ഉണ്ടാകാൻ തീർച്ചയായും പ്രയാസമാണ്. മൃഗങ്ങളേക്കാൾ നല്ലതു പക്ഷികളെന്നും, പക്ഷികളെക്കാൾ നല്ലതു സ്വപക്ഷീയരായ മനുഷ്യരെന്നും ഉള്ള വിശ്വാസമുണ്ടാകും. നമ്മുടെ അച്ഛനും അമ്മയും സഹോദരരും ഉൾപ്പെടുന്ന സമുദായം മനുഷ്യസമുദായം നമുക്കു സർവ്വവുമാണ്. അത് അങ്ങനെ ആയിരിക്കാനേ തരമുള്ളു. ആക്കി വെയ്ക്കേണ്ടത് ആവശ്യവുമാണ്. അങ്ങനെയല്ലാതാകുന്നത് ആപത്തുമാണ്. എങ്കിലും ലോകത്തോടുള്ള വിശ്വാസത്തിൽ നാം എത്രകണ്ട് ഉറച്ചു നില്ക്കുന്നു എന്നതിലാണ് നമ്മുടെ വിജയപരാജയങ്ങൾ സ്ഥിതിചെയ്യുന്നത്. നമ്മുടെ വിശ്വാസങ്ങൾ നമ്മുടെ ജീവിതഗതിക്കു രൂപം കൊടുക്കുന്ന പ്രകാരത്തിൽ ലോകം നമ്മുടെ ജീവിതഗതിക്കു രൂപം നൽകുന്നില്ല

എന്നുപറയാം. ലോകത്തിന്റെ പ്രേരണാശക്തിയെ തരം താഴ്ത്തുകയല്ല ഇവിടെ ചെയ്യുന്നത്. നമ്മുടെ വിശ്വാസങ്ങൾക്കു നമ്മുടെ ജീവിതത്തോടുള്ള ബന്ധത്തിന്റെ ശക്തിയെ പുകഴ്ത്തുക മാത്രമാണ്.

ആയുസ്സ് മുമ്പോട്ടു പ്രക്രമിക്കുന്നതോടുകൂടി അനുഭവങ്ങൾ അഭിപ്രായങ്ങളെ അനുക്ഷണം പുതുക്കിക്കൊണ്ടിരിക്കും. ബന്ധുക്കളായും മിത്രങ്ങളായും പരിചയക്കാരായും അയൽക്കാരായും സ്വവർഗ്ഗീയരായും മമതാബന്ധമുള്ള എല്ലാവരേയും ഒരു പുതിയ പരിശോധന നടത്താൻ ആവശ്യവും അവകാശവും നേരിടും. ആ ഘട്ടത്തിൽ ബന്ധു ആരെന്നും പരിചയക്കാരൻ ആരെന്നും നാട്ടുകാരൻ ആരെന്നും വിദേശി ആരെന്നും അല്ല മുഖ്യമായ അന്വേഷണം, നല്ലവൻ ആരെന്നാണ്. കൂടെ വളർന്ന കൂട്ടുക്കാരോടല്ല, ഒരിക്കൽ മാത്രം കണ്ട ഏതോ ഒരാളോടാണ് കൂടുതൽ വിശ്വാസം തോന്നുന്നത് എന്നുവരും. അനുഭവം ആ വിധത്തിലാണ് നമ്മെ പ്രേരിപ്പിക്കുന്നത്. നിസ്സാരമായ നൂറുകാര്യങ്ങൾക്ക് നമ്മോടു കൂടുതൽ കൃതജ്ഞത പറയാൻ വെമ്പുന്നവർ നമുക്ക് എന്തെങ്കിലും ആവശ്യമോ ആപത്തോ നേരിട്ടാൽ, അറിയാത്തമട്ടിൽ കടന്നുകളയുന്നതു കാണുമ്പോഴാണ് നമുക്കു വെളിവുണ്ടാകുന്നത്. ആ അവസരങ്ങളിലാണ് അഭിപ്രായങ്ങളും വിശ്വാസങ്ങളുമെല്ലാം അഴിച്ചിട്ടു പരിശോധിപ്പാൻ,. നാം തുടങ്ങുന്നത്. അപ്പോഴെല്ലാം നമ്മുടെ അന്വേഷണം നല്ലവർ ആരെന്നാണ്. നമ്മുടെ അനുഭവം എന്തു പറയുന്നു എന്നാണ്.

ചോദ്യങ്ങൾ

1. ഈ ഖണ്ഡികയ്ക്കു ഏറ്റവും അനുയോജ്യമായി കൊടുക്കാവുന്ന തലക്കെട്ട് ഏതാണ്?
   a. അനുഭവങ്ങൾ.
   b. ആദർശങ്ങൾ.
   c. ആദർശാലികൾ ആര്?
   d. നല്ലവർ ആര്?

2. നമ്മൾ കൂടുതൽ ഉൽബുദ്ധരാകുന്നത് എന്തിൽനിന്നാണ് ?
   a. നമ്മുടെ വിചാരങ്ങളിൽ നിന്നാണ്.
   b. നമ്മുടെ അനുഭവങ്ങളിൽ നിന്നാണ്.
   c. നമ്മുടെ ജീവിതാവശ്യങ്ങളിൽ നിന്നാണ്.
   d. നമ്മുടെ ആദർശങ്ങളിൽ നിന്നാണ്.

3. ഒരുവൻ ആദ്യമായി ജീവിതത്തിനെ വീക്ഷിക്കുന്നതും മറ്റുള്ളവരുമായി പെരുമാറുന്നതുമെങ്ങനെയാണ് ?
   a. സംശയാതീതമായി.
   b. ഉയർന്ന തത്ത്വചിന്തയോടെ.

c. നിഷ്കളങ്കതയോടെ.

d. സൂക്ഷ്മപരിശോധനയോടെ.

4. ഏതു സന്ദർഭത്തിലാണ് മനുഷ്യൻ ഒരു ആത്മപരിശോധന നടത്താൻ തയ്യാറാവുന്നത് ?

a. മറ്റുള്ളവർ നമ്മെ മനസ്സിലാക്കാത്തപ്പോൾ.

b. മറ്റുള്ളവർ സ്വാർത്ഥ താല്പര്യങ്ങൾക്കു കൂട്ടുകൂടുമ്പോൾ.

c. മറ്റുള്ളവർ സേവപിടിക്കുന്ന സന്ദർത്തിൽ.

d. ആപത്തുണ്ടാകുന്ന സന്ദർഭത്തിൽ മറ്റുള്ളവർ കൈയൊഴിയുമ്പോൾ.

5. ബാഹ്യലോകവുമായി മനുഷ്യർ ആദ്യമായി ഇടപ്പെടുമ്പോൾ നമ്മുടെ ഉള്ളിൽ അങ്കുരിക്കുന്ന അഭിപ്രായമെന്താണ് ?

a. സർവ്വ മനുഷ്യരും നല്ലവരെന്നാണ്.

b. ചിലർ നല്ലവരെന്നാണ്.

c. മറ്റുള്ളവർ നമ്മളെ പ്രീതിപ്പെടുത്തുന്നവരാണെന്ന്.

d. സർവ്വ മനുഷ്യരും ചീത്തയെന്നാണ്.

6. ലോകപരിചയംകൊണ്ടു മനുഷ്യനിൽ ഉണ്ടാകുന്ന പരിവർത്തന മെന്താണ്?

a. മനുഷ്യൻ കൂടുതൽ ചിന്താകുലനാകുന്നു.

b. മനുഷ്യൻ കൂടുതൽ സംശയാലു ആകുന്നു.

c. അനുഭവങ്ങളുടെ വെളിച്ചത്തിൽ ആശയങ്ങൾ തിരുത്തി യെഴുതുന്നു.

d. ആശയങ്ങളുടെ വെളിച്ചത്തിൽ പുതിയ അനുഭവങ്ങൾക്കു വേണ്ടി യത്നിക്കുന്നു.

7. പ്രത്യക്ഷത്തിൽ യോഗ്യത തികഞ്ഞവരായി കാണുന്നവർ യഥാർത്ഥത്തിൽ എങ്ങനെയാണ് ?

a. വാസ്തവത്തിൽ അയോഗ്യന്മാരാണ്.

b. വാസ്തവത്തിൽ സ്നേഹശീലന്മാരാണ്.

c. വാസ്തവത്തിൽ അഭിമാനികളാണ്.

d. വാസ്തവത്തിൽ വിപരീതഗുണമുള്ളവരാണ്.

8. "മധുരമായസംഭാഷണം, മൃദുവായ മന്ദഹാസം, വിനയ നമ്രമായ ഉപചാര പ്രകടനം" എന്നീ ഭാവങ്ങൾ പുറമേ പ്രകടിപ്പിക്കുകയും ഉള്ളിൽ മാർദ്ദവമില്ലാത്ത പെരുമാറ്റവും ദുർവ്വിചാരങ്ങളും ഉള്ള ഒരാളിനെ ഏതിനോടു ഉപമിക്കാം?

a. തൊണ്ടു കളഞ്ഞ തേങ്ങയെപ്പോലെ.

b. മഞ്ഞുമൂടിയ അഗ്നിപർവ്വതത്തെപ്പോലെ.

c. ഒരു അഗ്നിപർവ്വതത്തെപ്പോലെ.

d. ഒരു പർവ്വതത്തെപ്പോലെ..

Passage - 4

മൃഗങ്ങളുടെ സേവനം

നാട്ടിലെങ്ങുമുള്ള മൃഗങ്ങൾ ഒരു യോഗം കൂടി. അനവധി മൃഗങ്ങളുണ്ടല്ലോ നാട്ടിൽ. അവ ഓരോവിധത്തിൽ മനുഷ്യനെ സേവിക്കുന്നു. ആരുടെ സേവനമാണ് ഏറ്റവും മികച്ചത്? അതു തീരുമാനിക്കാനാണു യോഗം. ഏറ്റവും മികച്ച സേവനം നടത്തുന്ന മൃഗത്തിന് ഒരു സമ്മാനവും നൽകും.

സന്ധ്യയ്ക്കു മുൻപു യോഗമാരംഭിച്ചു. യോഗത്തിൽ ആന അദ്ധ്യക്ഷത വഹിച്ചു. പശു, കാള, എരുമ, ആട്, നായ, കഴുത, പൂച്ച തുടങ്ങിയ മൃഗങ്ങൾ യോഗത്തിൽ സംബന്ധിച്ചിരുന്നു.

കുമാരി പൂച്ചയുടെ പ്രാർത്ഥനാഗാനം യോഗനടപടികൾക്കു തുടക്കമിട്ടു. തുടർന്ന് നായ സന്തോഷസൂചകമായി വാൽ ആട്ടി സദസ്സിനു സ്വാഗതമാശംസിച്ചു.

അദ്ധ്യക്ഷൻ ഉപക്രമത്തിനെഴുന്നേറ്റു. തുമ്പിക്കൈ ഉയർത്തി സദസ്യരെ വന്ദിച്ചു. പിന്നെ സംഭീരസ്വരത്തിൽ പറഞ്ഞു.

'സഹോദരന്മാരേ, സഹോദരികളേ, നാം ഇവിടെ കൂടിയിരിക്കുന്നതെന്തിനെന്ന് എല്ലാവർക്കും അറിയാം. എങ്കിലുംപറയട്ടെ. നാടിന് ഏറ്റവും മികച്ച സേവനം ചെയ്യുന്ന മൃഗത്തിന് ഒരു സമ്മാനം നൽകാൻ മൃഗലോകം തീരുമാനിച്ചിരിക്കുന്നു. നമ്മിൽ ആര് ഈ സമ്മാനം അർഹിക്കുന്നു? ഇക്കാര്യത്തിൽ നിങ്ങളുടെ അഭിപ്രായം അറിയിക്കുക.'

ഒരു നിശ്ശബ്ദത അവിടെ വ്യാപിച്ചു. എല്ലാവരും ചിന്തിക്കുകയാണ്. തങ്ങളെപ്പറ്റിത്തന്നെ. ആദ്യം പ്രസംഗവേദിയിലേയ്ക്കു വന്നതു പശുവാണ്. തലകുലുക്കി, താടിയാട്ടി, അഴകോടെ അടിവച്ച് അവൾ വന്നു. ആന വാത്സല്യ ത്തോടെ അവളെ വേദിയിലേയ്ക്കു പിടിച്ചു കയറ്റി. അവളുടെ പ്രസംഗം കേൾക്കാൻ സദസ്സു കാത്തിരുന്നു. പശു പറഞ്ഞു.

'നാട്ടിന് ഏറ്റവും മികച്ചസേവനം ചെയ്യുന്ന മൃഗം പശു വാണ്. പശുവിന്റെ പാലുപോലെ നല്ല ഒരു ആഹാരം വേറെ-യില്ല. പശുവിൻ പാലിൽനിന്നു കിട്ടുന്ന തൈരിനും വെണ്ണയ്ക്കുമുള്ള സ്വാദ് അനുഭവിച്ചറിയുക. എന്തിനധികം! ഞങ്ങളുടെ ചാണകംപോലെ മറ്റൊരു വളമുണ്ടോ?

പശു താഴെയിറങ്ങി. പിന്നെ കഴുതയുടെ വരവായി. വരുന്നവഴി അതു ആടിന്റെ വാലിൽ അറിയാതെ ചവുട്ടി. ആടിനുനൊന്തു. അത് അധികം ശബ്ദമില്ലാതെ കരഞ്ഞു. കഴുത പ്രസംഗവേദിയിൽ കയറി എല്ലാവരെയും തൊഴുതു. ഒന്നു ചുമച്ചു. പിന്നെ നിശ്ശബ്ദനായി നിന്നു. അപ്പോൾ എല്ലാവരും ചിരിക്കുകയും 'കഴുത, 'കഴുത' എന്നു വിളിച്ചു കൂവുകയും ചെയ്തു. കഴുത വിരണ്ടു, വിയർത്തു. അദ്ധ്യക്ഷൻ അതു കണ്ടു. അദ്ദേഹം അല്പനേരം കാത്തു. സദസ്സു ശാന്തമായില്ല. അതിനാൽ അരമണിക്കൂർ നേരത്തേക്ക് യോഗം നിറുത്തി വച്ചു.

മൃഗങ്ങൾ അടുത്തുള്ള ആറ്റിൽ നിന്നു വെള്ളം കുടിച്ചു. കാലും മുഖവും കഴുകി. കാറ്റേറ്റ് അല്പം ഉറങ്ങി. ഉണർന്ന് അദ്ധ്യക്ഷനെയും പ്രസംഗകരെയും വിമർശിച്ചു. പലതും പറഞ്ഞു ചിരിച്ച് യോഗസ്ഥലത്തേക്ക് മടങ്ങി. മുടങ്ങിയ യോഗം വീണ്ടും തുടങ്ങി. കഴുത പ്രസംഗിച്ചു.

'മാന്യരേ, ഞാൻ ഒരു സേവകൻ മാത്രമാണ്. താഴ്മയാണ് സേവകന്റെ ഗുണം. എന്റെ സേവനത്തിനു നിങ്ങളുടെ സമ്മാനമൊന്നും വേണ്ട. എങ്കിലും ഒന്നുണ്ട്. ഞാൻ ഇല്ലെങ്കിൽ ഈ നാടിന്റെ കോലം എന്താകുമെന്നു ചിന്തിക്കുക.'

പ്രസംഗവേദിയിലേക്കു ചാടിക്കയറിയ നായ പറഞ്ഞു. ഇവിടെ എല്ലാവരും സ്വന്തം യോഗ്യതകൾ പറയുന്നു. ഞാൻ അതിനു തയ്യാറില്ല. ഞങ്ങളുടെ യോഗ്യതകൾ കവികൾ പാടിയിട്ടുണ്ട്. ഏതാനും വരികൾ കേൾക്കൂ.

നമ്മുടെ വീട്ടിൽ കാവൽ കിടക്കും നായൊരു നല്ല മൃഗം

സദസ്സിൽ നിന്നു കൈയ്യടിയും കൂക്കുവിളിയും ഉയർന്നു. നായ അവിടെനിന്നു നടന്നു.

പലരും പ്രസംഗിക്കാൻ ഒരുങ്ങി. പക്ഷേ, സമയം വൈകി. പിന്നെ വിശക്കുന്ന വയറ്, കാത്തിരിക്കുന്ന വീട്ടുകാർ. അദ്ധ്യക്ഷൻ ഉപസംഹാരത്തിനു തയ്യാറായി. സേവനത്തിൽ എല്ലാ മൃഗങ്ങളും തുല്യരാണെന്ന് അദ്ദേഹം വിധിച്ചു. യോഗം പിരിഞ്ഞു.

ചോദ്യങ്ങൾ

1. സേവനത്തിൽ എല്ലാ മൃഗങ്ങളും തുല്യരാണെന്ന ആനയുടെ വിധിക്കു കാരണം ?

   a. എല്ലാ മൃഗങ്ങൾക്കും അവയുടെ സേവനങ്ങളെപ്പററി പറയാൻ അവസരം കിട്ടിയില്ല.

b. ഏതെങ്കിലും മൃഗത്തിന്റെ സേവനം മറ്റുള്ളവയുടെ സേവന - ത്തേക്കാൾ മികച്ചതാണെന്ന വിധി കലാപമുണ്ടാക്കും.

c. സേവനത്തിന്റെ മികവു കണ്ടു പിടിക്കാൻ വേണ്ട കഴിവ് ആനയ്ക്കില്ല.

d. എല്ലാ മൃഗങ്ങളുടെയും സേവനം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ മികച്ചതാണ്.

2. യോഗത്തിൽ പ്രാർത്ഥനാഗാനം പാടിയത് ----------

a. ആട്

b. നായ

c. പൂച്ച

d. കഴുത.

3. സദസ്സിൽ അദ്ധ്യക്ഷത വഹിച്ചത് ----------

a. കുതിര

b. ആന

c. നായ

d. കഴുത.

4. സദസ്സിനു സ്വാഗതം ആശംസിച്ചത് ----------

a. പശു

b. കഴുത

c. പൂച്ച

d. നായ.

5. ആടു കരയാൻ കാരണം ----------

a. കഴുത അതിന്റെ വാലിൽ ചവുട്ടി

b. അതിനു വിശന്നു.

c. അതിനു നൊന്തു.

d. കുട്ടിയെ കാണാത്തതിലുള്ള ദുഃഖം കൊണ്ട്.

6. അഭിപ്രായ പ്രകടനത്തിനു ക്ഷണിച്ചപ്പോൾ മൃഗങ്ങൾ നിശ്ശബ്ദ - രായിരിക്കാൻ കാരണം.

a. എന്താണു പറയേണ്ടതെന്നു തീർച്ചയില്ലായിരുന്നു.

b. പറയേണ്ടതെങ്ങനെയെന്ന് അറിവില്ലായിരുന്നു.

c. സ്വന്തം സേവനത്തെപ്പറ്റി ആലോചിക്കേണ്ടിയിരുന്നു.

d. തങ്ങളെപ്പറ്റി പറയുന്നതിനു മുൻപു മറ്റു മൃഗങ്ങൾക്ക് എന്താണ് പറയാനുള്ളതെന്നു കേൾക്കാമെന്നു കരുതി..

7. മൃഗങ്ങൾ യോഗം കൂടിയതെന്തിന്?

a. സ്വന്തം പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ.

b. സേവനത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ.

c. ആരുടെ സേവനമാണു മികച്ചതെന്നു തീരുമാനിക്കാൻ.

d. സമ്മാനം വിതരണം ചെയ്യാൻ.

8. യോഗം ആരംഭിച്ചത് ----------

a. രാവിലെ

b. ഉച്ചയ്ക്ക്

c. രാത്രിയിൽ

d. സന്ധ്യയ്ക്കു മുൻപ്..

9. മൃഗങ്ങൾ എവിടെ നിന്നാണ് വെള്ളം കുടിച്ചത്?

a. നിറച്ചുവച്ച പാത്രങ്ങളിൽ നിന്ന്.

b. അടുത്തുള്ള ആറ്റിൽ നിന്ന്.

c. അടുത്തുള്ള കുളത്തിൽ നിന്ന്.

d. വയലിൽ നിന്ന്.

10. യോഗത്തിൽ അദ്ധ്യക്ഷനെടുത്ത തീരുമാനം.

a. പശുവാണ് ഏറ്റവും മികച്ച സേവനം നടത്തുന്നത്.

b. കഴുതയാണ് ഏറ്റവും മികച്ച സേവനം നടത്തുന്നത്.

c. ആരുടെയും സേവനം മികച്ചതല്ല.

d. സേവനത്തിൽ എല്ലാ മൃഗങ്ങളും തുല്യരാണ്.

Passage - 5

ശ്രീ നാരായണ ഗുരു

അദ്ധ്യാത്മികാചാര്യൻ, സന്യാസി, സമൂഹപരിഷ്കർത്താവ് എന്നിങ്ങനെ പലനിലകളിൽ കേരളീയർക്ക് ആദരണീയനാണ് നാരായണഗുരു. 1854–ൽ തിരുവനന്തപുരത്തിനടുത്തുള്ള ചെമ്പഴന്തി എന്ന ഗ്രാമത്തിൽ ഒരു ഇടത്തരം ഈഴവ കുടുംബത്തിൽ അദ്ദേഹം ജനിച്ചു. അച്ഛൻ മാടനാശാൻ ഒരു സംസ്കൃത പണ്ഡിതനായിരുന്നു. ഗ്രാമവാസികൾക്കു പുരാണങ്ങൾ വായിച്ച് അർത്ഥം വിശദീകരിച്ചു കൊടുത്തിരുന്നതാണ് ആശാൻ സ്ഥാനത്തിനു കാരണം. കുട്ടി എന്നായിരുന്നു. അമ്മയുടെ പേര്. ശാന്തശീലയും ഭക്തയുമായ ഒരു വീട്ടമ്മയായിരുന്നു അവർ. നാണുവിനു ഇരുപതു വയസ്സു തികയുന്നതിനു മുൻപ് അമ്മ മരിച്ചു.

സാമാന്യ വിദ്യാഭ്യാസം നേടിയ ശേഷം നാണു അച്ഛന്റെ മാതൃക സ്വീകരിച്ച് ആശാനായി. നാണു ആശാൻ എന്ന് അദ്ദേഹം അറിയപ്പെട്ടു. തന്റെ വിദ്യാഭ്യാസത്തിലും തൊഴിലിലും അദ്ദേഹം സംതൃപ്തനായിരുന്നില്ല. അതുകൊണ്ട് ആരുമറിയാതെ അദ്ദേഹം വീടുവിട്ടു. കായങ്കുളത്തിനടുത്തുള്ള പുതുപ്പള്ളിയിൽ ഒരു ഏകാദ്ധ്യാപക പാഠശാലയിൽ അന്തേവാസിയായി അദ്ദേഹം സംസ്കൃതം പഠിച്ചു. സഹപാഠികളിൽ നിന്നു വ്യത്യസ്തനായി സരളസ്വഭാവമുള്ള ഒരു ശാന്തശീലനായിരുന്നു നാണു. ഏകാന്തതയിൽ ധ്യാനനിമഗ്നനായി കഴിയുന്നതിലായിരുന്നു അദ്ദേഹത്തിനു ഏറ്റവുമധികം താല്പര്യം. ഒരു സന്യാസിയുടെ ജീവിതരീതിയായിരുന്നു അദ്ദേഹത്തിന്റേത്. അച്ഛന്റെ മരണമടുത്തപ്പോൾ നാണു വീട്ടിലെത്തി.. മകന്റെ മനോഗതി മനസ്സിലാക്കിയ മാടനാശാൻ നാണു സന്യാസവൃത്തി സ്വീകരിക്കുന്നതിനു സമ്മതം നൽകി.

1877–ൽ അച്ഛന്റെ മരണത്തെത്തുടർന്ന് നാണുവിന്റെ സന്യാസ ജീവിതം കൂടുതൽ തീഷ്ണമായി. സ്വയം അലക്കിവെളുപ്പിച്ച പരിമിതമായ വസ്ത്രങ്ങൾ ധരിച്ച്, കയറിച്ചെല്ലുന്ന വീടുകളിൽ നിന്നു കിട്ടുന്ന അല്പം ഭക്ഷണം കഴിച്ച്, മരത്തണലുകളിലും അമ്പലത്തിണ്ണകളിലും വിശ്രമിച്ച് അദ്ദേഹം നാൾ നീക്കി. അടുത്തും അകലെയും ഉള്ള പുണ്യസ്ഥലങ്ങൾ കാൽ നടയായി സന്ദർശിച്ചു. യാത്രകൾക്കിടയിൽ കാണാനിടയായ ഏകാന്തമായ ഗുഹകളിൽ ധ്യാനനിമഗ്നനായി കഴിഞ്ഞു. ഇക്കാലത്ത് അദ്ദേഹം നാണുസ്വാമി ആയി.

ആയിടയ്ക്ക് കേരളത്തിലെ ഒരു അദ്ധ്യാത്മിക ആചാര്യനും സമൂഹപരിഷ്കർത്താവുമായിരുന്ന ചട്ടമ്പിസ്വാമികളുമായി നാണുസ്വാമി പരിചയപ്പെട്ടു. ഈ പരിചയം നാരായണന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായി. അലഞ്ഞുതിരിഞ്ഞുള്ള ജീവിതരീതി ഉപേക്ഷിച്ച് തിരുവനന്തപുരത്തു നിന്ന് 20 കിലോമീറ്റർ അകലെ നെയ്യാറിൻ തീരത്തുള്ള അരുവിപ്പുറത്തു അദ്ദേഹം സ്ഥിരതാമസമാക്കി. അതോടെ അദ്ദേഹത്തിന്റെ ജീവിതം കൂടുതൽ ക്രിയാത്മകമായി. പഠന മനനങ്ങൾകൊണ്ടും ജീവിതാനുഭവങ്ങൾകൊണ്ടും അധീനമായ അറിവുകൾ തനിക്കു ചുറ്റിലും ഉള്ളവരുടെ അദ്ധ്യാത്മികവും സാമൂഹികവുമായ നന്മയ്ക്കായി അദ്ദേഹം ഉപയോഗപ്പെടുത്തി.

അദ്ധ്യാത്മിക മണ്ഡലത്തിലാണ് നാണുസ്വാമിയുടെ സവിശേഷ ശ്രദ്ധപതിഞ്ഞത്. ജാതികളും ഉപജാതികളുമായി പിരിഞ്ഞ ഹൈന്ദവ സമൂഹത്തെ സമുദ്ധരിക്കുന്നതിനുള്ള ശ്രമത്തിൽ അദ്ദേഹം മുഴുകി. എല്ലാ മനുഷ്യരും ഈശ്വരദൃഷ്ടിയിൽ സമന്മാരാണെന്നും ഒരേ ഈശ്വരനാണ് എല്ലാവരുടെയും ഭാഗധേയങ്ങളെ നിയന്ത്രിക്കുന്നതെന്നും 'അദ്ദേഹം പഠിപ്പിച്ചു. ഒരു ജാതി, ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം അദ്ധ്യാത്മികരംഗത്ത് ഒരു നവോന്മേഷം പകർന്നു.

സവർണ്ണരിൽനിന്നു പലതരത്തിലുള്ള പീഡനങ്ങൾ അനുഭവിച്ചിരുന്ന അവർണ്ണ ഹിന്ദുക്കൾ നാരായണനിൽ ഒരു രക്ഷകനെ കണ്ടെത്തി. ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനുതന്നെയും അവകാശമില്ലാത്ത വരായിരുന്നു അന്ന് അവർണ്ണർ. 1888-ൽ അരുവിപ്പുറത്ത് അദ്ദേഹം ഒരു ശിവലിംഗപ്രതിഷ്ഠ നടത്തി. അതോടെ നാരായണഗുരുവെന്നു അദ്ദേഹം അറിയപ്പെട്ടു തുടങ്ങി. ബ്രാഹ്മണർക്കു മാത്രം അവകാശപ്പെട്ട ഒന്നാണ് ക്ഷേത്രസ്ഥാപനമെന്നു കരുതപ്പെട്ടിരുന്ന അക്കാലത്ത് അതു വലിയൊരു വിപ്ലവമായിരുന്നു. എതിർപ്പുകൾ ഏറെ ഉണ്ടായെങ്കിലും നാരായണഗുരു അവയെ സധീരം നേരിട്ടു. അവർണ്ണർക്കു വേണ്ടി കേരളത്തിന്റെ വിവിധഭാഗങ്ങളിലായി അറുപതോളം ക്ഷേത്രങ്ങൾ അദ്ദേഹം സ്ഥാപിച്ചു. അദ്ധ്യാത്മിക ജീവിതത്തിലേയ്ക്കു ജനശ്രദ്ധ ആകർഷിക്കുന്നതിനു മഠങ്ങളും ആശ്രമങ്ങളും സ്ഥാപിച്ചു.

സ്വന്തം സമുദായത്തിൽ നിലനിന്നിരുന്ന കെട്ടുകല്ല്യാണം, പുലകുളി തുടങ്ങിയ അനാചാരങ്ങൾ നാരായണഗുരുവിനെ ദുഃഖിപ്പിച്ചു. അത്തരം അനാചാരങ്ങൾ നീങ്ങി സമൂഹം ശുദ്ധവും ശക്തവുമാകണമെന്നദ്ദേഹം ആഗ്രഹിച്ചു. സമൂഹപരിഷ്കരണ സംബന്ധമായ തന്റെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനു 1903-ൽ ശ്രീനാരായണധർമ്മ പരിപാലന യോഗം എന്നൊരു സംഘടനയ്ക്ക് അദ്ദേഹം രൂപം നൽകി. അവർണ്ണ ജനവിഭാഗങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികവും മതപരവുമായ ഉന്നതി ലക്ഷ്യമാക്കിയുള്ള പരിപാടികൾക്ക് അത് ആരംഭമിട്ടു. 19 ആം നൂറ്റാണ്ടിന്റെ അന്ത്യത്തിലും 20 ആം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി കേരളത്തിന്റെ സാമൂഹിക മണ്ഡലത്തിലുണ്ടായ പരിവർത്തനങ്ങളിൽ എസ്.എൻ.ഡി.പി. എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഈ സംഘടന ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്.

ജീവിതസംബന്ധമായ തന്റെ ഉൾക്കാഴ്ച സ്വകൃതികളിലൂടെ അനന്തര തലമുറകൾക്കു പകർന്നു കൊടുക്കാനും നാരായണഗുരു മറന്നില്ല. മലയാളം, തമിഴ്, സംസ്കൃതം എന്നീ ഭാഷകളിലായി അദ്ധ്യാത്മിക വിഷയമായ അറുപതിലധികം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

സാർത്ഥകമായ ഒരു ജീവിതത്തിനു ശേഷം 1928-ൽ തന്റെ തന്നെ സ്ഥാപനമായ വർക്കലയിലെ ശിവഗിരി മഠത്തിൽ വച്ച് ശ്രീനാരായണഗുരു അന്തരിച്ചു:

ചോദ്യങ്ങൾ

1. നാരായണഗുരുവിന്റെ ആദ്ധ്യാത്മികരംഗത്തു നവോന്മേഷം വരുത്തിയ പ്രഖ്യാപനം എന്ത്?
   a. എല്ലാമനുഷ്യരും സമന്മാരാണ്.
   b. അവർണ്ണ വിഭാഗങ്ങൾ സംഘടിക്കുക.
   c. വിദ്യാഭ്യാസം നേടി സ്വതന്ത്രരാവുക.
   d. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്.

2. നാരായണഗുരു ചെറുപ്പത്തിൽ നാടുവിടാനുണ്ടായ കാരണം?
   a. സാമ്പത്തിക ക്ലേശങ്ങൾ.
   b. കൂടുതൽ അറിവു നേടാനുള്ള മോഹം.
   c. ധനസമ്പാദനം.
   d. ജീവിതത്തിലുണ്ടായ അസംതൃപ്തി.

3. സഹപാഠികളിൽനിന്നു നാണുവിനുണ്ടായിരുന്ന വ്യത്യാസം?
   a. അസാധാരണമായ ബുദ്ധി സാമർത്ഥ്യം.
   b. ശാന്തശീലം.
   c. സ്വന്തം കഴിവുകളിലുള്ള വിശ്വാസം.
   d. സാമ്പത്തിക ക്ലേശങ്ങൾ.

4. നാണുവിനെ നാണു ആശാൻ എന്നു വിളിക്കാൻ കാരണം?
   a. അച്ഛൻ മാടനാശാൻ ആയിരുന്നു.
   b. കുട്ടികളെ നിലത്തെഴുത്തു പഠിപ്പിച്ചിരുന്നു.
   c. അദ്ധ്യാത്മിക കാര്യങ്ങളിൽ ഉപദേശം നൽകി.
   d. പുരാണകഥകൾ വ്യാഖ്യാനിച്ചു.

5. നാണുസ്വാമിയുടെ ജീവിതത്തിൽ വഴിത്തിരിവു വരുത്തിയ സംഭവം.
   a. അച്ഛന്റെ മരണം.
   b. സംസ്കൃത പഠനം.
   c. പുണ്യസ്ഥലങ്ങളിൽ നടത്തിയ സന്ദർശനം.
   d. ചട്ടമ്പിസ്വാമികളുമായുണ്ടായ പരിചയം.

6. നാണുവാശാൻ നാരായണഗുരുവായി അറിയപ്പെട്ടു തുടങ്ങിയതെപ്പോൾ മുതൽ?

   a. ആരുമറിയാതെ നാടുവിട്ടതിനെത്തുടർന്ന്.
   b. ശിവലിംഗ പ്രതിഷ്ഠയ്ക്കു ശേഷം.
   c. മഠങ്ങളും ആശ്രമങ്ങളും സ്ഥാപിച്ചതു മുതൽ.
   d. സമൂഹ പരിഷ്കരണത്തിന് നേതൃത്വം നൽകിയപ്പോൾ മുതൽ.

7. എസ്.എൻ.ഡി.പി. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന സംഘടന.

   a. സനാതനധർമ്മ പരിപാലന യോഗം.
   b. ശ്രീനാരായണധർമ്മ പരിപാലന സംഘം.
   c. ശ്രീനാരായണധർമ്മ പരിപാലന യോഗം.
   d. സനാതന ധർമ്മ പരിപാലന സംഘം.

8. നാരായണഗുരുവിന്റെ ഏറ്റവും വിപ്ലവകരമായ പ്രവൃത്തി.

   a. ആരുമറിയാതെ നാടുവിട്ടത്
   b. സന്യാസവൃത്തി സ്വീകരിച്ചത്
   c. എസ്.എൻ.ഡി.പി. സ്ഥാപിച്ചത്.
   d. ശിവലിംഗ പ്രതിഷ്ഠ നടത്തിയത്.

9. അദ്ധ്യാത്മിക ജീവിതത്തിലേയ്ക്കു ജനങ്ങളെ ആകർഷിക്കുന്നതിനു നാരായണഗുരു ചെയ്തത്.

   a. എസ്.എൻ.ഡി.പി. ആരംഭിച്ചു.
   b. മഠങ്ങളും ആശ്രമങ്ങളും സ്ഥാപിച്ചു.
   c. ശിവലിംഗപ്രതിഷ്ഠ നടത്തി.
   d. സമുദായത്തിലെ അനാചാരങ്ങൾക്കെതിരായി ശബ്ദമുയർത്തി.

10. നാരായണഗുരു എവിടെവച്ചാണ് അന്തരിച്ചത്?

   a. അരുവിപ്പുറം.
   b. ചെമ്പഴന്തി.
   c. ശിവഗിരി.
   d. പുതുപ്പള്ളി..

Passage - 6

ലോകം ഇന്നൊരു ഊർജ്ജപ്രശ്നത്തെ നേരിടുകയാണ്. ഊർജ്ജത്തിന്റെ ആവശ്യം കൂടികൂടി വരുന്നു, ലഭ്യത കുറഞ്ഞും. ഇതാണ് ഈ പ്രതിസന്ധിയുടെ മുഖ്യലക്ഷണം. ഫോസിൽ ഇന്ധനങ്ങൾ എന്നു പറയുന്ന പ്രകൃതി വാതകം, എണ്ണ, കൽക്കരി എന്നിവ ദുർലഭമായി വരികയാണ്. മാത്രവുമല്ല ലോകത്തിൽ ചിലയിടങ്ങളിലൊക്കെയെ അവയുള്ളൂ താനും.

ഇവയിൽ ഏറ്റവും കൂടുതൽ കിട്ടുന്നത് കൽക്കരി തന്നെ. ശ്രദ്ധിച്ചു മുന്നോട്ടുപോയാൽ വളരെക്കാലത്തേക്കുള്ള കൽക്കരി നമുക്കുണ്ട്. എന്നാൽ കൽക്കരി പലപരിസരപ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. കൽക്കരി കത്തു മ്പോൾ അതിൽ നിന്നുണ്ടാകുന്ന വാതകം മനുഷ്യരേയും വസ്തുവകകളേയും ദോഷമായി ബാധിക്കുന്നു.

അണുശക്തിയുപയോഗിച്ച് വൈദ്യുതിയുണ്ടാക്കാൻ കഴിയും. പല വികസിത രാജ്യങ്ങളും കൽക്കരിക്കു പകരം അണുശക്തിയാണു ഉപയോഗിക്കുന്നത്. പക്ഷേ ഇതും അപകട വിമുക്തമല്ല. അണുശക്തിയിൽ നിന്നുള്ള റേഡിയേഷൻ മാരകമാകുന്ന സന്ദർഭങ്ങളുണ്ടാകാം. അതിനു പുറമെ പലതരം മലിനീകരണത്തിനും ഇതു കാരണമാകും. അണുശക്തിക്കു ഉപയോഗിക്കുന്ന യുറേനിയം എന്ന ലോഹം വളരെ ദുർലഭമാണ്. ഇന്ത്യയിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നയിടങ്ങളിൽ അണുശക്തി കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന തിനെതിരായി ബഹുജനമുന്നേറ്റം തന്നെയുണ്ടായ സന്ദർഭങ്ങളുണ്ട്. ശാസ്ത്രീയ മാർഗ്ഗങ്ങളുടെ സുരക്ഷിതത്വത്തിൽ ആളുകൾക്കു ആശങ്ക യാണിതിനു കാരണം. ശാസ്ത്രത്തിന്റെ വിശ്വാസ്യത ഉറപ്പിച്ചെടുക്കേണ്ടതും ആവശ്യം തന്നെ.

സൗരോർജ്ജം വളരെ പ്രധാനപ്പെട്ട ഒരു ഊർജ്ജസ്രോതസ്സാണ്. പല യൂറോപ്യൻ രാജ്യങ്ങളിലും സൗരോർജ്ജം വിപുലമായി ഉപയോഗി-ക്കാനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. സൂര്യപ്രകാശവും ചൂടു വേണ്ടു വോളം ലഭിക്കുന്ന ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങളിൽ ഈ മാർഗ്ഗം പരീക്ഷിക്കേണ്ടതാണ്. ഭൂമിയുടെ ഉപരിതലത്തിലുള്ള ചൂടുമാത്രമല്ല ഭൂമിക്കകത്തുള്ള ചൂടിനെക്കൂടി ഉപയോഗിക്കാനുള്ള പദ്ധതികളുണ്ടത്രെ. കടൽത്തിരകളുടെ അപാരമായ ശക്തിയും ഊർജ്ജമാക്കി മാറ്റാൻ കഴിയുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, സാദ്ധ്യതകളുണ്ടെങ്കിലും വികസനമുണ്ടാകണമെന്നില്ലല്ലോ. സൂക്ഷ്മമായ ആസൂത്രണവും പദ്ധതി ക്രമമായി നടപ്പാക്കാനുള്ള സംവിധാനവും പണവും സാങ്കേതിക വിജ്ഞാനവും ഇതിനാവശ്യമാണ്. അണുശക്തിനിലയങ്ങൾ ഉണ്ടാക്കാൻ പറ്റാത്തയിടങ്ങളിൽ താപവൈദ്യുത നിലയങ്ങൾ പരീക്ഷിക്കാവുന്നതാണ്. കേരളത്തിലെപ്പോലെ ജലസമ്പത്തുള്ളയിടങ്ങളിൽ ജലവൈദ്യുതപദ്ധതികൾക്കാണ് പ്രാധാന്യം കൊടുക്കേണ്ടത്. പക്ഷേ, ഒന്നോർക്കണം. കേരളത്തിൽപ്പോലും വൈദ്യുതി ക്ഷാമം അനുഭവപ്പെട്ടു തുടങ്ങിയിരിക്കുന്നു. അണക്കെട്ടുകളിൽ ഒഴുകി യെത്തുന്ന വെള്ളം വർഷംതോറും കുറഞ്ഞുകൊണ്ടിരിക്കുന്നു. മഴകുറയുന്നതും മണ്ണൊലിപ്പുകൊണ്ട് അണക്കെട്ടുകൾ നികന്നു പോകുന്നതുമൊക്കെ ജലസംഭരണ ശേഷിയെ പ്രതികൂലമായി ബാധിക്കുന്നു.

ലക്കും ലഗാനുമില്ലാതെ വൈദ്യുതി ഉപയോഗിക്കുന്ന പ്രവണതയും വളരെയേറെ ദോഷകരം തന്നെ.

കാറ്റും ഊർജ്ജത്തിന്റെ ഉറവിടമാണ്. കാറ്റിന്റെ ശക്തി ആവാഹിച്ചെടുത്ത് ഉപയോഗിക്കാൻ കഴിഞ്ഞാൽ നല്ലതാണ്. ഗ്രാമ പ്രദേശങ്ങളിൽ കാറ്റാടിയന്ത്രങ്ങൾ സൗകര്യപ്രദമായി ഉപയോഗിക്കാൻ കഴിയും.

രാജ്യത്തിന്റെ വികസനത്തിനാവശ്യമായ ഊർജ്ജസമ്പത്ത് സ്വായത്തമാക്കുന്നതോടൊപ്പ അതിന്റെ ഫലമായുണ്ടാവുന്ന പരിസര പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കണം. ജനജീവിതത്തെ ഉയർത്താനും വളർത്താനും കഴിയുന്ന തരത്തിലാണ് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. നിലവിലുള്ള നിയമങ്ങളും ചട്ടക്കൂടുകളും അതിനു വിഘാതമായി നിന്നാൽ ചട്ടങ്ങളെ മാറ്റിക്കുറിക്കുവാൻ നമുക്ക് കഴിയണം.

ജനപങ്കാളിത്തം ഉറപ്പുവരുത്താനും ശാസ്ത്രീയ രീതികളിൽ അവർക്കുള്ള വിശ്വാസം ഉറപ്പിച്ചെടുക്കാനുമുള്ള പരിശ്രമങ്ങൾ കൂടി നടത്തിയാലേ വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ അർത്ഥവും വ്യാപ്തിയുമുണ്ടാവൂ. എങ്കിലേ പരിസരപ്രശ്നങ്ങളോടൊപ്പം മനുഷ്യരുടെ ജീവിത പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുകയുള്ളു.

ഇക്കാര്യങ്ങളെപ്പറ്റി ജനങ്ങളെ ബോധവന്മാരാക്കാൻ ശാസ്ത്ര സാഹിത്യ സംഘടനകൾക്കു സാധിക്കും. കേരളത്തിൽ ശാസ്ത്ര സാഹിത്യപരിഷത്ത് ഇക്കാര്യത്തിൽ അഭിനന്ദനീയമായ പരിശ്രമങ്ങൾ നടത്തുന്നുണ്ട്. ഇത്തരം സംഘടനകൾ കൂടുതൽ കൂടുതലുണ്ടാക്കേണ്ടിയിരിക്കുന്നു. എങ്കിൽ, ഒരു പുതിയ ശാസ്ത്ര സംസ്ക്കാരത്തിന്റെ കാഹളത്തിനു കാതോർത്തു നിൽക്കാൻ നമുക്ക് കഴിയും.

ചോദ്യങ്ങൾ

1. മുകളിൽ കൊടുത്തിരിക്കുന്ന ഖണ്ഡികകളിലെ പ്രധാന ആശയം.
   a. വൈദ്യുതി ക്ഷാമത്തിന്റെ കാരണങ്ങൾ.
   b. ഊർജ്ജത്തിന്റെ ഉറവിടങ്ങളും സാദ്ധ്യതകളും.
   c. പരിസരപ്രശ്നങ്ങൾ.
   d. ശാസ്ത്ര വികസനത്തിൽ ജനങ്ങൾക്കുള്ള പങ്ക്.

2. മുകളിൽ പറയുന്ന കാര്യങ്ങൾ നമ്മുടെ വികസനാവശ്യങ്ങളെയും പ്രവർത്തനങ്ങളെയും
   a. വിമർശിക്കുന്നു.
   b. ആക്ഷേപിക്കുന്നു.
   c. വിശദീകരിക്കുന്നു.
   d. നിരാകരിക്കുന്നു.

3. അണുശക്തി കേന്ദ്രങ്ങളെ ആളുകൾ എതിർക്കാറുണ്ട്. കാരണം,

a. അവ തൊഴിലവസരം നഷ്ടമാക്കും.

b. കാലാവസ്ഥയ്ക്കു മാറ്റം വരുത്തും.

c. രോഗം പരത്തും.

d. സുരക്ഷിതത്വ പ്രശ്നങ്ങളുണ്ടാക്കും.

4. മുകളിലത്തെ പ്രസ്താവനയിൽ ഉപയോഗിച്ചിരിക്കുന്ന ഊർജ്ജസമ്പത്ത് എന്ന സമസ്തപദത്തിനു യോജിച്ച വിവരണമേത്?

a. ഊർജ്ജമായ സമ്പത്ത്.

b. ഊർജ്ജത്തിനുള്ള സമ്പത്ത്.

c. ഊർജ്ജംകൊണ്ടുള്ള സമ്പത്ത്.

d. ഊർജ്ജം എന്ന സമ്പത്ത്.

5. മുകളിൽ വായിച്ച പ്രസ്താവനയ്ക്കു യോജിച്ച തലക്കെട്ട്.

a. ഊർജ്ജം – പ്രശ്നങ്ങളും സാദ്ധ്യതകളും.

b. ഒരു പുതിയ ശാസ്ത്രസംസ്ക്കാരം.

c. അണുശക്തി വികസനം.

d. ശാസ്ത്രവും ജനപങ്കാളിത്തവും.

6. ‘ പക്ഷേ., സാദ്ധ്യതകളുണ്ടെങ്കിലും വികസനമുണ്ടാകണമെന്നില്ലല്ലൊ.‘ എന്ന വാക്യത്തിന്റെ സൂചന.

a. സാദ്ധ്യതകളുണ്ടായില്ലെങ്കിൽ വികസനമുണ്ടാകില്ല.

b. സാദ്ധ്യതകളുണ്ടെന്നതുകൊണ്ട് വികസനമുണ്ടായിക്കൊള്ളണ - മെന്നില്ല

c. വികസനമുണ്ടായില്ലെങ്കിൽ സാദ്ധ്യതകളില്ലായിരുന്നെന്നർത്ഥം.

d. സാദ്ധ്യതയുണ്ടോ, വികസനമില്ല.

7. ഒരു പുതിയ ശാസ്ത്രസംസ്ക്കാരത്തിന്റെ കാഹളത്തിനു കാതോർത്തു നിൽക്കാൻ നമുക്ക് കഴിയും എന്നതു സൂചിപ്പിക്കുന്നത്.

a. നമുക്ക് ഇപ്പോൾ തന്നെ ഒരു ശാസ്ത്ര സംസ്ക്കാരമുണ്ട്. അത് മാറി പുതിയത് വരും.

b. ശാസ്ത്ര സംസ്ക്കാരമല്ല പുതിയത്, കാഹളമാണ് പുതിയത്.

c. പുതുതായി ഒരു ശാസ്ത്ര സംസ്ക്കാരമുൾക്കൊള്ളാൻ നമുക്ക് തയ്യാറാകാം.

d. ഒരു പുതിയ ശാസ്ത്രസംസ്ക്കാരത്തെപ്പറ്റി കേട്ടറിഞ്ഞു കഴിയാം.

8. 'ജന പങ്കാളിത്തം' എന്ന സമസ്തപദത്തിനനുയോജ്യമായ വിവരണം.

a. ജനങ്ങളുടെ പങ്കാളിത്തം

b. ജനങ്ങളോടുള്ള പങ്കാളിത്തം

c. ജനങ്ങളിൽ നിന്നുള്ള പങ്കാളിത്തം

d. ജനങ്ങളെന്ന പങ്കാളിത്തം.

9. മൂന്നാം ഖണ്ഡികയിലുപയോഗിച്ചിരിക്കുന്ന മാരകം എന്ന വാക്കിന്റെ അർത്ഥം.

a. ദോഷം

b. ശല്യം

c. മരണകാരണം

d. അപകടം.

10. താഴെപ്പറയുന്നവയിലൊന്ന് കേരളത്തിൽ വൈദ്യുതി ക്ഷാമമുണ്ടാകാൻ കാരണമാകുന്നില്ല. അതേത്?

a. മഴ കുറയുന്നു.

b. ജലസംഭരണശേഷി കുറയുന്നു.

c. ജനസംഖ്യ വർദ്ധിക്കുന്നു.

d. വൈദ്യുതിയുടെ ഉപയോഗം കൂടുന്നു.

11. മേലുദ്ധരിച്ച പ്രസ്താവനയിൽ താഴെപ്പറയുന്നവ ഏതു ക്രമത്തിൽ പരാമർശിക്കുന്നു.?

a. സൗരോർജ്ജം, കാറ്റാടിയന്ത്രങ്ങൾ, പ്രകൃതി വാതകം, ശാസ്ത്രസംസ്ക്കാരം

b. പ്രകൃതിവാതകം, ശാസ്ത്രസംസ്കാരം, കാറ്റാടിയന്ത്രങ്ങൾ, സൗരോർജ്ജം.

c. പ്രകൃതിവാതകം, സൗരോർജ്ജം, കാറ്റാടിയന്ത്രങ്ങൾ, ശാസ്ത്ര സംസ്ക്കാരം.

d. കാറ്റാടിയന്ത്രങ്ങൾ, ശാസ്ത്രസംസ്ക്കാരം, പ്രകൃതിവാതകം, സൗരോർജ്ജം.

Passage - 7

ആശയവിനിമയോപാധിയായ ഭാഷയുടെ ശ്സ്ത്രീയ പഠനമാണ് ഭാഷാശാസ്ത്രം. മനുഷ്യനെ മറ്റുജീവികളിൽനിന്നും വേർതിരിക്കുന്ന സുപ്രധാനമായ സവിശേഷത 'മാനവിക ഭാഷ' എന്നപ്രതിഭാസമാണെന്നു പറയാം. മാനവൃത്തിയെപ്പറ്റിയുള്ള ഏതുപഠനത്തിനും അടിസ്ഥാനമാക്കാവുന്ന ഒന്നാണിത്. ഭാഷയോളം അതുല്യവും സങ്കീർണ്ണവുമായ ഒരു വൃത്തി വിശേഷം മനുഷ്യനില്ല. മനുഷ്യന്റെ വിവേകബുദ്ധിയുടെ അളവുകോലാണ് ഭാഷ. മനുഷ്യചിന്തയുടെ ബഹിർസ്ഫുരണവും ഭാഷയിലൂടെയാണ്. അത്തരമൊരു പ്രതിഭാസത്തിന്റെ ശാസ്ത്രീയ പഠനമാണ് ഭാഷാശാസ്ത്രം.

ഒരു വിജ്ഞാനശാഖയെന്ന നിലയിൽ ഭാഷാശാസ്ത്രത്തിനു വളരെ പ്രാധാന്യമുണ്ട്. വെറും വ്യാകരണ നിയമങ്ങളെക്കുറിച്ചുള്ള പ്രസ്താവനകൾ മാത്രമല്ല ഭാഷാശാസ്ത്രംകൊണ്ടുദ്ദേശിക്കുന്നത്. ഭാഷയുടെഘടന കണ്ടെത്തുന്നത് വഴി മനുഷ്യമനസ്സിന്റെ പ്രവർത്തനങ്ങളെക്കുറച്ചു കൂടി പഠിക്കാൻ കഴിയുമെന്ന നിലവന്നിരിക്കുന്നു. ഇത്തരം പഠനങ്ങളിൽനിന്നും ലഭിക്കുന്ന അറിവുകൾ മറ്റു വിജ്ഞാന മണ്ഡലങ്ങളിലേക്കുകൂടി വെളിച്ചം വീശാൻ സഹായിക്കും.

സത്യം പറയണമല്ലൊ, ഭാഷാശാസ്ത്രത്തിന്റെ വളർച്ചയുടെ ഫലമായി ചിലരുടെയൊക്കെയിടയിൽ ആഹ്ളാദകരമായ അറിവുകൾക്കു പകരം പൊതുവേ പ്രബലമായി വളർന്നിട്ടുള്ളത്. ചില ചില ആശങ്കകളാണ്. പുതിയ ചിന്തകൾ അവതരിപ്പിക്കുമ്പോൾ പലപ്പോഴും പലർക്കും അസ്വസ്ഥത യുണ്ടാകാറുണ്ട്. ഭാഷാശാസ്ത്രത്തിന്റെ വളർച്ചയുടെ ഏതു ഘട്ടത്തിലും ഇത്തരം അസ്വസ്ഥതകളുണ്ടായിട്ടുണ്ട്. ലാറ്റിൻ, ഗ്രീക്കു വ്യാകരണ ചട്ടക്കൂടുകൾക്കകത്തുനിന്നേ മറ്റു ഭാഷകൾക്ക് വ്യാകരണമുണ്ടാക്കാവൂ, എന്നൊരു വിശ്വാസമുണ്ടായിരുന്നു. ആധുനിക വ്യാകരണത്തിന്റെ വളർച്ചയുടെ ഫലമായി ഈ അന്ധവിശ്വാസം ഏറെക്കുറെ മാറിക്കിട്ടി. നാടൻഭാഷകൾക്കുമുണ്ട് വ്യക്തമായ തനിമയും നിയമാവലികളുമൊക്കെ എന്നു തെളിയിക്കാൻ ആധുനിക ഭാഷാശാസ്ത്രജ്ഞന്മാർക്ക് എന്നു തെളിയിക്കാൻ ആധുനിക ഭാഷാശാസ്ത്രജ്ഞന്മാർക്ക് കഴിഞ്ഞു. ബ്ളൂ ഫീൽഡ്, സപീർ തുടങ്ങിയ യൂറോപ്യൻ പണ്ഡിതരും, ഭാഷാ ശാസ്ത്രത്തിലെ നൂതന ചിന്തകൾക്ക് ആക്കം കൂടിയവരാണ്. നോം ചൊംസ്കിയുടെ വ്യാകരണ സിദ്ധാന്തങ്ങൾ ഭാഷാശാസ്ത്ര ചിന്തകളിൽ വിപ്ലവകരമായ ചലനങ്ങളാണുണ്ടാക്കിയത്. ഇവർക്കെല്ലാം എതിരെ ശക്തമായ വിമർശനങ്ങൾ ഉയർന്നിരുന്നു എന്ന കാര്യം വിസ്മരിക്കരുത്.

ആധുനികഭാഷാ ശാസ്ത്രജ്ഞൻ ഭാഷയെ വെറുമൊരു ഉപകരണമായി മാത്രം കാണുന്നുവെന്ന് ആരോപിക്കുന്നവരുണ്ട്. ഭാഷാ ശാസ്ത്രജ്ഞന്റെ ഭാഷാസങ്കല്പം യാന്ത്രികവും സാങ്കേതികവു-മാകുന്നുവെന്നതാണ് ഈ ആരോപണത്തിനുള്ള പ്രധാന കാരണം. ഏതു വിജ്ഞാന ശാഖയിലായാലും ശാസ്ത്രീയപഠനങ്ങൾ ഒരളവുവരെ സാങ്കേതികമായിരിക്കണം. സൂക്ഷ്മമായ നിരീക്ഷണവും വസ്തുനിഷ്ഠമായ വിവരണവും കൂടിയേകഴിയൂ. ഒരു സിദ്ധാന്തത്തിന്റെ അടിസ്ഥാന-ത്തിലുള്ള പഠനങ്ങൾക്കേ കൂടുതൽ നിഗമനങ്ങൾ അവതരിപ്പിക്കാൻ കഴിയൂ.

ഭാഷയെ ഒരുപഠനവസ്തുവായി മാത്രം കാണുന്നത്കൊണ്ട് അതിന്റെ സാമൂഹ്യവും മനശ്ശാസ്ത്രപരവുമായ പ്രാധാന്യം മനസ്സിലാവാതെ പോകുന്നു എന്നു പറയുവാൻ കഴിയുമോ? മനോഭാഷാശാസ്ത്രം സാമൂഹ്യ ഭാഷാശാസ്ത്രം തുടങ്ങിയ ഉപശാഖകൾ തന്നെ ഭാഷാശാസ്ത്രത്തിലുണ്ട്.

ഭാഷകനെന്നനിലയിൽ ദിവസംതോറും എത്രയെത്ര പുതിയ വാക്യങ്ങളാണ് ഒരാൾക്ക് ഉണ്ടാക്കാൻ കഴിയുന്നത്. അതിനു സ്ക്കൂളിൽ പോയി പഠിക്കേണ്ട കാര്യമില്ല. സ്ക്കൂളിന്റെ മുറ്റത്തുകൂടി പോയിട്ടില്ലാത്തവനും സ്വന്തം ഭാഷയിലെ തെറ്റും ശരിയും കണ്ടെത്താൻ കഴിയും. ഭാഷപഠിക്കാനുള്ള മനുഷ്യന്റെ ജന്മസിദ്ധമായ കഴിവാണിതിനു കാരണമെന്നാണ് ചൊംസ്കിയുടെ അഭിപ്രായം. മാതാപിതാക്കന്മാരുടെ സംസാരം കേട്ട് അനുകരിച്ചാണ് ഒരു കുട്ടി സംസാരിക്കാൻ പഠിക്കുന്നതും പൂർണ്ണനായ ഒരു ഭാഷകനാകുന്നതെന്നും പറയുന്നത് ശരിയാണോ? മനുഷ്യനായതു കൊണ്ട് സംസാരിക്കുന്നു, സംസാരിക്കാതിരിക്കാനേ കഴിയില്ല എന്നതല്ലേ സത്യത്തിൽ ശരി? അതുകൊണ്ടു തന്നെയല്ലേ ഭാഷ മനസ്സിന്റെ കണ്ണാടിയെന്നു പറയാറുള്ളത്. പറയാനും മറ്റുള്ളവർ പറയുമ്പോൾ മനസ്സിലാക്കാനുമുള്ള മനുഷ്യന്റെ കഴിവ് അത്ഭുതകരം തന്നെ.

ഒരു ഭാഷകന് തന്റെ ഭാഷ എങ്ങനെയൊക്കെ പ്രയോഗിക്കാൻ കഴിയുന്നു എന്ന് അടുത്തറിയുമ്പോൾ നമ്മുടെ അത്ഭുതം ഇരട്ടിക്കും. വീട്ടിൽ സംസാരിക്കുന്ന രീതിയിലാണോ നാം സ്ക്കൂളിൽ സംസാരിക്കുന്നത്? അച്ഛനോട് സംസാരിക്കുമ്പോലെയാണോ കൂട്ടുകാരനോട് സംസാരിക്കുന്നത്? സ്ത്രീ സ്ത്രീയോടും പുരുഷൻ പുരുഷനോടും സംസാരിക്കുമ്പോഴും സ്ത്രീപുരുഷന്മാർ പരസ്പരം സംസാരിക്കുമ്പോഴും സംസാരരീതിക്ക് വ്യത്യാസമുണ്ടാകാറില്ലേ? രാഷ്ട്രീയ പ്രസംഗത്തിന്റെ ഭാഷയും മതപ്രസംഗത്തിന്റെ ഭാഷയും ഒരു പോലെയാണോ? തെക്കു തിരുവനന്തപുരത്തെ മലയാളവും വടക്കുകണ്ണൂരെ ഭാഷയുമായി എന്തെന്ത വ്യത്യാസങ്ങളാണുള്ളത്. ലക്ഷദ്വീപിലെ മലയാളം കേട്ടാൽ പെട്ടെന്നു മനസ്സിലാകുന്ന എത്ര കേരളീയരുണ്ട്.? ഭാഷയ്ക്ക് ഭൂമിശാസ്ത്രമുണ്ടെന്നു ഇതു കാണിക്കുന്നു. ഒരേ വ്യക്തി തന്നെ വിവിധ ഭാഷാഭേദങ്ങൾ സംസാരിക്കുന്നു. ഒരേ ഭാഷയിൽ തന്നെ വിവിധഭാഷാഭേദങ്ങളുമുണ്ട്.

ചില ഭാഷകൾ തമ്മിൽ ബന്ധമുണ്ടെന്നും നമുക്കറിയാം. തമിഴും മലയാളവും കന്നഡവുമൊക്കെ ഒരേ കുടുംബത്തിൽപ്പെട്ട ഭാഷകളാണ്. അവ തമ്മിലുള്ള അടുപ്പവും അകൽച്ചയും ഭാഷാചരിത്ര പഠനങ്ങൾ വെളിവാക്കും. ഭാഷയ്ക്ക് ഭൂമിശാസ്ത്രം മാത്രമല്ല ചരിത്രംകൂടിയുണ്ടെന്നർത്ഥം.

ചോദ്യങ്ങൾ

1. മുകളിൽ വായിച്ച ഭാഗത്തു പരാമർശിക്കുന്ന പ്രധാന ആശയം .
   a. വിവിധഭാഷാ ശാസ്ത്ര സിദ്ധാന്തങ്ങൾ.
   b. ഭാഷാശാസ്ത്രത്തിന്റെ പ്രാധാന്യം.
   c. ഭാഷാഭേദങ്ങളുടെ പ്രത്യേകതകൾ.
   d. ഭാഷകന്റെ ജന്മസിദ്ധമായ കഴിവ്.

2. തന്നിരിക്കുന്ന പ്രസ്താവനയിൽ താഴെപ്പറയുന്നതിൽ ഒന്നിനെക്കുറിച്ച് ഒരു സൂചനയുമില്ല. അതേത്.

   a. ലക്ഷദ്വീപിലെ മലയാളം.
   b. മനോഭാഷാ ശാസ്ത്രം.
   c. ഭാഷയുടെ ഘടന.
   d. ഭാഷാശാസ്ത്ര ഗ്രന്ഥങ്ങൾ.

3. 'ഭാഷാഭേദം' എന്നത് എന്തർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു?

   a. ഒരേഭാഷയിലെ വ്യത്യസ്തമായ സംസാരരീതികൾ.
   b. പല ഭാഷകളിലെ ഒരേ തരത്തിലുള്ള സംസാര രീതികൾ.
   c. ഒരേതരത്തിലുള്ള സാമാന്യം ഭേദപ്പെട്ട സംസാര രീതികൾ.
   d. പല തരത്തിലുള്ള ഭേദപ്പെട്ട സംസാരരീതികൾ.

4. 'പ്രസ്താവനയ്ക്ക് ഏറ്റവും അനുയോജ്യമായ തലക്കെട്ട്?

   a. ഭാഷയും ശാസ്ത്രവും.
   b. ഭാഷയ്ക്കുള്ളിൽ ഭാഷകൾ.
   c. ഭാഷയും ഭാഷാശാസ്ത്രവും.
   d. ഭാഷയ്ക്ക് ഭൂമിശാസ്ത്രം.

5. ലക്ഷദ്വീപിലെ മലയാളം കേട്ടാൽ പെട്ടെന്നു മനസ്സിലാകുന്ന കേരളീയരെത്രയുണ്ട്. എന്ന ചോദ്യംകൊണ്ട് സൂചിപ്പിക്കുന്ന ആശയം?

   a. ലക്ഷദ്വീപുമലയാളം കേട്ടാൽ മനസ്സിലാകുന്ന കേരളീയരുടെ എണ്ണം അറിയുക.
   b. ലക്ഷദ്വീപു മലയാളം കേട്ടാൽ മനസ്സിലാകുന്ന കേരളീയർ ധാരാളമുണ്ട്.
   c. ലക്ഷദ്വീപു മലയാളം കേട്ടാൽ മനസ്സിലാകുന്ന കേരളീയർ ചുരുക്കമാണ്.
   d. ലക്ഷദ്വീപുമലയാളം കേട്ടാൽ മനസ്സിലാകുന്ന കേരളീയരാരുമില്ല.

6. നാലാമത്തെ ഖണ്ഡികയിൽ ഉപയോഗിച്ചിരിക്കുന്ന 'നിഗമനം' എന്ന വാക്ക് ഏതർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു.?

   a. യാത്ര
   b. നിർദ്ദേശം
   c. ഊഹം
   d. സംശയം.

7. ഭാഷാശാസ്ത്രം എന്ന സമസ്തപദത്തിനനുയോജ്യമായ വിവരണം.

a. ഭാഷയിൽ നിന്നുള്ള ശാസ്ത്രം.
b. ഭാഷയാകുന്ന ശാസ്ത്രം.
c. ഭാഷയുടെ ശാസ്ത്രം.
d. ഭാഷകൊണ്ടുള്ള ശാസ്ത്രം.

8. നാടൻ ഭാഷകൾ എന്ന സമസ്തപദത്തിനനുയോജ്യ വിവരണം.

a. നാട്ടിലുള്ള ഭാഷ.
b. നാടനായ ഭാഷ.
c. നാട്ടിന്റെ ഭാഷ
d. നാട്ടുകാരുടെ ഭാഷ.

9. 'ഭാഷ മനസ്സിന്റെ കണ്ണാടി' എന്നതിന്റെ സൂചന.

a. ഭാഷ മനസ്സിലൂടെ കാണുന്നു.
b. മനസ്സിലുള്ളത് ഭാഷയിൽ കാണാം.
c. ഭാഷയിലുള്ളത് മനസ്സിലില്ല.
d. മനസ്സിലില്ലാത്തതും ഭാഷയിൽ കാണാം.

10. മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവന പ്രധാനമായും ആർക്കു വേണ്ടി എഴുതിയിരിക്കുന്നു.

a. ഭാഷാശാസ്ത്രജ്ഞന്മാർ
b. സാധാരണക്കാർ
c. സാഹിത്യകാരന്മാർ
d. രാഷ്ട്രീയപ്രസംഗകർ.

11. മുകളിലത്തെ ഖണ്ഡികയിൽ ഏതു ക്രമത്തിലാണ് താഴെപ്പറയുന്നവയെ പരാമർശിക്കുന്നത്.

a. നാടൻ ഭാഷകൾ, സംസാര രീതി, ഭാഷയുടെ സങ്കീർണ്ണത, ഭാഷാചരിത്ര പഠനങ്ങൾ.
b. ഭാഷയുടെ സങ്കീർണ്ണത, നാടൻഭാഷകൾ, സംസാര രീതി, ഭാഷാചരിത്ര പഠനങ്ങൾ.
c. സംസാര രീതി, നാടൻ ഭാഷകൾ, ഭാഷയുടെ സങ്കീർണ്ണത, ഭാഷാചരിത്ര പഠനങ്ങൾ.
d. ഭാഷാ ചരിത്രപഠനങ്ങൾ, ഭാഷയുടെ സങ്കീർണ്ണത, നാടൻ ഭാഷകൾ. സംസാര രീതി.

Passage - 8

നരവംശ ശാസ്ത്രത്തിന്റെ ഭാഗമാണ് ആദിവാസി സംസ്കാരത്തെക്കുറിച്ചുള്ള പഠനം. ആദിവാസികളുടെ സാമൂഹ്യഘടന, ജീവിതരീതി, ആചാര വിശ്വാസങ്ങൾ, ഭൗതികസമ്പത്ത് ഇവയെല്ലാം ചേർന്നതാണ് ആദിവാസി സംസ്ക്കാരം. മനുഷ്യ സംസ്ക്കാരത്തിന്റെ അഭേദ്യമായ ഒരു ഭാഗമാണ് ആദിവാസ സംസ്ക്കാരം. ആദിവാസികളെ 'ഗിരിവർഗ്ഗക്കാർ' ഗിരി ജനങ്ങൾ എന്നൊക്കെ വിളിക്കാറുണ്ട്. ഇവരെല്ലാവരും ഗിരിപ്രദേശങ്ങളിൽ ജീവിക്കുന്നവരല്ലാത്തുകൊണ്ട് ഗിരിജനങ്ങൾ എന്നപേരിനേക്കാൾ ആദിവാസികളെന്ന പേരാണവർക്ക് യോജിക്കുന്നതെന്നു സൂചിപ്പിച്ചുകൊണ്ട് പണിയർ എന്നതന്റെ പുസതകത്തിൽ ഡോ.സോമശേഖരൻ നായർ പറയുന്നത് ശ്രദ്ധിക്കുക. 'അവരുടെ ജീവിതരീതികൾ പഴയത്, അവരുടെ ആചാര വിശ്വാസങ്ങൾ പഴയത്, നമുക്ക് അവരോടുള്ള മനോഭാവവും പഴയത്. അങ്ങനെ പലതരത്തിലും അവർ ആദിവാസികൾ തന്നെയാണല്ലൊ.'

"ആദിവാസികൾക്ക് പൂർണ്ണവും നിഷ്കൃഷ്ടവുമായ ഒരു നിർവചനം ഇതുവരെ സ്വീകരിച്ചു കണ്ടിട്ടില്ല. കുറികിയശരീരം, കറുത്തനിറം, ചുരുണ്ട തലമുടി, പരന്നമൂക്ക്, തടിച്ചചുണ്ടുകൾ തുടങ്ങിയ ശാരീരികമായ പ്രത്യേകതകൾ ഇന്ന് ആദിവാസികളുടെ അടയാളമല്ലാതായിത്തീർന്നിട്ടുണ്ട്. കുടിയേറ്റക്കാർ കാടുതെളിച്ച് മണ്ണിൽ മാത്രമല്ല വിത്തുവിതച്ചത്. ആദിവാസി സ്ത്രീകളിൽ അവർ പുതിയൊരു തലമുറയുടെ വിത്തുകൾ കൂടിപാകി. അതുകൊണ്ട് രൂപത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഇന്ന് ആദിവാസികളെ തിരിച്ചറിയാൻ വയ്യാതായിരിക്കുന്നു."

ആദിവാസികളെ മറ്റു സമുദായങ്ങളിൽ നിന്നു വേർതിരിക്കാൻ നമുക്ക് അവരുടെ ആചാര വിശ്വാസങ്ങൾ ജീവിതരീതി, വിവാഹസമ്പ്രദായം, മതപരമായചടങ്ങുകൾ, ഭാഷ എന്നിവയെക്കുറിച്ചെല്ലാം വിശദമായി പഠിച്ചതിനു ശേഷം മാത്രമേ കഴിയൂ

കേരളത്തിൽ എത്ര ആദിവാസി വർഗ്ഗങ്ങളുണ്ടെന്ന കാര്യത്തിൽ പോലും ഭിന്നാഭിപ്രായങ്ങളുണ്ടത്രെ. നരവംശ ശാസ്തജ്ഞന്മാർ ആദിവാസികളുടെ സംസ്കാരത്തെക്കുറിച്ചു പഠിക്കുന്നു. ഭാഷാശാസ്ത്രജ്ഞന്മാർ അവരുടെ ഭാഷാശാസ്ത്രജ്ഞന്മാർ അവരുടെ ഭാഷയെക്കുറിച്ചു പഠിക്കുന്നു. അവർക്ക് ചില ആനുകൂല്യങ്ങൾനൽകാൻ സർക്കാർ അവനുപട്ടികയിലുൾപ്പെടുത്തി പട്ടികവർഗ്ഗമാക്കുന്നു. സർവ്വസമ്മതമായ ഒരു വർഗ്ഗീകരണത്തിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

കേരളത്തിൽ വയനാട്, കോഴിക്കോട്, പാലക്കാട്, ഇടുക്കി എന്നിവിടങ്ങളിലാണ് ആദിവാസികൾ കൂടുതലുള്ളത്. 1971–ലെ സെൻസസ് റിപ്പോർട്ടു പ്രകാരം കേരളത്തിൽ 2,69,356 ആദിവാസികളാണുള്ളത്, 1,34,996 പുരുഷന്മാരും, 1,34,360 സ്ത്രീകളും. 'ചത്തപോത്തിനെ തിന്നുന്ന കാസർകോട്ടേ കൊറഗർമുതൽ 'ആദിവാസി നമ്പൂതിരി' മാരായ കുറിച്യർവരെ അടങ്ങുന്നതാണ് കേരളത്തിലെ ആദിവാസ സമൂഹം.' ഐതിഹ്യങ്ങളുൾപ്പടെ

ആദിവാസികളുടെ ചരിത്രത്തെപ്പറ്റി വിവിധങ്ങളായ അഭിപ്രായങ്ങളും നിഗമനങ്ങളും നിലവിലുണ്ട്.

ആദിവാസികളെ എങ്ങനെ സമുദ്ധരിക്കാം എന്ന ചോദ്യത്തിന് ഉത്തരം കാണേണ്ടിയിരിക്കുന്നു. ആദിവാസികളുടെ പുരോഗതി എങ്ങനെയാകാമെന്നതിനെക്കുറിച്ച് രണ്ടഭിപ്രായഗതികളുണ്ട്. സമാന്തരമായി ഒഴുകിക്കൊണ്ടിരിക്കുന്ന ആധുനികസംസ്ക്കാരത്തെയും ആദിവാസിസംസ്ക്കാരത്തെയും ഒരുമിച്ചൊരേ പ്രവാഹമാക്കണം. ആദിവാസി സംസ്ക്കാരത്തെ അതിന്റെ തനിമയോടെ വളരാനനുവദിച്ച് അതിന്റെ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കണം എന്നിവയാണ്. ഒരു പ്രത്യേകസംസ്കാരത്തിൽ വേരുറച്ചുപോയ ആദിവാസി ജീവിതത്തെ അതിന്റെ തായ് വേരോടുകൂടി മറ്റൊരിടത്തു പറിച്ചുനടുക അത്ര എളുപ്പമുള്ള കാര്യമല്ല. ആദിവാസികളുടെ പുരോഗതിക്ക് വിലങ്ങു തടികളായി നിൽക്കുന്ന ശക്തികളെ കണ്ടുപിടിച്ച് നശിപ്പിക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്."

ആദിവാസി സമൂഹം വിദ്യാഭ്യാസപരമായും സാമ്പത്തികമായും പുരോഗമിക്കാത്തതും പദ്ധതികൾ ഗവണ്മെന്റ് ആസൂത്രണം ചെയ്തുവരുന്നു. വിദ്യാഭ്യാസസൗകര്യങ്ങൾ ആദിവാസികൾ വേണ്ടത്ര പ്രയോജനപ്പെടുത്താത്തതിന്റേ കാരണങ്ങൾ കണ്ടെത്തി അവയ്ക്കു പരിഹാരമുണ്ടാക്കുക തന്നെ വേണം. വിദ്യാഭ്യാസത്തിനു പുറമെ സർക്കാരിൽ നിന്ന് ആദിവാസികൾക്ക് താമസിക്കാൻവീടും കൃഷിചെയ്യാൻ സ്ഥലവും പണിയാൻപണിയായുധങ്ങളും നൽകുന്നു എന്നിട്ടും ആദിവാസികൾ ഇന്നും ആദിവാസികൾ തന്നെയാണ്." സഹായംകൊണ്ട് കാര്യമില്ല. അതു വേണ്ടവിധം ഉപയോഗിക്കാനുള്ള ഉപദേശവും പരിശോധനയും പ്രോത്സാഹനവും നൽകണം.

ആധുനിക ലോകത്ത് ആദിവാസികളുടെ നിലയെപ്പറ്റി സൂചിപ്പിച്ചുകൊണ്ട് സോമശേഖരൻ നായർ ഉന്നയിക്കുന്ന ചോദ്യങ്ങൾ വളരെ പ്രസക്തമാണ്. ആധുനിക ലോകം ഇന്നു ആദിവാസികളെ കൂടുതൽ കൗതുക പൂർവ്വം നോക്കിത്തുടങ്ങിയിരിക്കുന്നു. കഥകളിവേഷങ്ങളോടൊപ്പം ആദിവാസികളുടെ പടങ്ങൾക്കും ഇന്ന് പരിഷ്കൃത ഭവനങ്ങളുടെ വെൺഭിത്തികളലങ്കരിക്കാൻ ഭാഗ്യമുണ്ടായിട്ടുണ്ട്. പത്രങ്ങളുടെ മുഖചിത്രങ്ങളായി തങ്ങൾ രൂപാന്തരപ്പെടുന്നുവെന്ന വസ്തുത പാവം ആദിവാസികൾ അറിയാറേയില്ല. ചലച്ചിത്രത്തിന്റെ ക്യാമറയും ഇപ്പോൾ അവരുടെ പിന്നാലെ കൂടിയിട്ടുണ്ട്. തങ്ങളെ ഒന്നായി കാണാനുള്ള കണ്ണുകൾ ആദിവാസികൾക്കു നൽകാൻ നമുക്ക് കഴിയുമോ? ആ കണ്ണുകളിൽ വിദ്യാഭ്യാസത്തിന്റെയും, അഭിമാനത്തിന്റെയും, ആത്മവിശ്വാസത്തിന്റെയും പ്രകാശം നിറയ്ക്കാൻ കഴിയുമോ എങ്കിൽ മറ്റൊന്നും വേണ്ട. അവർ വളർന്നുകൊള്ളും. തങ്ങളുടെ ഉള്ളിലുറങ്ങുന്ന സിംഹങ്ങളെ അവർ ഉണർത്തിക്കൊള്ളും.'

ചോദ്യങ്ങൾ

1. ഇതിലെ പ്രധാന ആശയം,
   a. ആദിവാസികൾ – ഉത്ഭവം, വളർച്ച.
   b. ആദിവാസികൾ – ആചാരങ്ങൾ, ജീവിതരീതി.

c. ആദിവാസികൾ – പുരോഗതി, പ്രശ്നങ്ങൾ.

d. ആദിവാസികൾ – സാമൂഹ്യ ഘടന, ജനസംഖ്യ.

2. മുകളിലത്തെ ഖണ്ഡികകളിലെ പരാമർശനങ്ങൾ കൂടുതലും.

a. വിവരണമാണ്.

b. വിമർശനമാണ്.

c. ആക്ഷേപകരമാണ്.

d. വിശദീകരണമാണ്.

3. തങ്ങളെ ഒന്നായിക്കാണാനുള്ള കണ്ണുകൾ ആദിവാസികൾക്കു നൽകാൻ നമുക്ക് കഴിയുമോ? ഈ വാക്യത്തിൽ കണ്ണുകൾ നൽകുക എന്നതു-കൊണ്ടുദ്ദേശിക്കുന്നത്?

a. കാഴ്ച നൽകുക.

b. ഉൾക്കാഴ്ച ഉണ്ടാക്കുക.

c. സഹായം ചെയ്യുക.

d. കാണിച്ചു കൊടുക്കുക.

4. ' ആദിവാസി നമ്പൂതിരി മാരായ കുറിച്യർ' എന്ന പ്രയോഗത്തിന്റെ അർത്ഥം

a. കുറിച്യർ നമ്പൂതിരിമാരിൽ ആദിവാസികളാണ്.

b. കുറിച്യർ നമ്പൂതിരിമാർ എന്ന ആദിവാസികളാണ്.

c. കുറിച്യർ എന്ന ആദിവാസികൾ നമ്പൂതിരിമാരാണ്.

d. കുറിച്യർ ആദിവാസികളിൽ നമ്പൂതിരിമാരാണ്.

5. ' ഉള്ളിലുറങ്ങുന്ന സിംഹം' എന്നതിന്റെ സൂചന

a. ഉള്ളിലെ മൃഗീയചിന്തകൾ.

b. ഉള്ളിലെ വീര്യം.

c. ഉള്ളിലുള്ള ദേഷ്യം.

d. ഉള്ളിലുള്ള അഹങ്കാരം.

6. ' മുകളിലത്തെ ഖണ്ഡികയിൽ താഴെപറയുന്നവ പരാമർശിച്ചിരിക്കുന്നത് ഏതു ക്രമത്തിലാണ്.

a. നരവംശ ശാസ്ത്രം, കുടിയേറ്റക്കാർ, ആദിവാസിനിർവചനം കൊറഗർ.

b. ആദിവാസി നിർവചനം, കൊറഗർ, കുടിയേറ്റക്കാർ, നരവംശശാസ്ത്രം.

c. നരവംശശാസ്ത്രം, ആദിവാസി നിർവചനം, കുടിയേറ്റക്കാർ കൊറഗർ.

d. കൊറഗർ, കുടിയേറ്റക്കാർ, നരവംശശാസ്ത്രം, ആദിവാസി നിർവചനം.

7. 7- ആം ഖണ്ഡിക 5 ആം ഖണ്ഡികയിലെ ആശയത്തെ

a. കൂടുതൽ ശക്തിയായി എതിർക്കുന്നു.

b. കൂടുതൽ വ്യക്തമായി വിശദീകരിക്കുന്നു.

c. കൂടുതൽ മോശമായി ചിത്രീകരിക്കുന്നു.

d. കൂടുതൽ ശാന്തമായി വീക്ഷിക്കുന്നു.

8. 'പട്ടികവർഗ്ഗം' എന്നതിന് കൂടുതൽ അനുയോജ്യമായ വിവരണം

a. പട്ടികയിലുള്ള വർഗ്ഗം.

b. പട്ടികയെന്നവർഗ്ഗം.

c. പട്ടികയുടെ വർഗ്ഗം.

d. പട്ടികയുള്ള വർഗ്ഗം.

9. 'ആദിവാസി ,സമൂഹം ' എന്നതിന് കൂടുതൽ അനുയോജ്യമായ വിവരണം.

a. ആദിവാസികൾ എന്ന സമൂഹം.

b. ആദിവാസികൾക്കുള്ള സമൂഹം.

c. ആദിവാസികളുടെ സമൂഹം.

d. ആദിവാസികളിലുള്ള സമൂഹം.

10. 'വിലങ്ങു തടികൾ ' എന്നതിന്റെ അർത്ഥത്തിനു വിപരീതമായ വിവരണം

a. എതിരായി നിൽക്കുക.

b. സഹായമായി നിൽക്കുക.

c. തടസ്സമായി നിൽക്കുക.

d. വിഘാതമായി നിൽക്കുക.

Passage - 9

ശ്രീലങ്കാ പ്രശ്നം

ശ്രീലങ്കയിൽ തമിഴ് വംശജരുടെ ന്യായമായ പൗരാവകാശങ്ങൾക്കു വേണ്ടി ധർമ്മസമരം നടത്തുകയാണന്നവകാശപ്പെട്ടിരുന്ന തമിഴ് ഈഴം വിമോചനപ്പുലികൾ സമചിത്തതയും വിവേകവും മനുഷ്യത്വം പോലും ഇല്ലാതെ പൊരിഞ്ഞ ആക്രമണം നടത്തുകയാണിപ്പോൾ. അവരുടെ പ്രക്ഷോഭത്തിൽ ഹൃദയപൂർവ്വമായ പിന്തുണ നൽകിപ്പോന്ന തമിഴ്നാട്ടുകാരുടെയും മുഴുവൻ ഭാരതീയരുടെയും ധർമ്മികബോധത്തെകൂടി വെല്ലുവിളിക്കുന്ന ചോരകളിയാണു പുലികൾ ശ്രീലങ്കയുടെ കിഴക്കൻ ജില്ലകളിൽ നടത്തുന്നത്. ഇന്ത്യ–ശ്രീലങ്കാ കരാറനുസരിച്ച് തമിഴ്മേഖലയിൽ സമാധാനപാലന ദൗത്യം ഏറ്റെടുത്തെത്തിയ ഇന്ത്യൻ സേനാവിഭാഗങ്ങൾക്ക് ഇതിലും വലിയൊരു ധർമ്മസങ്കടം ഉണ്ടാവാനില്ല.

പുലികളെ പ്രകോപിതരാക്കുന്ന ചെയ്തികൾ ശ്രീലങ്കയുടെ ഭാഗത്തു നിന്ന് ഉണ്ടായെന്നതു നേരാണ്. ശ്രീലങ്കയുടെ രാജ്യരക്ഷാസൈനികർ തടങ്കലിൽ വച്ചിരുന്ന 17 എൻ.ടി.ടി.ഇ. (തമിഴ് ഈഴം വിമോചനപ്പുലികൾ) ഭടൻമാരെ തുടർച്ചയായി ഡണ്ഡിപ്പിക്കുകയും തുടർന്ന്, കൊളൊംബോയിലേക്കു കൊണ്ടുപോകാൻ ശ്രമിക്കുകയും ചെയ്തപ്പോൾ തടവുകാരിൽ 12 പേർ ആത്മഹത്യചെയ്തു. പുലികളുടെ ജാഫ്നമേഖലയിലെ തലവാനായിരുന്ന കുമരപ്പയും ട്രിൽകൊമലിയിലെ നായക നായിരുന്ന പുലേന്ദ്രനും ആത്മഹത്യ ചെയ്തവരിൽപെടും ശ്രീലങ്കയിലെ ഭാരതീയസേനാമേധാവികളായ ജനറർദപീന്ദർസിംഗും മേജർജനറർ കർകിരാതസിംഗും ശ്രീലങ്കാ സൈനികത്തലവൻമാരോടും കൊളൊംബോയിലേക്കു കൊണ്ടുപോകരുതെന്ന് അഭ്യർത്ഥിച്ചുവെങ്കിലും ഫലമുണ്ടായില്ല. പൗരത്വനിയമലംഘനമുൾപ്പെടെയുള്ള കുറ്റങ്ങൾ ചെയ്ത വരാണു തടവുകാരനും അവരെ ശ്രീലങ്കയുടെ നീതിന്യായ വിധിക്കു വിധേയമാക്കുകതന്നെ ചെയ്യുമെന്നുമാണ് കൊളൊംബോയിലെ ഭരണകേന്ദ്രങ്ങൾ ശഠിച്ചത്.

സ്വാഭാവികമായും ഈ ആത്മഹത്യകൾ വല്ലാത്ത സംഘർഷത്തിനു വഴിയൊരുക്കി. പുലികൾ ക്രുദ്ധരായി. ശ്രീലങ്കയിലെ തമിഴ്ജനത സങ്കടത്തിലാണ്. സമാധാനകരാറിന്റെ അന്തരീക്ഷത്തിൽ ഇത്രയും ദുഃഖകരമായ സംഭവമുണ്ടായതു പുലികളുടെ അപമാനബോധത്തിനും നിസ്സഹായതാബോധത്തിനും ആക്കം കൂട്ടിയിട്ടുണ്ടാവാം. അവരുടെ വികാരവിക്ഷോഭം ആർക്കും മനസ്സിലാക്കാവുന്നതേയുള്ളു.

ഇതിനു, പക്ഷേ, ഒരുമറുവശവുമുണ്ട്. ഇന്ത്യ– ശ്രീലങ്ക കരാറിനു രൂപം നൽകുന്നതിനുവേണ്ടി അങ്ങേയറ്റത്തെ സഹിഷ്ണതയോടും പക്വതയോടും ക്ഷമയോടുംകൂടി തുടർച്ചയായി കൂടിയാലോചനകൾ നടത്തുകയും സ്വന്തം അനുയായികളിൽ പ്രമുഖരായ പലരുടെയും എതിർപ്പിനെ അവഗണിച്ചു കൊണ്ടു കരാറിൽ ഒപ്പുവയ്ക്കാൻ പ്രസിഡന്റ് ജെ.ആർ. ജയവർദ്ധനെയെ പ്രേരിപ്പിക്കുകയുംചെയ്ത ഭാരതത്തിന്റെ ആത്മാർത്ഥയെയും വിശ്വാസ്യതയെപ്പോലും ചോദ്യംചെയ്യുന്ന നിലപാടിനു പുലികളും അവരുടെ നേതാവായ

വി..പ്രഭാകരനും ആദ്യം മുതൽക്കേ എടുത്തത്. കരാറിൽ വ്യവസ്ഥ ചെയ്തിരുന്നതനുസരിച്ച് പുലികൾ ആയുധങ്ങൾ മുഴുവൻ ഏർപ്പിചെലുത്തുന്നത് വ്യക്തമാണ്.

എൽ.ടി.ടി.ഇ. ക്കല്ലാതെ തമിഴർക്കുവേണ്ടി സംസാരിക്കാനോ തമിഴ് മേഖലയിലെ പുതിയ ഭരണസംവിധാനത്തിന്റെ രൂപഭാവങ്ങൾ നിർദ്ദേശിക്കാനോ അവകാശമില്ലെന്ന ധിക്കാരപരമായ സമീപനമായിരുന്നു പ്രഭാകരന്റേത്. മറ്റു തീവ്രവാദി വിഭാഗങ്ങളുമായി ഏതെങ്കിലും വിധത്തിൽ പൊരുത്തപ്പെടാൻ അദ്ദേഹം വിസമ്മതിച്ചു അവരുമായി നിരന്തരം രക്തരൂക്ഷിതമായ ഏറ്റുമുട്ടലുകൾക്കു കളമൊരുക്കി.

ഇന്ത്യാ–ശ്രീലങ്കാ കരാറിന്റെ ശോഭകുറയ്ക്കുന്നതിനു കരുതി ക്കൂട്ടിയുള്ള നീക്കമായിരുന്നു പുലികൾ നടത്തിയ നിരാഹാരസമരം. തന്റെ സമരസഖാവായ ദിലീപിന്റെ ആത്മഹൂതിപോലും പ്രഭാകരനു പുനർ-വിചിന്തനത്തിനു പ്രേരണയായില്ല കൊളൊംബോയിലെ ഇന്ത്യൻ ഹൈകമ്മീഷണർ ജെ.എൻ.ദീക്ഷിത്തിന്റെയും ഇന്ത്യാ ഗവൺമെന്റിന്റെ മറ്റു പ്രതിനിധികളുടെയും വിട്ടുവിഴ്ച മനോഭാവത്തെ ദൗർബല്യമായി വ്യാഖ്യാനിച്ചു പുലികളുടെ നേതൃത്വം ഇന്ത്യൻ സമാധാനപാലനസേനയുടെ അധികാരത്തെയും ചോദ്യം ചെയ്യുന്നു

ഫലത്തിൽ പ്രസിഡന്റ് ജയവർദ്ധനെയുടെ കരങ്ങൾക്കു ശക്തി കൂട്ടുവാനേ തങ്ങളുടെ തെറ്റായ ചെയ്തികൾ സഹായകമാവുന്നുള്ളു എന്ന പ്രഭാകരനും കൂട്ടരും അന്നും ഇന്നും മനസ്സിലാക്കിയിട്ടില്ല. തമിഴ് ജില്ലകളിലെ ക്രമസമാധാനനില അനുദിനം വഷളാവുന്നത് ഇന്ത്യയുടെ ഇരട്ടത്താപ്പു നയത്തിനു ദൃഷ്ടാന്തമായി ശ്രീലങ്കാഭരണാധികാരികൾ എടുത്തു കാട്ടി. ഇന്ത്യയെയല്ല, രാജീവ്ഗാന്ധിയെമാത്രമാണു താൻ വിശ്വസിക്കുന്നതെന്ന പ്രസിഡന്റ് ജയവർദ്ധനെയുടെ പ്രസ്താവനതന്നെ ശ്രീലങ്കാ ഗവൺമെന്റിന്റെ മനോഭാവം വ്യക്തമാക്കുന്നു.

അതൊക്കെ എന്തുതന്നെയായാലും പുലികൾ സിംഹള ജനതയ്ക്കെതിരെ ഇപ്പോൾ അഴിച്ചുവിട്ടിട്ടുള്ള അക്രമണങ്ങൾക്ക് എന്താണ് ന്യായീകരണം? തമിഴ് തടവുകാരെ ദ്രോഹിക്കുന്നതിനും അവരെ ആത്മഹത്യയിലേക്കു തള്ളി വിടുന്നതിനും പകരം വീട്ടാൻ, നിരപരാധികളായ സാധാരണ സിംഹളരെയും വീട്ടമ്മമാരെയും മുലകുടി മാറാത്ത പിഞ്ചുകുഞ്ഞുങ്ങളെയും കശാപ്പു ചെയ്യിക്കുക നന്നല്ല. സിംഹളവംശത്തിൽ പിറന്നു പോയവർക്കെല്ലാം മരണശിക്ഷ നൽകി ജയിച്ചുകയറുമെന്ന വ്യാമോഹവും ശരിയല്ല.

ചോരയിൽ മുങ്ങിക്കുളിക്കുകയും നിസ്സഹായരായ സാധുക്കളുടെ ചോരമുക്കിക്കുടിക്കുകയും ചെയ്യുന്ന ഈ കളിക്കെതിരെ ശ്രീലങ്ക-യിലുണ്ടാവുന്ന പ്രതികരണം എന്തായിരിക്കുമെന്ന് ആലോചിക്കാൻ പോലും ഭയമാവുന്നു. മനുഷ്യരാശിയുടെ അനുഭവം തീർത്തും നഷ്ടപ്പെടുത്തുന്ന രീതിയിലാണ് ശ്രീലങ്കയിലെ സംഭവങ്ങൾ ഇന്ത്യാ–ശ്രീലങ്കാ കരാറിനെ രക്ഷിച്ചെടുക്കണമെങ്കിൽ ശ്രീലങ്കയിലുള്ള ഭാരതീയസേന സമാധാനപാലന മഹായത്നത്തിൽ നിശ്ചയദാർഢ്യത്തോടെ മുഴുകേണ്ടിവരും. ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള ശ്രീലങ്കയിലെ സിംഹളരും തമിഴ് വംശജരും തമ്മിലും

അന്യോന്യ വിശ്വാസത്തിലും ബഹുമാനത്തിലുമുന്നിയ ധാരണയുണ്ടാക്കുന്നതിനു പുലികളുടെ സംഹാരനൃത്തം വലിയ തടസ്സമായിത്തീർന്നിരിക്കുന്നു. ആ തടസ്സം നീക്കേണ്ട ഭാരിച്ച ചുമതലയാണ് ഇന്ത്യയുടെ തലയിൽ വന്നു വീണിട്ടുള്ളത്.

ചോദ്യങ്ങൾ

താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ഏറ്റവും ശരിയായവ അടയാളപ്പെടുത്തുക.

1. തമിഴ് പുലികൾ എന്നാൽ,
   a. ശ്രീലങ്കയിലെ തമിഴ് വംശജരുടെ ന്യായമായ പൗരാവകാശങ്ങൾക്കു വേണ്ടി ധർമ്മസമരം നടത്തുന്ന ഒരുവിഭാഗ സേനയാണ്.
   b. ശ്രീലങ്കയിലെ തമിഴ് വംശജരുടെ ന്യായമായ പൗരാവകാശങ്ങൾക്കു വേണ്ടി സ്വന്തം ജീവൻ പോലും പണയപ്പെടുത്തി ഇറങ്ങിത്തിരിച്ച പോരാളികളാണ്.
   c. ശ്രീലങ്കൻ ഗവൺമെന്റിനെ തകിടം മറിക്കാൻ വേണ്ടിയുള്ള അവിടത്തെ തമിഴ് വംശജരായ ഒരുകൂട്ടം ഒളിപ്പോരാളികളാണ്.
   d. ശ്രീലങ്കയിലെ തമിഴ് വംശജരെ മാത്രം രക്ഷിക്കാൻ വേണ്ടി ഇന്ത്യാഗവൺമെന്റ് നിയോഗിച്ച ഇന്ത്യൻ സേനാവിഭാഗമാണ്.

2. ശ്രീലങ്കൻ പ്രശ്നത്തെക്കുറിച്ച് സംസാരിക്കാൻ തങ്ങൾക്ക് മാത്രമേ അധികാരമുള്ളൂ എന്ന് വാദിച്ചു.
   a. ഭാരതത്തിൽ നിന്നും പോയ പ്രതിനിധികൾ
   b. ശ്രീലങ്കൻ ഗവൺമെന്റ്
   c. തമിഴ്പ്പുലികൾ
   d. ഇന്ത്യൻ സമാധാന സേന.

3. ശ്രീലങ്കൻ നീതിന്യായവിധിക്ക് തമിഴ്പ്പുലികളെ വിധേയരാക്കണമെന്ന് കൊളംബോയിലെ ഭരണാധികാരികൾ ശഠിച്ചു. അതിനു കാരണം.
   a. സിംഹളരെ കൊലപ്പെടുത്താൻ ശ്രമിച്ചു എന്ന കുറ്റത്തിന്.
   b. പൗരത്വനിയമലംഘനമുൾപ്പെടെയുള്ള കുറ്റങ്ങൾചെയ്തതിന്.
   c. ഗവൺമെന്റിന്റെ നയങ്ങളെ എതിരാക്കുന്നതിന്.
   d. ഇന്ത്യൻ പട്ടാളക്കാരെ വിളിച്ചുവരുത്തുന്നതിന്.

4. ശ്രീലങ്കയിലെ എൽ.ടി.ടി.ഇ.യെ അറിയപ്പെടുന്നത് ഇങ്ങനെയാണ്.
   a. തമിഴ് ഈഴം വിമോചന പുലികൾ എന്ന്.
   b. ശ്രീലങ്കൻ തമിഴ് പുലികൾ എന്ന്.

c. ഇലങ്കൈത്തമിഴ് മുന്നേറ്റ വാദികൾ എന്ന്.

d. ഇലങ്കൈത്തമിഴ് വിമോചന സേന എന്ന്.

5. ഇന്ത്യാ–ശ്രീലങ്കാ കരാറനുസരിച്ച് ശ്രീലങ്കയിൽ സമാധാന പാലനത്തിനായി ഇന്ത്യനിയോഗിച്ചവരാണ്.

a. ഇലങ്കൈപ്പുലികൾ.

b. ഇന്ത്യൻ ഭരണ നേതാക്കൾ.

c. ഇന്ത്യൻ സേനാവിഭാഗം.

d. ഇന്ത്യൻ സമാധാന ദൗത്യാംഗങ്ങൾ.

6. ശ്രീലങ്കൻ രാജ്യരക്ഷാസൈനികർ ദണ്ഡിപ്പിക്കുകയും കൊളംബോ-യിലേക്ക് കൊണ്ടുപോവുകയും ചെയ്തത്.

a. ഇന്ത്യൻ സേനാവിഭാഗത്തെയാണ്

b. തമിഴ് ജനങ്ങളെയാണ്

c. തമിഴ് ഈഴം പുലികളെയാണ്

d. ഇന്ത്യാക്കാരായ തമിഴരെയാണ്.

7. തമിഴ് ഈഴംപുലികൾ മറ്റു തമിഴ് വിമോചന സംഘടനകളുമായി ----- ഏറ്റുമുട്ടലുകൾ നടത്താറുണ്ട്.

a. രക്തരഹിത

b. രക്ത രൂക്ഷത

c. സംഘടിത

d. ഒളിപ്പോരുമൂലമുള്ള

8. തമിഴ്പ്പുലികൾ ഇന്ത്യൻ സമാധാനപാലന സേനയുടെ ----- ചോദ്യം ചെയ്തു.

a. അവകാശത്തെ.

b. അധികാരത്തെ.

c. സാധൂകരണത്തെ.

d. നിസ്സഹരണമനോഭാവത്തെ.

9. ശ്രീലങ്കൻ അധികാരികൾ ഇന്ത്യ ------- കാട്ടുന്നുവെന്നു കുറ്റപ്പെടുത്തി

a. ഇരട്ടത്താപ്പുനയം.

b. സ്വേച്ഛതാധികാരം.

c. അധികാര ദുർവിനിയോഗം.

d. നിസ്സഹരണമനോഭാവം.

10. കരങ്ങൾക്ക് ശക്തി കൂട്ടുക എന്ന പ്രയോഗത്തിന്റെ അർത്ഥം.

a. കൂടുതൽ ശക്തി നൽകുക.
b. കൂടുതൽ സംഘടിപ്പിക്കുക.
c. കൂടുതൽ സഹകരിക്കുക.
d. കൂടുതൽ വ്യായാമം ചെയ്യുക.

11. ശരിയായ പ്രസ്താവനയേതെന്ന --------- അടയാളപ്പെടുത്തുക.

a. തമിഴ്പ്പുലികൾ നിരപരാധികളായ ഇന്ത്യാക്കാരെ കൊല്ലുന്നു.
b. തമിഴ്പ്പുലികൾ നിരപരാധികളായ സിംഹളരെ കൊല്ലുന്നു.
c. തമിഴ്പ്പുലികൾ തീവ്രവാദികളായ തമിഴ് വംശജരെ കൊല്ലുന്നു.
d. തമിഴ്പ്പുലികൾ നിരപരാധികളായ ഇന്ത്യൻ സമാധാന സേനാ വിഭാഗക്കാരെ കൊല്ലുന്നു.

12. a.. ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള ധാരണ വളർത്തിയെടു ക്കുന്നതിന് പുലികൾ തടസ്സം സൃഷ്ടിക്കുന്നു.

b. ഇന്ത്യയും ശ്രീലങ്കയും തമ്മിൽ യുദ്ധം നടത്താൻ ശ്രീലങ്കൻ പുലികൾ തടസ്സം സൃഷ്ടിക്കുന്നു.

c. ഇന്ത്യയും ശ്രീലങ്കയും ചേർന്ന് തമിഴ് വംശജരെ കുടിയിറക്കാൻ തടസ്സം സൃഷ്ടിക്കുന്നു.

d. ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള സഹവർത്തിത്വം തുടങ്ങാൻ പുലികൾ തടസ്സം സൃഷ്ടിക്കുന്നു.

Passage - 10

ഇന്ത്യൻ റെയിൽവേ

മന്ത്രി മാധവറാവുസിന്ധ്യ കഴിഞ്ഞ ദിവസം അവതരിപ്പിച്ച റെയിൽവേ ബജറ്റിനും അതുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾക്കും ധനവിനിയോഗ ബില്ലിനുമൊക്കെ പാർലമെന്റ് അംഗീകാരം നൽകികഴിഞ്ഞു. ചർച്ചാവേളയിൽ എല്ലാവിഭാഗങ്ങളിലുംപെട്ട അംഗങ്ങൾ ഉന്നയിച്ച നിർദ്ദേശങ്ങളും പരാതികളു-മൊന്നും മന്ത്രി സ്വീകരിക്കുകയുണ്ടായില്ല. അടുത്ത മൂന്നുകൊല്ലത്തിനകം ജീവനക്കാർക്കുവേണ്ടി സമഗ്രമായ ഒരു ആരോഗ്യസംരക്ഷണ ചികിൽസാ പദ്ധതി ആവിഷ്കരിക്കാൻ ശ്രമം നടക്കുന്നുണ്ടെന്നു മാത്രമാണ് അദ്ദേഹം പുതുതായി പ്രഖ്യാപനം ചെയ്തത്.

റെയിൽവേയ്ക്കു വേണ്ടി 280 കോടി രൂപയുടെ ബൃഹത്തായ ഗവേഷണ വികസന ദീർഘകാല പദ്ധതിക്കു രൂപം നൽകികഴിഞ്ഞതായി മന്ത്രി പറഞ്ഞു. അതു പൂർത്തിയാവുമ്പോൾ ഇന്ത്യൻ റെയിൽവേയുടെ നില വളരെ മെച്ചപ്പെടുമെന്ന അദ്ദേഹത്തിന്റെ ശുഭാപ്തിവിശ്വാസം കാമ്പില്ലാത്തതല്ല. തീർച്ച.

ബോംബെയിൽ നിന്നു താനയിലേക്കു 34 കിലോമീറ്റർ ദൈർഘ്യമുള്ള ഇന്ത്യയിലെ ആദ്യത്തെ തീവണ്ടിപ്പാത ഉദ്ഘാടനം ചെയ്തിട്ട് 135 കൊല്ലമായി. ഇതിനകം ഏഷ്യയിലെ ഏററവും നീളമുള്ളതും ലോകത്തിലെതന്നെ നാലാമത്തെതായി ഇന്ത്യൻ റെയിൽവേ വളർന്നു. ഏറെക്കുറെ 62,000 കിലോ-മീറ്ററാണ് ഇപ്പോൾ അതിന്റെ ദൈർഘ്യം. രാഷ്ട്രത്തിലെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനം റെയിൽവേയാണ്.

ഒന്നാം പഞ്ചവത്സരപദ്ധതിക്കു ശേഷമുണ്ടായ ഇന്ത്യൻ റെയിൽവേ-യുടെ പുരോഗതി അത്ഭുതാവഹവും അഭിമാനാർഹവുമാണെന്ന് അനിഷേധ്യമത്രെ. ഒന്നാംപദ്ധതി തുടങ്ങുംമ്പോൾ (1950-51) 53596 കിലോമീറ്റർ റെയിൽവേ ഉണ്ടായിരിക്കുന്നതാണ്. ആറാംപദ്ധതി അവസാനിക്കുമ്പോൾ 61650 കിലോ-മീറ്ററായി വളർന്നത്. വൈദ്യുതിവൽക്കരിച്ച റെയിൽപാത 366 കിലോമീറ്ററിൽ നിന്ന് 6325 കിലോമീറ്ററായി യാത്രക്കാരുടെ എണ്ണത്തിലും ചരക്കു ഗതാഗതത്തിന്റെ തോതിലും കഷ്ടിച്ചു മൂന്നിരട്ടിയെത്തിയ വർദ്ധനവാണുണ്ടായത്.

ഇതനുസരിച്ചുതന്നെ ദീർഘദൂര ഹ്രസ്വദൂര വണ്ടികളുടെ എണ്ണം കൂടി. അവയുടെ വേഗം വർദ്ധിപ്പിച്ചു. റെയിലുകൾ ഇരട്ടിപ്പിക്കുന്ന പണിയും റെയിൽവേസ്റ്റേഷനുകളുടെ വികസനവും പുതുക്കിപ്പണിയലുമൊക്കെ നടന്നു. മഹാനഗരങ്ങളിൽ മാത്രമല്ല റെയിൽവേ ശൃംഖലയിലാകമാനം ആധുനിക വൽക്കരണം നടപ്പാക്കി.

ഇതിനെചൊല്ലിയൊക്കെ ഇന്നാട്ടിലെ ജനങ്ങൾ ന്യായമായും അഭിമാനം കൊള്ളുന്നു. റെയിൽവേബജറ്റിൽ സാധാരണക്കാരെ ബാധിക്കുന്ന നിരക്കു വർദ്ധനകളുൾപ്പെട്ട നിർദ്ദേശങ്ങളെ ഈ പംക്തിയിലും വിമർശിക്കുക-യുണ്ടായി. വിലകയറ്റത്തിനുവഴി തുറന്നേക്കാവുന്ന ആപൽസൂചനകളെപ്പറ്റിയും തങ്ങൾ മുന്നറിയിപ്പു നൽകി. പാർലമെന്റിനകത്തും പുറത്തും ഇതു സംബന്ധിച്ച ജനവികാരങ്ങൾ പ്രതിഫലിച്ചതു റെയിൽവേമന്ത്രിക്കു മനസ്സിലാവാതെയല്ല. പക്ഷേ അദ്ദേഹത്തിന് അതിനെപ്പറ്റിയൊക്കെ സ്വന്തമായ നിലപാടും സമീപനവും വിശദീകരണവുമുണ്ട്. രാഷ്ട്രനിർമ്മാണത്തിൽ കേന്ദ്രഗവൺമെന്റിനോടൊപ്പം പങ്കാളിയായ റെയിൽവേ, പൊതു ഖജനാവിന്റെ ഭാരം ലഘൂകരിക്കാൻ കരുതികൂട്ടിയാണ് ജനങ്ങളുടെ കൈയടി കിട്ടുക-യില്ലെന്നറിഞ്ഞിട്ടും നിരക്കുകൾ കിട്ടിയതെന്നാണ് അദ്ദേഹം പറഞ്ഞത്. അതു ചെയ്തില്ലായിരുന്നില്ലെങ്കിൽ കനത്ത കമ്മി കാണിക്കുന്ന ബജറ്റ് റെയിൽവേ അവതരിപ്പിക്കേണ്ടിവരുമായിരുന്നെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി.

താത്വികമായി ഈ സമീപനത്തോടു വിയോജിക്കുന്നവരും മന്ത്രി സിന്ധ്യയുടെ ഉദ്ദേശ്യശുദ്ധിയെ മാനിക്കും. പക്ഷെ പൊതുവായ നിരക്കു വർദ്ധനയുടെ ഭാരം ചുമക്കാനല്ലാതെ പൊതുവായ വികസനത്തിന്റെ

ഗുണഫലങ്ങളനുഭവിക്കാൻ കേരളത്തിനു മൊത്തത്തിലും മലബാർ മേഖലയ്ക്കു പ്രത്യേകിച്ചും അവസരം ലഭിക്കുന്നില്ലെന്ന ആവലാതി ഇപ്പോഴും അവശേഷിക്കുന്ന തുടങ്ങിവച്ച പരിപാടികൾ പോലും വേഗത്തിൽ തീരുമെന്ന പ്രതീക്ഷയ്ക്കുറെയിൽവേ ബജറ്റ് വഴിതുറന്നിട്ടില്ല. തൃശ്ശൂരിൽനിന്നു ഗുരുവായൂരിനെ സ്പർശിച്ചുപോകുന്ന റെയിൽപാത അനുവദിച്ചിട്ടുണ്ടെങ്കിലും, അതു ജനങ്ങൾക്ക് പെട്ടെന്ന് പ്രയോജനപ്പെടുമെന്നാശിക്കാൻ വയ്യ. തീരദേശ റെയിൽവേ പണിയുടെ കാര്യത്തിൽ പോലും തികഞ്ഞ അനുഭവം പ്രകടിപ്പിക്കുന്നതാണ് ഇപ്പോൾ പാർലമെന്റ് അംഗീകാരം നൽകിയ ബജറ്റെന്നു പറയാൻ ബുദ്ധിമുട്ടുണ്ട്.

റെയിൽവേയുമായി ബന്ധപ്പെട്ട വ്യവസായസ്ഥാപനങ്ങളിൽ കേരളത്തിനു വാഗ്ദാനം ചെയ്യപ്പെട്ടവപോലും മാറിപ്പോകുന്നതു നിസ്സഹായരായി നോക്കി നിൽക്കാനേ കേരളീയർക്കു കഴിയുന്നുള്ളൂ. നാടിന്റെ നാനാഭാഗങ്ങളിലും പുതിയ തീവണ്ടികൾ ഓടുംമ്പോൾ മലബാറിന്റെ ആവശ്യങ്ങൾ തീർത്തും അവഗണിക്കപ്പെടുകയാണ്. ആവശ്യത്തിനു വണ്ടികളില്ല. ഉള്ള വണ്ടികൾ പൊട്ടിപൊളിഞ്ഞവയും ചോർന്നൊലിക്കുന്നവയുമാണ്.

ഇടുങ്ങിയ പ്രാദേശിക മനോഭാവമാണ് ഈ പരാതികൾ ഉന്നയിക്കാൻ പ്രേരണ ചെലുത്തുന്നതെന്നു റെയിൽവേ മന്ത്രിയും റെയിൽവേ അധികൃതരും കരുതുകയില്ലെന്നാശിക്കുന്നു. റെയിൽവേയുടെ വരുമാനത്തിൽ ഗണ്യമായ പങ്കുവഹിക്കുന്ന സംസ്ഥാനമാണ് കേരളം. യാത്രക്കാരുടെ എണ്ണത്തിൽ ജനസംഖ്യാനുപാതികമായി താരതമ്യപ്പെടുത്തുമ്പോൾ മറ്റു മിക്ക സംസ്ഥാനങ്ങളുടെയും മുൻനിരയിലാണു കേരളം ഉള്ളത്. ചരക്കുഗതാഗതാക്കാര്യത്തിലും ഏറെ പിന്നോക്കമല്ല.

ഇതൊന്നുമില്ലെങ്കിലും സന്തുലിതവികസനത്തിന്റെ തത്വങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേക പരിഗണന കിട്ടേണ്ട കേരളത്തെ അവഗണിക്കുന്നതിനെന്തു ന്യായം? രാഷ്ട്രനേതൃത്വത്തിന്റെ നീതി ബോധത്തിനു മുൻപിൽ ഈ ചോദ്യം സമർപ്പിക്കുകയാണ്. കേരളത്തിന്റെ ജനപ്രതിനിധികൾ ഈ ന്യായമായ അവകാശവാദം പാർലമെന്റിൽ ഇടയ്ക്കിടെ ഉന്നയിക്കാറുണ്ട്. അവരുടെ ശ്രമങ്ങൾക്കു കൂടുതൽ ഏകീകൃത സ്വഭാവവും വീറും ഉണ്ടാവട്ടെ എന്നു ആശംസിക്കുന്നു.

ചോദ്യങ്ങൾ

1. ഇന്ത്യയിലെ ആദ്യത്തെ തീവണ്ടിപ്പാത ----------
   a. ഡൽഹിമുതൽ ആഗ്രവരെ.
   b. ബോംബെ മുതൽ പൂന വരെ.
   c. ബോംബെ മുതൽ താന വരെ.
   d. ബോംബെ മുതൽ മദ്രാസ് വരെ.

2. ഇന്ത്യൻ റെയിൽവേയ്ക്ക് ഇന്ന് ലോകത്തിലെ ----------

   a. രണ്ടാം സ്ഥാനമാണുള്ളത്.
   b. മൂന്നാം സ്ഥാനമാണുള്ളത്.
   c. നാലാം സ്ഥാനമാണുള്ളത്.
   d. അഞ്ചാം സ്ഥാനമാണുള്ളത്.

3. 6 ആം പഞ്ചവത്സര പദ്ധതി അവസാനിക്കുമ്പോൾ യാത്രക്കാരും, ചരക്കു ഗതാഗത വർദ്ദധനയും ഉയരുന്നത് കഷ്ടിച്ച് ----------

   a. രണ്ടിരട്ടിയാണ്.
   b. മൂന്നിരട്ടിയാണ്.
   c. നാലിരട്ടിയാണ്.
   d. അഞ്ചിരട്ടി.യാണ്.

4. റയിൽവേകൂലി കൂട്ടിയതിന്റെ പ്രധാന ഉദ്ദേശ്യം ----------

   a. റയിൽവേയ്ക്ക് നല്ല വരുമാനമുണ്ടാക്കാൻ.
   b. പൊതു ഖജനാവിന്റെ ഭാരം കുറയ്ക്കാൻ.
   c. കേന്ദ്രഗവൺമെന്റിന് കൂടുതൽ പണമുണ്ടാക്കാൻ
   d. കമ്മിപ്പണം നികത്തുന്നതിനും.

5. പുതിയ റെയിൽവേ കൊണ്ട് കേരളത്തിന് പൊതുവേ -------- ഉണ്ടായത്

   a. ഗുണഫലങ്ങളാണ്.
   b. ദോഷഫലങ്ങളാണ്.
   c. സാമ്പത്തിക ലാഭമാണ്.
   d. സാമ്പത്തിക നഷ്ടമാണ്.

6. റെയിൽവേ ബജറ്റിൽ മലബാറിന്റെ ആവശ്യങ്ങൾ ----------.

   a. അവഗണിക്കപ്പെട്ടു.
   b. പരിഗണിക്കപ്പെടുന്നതാണ്.
   c. കാര്യമായി പരിഗണിക്കുന്നതാണ്.
   d. കാര്യമായി പരിഗണിച്ചേയ്ക്കുകയില്ല.

7. ഇക്കഴിഞ്ഞ റെയിൽവേ ബജറ്റിൽ കേരളത്തോട് ------- കാട്ടിയെന്ന് ചിലരെങ്കിലും സംശയിച്ചേക്കും.

   a. നീതി.
   b. അനീതി.

c. പ്രാദേശിക മനോഭാവം.

d. രാഷ്ട്രീയപരമായ പകപോക്കൽ.

8. ഇന്ന് ഭാരതത്തിന്റെ നാനാ ഭാഗങ്ങളിലേക്കും ------ ഓടുന്നുണ്ട്.

a. പുതിയ തീവണ്ടികൾ.

b. പുതിയ കോച്ചുകൾ.

c. പുതിയ ബസ്സുകൾ.

d. വിമാന സർവ്വീസുകൾ.

9. കേരളത്തിലെ ജനപ്രതിനിധികൾ ഇടയ്ക്കിടയ്ക്ക് ------ ഉന്നയിക്കാറുണ്ട്.

a. ചോദ്യങ്ങൾ.

b. ഉത്തരങ്ങൾ.

c. അവകാശവാദം.

d. അവകാശ പ്രഖ്യാപനം.

10. യാത്രക്കാരുടെ എണ്ണത്തിലും ചരക്ക് ഗതാഗതത്തിലും കേരളം അത്രയ്ക്ക് --------.

a. മുമ്പോട്ടാണ്.

b. പിന്നോട്ടാണ്.

c. പിന്നോക്കമല്ല.

d. മുൻപന്തിയിലാണ്.

Passage - 11

വന സംരക്ഷണം

കേരളത്തിലെ കാടുകളാകെ വെട്ടിവെളിപ്പിക്കുകയും അനധികൃതമായി വനങ്ങളിൽകയറി വേട്ടയാടുകയുമൊക്കെ ചെയ്യുന്ന സംഘടിത വിഭാഗങ്ങളെപ്പറ്റി വസ്തുതകൾ നിരത്തികൊണ്ടുള്ള സുദീർഘ ലേഖനങ്ങൾ മിക്കവാറും എല്ലാപത്രങ്ങളിലും വരാറുണ്ട്. ഈ വനംകൊള്ള കഴിഞ്ഞ കുറെ കൊല്ലങ്ങളായി അവിരാമം തുടരുകയാണ്. ഇപ്പോഴും ഗണ്യമായ മാറ്റമൊന്നും ആ ദുസ്ഥിതിക്ക് ഉണ്ടായിട്ടില്ല.

ഈ സംസ്ഥാനത്തിന്റെ വനസമ്പത്താകെ സ്വാർത്തമോഹികളായ കുറേപ്പേരുടെ കീശകളിലേക്ക് ഒഴുകിച്ചെന്നു ചേരുന്നതിന്റെ പശ്ചാത്തലം

എല്ലാവർക്കുമറിയാം. വനംകൊള്ളക്കാർ രാഷ്ട്രീയപാർട്ടികളുമായി ചങ്ങാത്ത-ത്തിലാണിവിടെ അവരുടെ പണസഞ്ചികൾ രാഷ്ട്രീയത്തിന്റെ വിവിധ തലങ്ങളിലുള്ള നേതാക്കളുടെ ഇംഗിതമനുസരിച്ച് ഔദാര്യപൂർവ്വം തുറക്കാറുണ്ട്. പ്രത്യക്ഷ മായോ പരോക്ഷമായോ വനംകൊള്ളക്കാരുമായി ബന്ധം പുലർത്തി യിട്ടില്ലാത്ത രാഷ്ട്രീയ പാർട്ടികൾ ഉണ്ടെന്ന് ഉറപ്പിച്ച് പറയാൻ ബുദ്ധിമുട്ടാണ്. കേരളത്തിൽ ഔദ്യോഗികമായി കൊള്ളക്കാരെ സംരക്ഷിക്കാത്തവർ ക്കിടയിലും, പലവിധത്തിലുള്ള കെട്ടുപാടുകളുടെ പിടിയിൽപെട്ടവർ കാണും.

ഇതൊക്കെ നന്നായറിയാവുന്നതുകൊണ്ട്, വനംവകുപ്പ് ഉദ്യോഗസ്ഥരും പൊതുവേ വനംകൈയേറ്റങ്ങളോടും കൊള്ളയോടുമൊക്കെ അയഞ്ഞ നിലപാടാണെടുത്തു പോരാറെന്നതു അതു മാത്രമാണ്. എന്തിനു വഴിയെ പോകുന്ന വയ്യാവേലി വലിച്ചു തലയിൽ കയറ്റുന്നു എന്ന സമീപനമാണ് ചിലരുടേതെങ്കിൽ, ചേരയെത്തുന്ന നാട്ടിൽ ചെന്നാൽ നടുക്കണ്ടം തിന്നുന്നതല്ല ബുദ്ധി എന്ന ചിന്തയാണ് പലരുടേതും. കേരളത്തിലെ അഴിമതിനിറഞ്ഞ പൊതുജീവിതസാഹചര്യങ്ങളിൽ അതിലൊന്നും അദ്ഭുതപ്പെട്ടിട്ടു കാര്യവുമില്ല.

പക്ഷേ, പതുക്കെപ്പതുക്കെ, ജനങ്ങൾ ഈ ലജ്ജാവഹമായ സ്ഥിതി വിശേഷത്തിനെതിരെ പ്രതികരിച്ച് തുടങ്ങിയിട്ടുള്ളത്. വനസംരക്ഷണത്തിന്റെ ചുമതല വഹിക്കുന്നവർക്കിടയിൽ മാറ്റമുണ്ടാക്കുന്നുണ്ടെന്ന് കാണാതിരുന്നു കൂടാ. പുതിയ ലക്ഷ്യാബോധത്തോടും കർത്തവ്യ നിഷ്ഠയോടുകൂടി വനരക്ഷാസേനയിൽ പ്രവർത്തിക്കുന്ന ചെറുപ്പക്കാരുടെ എണ്ണം കൂടിക്കൂടി വരികയാണ്. ജനസേവന വ്യഗ്രരായ ഓഫീസർമാർ, കർമ്മരംഗത്ത് അവർക്കു വീറോടെ നേതൃത്വം നൽകുന്നതായും ചിലപ്പോഴൊക്കെ കാണാം.

അങ്ങനെയാണ് കേരളത്തിന്റെ നാനാഭാഗങ്ങളിലും പ്രദേശിക രാഷ്ട്രീയത്തിലെ വമ്പന്മാരായി പരിഗണിക്കപ്പെടുന്നവർ ഉൾപ്പെട്ട വനം കൊള്ളകൾ അനാവരണം ചെയ്യാത്തവർക്കു കഴിഞ്ഞത്. മറ്റ് ഉദ്യോഗസ്ഥ വിഭാഗങ്ങളുമായി സഹകരിച്ചു ചന്ദനത്തിന്റെ കള്ളകടത്തുകാരെയും ആനവേട്ടക്കാരെയും അവർ പിടികൂടി. തസ്കരസംഘങ്ങളുടെ കൂടെയോ അവരുടെ പിന്നിലോ പ്രവർത്തിക്കുന്ന രാഷ്ട്രീയക്കാർ മാത്രമല്ല പോലീസുകാർപോലും കുടുങ്ങി.

സ്വാഭാവികമായും സ്ഥാപിതതാൽപര്യക്കാർ അടങ്ങിയിരുന്നില്ല. കൊടുംകാടുകളിൽ തങ്ങൾക്കുണ്ടായിരുന്ന ചോദ്യം ചെയ്യപ്പെടാത്ത ആധിപത്യം ഉറപ്പിക്കാൻ. കണ്ണിൽചോരയില്ലാത്ത തന്ത്രങ്ങൾ ആസൂത്രണം ചെയ്യാൻ അവർ മടിച്ചില്ല. ആത്മാർത്ഥതയുള്ള വനസേനാംഗങ്ങളുടെ ജീവൻ അപകടത്തിലാണെന്ന നില വന്നു.

കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വനസേനയിൽപെട്ട അഞ്ചു ഭടൻ മാരെ വനംകൊള്ളക്കാർ കൊന്നുവെന്നത് ആർക്കും നിഷേധിക്കാനാവാത്ത വസ്തുതയാണ്. അതിരപ്പള്ളി വെള്ളച്ചാട്ടത്തിനു സമീപം വച്ച് കഴിഞ്ഞാഴ്ച വാഴച്ചാർ ഡിവിഷനിലെ ചാർപ്പറേഞ്ച് ഫോറസ്റ്റർ പി.കൃഷ്ണൻനാടാരെ, നടുറോഡിൽ പലരും കൽകൊണ്ടു കല്ലെറിഞ്ഞുകൊന്നത്. കൊലയാളികളുടെ കരുത്തറിയാവുന്ന ദൃക്സാക്ഷികൾപോലും ഭയപ്പെട്ടു മൗനം ഭജിക്കുന്നതായാണറിവ്.

അത്യാവശ്യമായ ആയുധങ്ങളും, വാഹനങ്ങളും, വാർത്താവിനിമയ സൗകര്യങ്ങളും ഉണ്ടെങ്കിലേ വനസംരക്ഷണസേനയിൽപെട്ടവർക്കു തൃപ്തികരമായും കാര്യക്ഷമമായും ജോലി ചെയ്യാനാണ് എന്ന് അധികാര സ്ഥാനങ്ങളിലുള്ളവർക്കും അറിയാം. വനസംരക്ഷണ സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാതെ സാമൂഹികവിരുദ്ധർ വനങ്ങളിൽ ഉയർത്തുന്ന വെല്ലുവിളികളെ ഫലപ്രദമായിനേരിടാനാവുകയില്ലെന്നത് അവിതർക്കിതരാണ്. പാർപ്പിടങ്ങളുടെയും മറ്റു ജീവിതസൗകര്യങ്ങളുടേയും കാര്യത്തിൽ വനരക്ഷാവിഭാഗത്തിലുള്ളവർ അനുഭവിക്കുന്ന അവശതകൾ എണ്ണമറ്റതാണ്. റിസ്ക് അലവൻസ് തുടങ്ങിയ ആവശ്യങ്ങളും പരിഗണിക്കേണ്ടതുണ്ട്.

കൃഷ്ണൻനാടാരുടെ വധത്തെത്തുടർന്ന് ചിലരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നാടാരുടെ കുംടുബത്തിനു സംതൃപ്തികരമായ ആശ്വാസമരുളാനുള്ള സത്വരനടപടികളും അധികൃതർ എടുത്തു. പക്ഷേ അതു കൊണ്ടായില്ല. വനം കൊള്ളക്കാരുടെ സംഘടതിരായ ആക്രമണത്തെയും ഗൂഢാലോചനകളെയും നേരിടാനുള്ള ആത്മവീര്യവും കഴിവും വനരക്ഷാസേനയ്ക്ക് നൽകുകയെന്നത് അടിയന്തിര പ്രാധാന്യമുള്ള സംഗതിയായി ഗവൺമെന്റ് കാണുന്നു. ഇതു സംബന്ധിച്ചു വനംവകുപ്പുമന്ത്രി പല ഉറപ്പുകളും നൽകിയിട്ടുണ്ട്. പക്ഷേ ഇതിനു മുമ്പും ഇത്തരം സന്ദർഭങ്ങളിൽ വാഗ്ദാനങ്ങൾ പലതും കേട്ട വനസംരക്ഷണ വിഭാഗത്തിൽപെട്ടവർ സംതൃപ്തരല്ല.

പോലീസിനെപ്പോലെതന്നെ വനസമ്പത്തിന്റെ രക്ഷയ്ക്ക് നിയുക്തരായവരും കടമകൾ വിസ്മരിച്ച് പണിമുടക്കിലേക്കും മറ്റും നീങ്ങുന്നത് ആവശ്യമല്ലെന്നു കരുതുന്നവരാണ് തങ്ങൾ. പക്ഷേ അവരുടെ തികച്ചും ന്യായമായ ആവശ്യങ്ങളും പരാതികളും മനസ്സിലാക്കി യഥാസമയം വേണ്ടതൊക്കെ ചെയ്യാനുള്ള ജാഗ്രത അധികാരസ്ഥാനങ്ങളിലുള്ളവർ പ്രകടമാക്കിയില്ലെങ്കിൽ, അവിശ്വാസം ഉരുണ്ടുകൂടുകയും അസ്വാസ്ഥ്യങ്ങൾ പരക്കുകയും ചെയ്യും. അതൊഴിവാക്കാൻ ഉത്തരവാദപ്പെട്ടവർ ആത്മാർത്ഥതയോടെ സത്വരനടപടികളെടുക്കുകതന്നെ വേണം.

വനസംരക്ഷണത്തിന്റെ പ്രാധാന്യം വിസ്മരിക്കുന്നതു കേരളത്തിന്റെ ഭാവിക്ക് ആപത്തു വരുത്തിവയ്ക്കുമെന്നത് ആരും മറക്കരുത്.

ചോദ്യങ്ങൾ

ഏറ്റവും ശരിയെന്ന് തോന്നുന്ന ഉത്തരങ്ങൾക്ക് നേരെ √ അടയാളപ്പെടുത്തുക.

1. കേരളത്തിലെ വനംകൊള്ളയിൽ പ്രധാനപ്പെട്ടവയാണ് --------
   a. കള്ളത്തടിവെട്ടലും വനംകത്തിയ്ക്കലും
   b. വന്യമൃഗസംരക്ഷണവും മരം വച്ചു പിടിപ്പിക്കലും
   c. കഞ്ചാവുകൃഷിയും തടിവെട്ടും
   d. ആനവേട്ടയും ചന്ദനത്തടി കടത്തലും

2.. കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ വനസേനയിൽപ്പെട്ട അഞ്ചുഭടന്മാർ കൊല്ലപ്പെട്ടു.

a. വന്യജീവികളുടെ ആക്രമണം മൂലം
b. വനവിഭാഗത്തിലെ സേനാംഗങ്ങളെ കൊണ്ട്
c. വനം കൊള്ളക്കാരെ കൊണ്ട്
d. കഞ്ചാവു കൃഷിക്കാരെ കൊണ്ട്

3. കൊള്ളകൾ നടക്കുന്നതിൽ വനംവകുപ്പിന്റെ നിലപാടെന്ത്?

a. വനംവകുപ്പ് കർശനമായ നിലപാട് സ്വീകരിച്ച് കാണുന്നു.
b. വനംവകുപ്പ് ആയഞ്ഞ നിലപാടു സ്വീകരിച്ചു കാണുന്നു.
c. വനംവകുപ്പ് അഴിമതി നിറഞ്ഞ നിലപാട് സ്വീകരിച്ചു കാണുന്നു.
d. വനംവകുപ്പ് ക്രൂരമായ നിലപാട് സ്വീകരിച്ചു കാണുന്നു.

4. വനംകൊള്ള നടക്കാൻ വനരക്ഷാസേനയ്ക്ക് സംരക്ഷണം കിട്ടുന്നുണ്ടോ?

a. വനരക്ഷാസേനയ്ക്ക് പല പ്രശ്നങ്ങളും ഉണ്ട്.
b. വനരക്ഷാസേനയ്ക്ക് പല പരിഹാരങ്ങളും മന്ത്രി നൽകിക്കഴിഞ്ഞു.
c. വനരക്ഷാസേനയ്ക്ക് പല ഉറപ്പുകളും മന്ത്രി നൽകിയിട്ടുണ്ട്.
d. വനരക്ഷാസേനയ്ക്ക് പല സഹായങ്ങളും മന്ത്രി നൽകിയിട്ടുണ്ട്.

5. വനസംരക്ഷണത്തിന്റെ കേരളത്തിന്റെ ഭാവിക്ക് ആപത്തു വരുത്തി വയ്ക്കുന്നു.

a. ആവശ്യകത
b. അപാകതകൾ
c. പ്രശ്നങ്ങൾ
d. പ്രാധാന്യം വിസ്മരിക്കുന്നത്.

6. രാഷ്ട്രീയപാർട്ടികളുടെ -------- വനംകൊള്ളക്കാർക്കാണ്.

a. ചങ്ങാത്തവും
b. ഇടപെടലുകളും
c. എതിർപ്പുകളും
d. പങ്കും.

7. കൃഷ്ണൻ നാടാരുടെ വധത്തെത്തുടർന്ന് ഗവർമെന്റ് -------- നടപടികൾ എടുത്തു.

a. കുടുംബത്തിനു ആശ്വാസകരമായ.
b. കുടുംബത്തിനു ഹാനികരമായ.
c. കുടുംബത്തിനു ക്രൂരമായ
d. കുടുംബത്തെ ദ്രോഹിക്കുന്ന

8. ആതിരിപ്പള്ളി വെള്ളച്ചാട്ടത്തിനു സമീപം ഒരു ഫാറസ്റ്റ് റെയ്ഞ്ചറെ വനം കൊള്ളക്കാർ പട്ടാപകൽ --------.

a. വെടിവച്ചു കൊന്നു.
b. കല്ലെറിഞ്ഞു കൊന്നു.
c. കുത്തിക്കൊന്നു.
d. കുഴിയിൽ ചാടിച്ചു കൊന്നു.

9. വഴിയേപോയ വയ്യാവേലി എന്ന പ്രയോഗത്തിന്റെ അർത്ഥം --------

a. വഴിയോ പോകുന്ന ഉപദ്രവക്കാരൻ.
b. വഴിയേ പോകുന്ന യാത്രികൻ.
c. അവിചാരിതമായുണ്ടാകുന്ന പ്രശ്നങ്ങൾ.
d. വഴിയിൽ കാണാറുള്ള യാചകർ.

10. കേരളത്തിലെ വനസംരക്ഷണത്തെപ്പറ്റി ദീർഘമായ ലേഖനങ്ങൾ മിക്കവാറും എല്ലാ -------- വരാറുണ്ട്.

a. വാരികകളിലും.
b. മാസികകളിലും.
c. പത്രങ്ങളിലും.
d. കവിതകളിലും.

Passage - 12

എഴുത്തച്ഛൻ

ആധുനിക മലയാളഭാഷയുടെ പിതാവ് എഴുത്തച്ഛനാണെന്നകാര്യത്തിൽ എല്ലാപണ്ഡിതന്മാരും ഏകാഭിപ്രായക്കാരാണ്. പാട്ട്, മണിപ്രവാളം എന്നിങ്ങനെ രണ്ടു ധാരകളിലായിരുന്നു മലയാളകവിതയെ സമനായിപ്പിച്ചതാണ് ഈ ബഹുമതിക്ക് അദ്ദേഹത്തെ അർഹിക്കാനാക്കുന്നത്

എഴുത്തച്ഛന്റെ മുഖ്യകൃതികൾ അദ്ധ്യാത്മരാമായണവും, മഹാഭാരതവും ആണ്. അവ സ്വതന്ത്രകൃതികൾ അല്ല, അവ വിവർത്തനകൃതികൾ ആണ്. അവയിൽകൂടി സ്വന്തംപ്രതിഭ കവി വെളിപ്പെടുത്തിയിരിക്കുന്നു. അതെങ്ങനെ-യെന്നതിനെപ്പറ്റി ഉള്ളൂർ മഹാകവി പ്രസ്താവിക്കുന്നതിങ്ങനെയാണ്. എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കേവലം ഭാഷാന്തരോന്നയ മാണെന്നു പറയുവാൻ ആരെങ്കിലും ഒരുമ്പെടുന്നുവെങ്കിൽ അവർ സഹൃദയർ അല്ല. അനുപദവിവർത്തനത്തിനു വിധേയങ്ങളായിട്ടുള്ള ഭാഗങ്ങൾ തന്നെയാണ് അധികം, എന്നാൽ പലതും മൂലത്തെ അതിശയിക്കുന്നവയാണ്. മൂലത്തിലെ ഗുണോത്തരമായ ഭാഗങ്ങൾ പ്രായേണ വിട്ടുകളഞ്ഞിട്ടില്ല. ശുഷ്കങ്ങളായ ഭാഗങ്ങൾ ഉപേക്ഷിച്ചിരിക്കുന്നു. സങ്കോചമോ വികാസമോ ആവശ്യമെന്നു തോന്നുന്ന ഘട്ടത്തിൽ ആ കൃത്യം യഥായോഗ്യം അനുഷ്ഠിക്കും. ചിലപ്പോൾ വാല്മീകി രാമായണം ചമ്പു മുതലായവ പൂർവ്വ കവി നിബന്ധനകളെ ഉപജീവിക്കും. ചിലപ്പോൾ മനോധർമ്മ സാഗരത്തിൽ നിന്നുതന്നെ സൂക്തി രത്നങ്ങൾ സമുദ്ധരിക്കും. അങ്ങനെ ഭക്തി സംവർദ്ധനം സാധിക്കുന്നു. വീരകരുണരസങ്ങളിൽ സന്ദർഭമനുസരിച്ച് ശ്രദ്ധിക്കും. ഗംഭീരമായ തത്വോപ - ദേഷ്ടാവായും അദ്ദേഹത്തെ കാണാം. ഇപ്രകാരമെല്ലാം ഒരു സ്വതന്ത്ര കാവ്യമാണ് ആ മഹാത്മാവ് രചിച്ചിരിക്കുന്നത്. രസാനുഗുണമായ സാമഗ്രി ഏതവസരത്തിലും അദ്ദേഹത്തിനു സ്വാധീനമാണ്. അദ്ദേഹത്തിന്റെ ഭാവ ലളിത കോമളവും പ്രൗഢോദാത്തവും ആണ്. അതു കാരണം ഒരു നർത്തകി യെന്നവണ്ണം അത് സഹൃദയന്മാരുടെ ശ്രവണ ഹൃദയങ്ങളെ വശീകരിക്കുന്നു. ഏതു കവിതയിലായാലും തനിക്ക് പ്രിയങ്കരമായ ആദർശങ്ങളും ആശയങ്ങളും കഥാപാത്രങ്ങളിലൂടെയും ചിത്രീകരണങ്ങളിലൂടെയും എഴുത്തച്ഛൻ ആവിഷ്കരിക്കുന്നു. ആചാരമര്യാദകളോടുള്ള ആഭിമുഖ്യം അവയിൽ പ്രഥമസ്ഥാനം അർഹിക്കുന്നു.. അദ്ദേഹത്തിന്റെ ഉത്തമ കഥാപാത്രങ്ങളെല്ലാം അതിനു നിദർശനമാണ്. തൊട്ടു വന്ദിച്ചശേഷമാണ് ശ്രീരാമൻ ശിവന്റെ വില്ല് കൈയ്യിൽ എടുക്കുന്നത്. പാഞ്ചാലി സ്വയംവര വേളയിൽ ശ്രീകൃഷ്ണന്റെ അനുവാദം നേടിയ ശേഷമാണ് അർജ്ജുനൻ ലക്ഷ്യഭേദനത്തിനു മുതിരുന്നത്.

എഴുത്തച്ഛന്റെ സ്വഭാവത്തിലെ മുഖ്യഘടകം അളവറ്റ ഈശ്വര ഭക്തിയാണ്. ഭഗവൽകാര്യം സ്പർശിക്കുമ്പോൾ അദ്ദേഹം ഭക്തിയിൽ മതിമറക്കുന്നു. ഈശ്വരാപദാനങ്ങൾ എടുത്തുകാട്ടുന്ന നാമശതങ്ങൾ നിരത്തുന്നു.

ചോദ്യങ്ങൾ

1. എഴുത്തച്ഛൻ മലയാള ഭാഷയുടെ പിതാവ് എന്ന അംഗീകാരം നേടാൻ കാരണം.?

   a. വീരകരുണരസ പ്രയോഗത്തിന്റെ മേന്മയാണ്.
   b. അദ്ദേഹത്തിന്റെ സ്വതന്ത്രമായ പ്രതിഭ വെളിപ്പെടുത്തി.
   c. പാട്ടും മണിപ്രവാളവും സമന്വയിപ്പിച്ചത്.
   d. ഗംഭീരമായ തത്വോപദേശകൻ.

2. എഴുത്തച്ഛന്റെ അനുപദ വിവർത്തനത്തിനു വിധേയമായ കൃതികളിൽ പലതും --------.

a. മൂലത്തെക്കാൾ ശുഷ്കങ്ങളാണ്.
b. സഹൃദയരെ രസിപ്പിക്കുന്നവയല്ല.
c. മൂലത്തെ അതിശയിക്കുന്നവയല്ല.
d. മൂലത്തിലെ ഭംഗിക്കു സങ്കോചം വന്നിട്ടുള്ളവയാണ്.

3 മൂലത്തിലെ ഗുണോത്തരമായ ഭാഗങ്ങൾ അദ്ദേഹം വിട്ടു കളഞ്ഞിട്ടില്ല അതു പോലെ --------.

a. ശുഷ്കങ്ങളായ ഭാഗങ്ങളും വിട്ടുകളഞ്ഞിട്ടില്ല.
b. ശുഷ്കങ്ങളായ ഭാഗങ്ങൾ വിട്ടുകളഞ്ഞിട്ടുണ്ട്.
c. ശുഷ്കങ്ങളായ ഭാഗങ്ങളും വികസിപ്പിച്ചിരിക്കുന്നു.
d. ശുഷ്കങ്ങളായ ഭാഗങ്ങൾ സങ്കോചിപ്പിച്ചിരിക്കുന്നു.

4. എഴുത്തച്ഛന്റെ ഭാഷലളിതകോമളവും പ്രൗഢോദാത്തവും ആയതു കൊണ്ടുള്ള പ്രയോജനം.

a. അത് സഹൃദയരെ വശീകരിക്കുന്നു.
b. അത് പണ്ഡിതന്മാരെ മാത്രം വശീകരിക്കുന്നു.
c. അത് ശുഷ്കങ്ങളായി മാറുന്നു.
d. അത് ആരും തന്നെ ആസ്വദിക്കാറില്ല.

5. എഴുത്തച്ഛന്റെ കൃതികൾ സ്വതന്ത്രകൃതികൾ അല്ല എന്ന് ഉള്ളൂർ അഭിപ്രായപ്പെടാൻ കാരണം.

a. അതിലെ ഭാഷയുടെ സവിശേഷതയാണ്.
b. അവ വിവർത്തനകൃതികൾ ആയതുകൊണ്ടാണ്.
c. മറ്റുകൃതികളുമായുള്ള സൗമ്യമാണ്.
d. ആ കൃതികളിലെ അലങ്കാരപ്രയോഗങ്ങളാണ്.

6. ഈ ഗദ്യഭാഗത്തിൽ 'ഭഗവൽകാര്യം' എന്ന പ്രയോഗത്തിന്റെ അർഥം.

a. ഭാഗവതത്തെപ്പറ്റിയുള്ള കാര്യം എന്നാണ്.
b. ഭാഗ്യത്തെപ്പറ്റിയുള്ള കാര്യം എന്നാണ്.
c. ഈശ്വരനെപ്പറ്റിയുള്ള കാര്യം എന്നാണ്.
d. ജഗത്തിനെപ്പറ്റിയുള്ള കാര്യം എന്നാണ്.

7. എഴുത്തച്ഛന്റെ സ്വഭാവത്തിലെ മുഖ്യ ഘടകം.
   a. വിനയം ആണ്.
   b. ഈശ്വര ഭക്തിയാണ്.
   c. ആചാര അനുഷ്ഠാനം ആണ്.
   d. ആദർശങ്ങൾ ആണ്.

8. കഥാപാത്ര സംബന്ധമായി എഴുത്തച്ഛന്റെ സങ്കല്പം, അവർ.
   a. ആചാരമര്യാദകൾ യഥാവിധി അനുഷ്ഠിക്കണമെന്ന നിർബന്ധ-മുള്ളവരാണ്.
   b. പുരാണ കഥാപാത്രങ്ങൾ ആണ്.
   c. അഗ്രജന്മാർ ആണ്.
   d. ഉപദേശകരാണ്.

9. എഴുത്തച്ഛന്റെ ആവിഷ്കരണ പദ്ധതി.
   a. കഥാപാത്രങ്ങളുടെ ചിത്രീകരണങ്ങൾ വഴി തന്റെ ആദർശങ്ങൾ ആവിഷ്കരിക്കുന്നു.
   b. തന്റെ ആദർശങ്ങൾ അവിടവിടെ ഉദ്ധരിക്കുന്നു.
   c. കൃതിയുടെ ആദ്യഭാഗത്തു തന്റെ ആദർശങ്ങൾ പ്രകടിപ്പിക്കുന്നു.
   d. കൃതിയുടെ അവസാനത്തിൽ തന്റെ ആദർശങ്ങൾ പ്രകടിപ്പിക്കുന്നു.

10. എഴുത്തച്ഛനു വീരകരുണ രസങ്ങളോടുള്ള മനോഭാവം.
   a. അവയെ ശ്രദ്ധിക്കാറില്ല എന്നതാണ്.
   b. അവയെ ഉപയോഗിക്കാറില്ല എന്നതാണ്.
   c. അവയെ സന്ദർഭമനുസരിച്ച് ശ്രദ്ധിക്കുമെന്നതാണ്.
   d. അവയോട് താല്പര്യം കാട്ടിയില്ല എന്നതാണ്.

Passage - 13

ജി. ശങ്കരക്കുറുപ്പ്

ശ്രീശങ്കരാചാര്യരുടെ ജന്മദേശമായ കാലടിക്കു സമീപം നായത്തോട് എന്നൊരു ഗ്രാമമുണ്ട്. അവിടെ വടക്കിനി വീട്ടിൽ 1901 ജൂൺ 3 ആം തീയതി മൂലം നക്ഷത്രത്തിൽ ജി.ശങ്കരക്കുറുപ്പ് ജനിച്ചു. മാതാവ് ലക്ഷ്മിക്കുട്ടി അമ്മയും, പിതാവ് നെല്ലിക്കാപ്പള്ളി ശങ്കരവാര്യരും ആയിരുന്നു. മാതുലനായ

ഗോവിന്ദക്കുറുപ്പിന്റെ സംരക്ഷണയിലാണ് ജി. വളർന്നുവന്നത്. മരുമകന്റെ വിദ്യാഭ്യാസത്തിൽ വളരെ ശ്രദ്ധാലുവായിരുന്നു, ഗോവിന്ദക്കുറുപ്പ്..

മൂന്നാം വയസ്സിൽത്തന്നെ അമ്മാവൻ മരുമകനെ എഴുത്തിനിരുത്തി. നായത്തോട്ടിൻ അന്നു സ്ക്കൂളുകൾ ഇല്ലായിരുന്നു. അതിനാൽ അമ്മാവന്റെ അടുക്കൽത്തന്നെ പഠനം തുടർന്നു എട്ടുവയസ്സുവരെ അങ്ങനെ കഴിഞ്ഞു. അതിനകം അമരകോശം സിദ്ധരൂപം, ശ്രീരോമോദന്തം, രഘുവംശത്തിലെ ഏതാനും ശ്ലോകങ്ങൾ എന്നിവ പഠിച്ചു. ആയിടയ്ക്ക് അവിടെ അടുത്ത് ഒരു പ്രൈമറി സ്ക്കൂൾ ആരംഭിച്ചു. രണ്ടാംക്ലാസ്സിൽ ചേർന്നു നാലാംക്ലാസ്സുവരെ ജി. അവിടെ പഠിച്ചു. ഉയർന്ന ക്ലാസ്സുകളുള്ള പാഠശാല അടുത്തെങ്ങും അക്കാലത്ത് ഇല്ലായിരുന്നു. അതിനാൽ അദ്ദേഹം സംസ്കൃതപഠനം തന്നത്താൻ തുടർന്നു. ഇതിനുസഹായകമായി മലയാള വ്യാഖ്യാനങ്ങളോടു കൂടിയ പലസംസ്കൃത കാവ്യങ്ങളും അമ്മാവൻ വാങ്ങിച്ചുവച്ചിരുന്നു. സംശയം വരുന്ന ഭാഗങ്ങൾ അമ്മാവനോടും ചോദിച്ചു മനസ്സിലാക്കാനും കൂടുതൽ അറിവു നേടാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

മരുമകനെ ഒരു ജ്യൗഷികനാക്കുവാനായിരുന്നു അമ്മാവന്റെ ഉൽസാഹം. എന്നാൽ സ്ക്കൂളിൽ തുടർന്നു പഠിക്കണമെന്നായിരുന്നു കുട്ടിയുടെ മോഹം. അമ്മ അതിനെ അനുകൂലിച്ചു. അങ്ങനെ ശങ്കരക്കുറുപ്പ് വീട്ടിൽ നിന്ന് ഏഴുനാഴിക അകലെയുള്ള പെരുമ്പാവൂർ സ്ക്കൂളിൽ ചേർന്ന് ഏഴാംക്ലാസ്സുവരെ പഠിച്ചു. അദ്ദേഹം ഏഴാംക്ലാസ്സു ജയിച്ച ആ കൊല്ലം തന്നെയാണ് തിരുവിതാംകൂറിൽ മലയാളം ഹയർ പരീക്ഷ ആരംഭിച്ചത്. നാലു സ്ഥലങ്ങളിൽ മാത്രമേ ആ പരീക്ഷക്കുള്ള വിദ്യാലയങ്ങൾ സ്ഥാപിച്ചിരുന്നുള്ളൂ. അവയിലൊന്നു മൂവാറ്റുപുഴ ആയിരുന്നു. ശങ്കരക്കുറുപ്പ് അവിടെ ചേർന്നു.

ശങ്കരക്കുറുപ്പ് മൂവാറ്റുപുഴയിൽ പഠിച്ചുകൊണ്ടിരുന്ന കാലത്ത് തന്റെ കവിതാവാസനയെ പരിപോഷിപ്പിക്കാൻ നല്ല സൗകര്യം ലഭിച്ചു. കവിത എഴുതുക, തിരുത്തുക, വീണ്ടും എഴുതുക, അദ്ധ്യാപകരെ കാണിക്കുക ഇതായിരുന്നു അദ്ദേഹത്തിന്റെ രീതി. ഒൻപതാം ക്ലാസ്സിലെ പബ്ലിക്ക് പരീക്ഷ എഴുതി ഫലവും പ്രതീക്ഷിച്ചിരുന്ന സമയത്ത് ജി. ചില മംഗളശ്ലോകങ്ങൾ എഴുതി അവ ആത്മപോഷിണി മാസികയ്ക്ക് അയച്ചു. വള്ളത്തോൾ ആയിരുന്നു ആ മാസികയുടെ പത്രാധിപർ. ശ്ലോകങ്ങൾ നിർദ്ദേശങ്ങളോടെ പ്രസിദ്ധീകൃതമായി. ഒന്നാംശ്ലോകത്തെ സംബന്ധിച്ച് ശബ്ദലങ്കാരം വർജ്ജിക്കാനുള്ള ഉപദേശവും രണ്ടാമത്തെതിനെപ്പറ്റി പദങ്ങളുടെ തിരഞ്ഞെടുപ്പിലും രചനയിലും ശ്രദ്ധിക്കേണ്ട ചില നിർദ്ദേശങ്ങളും മൂന്നാമത്തെ പദ്യത്തെപ്പറ്റി അഭിനന്ദനങ്ങളും അടങ്ങിയ കത്താണ് ശങ്കരക്കുറുപ്പിനു ലഭിച്ചത്. 'നിരന്ധ്ര നീലം' എന്നു തുടങ്ങുന്ന പ്രസിദ്ധ ശ്ലോകമായിരുന്നു ആ മൂന്നാമത്തെ പദ്യം. വള്ളത്തോളിൽ നിന്നു ലഭിച്ച അഭിനന്ദനവും പ്രോത്സാഹനവും കവിതാ രചനയിൽ ജീയെ വളരെ സഹായിക്കുകയും ധൈര്യപ്പെടുത്തുകും ചെയ്തു. അതിനുശേഷം 'സാഹിത്യകൗതുകം' എന്ന പേരിൽ ഏതാനും കവിതകൾ ചേർന്ന ഒരു സമാഹാരം അദ്ദേഹം പ്രസിദ്ധീകരിച്ചു. 1923-ൽ തിരുവില്വാമല സ്ക്കൂളിൽ ജോലിനോക്കുന്ന സമയമായിരുന്നു അത്. ജനിച്ചുവളർന്ന നാട്ടിൻ പുറത്തെ പച്ചമൈതാനങ്ങളും പവിഴപ്പാടങ്ങളും ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന പ്രാചീന ദേവാലയവും ദരിദ്രപ്രദേശങ്ങളും മലകളും

നദികളും മറ്റുമാണ് കവിതാരചനയ്ക്ക് അന്ന് ജിയെ പ്രചോദിപ്പിച്ചത്. അതുകൊണ്ടാണ് അക്കാലത്തെ കവിതകളിൽപലതും വർണ്ണനകളായി പുറത്തു വന്നത്.

ചോദ്യങ്ങൾ

ശരിയായ ഉത്തരം തെരഞ്ഞെടുത്തു പൂരിപ്പിക്കുക:

1. ജി. ശങ്കരക്കുറുപ്പ് വളർന്നത് --------.
   a. പിതാവിന്റെ സംരക്ഷണയിലാണ്.
   b. മാതാവിന്റെ സംരക്ഷണയിലാണ്.
   c. മാതുലന്റെ സംരക്ഷണയിലാണ്.
   d. പിതാമഹന്റെ സംരക്ഷണയിലാണ്.

2. ജി. ശങ്കരക്കുറുപ്പ് ഏഴാംക്ലാസ്സുവരെ പഠിച്ചത് --------.
   a. പെരുമ്പാവൂർ സ്ക്കൂളിലാണ്.
   b. നായത്തോടു സ്ക്കൂളിലാണ്.
   c. കാലടി സ്ക്കൂളിലാണ്.
   d. മൂവാറ്റുപുഴ സ്ക്കൂളിലാണ്.

3. ജി. ശങ്കരക്കുറുപ്പു ക്ലാസ്സിൽ ചേർന്നു പഠിക്കാൻ തുടങ്ങിയത് --------.
   a. മൂന്നാം വയസ്സിലാണ്.
   b. എട്ടാം വയസ്സിലാണ്.
   c. ആറാം വയസ്സിലാണ്.
   d. അഞ്ചാം വയസ്സിലാണ്.

4. ശങ്കരക്കുറുപ്പ് സംസ്കൃതപഠനം തന്നത്താൻ നടത്തിയപ്പോൾ സംശയങ്ങൾ --------.
   a. പിതാവിനോടു ചോദിച്ചു.
   b. മാതാവിനോടു ചോദിച്ചു.
   c. അമ്മാവനോടു ചോദിച്ചു.
   d. ഗുരുവിനോടു ചോദിച്ചു.

5. ജിയുടെ ആദ്യകാലകവിതകൾ മിക്കവയും പ്രകൃതീവർണ്ണനകൾ ആകാൻ കാരണം --------.
   a. അദ്ദേഹം പ്രകൃതിയെ ആരാധിച്ചിരുന്നത് കൊണ്ടാണ്.

b. അദ്ദേഹം ഗ്രാമീണാന്തരീക്ഷത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതു കൊണ്ടാണ്.

c. അദ്ദേഹം ഗ്രാമീണ ജീവിതത്തിൽ ആകൃഷ്ടനായതു കൊണ്ടാണ്.

d. അദ്ദേഹം ഗ്രാമീണ ജീവിതം ഇഷ്ടപ്പെട്ടിരുന്നതു കൊണ്ടാണ്.

6. സാഹിത്യകൗതുകം എന്ന കവിതാസമാഹാരം പ്രസിദ്ധീകരിച്ചത് --------.

a. തിരുവില്വാമലസ്ക്കൂളിൽ ജോലി നോക്കുന്ന കാലത്താണ്

b. തിരുവില്വാമല സ്ക്കൂളിൽ ജോലിനോക്കിയ ശേഷമാണ്.

c. തിരുവില്വാമല സ്ക്കൂളിൽ ജോലി നോക്കുന്ന കാലത്തിനു മുമ്പാണ്.

d. മൂവാറ്റുപ്പുഴ സ്ക്കൂളിൽ ആയിരുന്നപ്പോഴാണ്.

7. ജീ. ശങ്കരക്കുറുപ്പ് ശ്ലോകങ്ങൾ എഴുതി ആത്മപോഷിണി മാസികയ്ക്ക് അയച്ചു കൊടുത്തപ്പോൾ --------.

a. അവ പ്രസിദ്ധീകരിച്ചില്ല.

b. ചില നിർദ്ദേശങ്ങളോടെ അവ പ്രസിദ്ധീകരിച്ചു.

c. പത്രാധിപർ അത് സ്വീകരിച്ചില്ല.

d. ചില നിർദ്ദേശങ്ങളോടെ അവ തിരിച്ചയച്ചു.

8. ജീ.ശങ്കരക്കുറുപ്പ് മൂവാറ്റുപുഴയിൽ പഠിച്ചുകൊണ്ടിരുന്ന കാലത്ത് --------.

a. തന്റെ കവിതാവാസനയെ പരിപോഷിക്കാൻ സാധിച്ചില്ല.

b. തന്റെ കവിതാവാസനയെ പരിപോഷിപ്പിക്കാൻ സാധിച്ചു.

c. തന്റെ കവിതാവാസനയെ പരിപോഷിപ്പിക്കുന്നതിൽ തടസ്സങ്ങൾ നേരിട്ടു.

d. അദ്ദേഹത്തിന്റെ കവിതാവാസന മുരടിച്ചു പോയി.

9. വള്ളത്തോളിന്റെ കത്തിലെ കാര്യങ്ങൾ --------.

a. ജിയുടെ കവിതാരചനയെ പ്രോത്സാഹിപ്പിച്ചില്ല.

b. ജിയുടെ കവിതാരചനയിൽ മാറ്റം ഉണ്ടാക്കിയില്ല.

c. ജിയുടെ കവിതാ രചനയെ പ്രതികൂലമായി ബാധിച്ചു.

d. ജിയുടെ കവിതാ രചനയെ സഹായിക്കുകയും ധൈര്യ-പ്പെടുത്തുകയും ചെയ്തു.

10. ഈ ഗദ്യഭാഗത്ത് 'പരിപോഷിപ്പിക്കുക' എന്ന പ്രയോഗത്തിന്റെ അർത്ഥം -------- എന്നാണ്.

a. രക്ഷിക്കുക.
b. പുഷ്ടിപ്പെടുത്തുക.
c. വലുതാക്കുക.
d. ഉയർത്തുക.

Passage - 14

രാജ്യത്തിന്റെ ക്രമസമാധാന പരിപാലനത്തിൽ സത്രീകൾക്കും ഒരു പങ്കില്ലേ? ഉണ്ടെങ്കിൽ അതു തൃപ്തികരമായവിധം നിർവഹിക്കുന്നുണ്ടോ? അതിനവർ സജ്ജരരാണോ?

വനിതാപോലീസിന്റെ എണ്ണം കൂട്ടേണ്ടത് ആവശ്യമാണ്. എന്നാൽ അതുപോലെതന്നെ പ്രധാനമാണ് അവരുടെ പരിശീലനം. വനിതാ പോലീസിന്റെ പാഠ്യപദ്ധതിയിലും പരിശീലനത്തിലും വിപ്ലവകരമായ മാറ്റം ആവശ്യമാണ് എന്ന് ഡി..ജി..പി. ശ്രീ.എം.കെ.ജോസഫ് അഭിപ്രായപ്പെട്ടു.

വനിതാപോലീസിന്റെ സേവനം എന്തെന്ന് ആദ്യം നിർവചിക്കുക എന്നിട്ട് അതിനനുസൃതമായ പരിശീലനം നൽകുക. വനിതാ പോലീസിന് കായിക പരിശീലനം മാത്രം പോര. കുറ്റവാളികളെ കൈകാര്യം ചെയ്യുമ്പോൾ ചില മാനുഷിക പരിഗണനകൾ ആവശ്യമുണ്ട്. അതുകൊണ്ട് കൗൺസലിംഗ്, ബാലമനഃശാസ്ത്രം ആതുര ശുശ്രൂഷ, പ്രാഥമികശുശ്രൂഷ തുടങ്ങിയ വിഷയ-ങ്ങളിലൊക്കെ വനിതാ പോലീസിന് പരിശീലനം നൽകണം.

ഇന്ത്യയിലെ വനിതാപോലീസിന്റെ എണ്ണം മൂവായിരം ആണ്. അതായത് മൊത്തം പോലീസ് സേനയുടെ 0.4 ശതമാനം മറ്റു പല രാജ്യങ്ങളിലേയും ശതമാനത്തോടു താരതമ്യപ്പെടുത്തുമ്പോൾ ഇതു വളരെ നിസ്സാരമാണ്.

സമൂഹത്തിന്റെ ആവശ്യങ്ങൾ മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വനിതാ പോലീസിന് ഇന്നത്തേതിൽ വളരെ നിർണ്ണായകവും അപ്രയോജനകരവുമായ ചുമതലകൾ നിർവഹിക്കാനാവും. പല സാഹചര്യ-ങ്ങളേയും തണുപ്പിക്കാനും ലളിതമാക്കാനും വനിതാപോലീസിനു കഴിയും. സഹനശക്തിയും ക്ഷമയും നിർമ്മതയും ആവശ്യമായ സാഹചര്യങ്ങളിൽ, പ്രത്യേകിച്ച് സ്ത്രീകളോടും കുട്ടികളോടും ക്രൂരമായും അപമര്യാദയായും പെരുമാറുന്നു എന്നു പരാതിയുള്ള ചുറ്റുപാടുകളിൽ വനിതാ പോലീസിന് കൂടുതൽ മനുഷ്യത്വപരമായ സമീപനം കാഴ്ചവയ്ക്കാൻ പറ്റും.

പ്രായപൂർത്തിയാകാത്ത കുറ്റവാളികളെ കൈകാര്യം ചെയ്യുന്നതിൽ ഒരു പ്രത്യേക പങ്കു വഹിക്കാൻ കഴിയത്തക്കവിധം വനിതാ പോലീസിനെ പോലീസ് സംവിധാനത്തിന്റെ അവിഭാജ്യ ഘടകം ആക്കണം, പ്രത്യേകിച്ച്

നഗരങ്ങളിൽ, കുറ്റാന്വേഷണത്തിൽ പ്രത്യേക പരിശീലനം നൽകി ഇന്നത്തേതിൽനിന്ന് മെച്ചപ്പെട്ടവിധം ആ രംഗം കൈകാര്യം ചെയ്യുന്നതിന് അവരെ പ്രാപ്തരാക്കുകയും വേണം.

ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയും തൊഴിലിൽ ആഭിമുഖ്യമുള്ളവരെയും വേണം തെരഞ്ഞെടുക്കാൻ. പുരുഷന്മാർക്കുള്ള പോലീസ് പരിശീലന സ്ഥാപനങ്ങളിൽ തന്നെ പരിശീലനം നൽകണം. പരിശീലന കാലാവധിയും പരിശീലനവും തുല്യമായിരിക്കുകയും വേണം. അങ്ങനെ തെരഞ്ഞെടുപ്പിലും പരിശീലനത്തിലും പുരുഷന്മാരോട് തുല്യത കൈവരുത്തണം.

സാമൂഹ്യസേവനത്തിൽ പ്രത്യേകം പരിശീലനം നൽകുന്നപക്ഷം വനിതാ പോലീസിന്റെ സേവനം കൂടുതൽ പ്രയോജനകരമായ വിധം വിപുലപ്പെടുത്താൻ കഴിയും. കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളോടുള്ള സമൂഹത്തിന്റെ ചുമതലകൾ വേണ്ടവിധം നിർവഹിക്കാനും സമൂഹത്തെ പീഡിതമാക്കുന്ന രോഗാവസ്ഥ നിർണ്ണയിക്കാനും സാമൂഹ്യ സേവന പരിശീലനത്തിലൂടെ പോലീസിനെ പ്രാപ്തരാക്കും.

വിദ്യാഭ്യാസ യോഗ്യതകളിലും പെരുമാറ്റത്തിലും മറ്റും കേരളത്തിലെ വനിതാപോലീസ് ഇതരത്തിലും മറ്റും കേരളത്തിലെ വനിതാ പോലീസ് ഇതര സംസ്ഥാനങ്ങളിലെക്കാൾ മികച്ചതാണ്. ഉത്തരേന്ത്യയിൽ ചില സംസ്ഥാനങ്ങളിൽ കോൺസ്റ്റബിൾമാർ എസ്.എസ്.എൽ.സി. നിലവാരത്തിലുള്ള വിദ്യാഭ്യാസംപോലും ലഭിക്കാത്തവരാണ്. എന്നാൽ ഉദ്യോഗക്കയറ്റം, സാധ്യത സംബന്ധിച്ച നിബന്ധനകളിൽ മാറ്റം ആവശ്യമായി വന്നേയ്ക്കാം.

ചോദ്യങ്ങൾ

ഏറ്റവും ശരിയായ പ്രസ്താവനകൊണ്ട് പൂരിപ്പിക്കുന്നവയുടെ അടിയിൽ വരയിടുക:

1. സാമൂഹ്യസേവനത്തിൽ വനിതാപോലീസിന് പ്രത്യേകം പരിശീലനം നൽകുകയാണെങ്കിൽ ----------.
   a. കൂടുതൽ പ്രയോജനകരമാക്കാം.
   b. പരിശീലനകാലാവധി നീട്ടേണ്ടി വരും.
   c. കുറ്റാന്വേഷണം നടത്തുന്നതിൽ കൂടുതൽ പ്രാപ്തി ലഭിക്കും
   d. സഹനശക്തി വർദ്ധിക്കും.

2. കുറ്റവാളികളെ കൈകാര്യം ചെയ്യുമ്പോൾ ----------.
   a. മാനുഷിക പരിഗണനകൾക്കു സ്ഥാനമില്ല.
   b. മാനുഷിക പരിഗണനകൾ ആവശ്യമാണ്.
   c. സഹനശക്തി ആവശ്യമാണ്.
   d. നിർമ്മത ആവശ്യമാണ്.

3. മറ്റു സംസ്ഥാനങ്ങളിലെ വനിതാ പോലീസിനെക്കാൾ കൂടുതൽ വിദ്യാഭ്യാസ യോഗ്യത ----------.

a. ഉള്ളവരാണ് കേരളത്തിലെ വനിതാ പോലീസുകാർ.
b. ഇല്ലാത്തവരാണ് കേരളത്തിലെ വനിതാ പോലീസുകാർ.
c. ഉണ്ടായിരുന്നവരാണെങ്കിലും ഇപ്പോൾ ഇല്ലാത്തവരാണ് കേരളത്തിലെ വനിതാ പോലീസുകാർ.
d. നേടാത്തവരാണ് കേരളത്തിലെ വനിതാ പോലീസുകാർ.

4. ഈ ഗദ്യഭാഗത്തിൽ ഉപയോഗിച്ചിരിക്കുന്ന സംവിധാനം എന്ന പദത്തിന്റെ അർത്ഥം ---------- ആണ്.

a. നടപടി
b. പരിപാടി
c. ഘടന
d. സ്ഥിതി

5. വനിതാ പോലീസിന് ----------

a. കായിക പരിശീലനം മാത്രം മതി
b. സാമൂഹ്യസേവനത്തിലുള്ള പരിശീലനം മാത്രം മതി
c. പ്രാഥമിക ശുശ്രൂഷയ്ക്കുള്ള പരിശീലനം മാത്രം മതി
d. കായിക പരിശീലനം മാത്രം പോര

6. സമൂഹത്തിന്റെ ആവശ്യങ്ങൾ മാറിക്കൊണ്ടിരിക്കുന്ന ----------

a. ഒരു സാഹചര്യമാണ് ഇന്നത്തേത്
b. ഒരു സാഹചര്യമല്ല ഇന്നത്തേത്
c. ഒരു ഗുണവിശേഷമാണ് ഇന്നത്തേത്
d. ഒരു അവസ്ഥാ വിശേഷമാണ് ഇന്നത്തേത്

7. വനിതാപോലീസിലേക്കുള്ള തെരഞ്ഞെടുപ്പു നടത്തുമ്പോൾ ----------

a. വിദ്യാഭ്യാസ യോഗ്യത പരിഗണിക്കേണ്ടതില്ല
b. സേവന സന്നദ്ധതയും ബാലമനഃശാസ്ത്രത്തിലുള്ള പ്രാവീണ്യവും പരിഗണിക്കണം
c. വിദ്യാഭ്യാസയോഗ്യത പരിഗണിക്കണം
d. സേവനസന്നദ്ധതയും ആതുരശുശ്രൂഷയിലുള്ള പ്രാവിണ്യവും പരിഗണിക്കണം

8. വനിതാ പോലീസിന് ----------

a. പ്രത്യേകം പരിശീലന സ്ഥാപനങ്ങൾ ഏർപ്പെടുത്തണം

b. പുരുഷന്മാർക്കുള്ള പോലീസ് പരിശീലന സ്ഥാപനങ്ങളിൽ ത്തന്നെ പരിശീനലം നൽകണം

c. സാമൂഹ്യസേവനത്തിൽ പരിശീലനം നൽകാൻ പ്രത്യേകം സ്ഥാപനം വേണം

d. ആതുര ശുശ്രൂഷയിൽ പരിശീലനം നൽകാൻ പ്രത്യേകം സ്ഥാപനം വേണം

9. പ്രായപൂർത്തിയാകാത്ത കുറ്റവാളികളെ കൈകാര്യം ചെയ്യുന്നതിൽ -----.

a. പുരുഷന്മാരായുള്ള പോലീസിന്റെ സേവനം മാത്രം പ്രയോജനപ്പെടുത്തിയാൽ മതി

b. വനിതാപോലീസിന്റെ സേവനം പ്രയോജനപ്പെടുത്തേണ്ടതില്ല

c. വനിതാ പോലീസിന് പ്രത്യേക പങ്കു നൽകേണ്ടതില്ല

d. വനിതാ പോലീസിന് പ്രത്യേക പങ്കു നൽകണം

10. വനിതാ പോലീസിന് ----------

a. തെരഞ്ഞെടുപ്പിലും പരിശീലനത്തിലും പുരുഷന്മാരോട് തുല്യത പാടില്ല

b. തെരഞ്ഞെടുപ്പിലും പരിശീലനത്തിലും പുരുഷന്മാരോട് തുല്യത വരുത്തണം

c. തെരഞ്ഞെടുപ്പിൽ മാത്രം പുരുഷന്മാരോട് തുല്യത വരുത്തണം

d. പരിശീലത്തിൽ മാത്രം പുരുഷന്മാരോടു തുല്യത വരുത്തണം.

Lexical Skill 2
പദശേഷി

Instructions: *It is an objective type test. For each test-item 4 choices are given here – out of which the correct one is to be tick- marked (✓)*

A. Word Meaning
പദാർത്ഥം

Tick-mark (✓) the correct meaning of the following words.
അടിവരയിട്ടിരിക്കുന്ന വാക്കുകളുടെ ശരിയായ അർത്ഥം തെരഞ്ഞെടുക്കുക:

1. <u>അടിപ്പെടുക</u>
   a. അടികിട്ടുക
   b. താഴുക
   c. കീഴടങ്ങുക
   d. അലയുക

2. <u>പരിണാമം</u>
   a. കുറവ്
   b. മാറ്റം
   c. അളവ്
   d. സ്ഥിതി

3. <u>അഭ്യുദയം</u>
   a. സഹായം
   b. സന്തോഷം
   c. ഉയർച്ച
   d. സമ്പത്ത്

4. പ്രഭവം

a. പ്രാബല്യം
b. ഉത്ഭവസ്ഥാനം
c. നന്മ
d. ശ്രേഷ്ഠത

5. മഞ്ജുളം

a. മനോഹരം
b. മൃദുലം
c. തിളക്കം
d. മഞ്ഞ

6. അധികരിക്കുക

a. അധികമാകുക
b. ആശ്രയിക്കുക
c. യോജിക്കുക
d. വിരോധമാകുക.

7. ആസക്തി

a. താല്പര്യം
b. ചേർച്ച
c. ധൈര്യം
d. ശക്തി

8. പരിഭവം

a. അനിഷ്ടം
b. പരാതി
c. ദുഃഖം
d. അപമാനം

9. പരിഭാഷ

a. വിവരണം
b. വ്യാഖ്യാനം

c. തർജ്ജുമ
d. പ്രസംഗം

10. സാഹസം
a. അതിമോഹം
b. സഹനശക്തി
c. തന്റേടം
d. അക്രമം

11. നീരസം
a. രസകരം
b. താല്പര്യമില്ലായ്മ
c. ശുഷ്കം
d. ഉപേക്ഷ

12. സുമം
a. മണം
b. പുഷ്പം
c. ആകാശം
d. വൃക്ഷം

13. ഗണ്യമായ
a. അവഗണിക്കേണ്ട
b. അളവറ്റ
c. കണക്കാക്കേണ്ട
d. ഗുണമേറിയ

14. അനുമാനം
a. ഉപമാനം
b. ഊഹം
c. അപമാനം
d. അനുമതി

15. <u>വൈരം</u>

a. ശത്രുത
b. വീരത്വം
c. വിമുഖത
d. ദുഃഖം

16. <u>അഞ്ജലി</u>

a. കൂപ്പുകൈ
b. കണ്ണുനീർ
c. പൂമൊട്ട്
d. ആകാശം

17. <u>രന്ധ്രം</u>

a. രാത്രി
b. നിലാവ്
c. ദ്വാരം
d. വിരോധം

18. <u>മിത്രം</u>

a. കൂട്ടുകാരൻ
b. സഹോദരൻ
c. സൂര്യൻ
d. അയൽവാസി

19. <u>ഗർഹണീയം</u>

a. മനോഹരം
b. ഉപേക്ഷിക്കത്തക്കത്
c. സ്വീകാരയോഗ്യം
d. അതുല്യം

20. <u>വൈദഗ്ധ്യം</u>

a. നിപുണത
b. മനസ്സാക്ഷി

c. കടുപ്പം
d. വിരോധം

21. <u>വാസരം</u>
a. താമസസ്ഥലം
b. പകൽ
c. മേഘം
d. ആകാശം

22. <u>യാമിനി</u>
a. സഹോദരി
b. സുന്ദരി
c. ഭൂമി
d. രാത്രി

23. <u>വിതാനം</u>
a. വ്യാപ്തി
b. തോരണം
c. അലങ്കാരം
d. മേൽക്കൂര

24. <u>മാടം</u>
a. കുടിൽ
b. കട
c. മേച്ചിൽ സ്ഥലം
d. കുഴി

25. <u>പക്ഷം</u>
a. എതിര്
b. ചിലപ്പോൾ
c. ഭാഗം
d. സഹായം

26. <u>രോദനം</u>

a. വേദന
b. കരച്ചിൽ
c. ദുഃഖം
d. രോഗം

27. <u>അഖിലം</u>

a. ആകാശം
b. പ്രപഞ്ചം
c. സർവം
d. അല്പം

28. <u>ന്യൂനത</u>

a. കുറവ്
b. മികവ്
c. നൂതനം
d. നിറവ്

29. <u>നിബിഡം</u>

a. കനത്ത
b. പ്രബലമായ
c. കൂട്ടായ
d. ഇടതിങ്ങിയ

30. <u>ചേഷ്ട</u>

a. ചലനം
b. വികൃതി
c. സ്വഭാവം
d. കുസൃതി

31. <u>മാർഗ്ഗം</u>

a. രക്ഷ
b. സഹായം

c. വഴി
d. ജാതി

32. സഹനം
a. വിശ്രമം
b. സമാധാനം
c. സഹതാപം
d. ക്ഷമ

33. മുന്തിയ
a. മുടന്തുള്ള
b. തള്ളിയ
c. മികച്ച
d. മോശമായ

34. ഹാർദ്ദം
a. സ്നേഹം
b. സന്തോഷം
c. മനോഹരം
d. ക്രോധം

35. പരിസരം
a. ചുറ്റളവ്
b. ചുറ്റുപാട്
c. മനോഹരം
d. ക്രോധം

36. മാരകം
a. ദോഷകരം
b. ദ്രോഹകരം
c. കുറ്റകരം
d. ഹാനികരം

37. <u>അപാരം</u>

a. ശ്രേഷ്ഠമായ
b. അളവറ്റ
c. ദീർഘമായ
d. ഭയങ്കരമായ

38. <u>വ്യവസ്ഥ</u>

a. ബോധം
b. കൃത്യനിഷ്ഠ
c. നിബന്ധന
d. പരിസ്ഥിതി

39. <u>ആസൂത്രണം</u>

a. സൂത്രപ്രയോഗം
b. കുടുംബം
c. ക്രമപ്പെടുത്തൽ
d. ഭരണം

40. <u>അനുനയം</u>

a. നയപരിപാടി
b. അനുകൂലം
c. സമാധാനപ്പെടുത്തൽ
d. ഭരണം

41. <u>ശോഷണം</u>

a. മെലിച്ചിൽ
b. ചോർത്തിയെടുക്കൽ
c. വരൾച്ച
d. തകർച്ച

42. <u>പരാധീനം</u>

a. കഷ്ടപ്പാട്
b. വേദന

c. അസ്വാതന്ത്ര്യം
d. ദുഃഖം

43. <u>ഉപചാരം</u>
a. ശുശ്രൂഷ
b. ആചാരം
c. കടമ
d. ഉയർച്ച

44. <u>സമക്ഷം</u>
a. മുൻപാകെ
b. മുഴുവൻ
c. സാമീപ്യം
d. സാന്നിധ്യം

45. <u>അത്യാഹിതം</u>
a. അതിശയം
b. വിപത്ത്
c. ഇഷ്ടക്കേട്
d. മരണം

46. <u>വീമ്പ്</u>
a. സാമർത്ഥ്യം
b. പൊങ്ങച്ചം
c. അഹങ്കാരം
d. അഭിമാനം

47. <u>കൃശൻ</u>
a. തടിയൻ
b. നീളമുള്ളവൻ
c. മെലിഞ്ഞവൻ
d. നീളംകുറഞ്ഞവൻ

48. <u>നിയമജ്ഞൻ</u>

a. നിയമമറിയാത്തവൻ
b. നിയമമറിയാവുന്നവൻ
c. നിയമം കൈയിലെടുക്കുന്നവൻ
d. വിവേകമുള്ളവൻ

49. <u>പരാമർശം</u>

a. വിവരണം
b. വസ്തുത
c. സൂചന
d. അഭിപ്രായം

50. <u>സഞ്ചയം</u>

a. കൂട്ടം
b. ബഹളം
c. ആക്രമണം
d. ഉപദ്രവം

51. <u>ഉരചെയ്യുക</u>

a. വഴക്കുണ്ടാക്കുക
b. പറയുക
c. ഉരച്ചുനോക്കുക
d. വിവരിക്കുക

52. <u>വിഗണിക്കുക</u>

a. കണക്കാക്കുക
b. കണക്കുകൂട്ടുക
c. കണക്കെടുക്കുക
d. കണക്കാക്കാതിരിക്കുക

53. <u>കരാളം</u>

a. പേടിപ്പിക്കുക
b. ക്രൂരമായ

c. കൈകളുള്ള
d. ഇരുണ്ട

54. താരതമ്യം
a. സാമ്യം
b. തുലനം
c. സാദൃശ്യം
d. സാമീപ്യം

55. ആലംബം
a. ആശ
b. ആഗ്രഹം
c. ആശ്രയം
d. ആദർശം

56. രമ്യം
a. സൗമ്യം
b. മനോഹരം
c. സൗഹാർദ്ദം
d. സന്തോഷം

57. അല്ലൽ
a. ആവലാതി
b. പരാതി
c. ദുഃഖം
d. ഇരുട്ട്

58. അവിചാരിതം
a. വിചാരമില്ലാത്ത
b. വല്ലപ്പോഴും
c. അപ്രതീക്ഷിതം
d. വിരളമായി

59. <u>അസന്ദിഗ്ദ്ധം</u>

a. സംശയമില്ലാതെ
b. വ്യക്തമായി
c. സൂക്ഷ്മമായി
d. സന്തോഷകരമായി

60. <u>നിർവിഘ്നം</u>

a. വിശ്രമമില്ലാതെ
b. വിട്ടുവിട്ട്
c. തടസ്സമില്ലാതെ
d. ഇടയ്ക്കിടെ

61. <u>ആരോഹണം</u>

a. കുറ്റപ്പെടുത്തൽ
b. കയറ്റം
c. ഇറക്കം
d. ക്രമപ്പെടുത്തൽ

62. <u>ആർദ്രത</u>

a. അകൽച്ച
b. അലിവ്
c. നനവ്
d. വാത്സല്യം

63. <u>പരിവർത്തനം</u>

a. നാശം
b. മാറ്റം
c. ക്രമം
d. കറക്കം

64. <u>കരുത്ത്</u>

a. വിചാരം
b. കരുതൽ

c. ശക്തി
d. കറുപ്പ്

65. <u>പൊരുത്തപ്പെടുക</u>

a. മത്സരിക്കുക
b. ശകാരിക്കുക
c. മുഴക്കുക
d. യോജിക്കുക

66. <u>ലോപം</u>

a. പിശുക്ക്
b. ലാഭം
c. കുറവ്
d. ധാരാളം

B. Contextual meaning
സാന്ദർഭികാർഥം

Tick-mark (✓) the appropriate meaning of the following underlined portions in respect of the ontexts, given for each of them.

താഴെക്കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ അടിവരയിട്ട വാക്കുകൾക്ക് സന്ദർഭത്തിന് ഏറ്റവും ഇണങ്ങുന്ന അർത്ഥം തെരഞ്ഞെടുക്കുക.

1. ജീവിതം വിജയകരമാക്കുന്നതിന് <u>നിരന്തരമായ</u> പരിശ്രമം ആവശ്യമാണ്.
   a. നിത്യവുമുള്ള
   b. കഠിനമായ
   c. ഇടയ്ക്കിടയ്ക്കുള്ള
   d. തുടർച്ചയായ

2. ഇന്ത്യ സ്വതന്ത്രയായിട്ട് <u>ബഹുലമായ</u> നാല്പതു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു
   a. വർദ്ധിച്ച
   b. നിറഞ്ഞ
   c. ഇല്ലാത്ത
   d. വ്യാപകമായ

3. സ്വാതന്ത്ര്യത്തിനുശേഷം നമുക്കു ഗണ്യമായ പുരോഗതി നേടാൻ കഴിഞ്ഞുവെന്ന് <u>അസന്ദിഗ്ധമായി</u> പറയാം.
   a. സംശയമില്ലാതെ
   b. ധൈര്യപൂർവ്വം
   c. ഉച്ചത്തിൽ
   d. വ്യക്തമായി

4. അഭ്യാസം ഏതു പ്രവൃത്തിയെയും <u>അനായാസകര</u>മാക്കുന്നു.
   a. വിജയകരം
   b. എളുപ്പമുള്ളത്
   c. ക്ലേശമുള്ളത്
   d. ഫലപ്രദം

5. സർവ്വകലാശാല പ്രവർത്തനമാരംഭിച്ചു പലവർഷങ്ങൾക്കുശേഷമാണ് അതിന്റെ ഔപചാരിക ഉൽഘാടനം നടന്നത്.

   a. ആലങ്കാരികമായ
   b. മുറപ്രകാരമുള്ള
   c. ആഘോഷപൂർവ്വമുള്ള
   d. ആചാരപരമായ

6. സമൂഹത്തിലുണ്ടാകുന്ന മാറ്റങ്ങൾ പരമ്പരാഗതമായ ആചാരങ്ങളെ പലപ്പോഴും നിഷ്കാസിതമാക്കുന്നു.

   a. വിലയില്ലാത്തത്
   b. അപ്രധാനം
   c. പുറത്താക്കപ്പെട്ടത്
   d. പ്രയോജനമില്ലാത്തത്

7. നക്കാപ്പിച്ചയ്ക്കു വേണ്ടി സ്വന്തം ഉത്തരവാദിത്തങ്ങൾ മറക്കാൻ തയ്യാറാക്കുന്ന ഉദ്യോഗസ്ഥന്മാർ നാടിന്റെ ശാപമാണ്.

   a. കൈക്കൂലി
   b. അല്പം വല്ലതും
   c. സൗജന്യം
   d. ആനുകൂല്യം

8. രാജ്യത്തുള്ള പൗരന്മാരുടെ അവകാശങ്ങളെപ്പറ്റി ഭരണഘടന പ്രതിപാദിക്കുന്നുണ്ട്..

   a. ഉപന്യസിക്കു
   b. വ്യാഖ്യാനിക്കു
   c. സൂചിപ്പിക്കു
   d. വിവരിക്കു

9. ലൗകിക ജീവിതത്തിൽ വിരക്തി തോന്നിയാൽ സന്യാസത്തിനു സമയമായി.

   a. അശ്രദ്ധ
   b. വെറുപ്പ്
   c. ശത്രുത
   d. താല്പര്യമില്ലായ്മ

10. പ്രകോപനപരമായ സാഹചര്യങ്ങളിൽ സംയമനം പാലിക്കപ്പെടുന്നവന് അനിഷ്ടസംഭവങ്ങൾ ഒഴിവാക്കുന്നതിനു സഹായിക്കും.

a. നിയന്ത്രണം
b. ധൈര്യം
c. ഒഴിഞ്ഞുമാറ്റം
d. ശക്തി

11. തൊട്ടതിനെല്ലാം മറ്റുള്ളവരുടെ മേൽ കുതിരകയറുക ഭരണ വൈദഗ്ധ്യ-ത്തിന്റെ ലക്ഷണമല്ല.

a. ശകാരിക്കുക
b. ഉപദ്രവിക്കുക
c. ആവശ്യമില്ലാതെ കയർക്കുക
d. ആരോപണം ഉന്നയിക്കുക

12. യഥാർത്ഥസ്നേഹം എപ്പോഴും നിർവ്യാജമായിരിക്കും .

a. ആഴമുള്ളത്
b. വിധേയത്വമുള്ളത്
c. കൃത്രിമത്വമില്ലാത്തത്
d. കളങ്കമില്ലാത്തത്

13. ആത്മാർത്ഥമായ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്ന കാര്യത്തിൽ നാം മടി കാണിക്കരുത്.

a. പ്രശംസിക്കുന്ന
b. ബഹുമാനിക്കുന്ന
c. ഇഷ്ടപ്പെടുന്ന
d. സ്വീകരിക്കുന്ന

14. ഭരണപക്ഷത്തിന്റെ തെറ്റുകളെ പർവ്വതീകരിച്ചു കാണിക്കുവാൻ പ്രതിപക്ഷത്തിനു പ്രത്യേക താല്പര്യമുണ്ട്.

a. ഉയർത്തിപ്പിടിച്ചു
b. തുറന്നുകാട്ടി
c. വലുതാക്കി
d. നിശ്ചലമാക്കി

15. കൃത്രിമോപഗ്രഹങ്ങളുടെ വിക്ഷേപം നമ്മുടെ ശാസ്ത്രപുരോഗതിയിലെ ഒരു നാഴികക്കല്ലാണ്.

a. അളവുകോൽ
b. സമയപരിധി
c. നിർണ്ണായകഘട്ടം
d. പ്രതിസന്ധി

16. രാജ്യരക്ഷയ്ക്കുവേണ്ടി നമ്മുടെ സമ്പത്തിന്റെ വലിയൊരു ഭാഗം ചെലവഴിക്കുക ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമാണ്.

a. മാറ്റിവയ്ക്കാവുന്നത്
b. ഒഴിച്ചുകൂടാനാവാത്തത്
c. പരിഹാരമില്ലാത്തത്
d. തടയേണ്ടത്

17. ശിഥിലീകരണ ശക്തികൾ നമ്മുടെ നാടിന്റെ പുരോഗതിക്കു ഭീഷണിയായിത്തീർന്നിരിക്കുന്നു.

a. പുരോഗമന
b. ഉറച്ച
c. നശീകരണ
d. തകരാറിലായ

18. ജീവന്റെ ഉല്പത്തി സമുദ്രത്തിലാണെന്ന് ഒരു അഭിപ്രായഗതി ഉണ്ട്.

a. ആരംഭം
b. വളർച്ച
c. ആവിർഭാവം
d. വികാസം

19. മനുഷ്യജീവിത ചിത്രീകരണത്തിനു മഹാഭാരതകർത്താവിനുണ്ടായിരുന്ന വൈഭവം ആശ്ചര്യകരമാണ്.

a. ബുദ്ധി
b. കഴിവ്
c. പരിചയം
d. അറിവ്

20. ഗാന്ധിജിക്കു സമശീർഷനായി മറ്റൊരു രാഷ്ട്രീയ നേതാവു ഇന്ത്യയിൽ ഉണ്ടായിട്ടില്ല.

a. തുല്യൻ
b. പിൻഗാമി
c. അനുയോജ്യൻ
d. ശ്രേഷ്ഠൻ

21. ജീവിതത്തിന്റെ ദുരിതങ്ങളിൽ നമുക്കു താങ്ങും തണലുമായി നിൽക്കുന്നത് നമ്മുടെ വിശ്വാസങ്ങളാണ്.

a. ആശ്വാസം
b. സഹായം
c. അനുകൂലം
d. ശക്തി

22. വിദേശികളുടെ ജീവിതരീതികളെ അന്ധമായി അനുകരിക്കുന്നതിനുള്ള ശ്രമം നമ്മുടെ വ്യക്തിത്വവികാസത്തിനു സഹായകരമല്ല.

a. ആശ്രയിക്കു
b. സ്വീകരിക്കു
c. മാതൃകയാക്കു
d. വ്യാപിപ്പിക്കു

23. സ്വാതന്ത്ര്യസമ്പാദനം ഇന്ത്യയുടെ ഒരു ചിരകാല സ്വപ്നമായിരുന്നു.

a. ഏറെക്കാലമായുള്ള
b. ദീർഘമായ
c. എല്ലാകാലത്തുമുള്ള
d. പ്രിയപ്പെട്ട

24. ജനഹിതത്തെ നിരാകരിച്ചുകൊണ്ടു ഒരു ഭരണകൂടത്തിനും ദീർഘകാലം നിലനിൽക്കാനാവില്ല.

a. തള്ളിക്കളഞ്ഞു
b. വിയോജിച്ചു
c. വിസ്മരിച്ചു
d. നിഷേധിച്ചു

25. കേരളത്തിലെ മുഖ്യ ആഹാരവിഭവങ്ങളിലൊന്നായ മരച്ചീനി മൂല വർഗ്ഗത്തിൽപെട്ടതാണ്.

a. വേര്
b. കിഴങ്ങ്
c. ഇല
d. ഫലം

26. ആര്യസംസ്കാരത്തിന്റെ അടിസ്ഥാനസങ്കല്പനങ്ങളിലൊന്നാണ് വർണ്ണ വിവേചനം.

a. നിറം
b. അക്ഷരം
c. ജാതി
d. മതം

27. അർത്ഥം കൊണ്ടുമാത്രം ജീവിതം സുഖകരമാകില്ല.

a. വിശദീകരണം
b. വ്യാഖ്യാനം
c. ലക്ഷ്യം
d. ധനം

28. സമ്പുഷ്ടമായ ഒരു സാംസ്കാരിക പരാമ്പര്യം ഇന്ത്യയ്ക്കുണ്ട്.

a. വിശാലമായ
b. സമൃദ്ധമായ
c. വളർച്ചപ്രാപിച്ച
d. പ്രസിദ്ധമായ

29. ഇന്ത്യൻ രാഷ്ട്രീയം ഇന്ന് എന്നത്തെയുംകാൾ കലുഷിതം ആണ്.

a. ഇരുണ്ടത്
b. കലങ്ങിമറിഞ്ഞത്
c. കഠിനം
d. അസ്വസ്ഥം

30. ധാർമ്മികജീവിതത്തിൽ സംഭവിച്ചിരിക്കുന്ന ക്ഷയമാണ് ഇന്നു നമുക്കു നേരിട്ടിരിക്കുന്ന ഏറ്റവും വലിയ വിപത്ത്.

a. രോഗം
b. ക്ഷീണം
c. നഷ്ടം
d. നാശം

31. ധീരന്മാരെന്ന ഖ്യാതി നേടിയ ഒട്ടേറെ പൂർവ്വികന്മാർ നമുക്കുണ്ട്.

a. പ്രശസ്തി
b. വിശേഷണം
c. അഭിമാനം
d. സമ്പത്ത്

31. മന്ത്രിസഭകളുടെ ഇടയ്ക്കിടയ്ക്കുള്ള പതനം രാജ്യത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കും.

a. മാറ്റം
b. തകർച്ച
c. വീഴ്ച
d. വികാസം

33. ' പരാക്രമം സ്ത്രീകളിലല്ല വേണ്ടു'

a. ധീരത
b. ബലപ്രയോഗം
c. പരാതി
d. ശക്തി

34. ജവഹർലാൽ നെഹറുവും സർദാർ വല്ലഭായി പട്ടേലും സമകാലികരാണ്.

a. ഒരേ കുടുംബത്തിലുള്ളവർ
b. ഒരേ കാലത്തു ജീവിച്ചവർ
c. കാലത്തെ ജയിച്ചവർ
d. കാലത്തെ അഗണ്യമാക്കിയവർ

35. അക്ബറിന്റെ ഭരണം മുഗളരുടെ സുവർണ്ണകാലഘട്ടം ആയിരുന്നു.

a. സമ്പന്നമായ
b. ആകർഷകമായ
c. പ്രകാശപൂർണ്ണമായ
d. വിലയേറിയ

36. കേരളത്തിന്റെ പ്രകൃതിസൗന്ദര്യം ചേതോഹരമെന്നു വാഴ്ത്തപ്പെടുന്നു.

a. മനോഹരം
b. ആസ്വാദ്യം
c. ഭയങ്കരം
d. പ്രശംസനീയം

37. മനുഷ്യരുടെ ഉത്തമരുചികളെ പ്രീണിപ്പിക്കേണ്ട സാഹിത്യാദികലകളുടെ മൗലിക തത്ത്വങ്ങൾ എവിടെയും ഒന്നുതന്നെയാകണം.

a. അടിസ്ഥാനപരം
b. പ്രധാന
c. മുഖ്യ
d. ഉയർന്ന

38. അനുഭവങ്ങളുടെ കലവറ ആണ് കലാകാരന്റെ മനസ്സ്.

a. കേന്ദ്രം
b. സൂക്ഷിപ്പു മുറി
c. ആസ്ഥാനം
d. ഇരിപ്പിടം

39. അവികലമായ സുഖത്തിലാണ് ഏതു മനുഷ്യന്റെയും താല്പര്യം.

a. ശ്രേഷ്ഠം
b. പരിപൂർണ്ണം
c. ബഹുലം
d. വിശിഷ്ടം

40. സംസ്കൃതകാവ്യനാടകങ്ങളിൽ പൊതുവെ ആദർശ ജ്യോതിസ്സുകളാണു കഥാപാത്രങ്ങൾ.

a. പ്രകാശം
b. സൃഷ്ടി
c. ചന്ദ്രൻ
d. ഭൂമി

41. അദ്ധ്യാപകരുടെ ഉദാസീനതയാണ് വിദ്യാഭ്യാസ നിലവാരം താഴുന്ന തിനുള്ള ഒരു പ്രധാന കാരണം.

a. മടി
b. താല്പര്യം
c. നിഷ്പക്ഷം
d. ഉന്മേഷം

42 . ആശയവിനിമയത്തിനുള്ള ഉപാധിയെന്നു ഭാഷയെപ്പറ്റി സാമാന്യമായി പറയാം.

a. ഉപായം
b. ഉപകരണം
c. മാധ്യമം
d. വ്യവസ്ഥ

43. ഈടുറ്റ സാഹിത്യകൃതികൾ വേണ്ടത്ര ഉണ്ടാകുന്നില്ല ഇന്ത്യൻ ഭാഷകളിൽ.

a. കനമുള്ള
b. ശക്തിയുള്ള
c. ശാശ്വതമായ
d. വൈശിഷ്ട്യം

44 . പാരമ്പര്യത്തിനു വ്യക്തിത്വ രൂപീകരണത്തിലുള്ള പ്രാധാന്യം ആധുനിക പണ്ഡിതന്മാർ അംഗീകരിക്കുന്നു.

a. തുടർച്ച
b. വിധി
c. കീഴ് വഴക്കം
d. സൗന്ദര്യം

45 . സൂക്ഷ്മമായ നീരീക്ഷണമാണ് ശാസ്ത്രീയസമീപനത്തിന്റെ ശ്രദ്ധേയമായ ഒരു സവിശേഷത.

a. ശ്രദ്ധയ്ക്കുയോഗ്യമായ
b. ശ്രദ്ധിക്കരുതാത്ത
c. ശ്രദ്ധാപൂർവമുള്ള
d. ശ്രദ്ധ ആവശ്യമായ

46 . രാമായണവും മഹാഭാരതവും ഭാരതീയ സംസ്കാരത്തിന്റെ അമൂല്യ സമ്പത്തുക്കളാണ്.

a. വിലയേറിയ
b. ആകർഷകമായ
c. വിലകുറഞ്ഞ
d. വിശിഷ്ടമായ

47 . നേതാവിന്റെ തിരോധാനം അനുയായികളെ നിഷ്ക്രിയരാക്കി.

a. ഇല്ലാത്ത അവസ്ഥ
b. വേർപാട്
c. മരണം
d. വിജയം

48 . കണ്ണിൽ മണ്ണിട്ടു കാര്യം നേടാൻ എല്ലായ്പ്പോഴും കഴിയില്ല.

a. കണ്ണുവെട്ടിച്ച്
b. കബളിപ്പിച്ച്
c. ബലം പ്രയോഗിച്ച്
d. കണ്ണടച്ച്

49 . പ്രാചീനകാലത്തെ ജീവിത സമ്പ്രദായങ്ങൾ വരച്ചുകാട്ടുന്നവയാണ് പഴയ പാട്ടുകൾ.

a. വിവരിക്കുന്നവ
b. വിശദമാക്കുന്നവ
c. ചിത്രീകരിക്കുന്നവ
d. സൂചിപ്പിക്കുന്നവ.

50. വിത്തമെന്തിനു മർത്ത്യർക്കു വിദ്യ കൈവശമാവുകിൽ.

a. സമ്പത്ത്
b. കൗശലം
c. തന്ത്രം
d. അറിവ്

51. ചോര നീരാക്കി പണിയെടുക്കുന്നവർക്ക് അർഹിക്കുന്ന വേതനം നൽകാൻ നാം ബാധ്യസ്ഥരാണ്.

a. പ്രോത്സാഹനം
b. പ്രതിഫലം
c. ശമ്പളം
d. പാരിതോഷികം

52. പിടി ഇല്ലാത്ത കാര്യങ്ങൾ പറയാതിരിക്കുന്നതാണു ഭംഗി.

a. അറിവ്
b. നിയന്ത്രണം
c. ആലോചന
d. ഇഷ്ടം

53. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ അതിരൂക്ഷമായിരിക്കുന്നു.

a. വിദ്യാഭ്യാസം നേടിയവരുടെ
b. അറിവുള്ളവരുടെ
c. ബുദ്ധിമാന്മാരുടെ
d. തന്ത്രശാലികളുടെ

54. അശരണരായ നമ്മുടെ പല യുവാക്കളും അന്യരാജ്യങ്ങളിൽ കടന്നുപറ്റി ജീവനവൃത്തി നേടുന്നു.

a. സമ്പത്ത്
b. തൊഴിൽ
c. വിദ്യാഭ്യാസം
d. പ്രശസ്തി

55. കേരളത്തിലെ സാമൂഹിക അസമത്വങ്ങൾ തുടച്ചുനീക്കാൻ ശ്രമിച്ചവരിൽ പ്രധാനിയാണ് ശ്രീനാരായണ ഗുരു.

a. വൃത്തിയാക്കുക
b. മാറ്റുക
c. ഇല്ലായ്മ ചെയ്യുക
d. ശക്തമാക്കുക

56. കാണം വിറ്റും ഓണം ഉണ്ണണം എന്നായിരുന്നു പഴയ പ്രമാണം.

a. ആഭരണം
b. വസ്തുവകകൾ
c. മുതിര
d. പ്രതിഫലം

57. ഭാവിയെ സംബന്ധിച്ച അമിതമായ ഉൽക്കണ്ഠ ജീവിത ഭദ്രതയെ ബാധിക്കും.

a. സുരക്ഷിതത്വം
b. ഭംഗി
c. സൗന്ദര്യം
d. ഔന്നത്യം

58. ശാസ്ത്രീയമെന്നു കരുതപ്പെടുന്ന പല നിഗമനങ്ങളും അപൂർണ്ണ-മാണെന്നു അനുഭവം പഠിപ്പിക്കുന്നു.

a. കണ്ടെത്തലുകൾ
b. അന്വേഷണങ്ങൾ
c. യാത്ര
d. സൂചനകൾ

59. അനുവാചകരുടെ പ്രീതിമാത്രം ലക്ഷ്യമാക്കുന്നവയാണ് ഇന്നത്തെ പല പ്രസിദ്ധീകരണങ്ങളും.

a. വായനക്കാർ
b. ശ്രോതാക്കൾ
c. ആരാധകർ
d. കച്ചവടക്കാർ

60. ഭീകരപ്രവർത്തകരുടെ സങ്കേതങ്ങളിലധികവും അപകടകേന്ദ്രങ്ങളാണ്.

a. ചിഹ്നം
b. താവളം
c. അടയാളം
d. ഉടമ്പടി

61. ചരിത്രത്തിന്റെ സത്യാവസ്ഥ കണ്ടെത്തുന്നതിനുള്ള ഉരകല്ലായി സാഹിത്യം പലപ്പോഴും ഉപകരിക്കുന്നു.

a. മാനദണ്ഡം
b. ചാണ
c. അടിസ്ഥാനം
d. അന്വേഷണം

62. വൃത്ത നിരാസമാണ് അത്യാധുനിക കവിതയുടെ മുഖ്യ സവിശേഷതകളിലൊന്ന്.

a. മാറ്റം
b. ഉപേക്ഷ
c. സ്വീകാരം
d. അംഗീകാരം

63. അഭിജാതവിഭാഗത്തിന്റേതായിരുന്നു നമ്മുടെ ആദ്യകാല സാഹിത്യത്തിലധികവും.

a. സമ്പന്ന
b. ശ്രേഷ്ഠ
c. കുലീന
d. നല്ല

64. സൗന്ദര്യത്തിനുള്ള ദാഹം മനുഷ്യ ഹൃദയത്തിൽ രൂഢമൂലമാണ്.

a. ശക്തം
b. വേരുറച്ചത്
c. യോഗ്യം
d. തൃപ്തികരം

65. വെണ്മണി നമ്പൂതിരിമാരിൽ നിന്നാണ് വള്ളത്തോൾ തന്റെ കവിതാദീപം ഏറ്റുവാങ്ങിയത്.

a. വെളിച്ചം
b. തീക്കനൽ
c. വിളക്ക്
d. ശൈലി

66. മേല്പത്തൂരിന്റെ വിഭക്തിയെക്കാൾ പൂന്താനത്തിന്റെ ഭക്തിയാണ് താൻ ഇഷ്ടപ്പെടുന്നതെന്നു ഗുരുവായൂരപ്പൻ പറഞ്ഞതായി ഐതിഹ്യമുണ്ട്.

a. വ്യാകരണജ്ഞാനം
b. പാണ്ഡിത്യം
c. ഭക്തിരാഹിത്യം
d. പദങ്ങൾ തമ്മിലുള്ള ബന്ധം..

C. Synonyms
സമാനാർഥം

അടിവരയിട്ടുകൊടുത്തിരിക്കുന്ന വാക്കിന്റെ പര്യായം തെരഞ്ഞെടുക്കുക.

1. <u>അനുമാനം</u>
   a. തർക്കം
   b. ഊഹം
   c. അനുമതി
   d. അനുഭവം

2. <u>യശസ്സ്</u>
   a. ആയുസ്
   b. കഴിവ്
   c. ഖ്യാതി
   d. നൈപുണ്യം

3. <u>വൈദഗ്ധ്യം</u>
   a. നൈപുണ്യം
   b. അഭ്യാസം
   c. അതിബുദ്ധി
   d. പരിചയം

4. <u>വസതി</u>
   a. സൗകര്യം
   b. സ്ഥാനം
   c. ഭവനം
   d. മാളിക

5. <u>അനുരാഗം</u>
   a. ആനുകൂല്യം
   b. പ്രേമം
   c. ആവേശം
   d. ചേർച്ച

6. <u>ഉപായം</u>
   a. വീഥി
   b. സരണി
   c. ഗതി
   d. കൗശലം

7. <u>കൃത്രിമം</u>
   a. അക്രമം
   b. വ്യാജം
   c. മോശം
   d. വികൃതം

8. <u>തട്ടിക്കേറുക</u>
   a. കുറ്റം പറയുക
   b. ശകാരിക്കുക
   c. കയർക്കുക
   d. ആക്ഷേപിക്കുക

9. <u>നാണം</u>
   a. ദുഃഖം
   b. മാനം
   c. സങ്കോചം
   d. അപമാനം

10. <u>ലോപം</u>
   a. ലോകം
   b. തകർച്ച
   c. പിശുക്ക്
   d. കുറവ്

11. <u>ഗണം</u>
   a. സേന
   b. കൂട്ടം

c. പൗരൻ
d. പ്രമാണി

12. <u>മുറ</u>

a. ശാഠ്യം
b. അളവ്
c. ക്രമം
d. കോപം

13. <u>തെന്നൽ</u>

a. ഇളംകാറ്റ്
b. തെളിവ്
c. വീഴ്ച
d. സംശയം

14. <u>ഹിമം</u>

a. പുക
b. മഞ്ഞ്
c. തേൻ
d. നീരസം

15. <u>ഉഷ്ണം</u>

a. ചൂട്
b. ചോല
c. വെയിൽ
d. വേനൽ

16. <u>അരുണൻ</u>

a. ജ്വാല
b. സൂര്യൻ
c. ചന്ദ്രൻ
d. ഈശ്വരൻ

17. <u>വിണ്ണ്</u>
    a. ഭൂമി
    b. മണ്ണ്
    c. ആകാശം
    d. വിടവ്

18. <u>ധരണി</u>
    a. പരവതാനി
    b. ഇഷ്ടം
    c. ആകാശം
    d. ഭൂമി

19. <u>ധനുഷ്</u>
    a. വില്ല്
    b. മാസം
    c. അമ്പ്
    d. ശരീരം

20. <u>ആഴി</u>
    a. മല
    b. കുഴി
    c. സമുദ്രം
    d. ഭൂമി

21. <u>ഗാത്രം</u>
    a. ശരീരം
    b. വർഗ്ഗം
    c. മുഖം
    d. യാത്ര

22. <u>ദ്വയം</u>
    a. ഭംഗി
    b. കൈ

c. രണ്ട്
d. കൊടിമരം

23. നീരദം
a. നീരസം
b. മേഘം
c. താമര
d. നീർകെട്ട്

24. ആമോദം
a. തൃപ്തി
b. ദുർഗ്ഗന്ധം
c. അസഹ്യം
d. സന്തോഷം

25. അഭ്രം
a. മഴ
b. കടുപ്പമുള്ള
c. മേഘം
d. സിനിമ

26. മതി
a. ഗന്ധം
b. അഹന്ത
c. ബുദ്ധി
d. അറിവ്

27. സ്നേഹം
a. പൂവ്
b. ചെടി
c. എണ്ണ
d. ധനം

c. മാസം
d. ദിവസം

34. ജീവനം

a. തൊഴിൽ
b. മനസ്സ്
c. ആരോഗ്യം
d. സുഖം

35. ഹരി

a. ആന
b. ദൈവം
c. സിംഹം
d. ശബ്ദം

36. ഫലം

a. കായ്
b. നഷ്ടം
c. ഉഷ്ണം
d. കഷ്ടം

37. ധ്വജം

a. കൊട്
b. നാട്
c. മേട്
d. കൊടി

38. അപജയം

a. ക്ഷീണം
b. മത്സരം
c. തോൽവി
d. പന്തയം

39. ജാലം
    a. കൂട്ടം
    b. വെള്ളം
    c. കുളം
    d. നദി

40. അംബുജം
    a. വെള്ളം
    b. താമര
    c. മേഘം
    d. ആകാശം

41. പ്രമാദം
    a. സന്തോഷം
    b. സങ്കടം
    c. തെറ്റ്
    d. ശരി

42. ക്ഷമ
    a. ഭൂമി
    b. ആകാശം
    c. സ്വർഗ്ഗം
    d. നരകം

43. സുരൻ
    a. രാജാവ്
    b. ബ്രാഹ്മണൻ
    c. ദേവേന്ദ്രൻ
    d. ദേവൻ

44. അരണ്യം
    a. നായ്
    b. വീട്
    c. കാട്
    d. കാമ്യം

D. Antonym
വിപരീതാർഥം

അടിവരയിട്ടുകൊടുത്തിരിക്കുന്ന പദത്തിന്റെ വിപരീതപദം തെരഞ്ഞെടുക്കുക.

1. <u>പെരുപ്പം</u>
   a. കുറവ്
   b. വണ്ണം
   c. നീളം
   d. വർദ്ധന

2. <u>നന്മ</u>
   a. ഗുണം
   b. തിന്മ
   c. മേന്മ
   d. തനിമ

3. <u>പരുഷം</u>
   a. കഠിനം
   b. മൃദുലം
   c. നേരിയ
   d. മിനുസം

4. <u>വാച്യം</u>
   a. വാക്യം
   b. വാചകം
   c. വ്യംഗ്യം
   d. വ്യയം

5. <u>നീചം</u>
   a. അനീതി
   b. അസമത്വം
   c. ദുഷ്ടം
   d. ഉച്ചം

6. <u>ഗൗരവം</u>
   a. പ്രാധാന്യം
   b. ലാഘവം
   c. ഗമ
   d. സ്നേഹം

7. <u>ബഹുലം</u>
   a. ശുഷ്കം
   b. ഗമ
   c. ലാഘവം
   d. സ്നേഹം

8. <u>ആഭ്യന്തരം</u>
   a. ധനകാര്യം
   b. അന്താരാഷ്ട്രം
   c. ബാഹ്യം
   d. വിദേശം

9. <u>ദീർഘം</u>
   a. ലഘു
   b. ഹ്രസ്വം
   c. കൃശം
   d. നിമ്നം

10. <u>സദ്ഗതി</u>
   a. ദുർഗതി
   b. വക്രഗതി
   c. നീർഗതി
   d. അധോഗതി

11. <u>സദ്ഫലം</u>
   a. അഫലം
   b. നിഷ്ഫലം

c. ദുഷ്ഫലം
d. വിഫലം

12. <u>സംതൃപ്തി</u>

a. അസംതൃപ്തി
b. അതൃപ്തി
c. നിർവൃതി
d. തൃപ്തി

13. <u>ആന്തരികം</u>

a. ശൂന്യം
b. അനന്തരം
c. ബാഹ്യം
d. നിരന്തരം

14. <u>സുഗന്ധം</u>

a. ദുർഗന്ധം
b. ഗന്ധം
c. നിർഗന്ധം
d. സുഭിക്ഷം

15. <u>ഇഷ്ടം</u>

a. തന്നിഷ്ടം
b. കനിഷ്ടം
c. വിമ്മിഷ്ടം
d. അനിഷ്ടം

16. <u>താഴ്ച</u>

a. അഭിവൃദ്ധി
b. വീഴ്ച
c. ഉയർച്ച
d. ഉന്നതി

തന്നിരിക്കുന്ന വാക്യത്തിൽ അടിവരയിട്ട വാക്കിന്റെ വിപരീതാർത്ഥമുള്ള പദം തെരഞ്ഞെടുത്തു പൂരിപ്പിക്കുക :

17. രാമൻ ജന്മിയുടെ പറമ്പിലാണ് താമസം. അതുകൊണ്ട് രാമൻ ഒരു -----.
    a. അവശനാണ്
    b. തൊഴിലാളിയാണ്
    c. കുടിയാനാണ്
    d. അനുയായിയാണ്.

18. ചില കാര്യങ്ങൾ പരോക്ഷമായി പറയണം. മറ്റു ചിലത് ---------- പറയണം.
    a. പ്രത്യക്ഷമായി
    b. അപ്രത്യക്ഷമായി
    c. മറച്ചുവച്ച്
    d. ഗൂഢമായി.

19. രാമൻ പരോപകാരിയാണ്. പക്ഷേ, കൃഷ്ണൻ ---------- ആണ്.
    a. സ്വാർത്ഥൻ
    b. ഉപദ്രവകാരി
    c. പിശുക്കൻ
    d. തന്നിഷ്ടക്കാരൻ.

20. എതിർക്കുന്നവൻ ശത്രു. അനുകൂലിക്കുന്നവൻ ----------.
    a. മിത്രം
    b. ബന്ധു
    c. വൈരി
    d. വിരോധി

21. പാപം ചെയ്യുന്നവൻ പാപി. ചെയ്യാത്തവൻ ----------.
    a. നല്ലവൻ
    b. പരിശുദ്ധൻ
    c. ദേവൻ
    d. സിദ്ധൻ

22. രാജ്യത്തിന്റെ പുരോഗതി ജനങ്ങളുടെ അദ്ധ്വാനത്തെ ആശ്രയിച്ചിരിക്കുന്നു. അദ്ധ്വാനം ഉപേക്ഷിച്ചാൽ ---------- ഉണ്ടാകും.

a. നാശം
b. അധഃപതനം
c. അധോഗതി
d. വീഴ്ച

23. ഉത്തമന്മാരെ മഹാന്മാരായി കണക്കാക്കുന്നു ---------- നികൃഷ്ടരായും

a. നികൃഷ്ടന്മാരെ
b. ദുഷ്ടന്മാരെ
c. ഭീരുക്കളെ
d. അധമന്മാരെ

24. നമ്മുടെ സ്ഥാപനത്തിന്റെ നേട്ടങ്ങളും ---------- മറ്റുള്ളവയുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ പുരോഗതി വ്യക്തമാകും.

a. തോൽവികളും
b. കോട്ടങ്ങളും
c. പരാജയങ്ങളും
d. കുറവുകളും.

25. കോച്ചിന്റെ നിരന്തരമായ പ്രോത്സാഹനംകൊണ്ടു കുട്ടികൾ പന്തുകളിയിൽ ജയിച്ചു. അവരെ ---------- ഇനി ഒരു ശക്തിയ്ക്കും സാധ്യമല്ല.

a. തിരിച്ചുവിടാൻ
b. പിൻവലിപ്പിക്കാൻ
c. നിരുത്സാഹപ്പെടുത്താൻ
d. പിൻതിരിപ്പിക്കാൻ

26. രാവിലെ വിടരുന്ന താമരപ്പൂ വൈകുന്നേരം ----------.

a. അണയുന്നു
b. വാടുന്നു
c. ഉതിരുന്നു
d. കൂമ്പുന്നു.

27. രാജാവിന്റെ ആജ്ഞകൾ ധിക്കരിച്ച പ്രജകൾ ദീർഘകാലം യാതനകൾ സഹിച്ചതിനുശേഷം അദ്ദേഹത്തിന്റെ ആജ്ഞകൾ ---------- പോന്നു.

a. പാലിച്ചു
b. അനുകരിച്ചു
c. പിൻതാങ്ങി
d. അംഗീകരിച്ചു:

28. പത്രമാപ്പീസിലേക്കു നേരത്തെ അയച്ച ലേഖനങ്ങൾ നിരാകരി - ച്ചെങ്കിലും ഒടുവിലത്തേത് ----------.

a. ഒപ്പുവെച്ചു
b. അംഗീകരിച്ചു
c. സമ്മതിച്ചു
d. സ്വീകരിച്ചു.

29. കൃശഗാത്രനായ ഒരുവൻ മുറിയിൽ കയറിവന്നു. കൂടെ ഒരു ---------- ഉണ്ടായിരുന്നു.

a. ആജാനുബാഹുവും
b. സ്ഥൂലഗാത്രനും
c. നീണ്ടവനും
d. കുറിയവനും

30. ഈ ലേഖനം സംക്ഷേപിക്കുക. അടുത്ത ലേഖനം ----------

a. വിശദീകരിക്കുക
b. വിവരിക്കുക
c. സംഗ്രഹിക്കുക
d. വിപുലീകരിക്കുക

31. പിശുക്കനായ അച്ഛന് ---------- ഒരു മകനുണ്ടായിരുന്നു.

a. ഭക്തനായ
b. ധാരാളിയായ
c. ധൂർത്തനായ
d. ലുബ്ധനായ

32. മിനുസമായ തറയുള്ള കെട്ടിടങ്ങൾക്കു --------- ഭിത്തികൾ ഉണ്ടായിരുന്നു.

a. പരുഷമായ
b. പരുപരുത്ത
c. ഉറച്ച
d. കർക്കശമായ

33. ഭാര്യ ദയാലുവാണ്, പക്ഷെ ഭർത്താവ് ----------.

a. ധീരൻ
b. നിർദ്ദയൻ
c. കഠോരൻ
d. കശ്മലൻ

34. ഏതു അഭിപ്രായത്തെയും അനുകൂലിക്കുന്നവരും --------- ഉണ്ടായിരിക്കും.

a. സഹായിക്കുന്നവരും
b. പ്രതികൂലിക്കുന്നവരും
c. വിയോജിക്കുന്നവരും
d. യോജിക്കുന്നവരും

35. നമ്മുടെ രാജ്യത്തെ സംഘടിതമാക്കാൻ ചിലർ ശ്രമിക്കുമ്പോൾ മറ്റു ചിലർ അതിനെ ------ ശ്രമിക്കുന്നു.

a. അപഗ്രഥിക്കാൻ
b. വേർതിരിക്കാൻ
c. വികലമാക്കാൻ
d. വിഘടിതമാക്കാൻ

36. ഇന്നത്തെ ചെറുപ്പക്കാർക്ക് പലതരത്തിൽ ദോഷം ചെയ്യുന്ന തരം ലഹരിസാധനങ്ങൾ എവിടെയും സുലഭമാണ്. ചിലസ്ഥലങ്ങളിൽ ------.

a. ധാരാളവും
b. ദുർഭലവും
c. വിരളവും
d. ലഭ്യവും

37. അവനവൻ ചെയ്തീടുന്ന പാപത്തിന്റെ ഫലം അവനവൻ തന്നെ അനുഭവിക്കും. അതുപോലെ ------ ഫലവും അവനവന് ലഭിക്കും

a. തിന്മയുടെ
b. കർമ്മത്തിന്റെ
c. പുണ്യത്തിന്റെ
d. കള്ളത്തിന്റെ

38. വേനൽക്കാലത്ത് ലോഹങ്ങൾ ചൂടുകൊണ്ട് വികസിക്കുന്നു. തണുപ്പുകാലത്ത് ------.

a. ഉരുകുന്നു
b. നശിക്കുന്നു
c. സങ്കോചിക്കുന്നു
d. വളയുന്നു.

39. മകൾക്ക് ഒന്നാം റാങ്ക് കിട്ടാതിരുന്നപ്പോൾ മാതാപിതാക്കൾക്കുണ്ടായ ദുഃഖം നിയന്ത്രണാതീതമായിരുന്നു. ക്രമേണ അത് ------ ആയി.

a. അനിയന്ത്രിതം
b. നിയന്ത്രണാധീനം
c. നിയന്ത്രിക്കാൻ സാധിതം
d. നിയന്ത്രിക്കാൻ അസാധ്യം

40. ഷാജഹാന്റെയും മുംതാസിന്റെയും പ്രേമത്തിന്റെ അനശ്വരമായ പ്രതീകമാണ് താജ്മഹൽ. എന്നാൽ അത് ------ ജീവിതത്തിന്റെ പ്രതീകമാവുമോ?

a. നശിച്ചുകൊണ്ടിരിക്കുന്ന
b. പ്രാധാന്യമുള്ള
c. നശ്വരമായ
d. ശ്രേഷ്ഠമായ

41. ലോകത്തിന്റെ ആരംഭത്തെക്കുറിച്ച് ആർക്കും അറിയില്ല. അതുപോലെ ------ കുറിച്ചും ആർക്കും അറിയില്ല.

a. നാശം
b. അന്ത്യം
c. പുറപ്പാട്
d. വികാസം.

42. ലോകത്തെക്കുറിച്ചുള്ള പല രഹസ്യങ്ങളും ഇന്ന് ജ്ഞാതമാണ്. അതേസമയം ചിലരഹസ്യങ്ങൾ ഇപ്പോഴും ------ ആണ്.

a. അജ്ഞത
b. അജ്ഞാതം
c. വിജ്ഞാനീയം
d. അവജ്ഞം

43. നമ്മുടെ ശത്രുക്കൾ പലപ്പോഴും പ്രത്യക്ഷമായും അവരുടെ ശത്രുത വെളുപ്പെടുത്തും.

a. അപ്രത്യക്ഷമായും
b. പരോക്ഷമായും
c. പ്രകടമായും
d. രഹസ്യമായും

44. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പരിഗണന അർഹിക്കുന്ന പ്രശ്നമാണ്. അതേ സമയം അവരോടുള്ള ------ നല്ലതല്ല.

a. വിഗണനയും
b. അവഗണനും
c. ആഭിമുഖ്യവും
d. ആനുകൂല്യവും

45. വിദ്യാധനം സർവധനാൽ പ്രധാനം എന്ന പ്രസ്താവം അന്വർഥമാണ്. എന്നാൽ താൻ പിടിച്ച മുയലിന് മൂന്ന് കൊമ്പ് എന്നത് ------ .

a. അർത്ഥവത്തും
b. അനർത്ഥവും
c. നിരർത്ഥകവും
d. ആർഥികവും

46. പരുഷമായ പെരുമാറ്റരീതികൾ വെറുപ്പുളവാക്കും. ----- പെരുമാറ്റം സന്തോഷത്തിനിടവരുത്തുകയും ചെയ്യും.

a. മൃദുലമായ
b. നേർമയായ
c. പൗരുഷമായ
d. സൈത്രണമായ

47. ഒരുവന്റെ ജീവിതം പരിശോധിക്കുകയാണെങ്കിൽ നന്മകളും ------ കാണാൻ സാധിക്കും.

a. കുറവുകളും
b. കുറ്റങ്ങളും
c. തിന്മകളും
d. ചേർച്ച

48. ഭരണകക്ഷി സർക്കാറിന്റെ നടപടികളെക്കുറിച്ചു പുകഴ്ത്തുമ്പോൾ പ്രതിപക്ഷം ------.

a. നിന്ദിക്കുന്നു
b. അധിക്ഷേപിക്കുന്നു
c. ഇകഴ്ത്തുന്നു
d. അവഹേളിക്കുന്നു.

49. വിശാല മനസ്കർ പല നല്ല കാര്യങ്ങളും ചെയ്യുന്നു. ------ മനസ്കർ അതിനെ ആക്ഷേപിക്കുന്നു.

a. സങ്കുചിത
b. താണ
c. ചുരുങ്ങിയ
d. ഇടുങ്ങിയ.

Structure of Language
വാക്യഘടന 3

Instructions: *It is an objective type test. For each item 4 choices are given below the entry. The correct one is to be marked (✓).*

A. Sentence completion
വാക്യം പൂരിപ്പിക്കൽ

Mark (✓) the correct set of words which completes the sentence filling up the blank space in it.
പൂരിപ്പിക്കാൻ യുക്തമായ പദം അടയാളപ്പെടുത്തുക.

1. മഴപെയ്താലേ ഉഷ്ണം _____.
   a. ശമിക്കുമായിരിക്കും
   b. ശമിച്ചേക്കും
   c. ശമിക്കൂ
   d. ശമിക്കുകയില്ല.

2. കരയുന്ന കുഞ്ഞ് അമ്മയെകണ്ടാൽ _____.
   a. കരയും
   b. ചിരിക്കും
   c. ചിരിക്കുന്നു
   d. ചിരിച്ചു

3. വേനൽക്കാലത്ത് മിക്കവാറും കിണറുകൾ _____.
   a. നിറയാറുണ്ട്
   b. വരണ്ടു പോകാറുണ്ട്
   c. മുങ്ങാറുണ്ട്
   d. വെള്ളം തരാറുണ്ട്.

4. മദ്യപാനം ആരോഗ്യത്തിന് _____.
   a. ഹനിക്കും
   b. ഹനിക്കുന്നു

c. ഹനിച്ചു
d. ഹാനികരമാണ്.

5. ചിരിക്കുവാനും കരയുവാനുമുള്ള ശേഷി മനുഷ്യനെ _____ വ്യത്യസ്തനാക്കുന്നു.

a. മൃഗങ്ങളിൽനിന്നും
b. മൃഗങ്ങളെക്കാൾ
c. മൃഗങ്ങളെ
d. മൃഗങ്ങളാൽ

6. ഭാരതത്തിന് പാശ്ചാത്യരാജ്യങ്ങളിൽ നിന്നു _____ ഒരു സംസ്കാരമാണുള്ളത്.

a. വ്യത്യാസം
b. വ്യത്യസ്തത
c. വ്യത്യസ്തതയിൽ
d. വ്യത്യസ്തമായ

7. രാഷ്ട്രീയക്കാർ അധികാരത്തിനായി പല _____ നടത്താറുണ്ട്.

a. ചരടുവലി
b. ചരടുവലികൾ
c. ചരടുവലികളും
d. ചരടുവലികളിലും

8. മഹാത്മാഗാന്ധി നമുക്ക് ഇന്നും ഒരു ആരാധ്യപുരുഷൻ _____

a. ആകും
b. ആയിരുന്നു
c. ആണ്
d. ആയേക്കും.

9. കാലം മാറുന്നതനുസരിച്ച് മനുഷ്യനും _____

a. മാറ്റണം
b. മാറ്റുന്നു
c. മാറ്റും
d. മാറണം

10. അംഗവൈകല്യമുള്ള ഏറെപ്പേർ നമ്മുടെ നാട്ടിൽ _____

a. ഉണ്ട്
b. ഉൾക്കൊള്ളുന്നു
c. ഉള്ളത്
d. ഉള്ളു.

11. നന്നായി പഠിച്ചാലേ പരീക്ഷയിൽ _____.

a. ജയിക്കും
b. ജയിച്ചു
c. ജയിക്കൂ
d. ജയിക്കാം

12. അവൾക്ക് പോകണ്ടെങ്കിൽ എനിക്കും _____..

a. പോകാം
b. പോകരുത്
c. പോകേണ്ടതാണ്
d. പോകേണ്ട.

13. സ്വന്തം കുഞ്ഞുങ്ങൾ നന്നായി വരരുതെന്ന് ആരെങ്കിലും _____.

a. ആഗ്രഹിക്കും
b. ആഗ്രഹിക്കുമോ
c. ആഗ്രഹമോ
d. ആഗ്രഹിക്കരുത്

14. തന്നെ അടിക്കരുതേ എന്ന് കള്ളൻ പലവട്ടം പോലീസിനോട് _____.

a. ആജ്ഞാപിച്ചു
b. ആലോചിച്ചു
c. നിർദ്ദേശിച്ചു
d. അപേക്ഷിച്ചു.

15. ശബ്ദം കേട്ട് രാമൻ ജനലിലൂടെ _____ നോക്കി.

a. റോഡിൽ
b. റോഡിലേക്ക്

c. റോഡിന്റെ
d. റോഡിന്.

16. പഠിച്ചാൽ മാത്രം _____ പരീക്ഷ നന്നായി എഴുതുകയും വേണം.
a. മതി
b. പോരാമൊ
c. പോരാ
d. പറ്റുമോ.

17. നീ നാളെ അമേരിക്കയിൽ പോകും _____?
a. ആണോ
b. അണല്ലോ
c. ഇല്ലല്ലോ
d. അല്ലേ

18. നിനക്ക് പണമില്ല എന്നതല്ലല്ലോ പ്രശ്നം _____.
a. ഇല്ലേ
b. അല്ലേ
c. അല്ലല്ലോ
d. ആണല്ലോ.

19. രാമൻ സ്വയം ചെയ്ത മണ്ടത്തരം ഓർത്ത് _____ കുറ്റപ്പെടുത്തി.
a. രാമനെ
b. തന്നെ
c. തന്നത്താൻ
d. താനേ.

20. രാമൻ കൃഷ്ണനെ അടിച്ചു. കൃഷ്ണൻ രാമനെ അടിച്ചു. അതായത് അവർ _____ അടിച്ചു.
a. തന്നത്താൻ
b. തനിയെ
c. തമ്മിൽതമ്മിൽ
d. തങ്ങളെ

21. കണ്ണുണ്ടായാൽ മതിയോ _____.

a. കാണണം

b. കാണരുത്

c. കാണണേ

d. കണ്ടോ.

22. മഴയെ _____ ആശ്രയിച്ച് കൃഷിയിറക്കാൻ പറ്റുമോ?

a. ചിലപ്പോൾ

b. വല്ലപ്പോഴും

c. മാത്രം

d. കുറച്ച്

23. ഞാൻ ഓഫീസിൽ ചെന്നപ്പോൾ അവിടെ _____ ഉണ്ടായിരുന്നില്ലല്ലോ?

a. വല്ലവരും

b. യാതൊരുത്തരും

c. ആരും

d. ചിലരും

24. മഴ _____ ഉഷ്ണം കുറഞ്ഞില്ലല്ലോ?

a. പെയ്തു

b. പെയ്തില്ല

c. പെയ്തോട്ടെ

d. പെയ്തെങ്കിലും.

25. ഇന്ത്യ ഒരു സ്വതന്ത്രരാഷ്ട്രം _____.

a. ആയിരുന്നു

b. ആകും

c. ആണ്

d. ആകാം

26. വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം നിഷേധിക്കാൻ _____ കഴിയും.

a. ആര്
b. ആരുടെ
c. ആരോട്
d. ആർക്ക്

27. ഓരോ _____ ശ്രദ്ധാപൂർവ്വം ചെയ്യുക.

a. കാര്യങ്ങളും
b. കാര്യവും
c. കാര്യത്തെയും
d. കാര്യത്തോടും

28. ഭരണാധികാരികൾ _____ അങ്ങനെതന്നെയാകും. ഭരണീയരും.

a. ഇങ്ങനെ
b. എങ്ങനെയോ
c. എന്തിന്
d. എത്ര.

29. _____ ആവശ്യങ്ങൾ ആതിഥേയർ അറിയണം.

a. അതിഥികൾ
b. അതിഥികൾക്ക്
c. അതിഥികളുടെ
d. അതിഥികളോട്.

30. വെളിച്ചം _____ വീടുകൾ നമ്മെ നിരാശപ്പെടുത്തും.

a. അല്ലാത്ത
b. ഇല്ലാത്ത
c. ആയ
d. ഇല്ല.

31. നിങ്ങൾക്ക് വേണ്ടത് പണമോ _____?

a. സന്തോഷമോ
b. സന്തോഷം

c. സന്തോഷമുള്ള
d. സന്തോഷത്ത്

32. രാമായണം നമ്മെ ജീവിതം എങ്ങനെയെന്ന് _____

a. പഠിച്ചു
b. പഠിക്കണം
c. പഠിപ്പിക്കുന്നു
d. പിഠിക്കും

33. ജീവിതത്തെപ്പറ്റി നാം അധികം ഉൽക്കണ്ഠ ഉള്ളവരാകുന്നത് _____.

a. എന്തിന്
b. എന്ത്
c. എന്താണ്
d. എങ്ങും

34. അധ്യാപകരോടുള്ള _____ ബന്ധം കുറേകൂടെ മെച്ചപ്പെടേണ്ടി - യിരിക്കുന്നു.

a. വിദ്യാർത്ഥികൾ
b. വിദ്യാർത്ഥികളെ
c. വിദ്യാർത്ഥികളുടെ
d. വിദ്യാർത്ഥികളിൽ

35. ഉപ്പു തിന്നവൻ വെള്ളം _____.

a. കുടിക്കും
b. കുടിപ്പിക്കുന്നു
c. കുടിക്കാൻ
d. കുടിപ്പാൻ.

36. _____ കാര്യങ്ങൾ ചെയ്യരുത്.

a. അരുതാത്ത
b. നന്മ
c. വിലകുറഞ്ഞത്
d. ഇഷ്ടം.

37. പരീക്ഷയിൽ _____ ജോലി കിട്ടും.

a. ജയിക്കുന്ന
b. ജയിച്ചാൽ
c. ജയിച്ചവർ
d. ജയം

38. _____ ഭയപ്പെടുന്നു എല്ലാവരും.

a. മരണം
b. മരണത്തിൽ
c. മരണത്തെ
d. മരണത്തിന്

39. _____ ഇനി സ്വപ്നങ്ങൾ കാണാം.

a. നാം
b. നമുക്ക്
c. നമ്മുടെ
d. നമ്മോട്

40. _____ ഉണരുന്നത് ആരോഗ്യത്തിന് നന്ന്.

a. രാവിലെ
b. രാവിൽ
c. രാത്രിക്ക്
d. രാത്രിയുടെ

41. _____ ഭക്ഷണം കൊടുത്ത് ഉറക്കുക.

a. കുട്ടികളിൽ
b. കുട്ടികൾക്ക്
c. കുട്ടികളുടെ
d. കുട്ടികളോട്

42. വായുവും വെള്ളവും _____ ആർക്കും ജീവിക്കാനാവില്ല.

a. ഇല്ല
b. ഇല്ലാത്ത

c. ഇല്ലാതെ
d. ഇല്ലായ്മ

43. മുറ്റത്ത് വച്ചിരുന്ന പൂച്ചട്ടിയുടച്ചതിന് അമ്മ മകളെ _____ അവൾ കരഞ്ഞുപോയി.

a. വഴക്കുപറഞ്ഞാൽ
b. വഴക്കുപറഞ്ഞപ്പോൾ
c. വഴക്കുപറഞ്ഞത്
d. വഴക്കുപറയാൻ

44. കുട്ടികളെ പഠിപ്പിക്കാൻ പരിചയ സമ്പന്നരായ _____ ആവശ്യമാണ്.

a. അധ്യാപകർ
b. അധ്യാപകരെ
c. അധ്യാപകരുടെ
d. അധ്യാപകർക്ക്

45. റോഡിൽ വച്ച് ഉണ്ടായ ഒരു _____ യുവാവ് മരണമടഞ്ഞു.

a. അപകടം
b. അപകടത്തിൽ
c. അപകടത്തിന്
d. അപകടവും

46. _____ മദ്യഷാപ്പുകൾ നടത്തുന്നവരെ ഗവർമെന്റ് കർശനമായി നേരിടുമെന്ന് മന്ത്രി പറഞ്ഞു..

a. അനധികൃത
b. അനധികൃതത്തോട്
c. അനധികൃതത്തിന്
d. അനധികൃമായി

47. ഗീത പാട്ടു _____ രമയും പാടൂ.

a. പാടുമെങ്കിൽ
b. പാടിയാലേ
c. പാടിയില്ലെങ്കിൽ
d. പാടും.

48. _____ ഈ കണക്കു ചെയ്യാൻ അറിയാം. അമ്മയ്ക്ക് അറിയാമോ?

a. ഞാൻ
b. എനിക്ക്
c. ഞങ്ങൾ
d. നമ്മൾ

49. നല്ലൊരു ചിത്രം വരച്ചിരുന്നെങ്കിൽ ഒരു സമ്മാനം _____.

a. കിട്ടിയിരുന്നേനെ
b. കിട്ടിയിരുന്നു
c. കിട്ടിയിരുന്നില്ല
d. കിട്ടും

50. ദിവസവും കുളിക്കണമെന്നകാര്യം _____ അറിയാം.

a. കുട്ടികൾക്കും കൂടി
b. കുട്ടികളും കൂടി
c. കുട്ടികൾക്കു കൂടി
d. കുട്ടികൾ കൂടി

51. പക്ഷികൾ _____ പറന്നു പൊങ്ങിപ്പോയി.

a. കിഴക്കോട്ട്
b. കിഴക്ക്
c. കിഴക്കിൽ
d. കിഴക്കിന്റെ

52. ഞാൻ ഒരു പുസ്തകത്തിനുവേണ്ടി നഗരത്തിലെ ഓരോ _____ കയറിയിറങ്ങി.

a. കടകൾതോറും
b. കടയിലും
c. കടതോറും
d. കടകളിൽ തോറും

53. ഭാര്യ പണക്കാരിയായിരുന്നു, എന്നാൽ _____ പാവപ്പെട്ട കുടുംബത്തിലെ അംഗമായിരുന്നു.

a. ഭർത്താവ്
b. ഭർത്താവിന്
c. ഭർത്താവെങ്കിൽ
d. ഭർത്താവും

54. ആയിരം _____ വെട്ടിയെങ്കിലും വീട്ടിലെ ആവശ്യങ്ങൾക്ക് തികയുന്നില്ല.

a. തേങ്ങകൾ
b. തേങ്ങയും
c. തേങ്ങ
d. തേങ്ങകളും

55. അവൻ എന്റെ വീട്ടിൽ _____.

a. വരാറുപതിവുണ്ട്
b. വരാറുപതിവുണ്ടായിരുന്നു
c. വരാറുണ്ട്
d. വരാറുപതിവുണ്ടായിരിക്കും

56. ഗോപി _____ ഈ പാട്ടു പാടൂ?

a. ആണോ
b. അല്ലേ
c. അല്ലല്ലോ
d. ഉണ്ടോ

57. വാസു സിനിമക്ക് _____ ഞാനും വരാം.

a. വന്നാലും
b. വന്നില്ല
c. വന്നാൽ
d. വരില്ല

58. മാവിൽ _____ മാങ്ങ വീണു.

a. നിന്നും
b. നിന്നുമാണ്
c. നിന്ന്
d. നിന്നാണ്

59. തിരുവനന്തപുരത്ത് _____ കോട്ടയത്തുനിന്നും പുസ്തകങ്ങൾ കിട്ടി.

a. നിന്ന്
b. നിന്നും
c. നിന്നായിരുന്നു
d. നിന്നുമായിരുന്നു.

60. _____ ശരി ഞാൻ ഈ ചോദ്യത്തിന് ഉത്തരം പറയാതിരിക്കില്ല.

a. ആരെങ്കിലും
b. ആരായാലും
c. ആരായാൽ
d. ആരായിരുന്നാൽ

61. ഞാൻ ഈ വായനശാലയിലെ എല്ലാ _____ കണ്ടിട്ടുണ്ട്.

a. പുസ്തകങ്ങളെയും
b. പുസ്തകങ്ങൾ
c. പുസ്തകം
d. പുസ്തകങ്ങളും

62. ഏകദേശം _____ പുസ്തകം ഞാൻ കടയിൽനിന്ന് വാങ്ങി.

a. ഇരുപത്
b. ഇരുപതോളം
c. ഇരുപതിനോളം
d. ഇരുപതിൽപ്പരം

63. വേലക്കാരി _____ പുറത്തു നോക്കിക്കൊണ്ടിരുന്നു.

a. ജനലിലേക്ക്
b. ജനലിൽ

c. ജനലിലൂടെ
d. ജനലിലേക്ക്

64. വിനോദസഞ്ചാര വേളയിൽ _____ അധ്യാപകൻ പല കഥകളും പറഞ്ഞു.
a. ട്രെയിനിൽ
b. ട്രെയിനിൽവച്ച്
c. ട്രെയിനിലെ
d. ട്രെയിനിൽ കൂടി

65. ഞാൻ ഹൈസ്ക്കൂളിൽ പഠിച്ചിരുന്നപ്പോൾ എന്നും സ്ക്കൂളിനടുത്തുള്ള ലൈബ്രറി _____.
a. സന്ദർശിച്ചു
b. സന്ദർശിച്ചിട്ടില്ല
c. സന്ദർശിച്ചിട്ടുണ്ട്
d. സന്ദർശിക്കാറുണ്ടായിരുന്നു.

66. നിങ്ങൾ എപ്പോഴെങ്കിലും കാശ്മീരിൽ _____?
a. പോകുകയാണോ
b. പോകണമോ
c. പോയിട്ടുണ്ടോ
d. പോകണമെന്നുണ്ടോ.

67. എന്റെ സ്നേഹിതൻ ഇന്നലെ _____ പറഞ്ഞിരുന്നെങ്കിലും ഇതുവരെ എത്തിയിട്ടില്ല.
a. വന്നുഎന്ന്
b. വരുമെന്ന്
c. വന്നിരുന്നുവെന്ന്
d. വന്നിട്ടുണ്ട്.

68. കഥകളി മലയാളമണ്ണിൽ _____ വളർന്ന ഒരു കലയാണ്?
a. ഉത്ഭവിച്ചിട്ടുണ്ട്
b. ഉത്ഭവിച്ച്

c. ഉത്ഭവിച്ചശേഷം
d. ഉത്ഭവിച്ചതിൽ

69. ആലുവാ പട്ടണത്തിനടുത്ത് ഉള്ള ഗ്രാമമായ കാലടിയിലായിരുന്നു ശ്രീ ശങ്കരാചാര്യരുടെ _____.

a. ജനിച്ചത്
b. ജനിച്ചു
c. ജനനം
d. ജനനം നൽകിയത്.

70. കേരളത്തിനകത്തും പുറത്തുമുള്ള എല്ലാ _____ ഓണം ആഘോഷിക്കുന്നു.

a. മലയാളികൾ
b. മലയാളികളാൽ
c. മലയാളികളെയും
d. മലയാളികളും

71. സ്വതന്ത്രനായി ജനിക്കുന്ന _____ തനതായ ചില അവകാശങ്ങളുണ്ട്.

a. മനുഷ്യനിൽ
b. മനുഷ്യനാൽ
c. മനുഷ്യന്
d. മനുഷ്യൻ

72. മലയാള ഭാഷയുടെ _____ രാമചരിതത്തിന് പ്രധാനമായ ഒരു സ്ഥാനമാണ്.

a. ചരിത്രത്തിൽ
b. ചരിത്രത്തിലെ
c. ചരിത്രത്തിനു
d. ചരിത്രത്താൽ

73. വളരെ പരിമിതമായ _____ നമ്മുടെ നാടിന് ഉണ്ടായിരുന്നുള്ളു.

a. വരവ്
b. വരവുമാത്രം

c. വരവേ
d. വരവിനേ മാത്രം

74. _____ ഒരാശ്രയം കാണാത്തത് കാരണം അയാൾ മദ്രാസിലേക്ക് തിരിച്ചു.

a. എല്ലായിടത്തും
b. എങ്ങും
c. ആരും
d. ആരാലും.

75. _____ അദ്ദേഹത്തിന് മനശ്ശാന്തി കിട്ടിയില്ല.

a. മദ്രാസിലെ ജീവിതം
b. മദ്രാസ് ജീവിതം
c. മദ്രാസ് ജീവിതംകൊണ്ട്
d. മദ്രാസ് ജീവിതത്തോട്

76. ചങ്ങമ്പുഴയുടെ ജീവിതം ഒരു _____ പുസ്തകമായിരുന്നു.

a. തുറക്കാവുന്ന
b. തുറന്ന
c. തുറക്കുന്നു
d. തുറക്കും

77. രാജ്യം എല്ലാ ആപത്തുകളിൽ നിന്നും കരകയറണമെന്നാണ് രാജ്യസ്നേഹികളുടെ _____.

a. ദുഃഖം
b. പ്രാർത്ഥന
c. അത്ഭുതം
d. അത്യാഗ്രഹം

78. ശിവൻ മഹാമേരു പർവ്വതത്തെ _____.

a. വില്ലാക്കി
b. വില്ലനാക്കി
c. വില്ലുണ്ടാക്കി
d. വില്ലിലാക്കി.

B. Error Detection
തെറ്റുകൾ അടയാളപ്പെടുത്തുക

Each of the following sentences shows 4 underlined units – mark (✓) the erroneous unit out of them.

താഴെകൊടുത്തിരിക്കുന്ന വാക്യഭാഗങ്ങളിൽ 'a, b, c, d' എന്ന് അടയാളപ്പെടുത്തിയിട്ടുണ്ട്. തെറ്റായ വാക്യഭാഗം ഏതെന്ന് എഴുതുക.

1. ജീവിതം (a) ഇന്നു (b) ക്ലേശകരം (c) ഇല്ല. (d)

   a. ജീവിതം
   b. ഇന്നു
   c. ക്ലേശകരം
   d. ഇല്ല.

2. മനുഷ്യൻ (a) വിവേകബുദ്ധി (b) ഉണ്ടായിരുന്ന (c) മൃഗമാണ്. (d)

   a. മനുഷ്യൻ
   b. വിവേകബുദ്ധി
   c. ഉണ്ടായിരുന്ന
   d. മൃഗമാണ്.

3. പരീക്ഷകളിൽ (a) പലതും (b) പ്രയോജനം (c) ഉണ്ട്. (d)

   a. പരീക്ഷകളിൽ
   b. പലതും
   c. പ്രയോജനം
   d. ഉണ്ട്

4. അധ്യാപകസമരം (a) വിദ്യാഭ്യാസത്തിനു (b) സമൂലം (c) സ്തംഭിപ്പിക്കുന്നു. (d)

   a. അധ്യാപകസമരം
   b. വിദ്യാഭ്യാസത്തിനു

c. സമൂലം
d. സ്തംഭിപ്പിക്കുന്നു.

5. രാജ്യത്തിനു താല്പര്യം നേതാക്കൾ ശ്രദ്ധിക്കണം.
a b c d

a. രാജ്യത്തിനു
b. താല്പര്യം
c. നേതാക്കൾ
d. ശ്രദ്ധിക്കണം

6. കണ്ണടച്ച് ഇരുട്ടാക്കുന്നത് ആരെയും ഭൂഷണമല്ല.
a b c d

a. കണ്ണടച്ച്
b. ഇരുട്ടാക്കുന്നത്
c. ആരെയും
d. ഭൂഷണമല്ല

7. ഭൂമിയോളം സഹിഷ്ണത ഉള്ളവനാണ് സ്ത്രീ.
a b c d

a. ഭൂമിയോളം
b. സഹിഷ്ണത
c. ഉള്ളവനാണ്
d. സ്ത്രീ

8. വിശക്കുന്ന മനുഷ്യർക്ക് ഭക്ഷണങ്ങൾ നൽകുക.
a b c d

a. വിശക്കുന്ന
b. മനുഷ്യർക്ക്
c. ഭക്ഷണങ്ങൾ
d. നൽകുക.

9. പ്രാചീനമനുഷ്യൻ പ്രകൃതിയിലെ ശക്തികളെ ആരാധിക്കും.
a b c d

a. പ്രാചീനമനുഷ്യൻ
b. പ്രകൃതിയിലെ

c. ശക്തികളെ
d. ആരാധിക്കും.

10. ഓരോ മനുഷ്യർക്കും സ്വന്തം താല്പര്യമുണ്ട്.
a b c d
a. ഓരോ
b. മനുഷ്യർക്കും
c. സ്വന്തം
d. താല്പര്യമുണ്ട്.

11. രാത്രികൾ ഉറങ്ങാനും പകൽ പ്രവൃത്തിയും ആണ്.
a b c d
a. രാത്രികൾ
b. ഉറങ്ങാനും
c. പകൽ
d. പ്രവൃത്തിയും ആണ്.

12. വിശേഷണബുദ്ധി മനുഷ്യനിൽ പ്രത്യേകത ആണ്.
a b c d
a. വിശേഷണബുദ്ധി
b. മനുഷ്യനിൽ
c. പ്രത്യേകത
d. ആണ്.

13. മൈസൂർ മനോഹരമുള്ള ഒരു പ്രദേശമാണ്.
a b c d
a. മൈസൂർ
b. മനോഹരമുള്ള
c. ഒരു
d. പ്രദേശമാണ്.

14. ആർക്കും ആവശ്യമില്ലാത്ത വിഭവങ്ങളിൽ വാങ്ങരുത്.
a b c d
a. ആർക്കും
b. ആവശ്യമില്ലാത്ത

c. വിഭവങ്ങളിൽ
d. വാങ്ങരുത്.

15. രാമായണവും മഹാഭാരതവും നമ്മുടെ ഇതിഹാസങ്ങളാണ്.
a b c d

a. രാമായണവും
b. മഹാഭാരതവും
c. നമ്മുടെ
d. ഇതിഹാസങ്ങളാണ്.

16. മഹർഷിമാർ ജീവിതത്തെ ശ്രദ്ധ കണ്ടവരാണ്.
a b c d

a. മഹർഷിമാർ
b. ജീവിതത്തെ
c. ശ്രദ്ധ
d. കണ്ടവരാണ്.

17. സ്നേഹത്തിനു സാർത്ഥകത ത്യാഗത്തിൽ ആണ്.
a b c d

a. സ്നേഹത്തിനു
b. സാർത്ഥകത
c. ത്യാഗത്തിൽ
d. ആണ്.

18. വളരുന്ന തലമുറയ്ക്ക് സ്വപ്നങ്ങൾ നഷ്ടപ്പെട്ടവരാണ്.
a b c d

a. വളരുന്ന
b. തലമുറയ്ക്ക്
c. സ്വപ്നങ്ങൾ
d. നഷ്ടപ്പെട്ടവരാണ്.

19. ടിക്കറ്റ് തീർന്നാൽ (a) തീയേറ്ററിനുവെളിയിൽ (b) കാത്തുനിൽക്കാൻ (c) എന്തുപ്രയോജനം? (d)

a. ടിക്കറ്റ് തീർന്നാൽ
b. തീയേറ്ററിനുവെളിയിൽ
c. കാത്തുനിൽക്കാൻ
d. എന്തുപ്രയോജനം

20. ഞാൻ (a) താൻ (b) നടന്നു (c) തളർന്നു. (d)

a. ഞാൻ
b. താൻ
c. നടന്നു
d. തളർന്നു

21. കേട്ടവരാരും (a) ആദ്യം വിശ്വസിച്ചില്ലെങ്കിലും (b) ഒരിക്കൽ (c) വിശ്വസിച്ചു. (d)

a. കേട്ടവരാരും
b. ആദ്യം വിശ്വസിച്ചില്ലെങ്കിലും
c. ഒരിക്കൽ
d. വിശ്വസിച്ചു.

22. ദൂരക്കാഴ്ചയില്ലാത്തവർക്ക് (a) കണ്ണടവച്ചാൽ (b) മാത്രം (c) കാഴ്ചകിട്ടി. (d)

a. ദൂരക്കാഴ്ചയില്ലാത്തവർക്ക്
b. കണ്ണടവച്ചാൽ
c. മാത്രം
d. കാഴ്ചകിട്ടി.

23. അവൻ (a) എന്തു ജോലിയുംചെയ്യാൻ (b) തനിച്ച് (c) പോന്നവനാണ്. (d)

a. അവൻ
b. എന്തു ജോലിയുംചെയ്യാൻ

c. തനിച്ച്
d. പോന്നവനാണ്.

24. കാര്യകാരണസഹിതം (a) ചോദ്യംചെയ്ത് (b) പതറാത്ത കള്ളന്മാരല്ലേ (c) കരിങ്കള്ളന്മാർ. (d)

a. കാര്യകാരണസഹിതം
b. ചോദ്യംചെയ്ത്
c. പതറാത്ത കള്ളന്മാരല്ലേ
d. കരിങ്കള്ളന്മാർ.

25. രാമനും കൃഷ്ണനും (a) റോഡിൽവച്ച് പരിചയപ്പെട്ട് (b) തമ്മിൽത്തമ്മിൽ (c) നടന്നുതുടങ്ങി. (d)

a. രാമനും കൃഷ്ണനും
b. റോഡിൽവച്ച് പരിചയപ്പെട്ട്
c. തമ്മിൽത്തമ്മിൽ
d. നടന്നുതുടങ്ങി.

26. അമ്മ (a) കുട്ടികളോടു പറഞ്ഞു (b) തീയാൽ (c) കളിക്കരുതെന്ന്. (d)

a. അമ്മ
b. കുട്ടികളോടു പറഞ്ഞു
c. തീയാൽ
d. കളിക്കരുതെന്ന്.

27. രാമൻ (a) വീട്ടിൽ വന്നിട്ടല്ലാതെ (b) കാട്ടിൽ (c) പോയാലെന്താണ്. (d)

a. രാമൻ
b. വീട്ടിൽ വന്നിട്ടല്ലാതെ
c. കാട്ടിൽ
d. പോയാലെന്താണ്

28. ഇതൊക്കെകണ്ടാൽ (a) മര്യാദക്കാർക്ക് (b) എന്തു തോന്നാനാണ് (c) ഇല്ലേ. (d)

a. ഇതൊക്കെകണ്ടാൽ
b. മര്യാദക്കാർക്ക്
c. എന്തു തോന്നാനാണ്
d. ഇല്ലേ.

29. അധ്യാപകൻ (a) വന്നാൽ (b) വിദ്യർഥികൾ (c) പഠിച്ചാൽ മതി. (d)

a. അധ്യാപകൻ
b. വന്നാൽ
c. വിദ്യർഥികൾ
d. പഠിച്ചാൽ മതി

30. രാമൻ (a) വരുന്നതിനുശേഷം (b) സീത കാപ്പിയുണ്ടാക്കിയാൽ മതി (c) എന്നു പറഞ്ഞു. (d)

a. രാമൻ
b. വരുന്നതിനുശേഷം
c. സീത കാപ്പിയുണ്ടാക്കിയാൽ മതി
d. എന്നു പറഞ്ഞു.

31. ബുദ്ധിമുട്ടൊഴിവാക്കാൻ (a) പണമുള്ളപ്പോൾ (b) സാധനങ്ങൾ (c) വാങ്ങിയാലേ ഒക്കൂ. (d)

a. ബുദ്ധിമുട്ടൊഴിവാക്കാൻ
b. പണമുള്ളപ്പോൾ
c. സാധനങ്ങൾ വാങ്ങിയാലേ
d. ഒക്കൂ.

32. കാമുകൻ (a) കാമുകിവന്നവരെ (b) കാത്തിരിക്കും എന്നു (c) വിലപിച്ചു. (d)

a. കാമുകൻ
b. കാമുകിവന്നവരെ

c. കാത്തിരിക്കും എന്നു
d. വിലപിച്ചു

33. ദാരുണമായ ആ സംഭവം (a) നടന്ന (b) പലവർഷങ്ങൾ (c) കഴിഞ്ഞിരിക്കുന്നു. (d)

a. ദാരുണമായ ആ സംഭവം
b. നടന്ന
c. പലവർഷങ്ങൾ
d. കഴിഞ്ഞിരിക്കുന്നു.

34. അയാൾ (a) ഒരുവീടുമാത്രം (b) ഭാര്യയ്ക്കും കുട്ടികൾക്കും (c) കൊടുത്തിട്ടുള്ളു. (d)

a. അയാൾ
b. ഒരുവീടുമാത്രം
c. ഭാര്യയ്ക്കും കുട്ടികൾക്കും
d. കൊടുത്തിട്ടുള്ളു.

35. പോലീസുകാർ (a) തീവ്രവാദികളെ (b) ചോദ്യം ചെയ്യുമെന്ന് (c) ഭയന്നു അവർ സ്വയം ആത്മഹത്യചെയ്തു. (d)

a. പോലീസുകാർ
b. തീവ്രവാദികളെ
c. ചോദ്യം ചെയ്യുമെന്ന്
d. ഭയന്നു അവർ സ്വയം ആത്മഹത്യചെയ്തു.

36. അസ്തമനം കഴിഞ്ഞാൽ (a) ഞങ്ങൾ (b) കന്യാകുമരിയിൽ നിന്ന് (c) പുറപ്പെട്ടു. (d)

a. അസ്തമനം കഴിഞ്ഞാൽ
b. ഞങ്ങൾ

c. കന്യാകുമരിയിൽ നിന്ന്

d. പുറപ്പെട്ടു .

37. കുട്ടികൾക്ക് അറിയാനുള്ള ജിജ്ഞാസ (a) കൂടുതലാണെങ്കിലും (b) അവരുടെ ചോദ്യങ്ങൾക്കു (c) മറുപടി പറയാതിരിക്കാൻ നിർവ്വാഹമില്ല. (d)

a. കുട്ടികൾക്ക് അറിയാനുള്ള ജിജ്ഞാസ

b. കൂടുതലാണെങ്കിലും

c. അവരുടെ ചോദ്യങ്ങൾക്കു

d. മറുപടി പറയാതിരിക്കാൻ നിർവ്വാഹമില്ല.

38. മൃഗശാലയിൽപോയപ്പോൾ (a) വലിയതായ ഒരു ആനയെ (b) കണ്ടുകുട്ടികൾ (c) പരിഭ്രമിച്ചു. (d)

a. മൃഗശാലയിൽപോയപ്പോൾ

b. വലിയതായ ഒരു ആനയെ

c. കണ്ടു കുട്ടികൾ

d. പരിഭ്രമിച്ചു.

39. കുട്ടികൾ (a) അന്യോന്യം തമ്മിൽ തല്ലുകയും (b) വഴക്കുകൂടുകയും (c) ചെയ്യുന്നു. (d)

a. കുട്ടികൾ

b. അന്യോന്യം തമ്മിൽ തല്ലുകയും

c. വഴക്കുകൂടുകയും

d. ചെയ്യുന്നു.

40. പുഴയുടെ മീൻ (a) വളരെ സ്വാദുള്ളതായിരിക്കുമെങ്കിലും (b) ഞങ്ങൾ (c) വാങ്ങാറില്ല. (d)

a. പുഴയുടെ മീൻ

b. വളരെ സ്വാദുള്ളതായിരിക്കുമെങ്കിലും

c. ഞങ്ങൾ
d. വാങ്ങാറില്ല.

41. കുട്ടി (a) നന്നായി പഠിച്ചിട്ട് (b) ഒന്നാംറാങ്ക് (c) കിട്ടിയില്ല. (d)

a. കുട്ടി
b. നന്നായി പഠിച്ചിട്ട്
c. ഒന്നാംറാങ്ക്
d. കിട്ടിയില്ല.

42. രാമൻ (a) ഈ വരിയിൽ (b) ഒന്നാം (c) വിദ്യാർഥിയാണ്. (d)

a. രാമൻ
b. ഈ വരിയിൽ
c. ഒന്നാം
d. വിദ്യാർഥിയാണ്.

43. കൊച്ചുകുട്ടികളല്ലോ (a) ഇങ്ങനത്തെ (b) ചോദ്യങ്ങൾ (c) ചോദിക്കൂ. (d)

a. കൊച്ചുകുട്ടികളല്ലോ
b. ഇങ്ങനത്തെ
c. ചോദ്യങ്ങൾ
d. ചോദിക്കൂ

44. ഇന്ത്യയിലുള്ള (a) അവശരും ആയ ഗ്രാമീണർ കൂടുതലും (b) ഗ്രാമങ്ങളിൽ (c) നിർധനരായി കഴിയുന്നു (d)

a. ഇന്ത്യയിലുള്ള
b. അവശരും ആയ ഗ്രാമീണർ കൂടുതലും
c. ഗ്രാമങ്ങളിൽ
d. നിർധനരായി കഴിയുന്നു.

45. പന്തുകളിക്കാരനോ അഥവാ ഹോക്കികളിക്കാരനോ ഈ ഹോസ്റ്റലിൽ
a b
താമസിച്ചു വരുന്നു.
c d

a. പന്തുകളിക്കാരനോ അഥവാ ഹോക്കികളിക്കാരനോ
b. ഈ ഹോസ്റ്റലിൽ
c. താമസിച്ചു
d. വരുന്നു.

46. ഒരു ഗാനകർത്താവ് എന്ന നിലയിൽ ഇരയിമ്പൻ തമ്പിയ്ക്കും
a b c
പദവിസമുന്നതമാണ്.
d

a. ഒരു ഗാനകർത്താവ്
b. എന്ന നിലയിൽ
c. ഇരയിമ്മൻ തമ്പിയ്ക്കു
d. പദവിസമുന്നതമാണ്.

47. മലയാളികളായ നമ്മുടെ ജീവിതത്തിലെ ഇഴുകിചേർന്ന ഒരു
a b c
മഹാനാണ് തുഞ്ചത്തെഴുത്തച്ഛൻ.
d

a. മലയാളികളായ
b. നമ്മുടെ ജീവിതത്തിലെ
c. ഇഴുകിചേർന്ന ഒരു മഹാനാണ്
d. തുഞ്ചത്തെഴുത്തച്ഛൻ

48. മേൽപത്തൂർ നാരായണഭട്ടതിരിയും എഴുത്തച്ഛനും സമകാലികർ
a b c
ആയിരുന്നത് ഒരു ഐതിഹ്യം ഉണ്ട്.
d

a. മേൽപത്തൂർ നാരായണഭട്ടതിരിയും
b. എഴുത്തച്ഛനും
c. സമകാലികർ ആയിരുന്നത്
d. ഒരു ഐതിഹ്യം ഉണ്ട്.

49. ആര്യന്മാർക്കുമുമ്പിൽ (a) ഉത്തരഭാരതത്തിൻ സംസ്കാരസമ്പന്നരായ (b) ഒരു വർഗ്ഗക്കാർ (c) ഉണ്ടായിരുന്നു. (d)

a. ആര്യന്മാർക്കുമുമ്പിൽ
b. ഉത്തരഭാരതത്തിൻ സംസ്കാരസമ്പന്നരായ
c. ഒരു വർഗ്ഗക്കാർ
d. ഉണ്ടായിരുന്നു.

50. ഒരു സൂര്യോദയംകഴിഞ്ഞ് (a) മറ്റൊരു സൂര്യോദയത്തിനിടയിലായ (b) ഇരുപത്തിനാലു (c) മണിക്കൂറാണ് ഒരു ദിവസം. (d)

a. ഒരു സൂര്യോദയംകഴിഞ്ഞ്
b. മറ്റൊരു സൂര്യോദയത്തിനിടയിലായ
c. ഇരുപത്തിനാലു
d. മണിക്കൂറാണ് ഒരു ദിവസം.

51. പണം ചെലവു ചെയ്യുന്ന (a) അധികം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു (b) സമയം ചെലവുചെയ്യുന്ന (c) കാര്യത്തിൽ. (d)

a. പണം ചെലവു ചെയ്യുന്ന
b. അധികം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു
c. സമയം ചെലവുചെയ്യുന്ന
d. കാര്യത്തിൽ

52. നാളത്തെസമയം (a) ഒരു ഭാഗം ഇന്നത്തെ ആവശ്യത്തിനു (b) കടം (c) വാങ്ങാൻ തരമില്ല. (d)

a. നാളത്തെസമയം
b. ഒരു ഭാഗം ഇന്നത്തെ ആവശ്യത്തിനു
c. കടം വാങ്ങാൻ
d. തരമില്ല

53. വലിയപണക്കാരിയായ ഒരുവനെ (a) കണ്ടെത്തുവാനുള്ള (b) അയാളുടെ (c) ശ്രമം സഫലമായില്ല. (d)

a. വലിയപണക്കാരിയായ ഒരുവനെ
b. കണ്ടെത്തുവാനുള്ള
c. അയാളുടെ ശ്രമം
d. സഫലമായില്ല.

54. താഴെക്കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ (a) നിങ്ങൾക്ക് ഏറ്റവും (b) ഇഷ്ടപ്പെട്ടത് (c) ഏതൊക്കെയാണ്? (d)

a. താഴെക്കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ
b. നിങ്ങൾക്ക് ഏറ്റവും
c. ഇഷ്ടപ്പെട്ടത്
d. ഏതൊക്കെയാണ്?

55. ഗീത നന്നായി പാട്ടുപാടുകയും (a) ചിത്രങ്ങൾ വരയ്ക്കുകയും (b) വീട്ടുകാര്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുമെങ്കിലും (c) അവർ തന്റെ (d) മക്കളെ ക്രൂരമായി ശിക്ഷിക്കുകയുമായിരുന്നു.

a. ഗീത നന്നായി പാട്ടുപാടുകയും
b. ചിത്രങ്ങൾ വരയ്ക്കുകയും
c. വീട്ടുകാര്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുമെങ്കിലും
d. അവർ തന്റെ മക്കളെ ക്രൂരമായി ശിക്ഷിക്കുകയുമായിരുന്നു.

56. നാഷണൽ ബാങ്ക് ഓഫ് ഇന്ത്യയുടെ (a) ചില (b) ഓഹരികൾ (c) 135 രൂപവരെ ഉയരുമെന്ന് കേൾക്കുന്നു. (d)

a. നാഷണൽ ബാങ്ക് ഓഫ് ഇന്ത്യയുടെ
b. ചില
c. ഓഹരികൾ
d. 135 രൂപവരെ ഉയരുമെന്ന് കേൾക്കുന്നു.

57. തുണിത്തരങ്ങൾ (a) വില (b) വർദ്ധിച്ചു (c) വരികയാണ്. (d)

a. തുണിത്തരങ്ങൾ
b. വില
c. വർദ്ധിച്ചു
d. വരികയാണ്.

58. താങ്കളോട് അപമര്യാദയായി പെരുമാറിയ (a) ജീവനക്കാരനോട് (b) അതിനെപ്പറ്റി വിശദീകരണം (c) ഒന്നും ആവശ്യപ്പെട്ടില്ല. (d)

a. താങ്കളോട് അപമര്യാദയായി പെരുമാറിയ
b. ജീവനക്കാരനോട് വിശദീകരണം
c. ഒന്നും
d. ആവശ്യപ്പെട്ടില്ല.

59. നിങ്ങളുടെ പ്രയാസങ്ങൾ (a) ഞങ്ങൾക്ക് മനസ്സിലാവുന്നുണ്ടെങ്കിലും (b) അത് ഒരു പരിഹാരം (c) കണ്ടു പിടിക്കാൻ അല്പം ബുദ്ധിമുട്ടുണ്ട്. (d)

a. നിങ്ങളുടെ പ്രയാസങ്ങൾ
b. ഞങ്ങൾക്ക് മനസ്സിലാവുന്നുണ്ടെങ്കിലും
c. അത് ഒരു പരിഹാരം
d. കണ്ടു പിടിക്കാൻ അല്പം ബുദ്ധിമുട്ടുണ്ട്.

60. സാധനങ്ങൾ (a) അയയ്ക്കുന്നതിനുമുൻപേ (b) അവ ഞങ്ങൾ (c) പരിശോധിക്കാൻ പതിവുണ്ട്. (d)

a. സാധനങ്ങൾ
b. അയയ്ക്കുന്നതിനുമുൻപേ
c. അവ ഞങ്ങൾ
d. പരിശോധിക്കാൻ പതിവുണ്ട്.

61. ഞങ്ങളുടെ സ്ഥാപനം താങ്കളുടെ കമ്പനിയുമായി പത്തുവർഷ -
a b c
ത്തിലേറെയായി ഇടപാടുകളുടെ നടത്തുന്നുണ്ട്. .
d

a. ഞങ്ങളുടെ സ്ഥാപനം താങ്കളുടെ
b. കമ്പനിയുമായി
c. പത്തുവർഷത്തിലേറെയായി
d. ഇടപാടുകളുടെ നടത്തുന്നുണ്ട്.

62. ജൂലായ് 20-ആം തീയതിയിലെ താങ്കളുടെ കത്ത് നന്ദി.
a b c d

a. ജൂലായ് 20-ആം തീയതിയിലെ
b. താങ്കളുടെ
c. കത്ത്
d. നന്ദി.

63. ഒരു എഴുത്ത് അയച്ചപ്പോൾ അതിൽ കുറെ വസ്തുതകൾ
a b c
മാത്രമേ കാണാവൂ.
d

a. ഒരു എഴുത്ത്
b. അയച്ചപ്പോൾ
c. അതിൽ
d. കുറെ വസ്തുതകൾ മാത്രമേ കാണാവൂ.

64. ഈ കമ്പനിയിൽ നിന്ന് വാങ്ങുന്ന ഒരു സാധനങ്ങൾക്കും അഞ്ചു
a b c
വർഷത്തെ ഉറപ്പ് നൽകുന്നതാണ്.
d

a. ഈ കമ്പനിയിൽ നിന്ന് വാങ്ങുന്ന ഒരു
b. സാധനങ്ങൾക്കും
c. അഞ്ചു വർഷത്തെ ഉറപ്പ്
d. നൽകുന്നതാണ്.

65. ഒരു സർക്കാർ ഓഫീസിലെ (a) ഉദ്യോഗസ്ഥന്റെ നേരെ (b) ചിലർ (c) ആക്രമിച്ചതായി പരാതി ഉണ്ട്. (d)

a. ഒരു സർക്കാർ ഓഫീസിലെ
b. ഉദ്യോഗസ്ഥന്റെ നേരെ
c. ചിലർ ആക്രമിച്ചതായി
d. പരാതി ഉണ്ട്.

66. വിവാഹം കഴിഞ്ഞ് (a) വധൂവരന്മാർ (b) ദീപം മുൻപിൽ (c) മൂന്നു പ്രാവശ്യം പ്രദക്ഷിണം നടത്തി. (d)

a. വിവാഹം കഴിഞ്ഞ്
b. വധൂവരന്മാർ
c. ദീപത്തിനു മുൻപിൽ
d. മൂന്നു പ്രാവശ്യം പ്രദക്ഷിണം നടത്തി.

67. എന്റെ കുടുംബം (a) സാമ്പത്തികമാകട്ടെ (b) അല്പം (c) പിന്നോക്കമാണ്. (d)

a. എന്റെ കുടുംബം
b. സാമ്പത്തികമാകട്ടെ
c. അല്പം
d. പിന്നോക്കമാണ്.

68. മീശയും വാശിയും (a) ആണെങ്കിലും (b) ധൈര്യവും (c) തന്റേടവും അല്പം കൂടി വേണമായിരുന്നു. (d)

a. മീശയും വാശിയും
b. ആണെങ്കിലും
c. ധൈര്യവും
d. തന്റേടവും അല്പം കൂടി വേണമായിരുന്നു.

69. ലോകത്തുള്ള എല്ലാ സ്ത്രീപുരുഷന്മാരും മനുഷ്യനാണ്.
a b c d

a. ലോകത്തുള്ള
b. എല്ലാ
c. സ്ത്രീപുരുഷന്മാരും
d. മനുഷ്യനാണ്.

70. ശിശുക്കളും ഗർഭിണികളേയും ചികിത്സിക്കുന്ന ആശുപത്രി – യാണിത്.
a b c d

a. ശിശുക്കളും
b. ഗർഭിണികളേയും
c. ചികിത്സിക്കുന്ന
d. ആശുപത്രിയാണിത്.

71. ജന്മവാസന അഭ്യാസംകൊണ്ടും ലോകപരിചയംകൊണ്ട് സംസ്കരിക്കപ്പെടണം.
a b c d

a. ജന്മവാസന
b. അഭ്യാസംകൊണ്ടും
c. ലോകപരിചയംകൊണ്ട്
d. സംസ്കരിക്കപ്പെടണം.

72. സാംക്രമികരോഗങ്ങൾ പകരുന്നതിനുകാരണം അണുക്കൾ കൊണ്ടാണ്.
a b c d

a. സാംക്രമികരോഗങ്ങൾ
b. പകരുന്നതിനുകാരണം
c. അണുക്കൾ
d. കൊണ്ടാണ്.

73. നാട്ടുകാരും വീട്ടുകാരുടേയും എതിർപ്പുകാരണം നാടുവിട്ടു.
a b c d

a. നാട്ടുകാരും
b. വീട്ടുകാരുടേയും
c. എതിർപ്പുകാരണം
d. നാടുവിട്ടു.

74. പരീക്ഷയിൽ ജയിക്കാതിരിക്കാൻ കാരണം ശ്രദ്ധക്കുറവുകൊണ്ടാണ്.
a b c d

a. പരീക്ഷയിൽ
b. ജയിക്കാതിരിക്കാൻ
c. കാരണം
d. ശ്രദ്ധക്കുറവുകൊണ്ടാണ്.

75. പതിവായി ഞാൻ കാപ്പിയാണ് കുടിക്കുക പതിവ്.
a b c d

a. പതിവായി
b. ഞാൻ
c. കാപ്പിയാണ്
d. കുടിക്കുക പതിവ്

76. വെള്ളപ്പൊക്കം മൂലം വീടില്ലാതായവരെ വീണ്ടും പുനരധി -
a b c d
വസിപ്പിക്കേണ്ടതാണ്.

a. വെള്ളപ്പൊക്കം
b. മൂലം
c. വീടില്ലാതായവരെ
d. വീണ്ടും_പുനരധിവസിപ്പിക്കേണ്ടതാണ്.

77. ജാഥയിൽ ഏകദേശം ഇരുപതോളം പേർ പങ്കെടുത്തു.
a b c d

a. ജാഥയിൽ
b. ഏകദേശം
c. ഇരുപതോളം
d. പേർ പങ്കെടുത്തു.

78. നോവലിലെ ഓരോ കഥാപാത്രങ്ങളെപ്പറ്റിയും പറയാനുണ്ട്.
a b c d

a. നോവലിലെ
b. ഓരോ
c. കഥാപാത്രങ്ങളെപ്പറ്റിയും
d. പറയാനുണ്ട്.

C. Sentence Comprehension
വാക്യഗ്രഹണശേഷി

Mark (✓) the correct interpretation of the given sentences out of the 4 choices.
തന്നിരിക്കുന്ന വാക്യത്തിന്റെ ശരിയായ അർഥം തിരഞ്ഞെടുക്കുക.

1 ഉപ്പുതൊട്ടു കർപ്പൂരംവരെ വാങ്ങണം.

a. ഉപ്പു വാങ്ങണം, കർപ്പൂരം വാങ്ങണം..
b. കർപ്പൂരം വാങ്ങണം ഉപ്പു വാങ്ങണ്ട
c. എല്ലാ സാധനങ്ങളും വാങ്ങണം.
d. ഉപ്പും കർപ്പൂരവും വാങ്ങണം.

2. അമേരിയ്ക്കക്കാർക്കു തങ്ങളുടെ ഇന്നത്തെ മഹനീയനില അവർ പ്രാപിയ്ക്കുന്നതിനുള്ള മാർഗ്ഗമദ്ധ്യേ വലിയൊരു വിഘ്നത്തെ നേരിയേണ്ടി വന്നിട്ടുണ്ട്.

a. ഇന്നത്തെ സ്ഥിതി നേടുന്നതിനു അമേരിയ്ക്കക്കാർക്കു പല യാതനകളും സഹിക്കേണ്ടി വന്നിട്ടുണ്ട്.
b. ഇന്നത്തെ സ്ഥിതി നേടുന്നതിനു അമേരിയ്ക്കക്കാരു പല യാതനകളും സഹിക്കേണ്ടി വന്നിട്ടില്ല.
c. ഇന്നത്തെ സ്ഥിതി നേടുന്നതിനു അമേരിയ്ക്കക്കാർക്കു ഒരുവഴിയു ണ്ടായിരുന്നു.
d. ഇന്നത്തെ സ്ഥിതി നേടുന്നതിനു അമേരിയ്ക്കക്കാർക്കു ഒരേയൊരു വഴിയേ ഉണ്ടായിരുന്നുള്ളൂ.

3. അദ്ദേഹം തന്റെ പ്രസംഗം ഉപസംഹരിച്ചു.

a. അദ്ദേഹം എന്നെന്നേയ്ക്കുമായി പ്രസംഗം നിർത്തി.
b. അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചു.
c. അദ്ദേഹം തന്റെ പ്രസംഗം ചുരുക്കിപ്പറഞ്ഞു.
d. അദ്ദേഹം തന്റെ വാക്കുകളുടെ അർഥം പറഞ്ഞു.

4. ഉപ്പും പുളിയും ഇല്ലാത്തവൻ

a. ഉപ്പും പുളിയുമില്ലാതെ നിൽക്കുന്നവൻ.
b. ഒരുവന്റെ കയ്യിൽ ഉപ്പും പുളിയുമില്ല.
c. ചുണയും ചൊടിയുമില്ലാത്തവൻ.
d. ബുദ്ധിയും കൂർമ്മതയുമുള്ളവൻ.

5. നിലാവുണ്ടെന്നു വിചാരിച്ചു വെളുക്കുന്നതുവരെ മോഷ്ടിക്കാൻ പറ്റുമോ?

   a. രാത്രിയിൽ നല്ല നിലാവുണ്ട്. അതുകൊണ്ട് മോഷ്ടിക്കാൻ നല്ല സൗകര്യമാണ്.
   b. നല്ല സന്ദർഭമുണ്ടെന്ന് വിചാരിച്ച് ചൂഷണം ചെയ്യുക.
   c. സന്ദർഭം പരിപൂർണ്ണമായി വിനിയോഗിക്കുക
   d. കിട്ടുന്ന സന്ദർഭം മുഴുവനും പൂർണ്ണമായി ചൂഷണം ചെയ്യാൻ പാടുണ്ടോ?

6. കവചകുണ്ഡലങ്ങളണിഞ്ഞ കർണ്ണൻ രംഗത്തു പ്രവേശിച്ചപ്പോൾ സഭയിലുള്ളവർ യന്ത്രം കൊണ്ടു പൊന്തിച്ചാലെന്നപോലെ ഏഴുന്നേറ്റു.

   a. കർണ്ണനെ കണ്ടയുടൻ ആളുകൾ ആശ്ചര്യപ്പെട്ടുനോക്കി.
   b. കർണ്ണനെ കാണാൻ ആളുകൾ വെമ്പി.
   c. കർണ്ണനെ കണ്ടപ്പോൾ ആളുകൾ ചാടിയെണീറ്റു.
   d. കർണ്ണനെ കണ്ടപ്പോൾ ആളുകൾ എണീറ്റു.

7. ഇന്ത്യൻ ജനാധിപത്യത്തിനു പ്രായമേറുംതോറും ഇന്ത്യയിൽ നിയമ വാഴ്ച ദുർബ്ബലമാകുന്നു.

   a. ഇന്ത്യയിൽ ജനാധിപത്യത്തിനു വയസ്സുകൂടുന്നു.
   b. ജനാധിപത്യം നീണ്ടുനിൽക്കേ നിയമത്തിന്റെ ശക്തി ക്ഷയിക്കുന്നു.
   c. കാലക്രമേണ ജനാധിപത്യത്തിന്റെ ശക്തി ക്ഷയിക്കുന്നു.
   d. കാലക്രമേണ നിയമത്തിന്റെ ശക്തി ക്ഷയിക്കുന്നു.

8. ഇന്നത്തെ രാഷ്ട്രീയത്തിന്റെ തീരാശാപമായി കരുതപ്പെടുന്ന പണം സർവ്വ മൂല്യങ്ങളേയും വിലയ്ക്കു വാങ്ങുന്നു.

   a. പണംകൊണ്ടു രാഷ്ട്രീയത്തിനും മൂല്യങ്ങൾക്കും എന്നെന്നേയ്ക്കും വിലയില്ലാതായി.
   b. പണംകൊണ്ടു മൂല്യങ്ങളുടെ വിലയിടിഞ്ഞു.
   c. പണംകൊണ്ടു രാഷ്ട്രീയത്തിന്റെ ശക്തി ക്ഷയിച്ചു.
   d. പണംകൊണ്ടു രാഷ്ട്രീയത്തിനും മൂല്യങ്ങൾക്കും തൽക്കാലം വിലയില്ലാതായി.

9. ദാരിദ്ര്യംപോലെ തന്നെ രൂക്ഷമായ പ്രശ്നമാണ് സമൂഹത്തിൽ ആകെ പടർന്നു പിടിച്ചുകഴിഞ്ഞ കൈക്കൂലിയും കള്ളത്തരവും, നീചമായ ധനസമ്പാദനവ്യഗ്രത ഒരളവുവരെയെങ്കിലും ബാധിച്ചിട്ടില്ലാത്ത സമൂഹങ്ങൾ വിരളമാണ്.

   a. കൈക്കൂലി ഒരു സാമൂഹ്യപ്രശ്നമാണ്.
   b. ചീത്ത മാർഗ്ഗങ്ങളിലൂടെ പണമുണ്ടാക്കുന്നതാണ് ഇന്നുള്ള ഒരു സാമൂഹ്യപ്രശ്നം.
   c. ഇന്നു സമൂഹത്തിനെ കാർന്നുതിന്നുന്ന പ്രശ്നമാണ് ദാരിദ്ര്യം.
   d. ഇന്നു സമൂഹത്തിനെ കാർന്നുതിന്നുന്ന പ്രശ്നമാണ് കള്ളത്തരം.

10. ജനാധിപത്യത്തിന്റെ ഉള്ളുപൊള്ളയാക്കിയിരിക്കുന്നതിന്റെ കാരണം ജനങ്ങളുടെ ജഡതയാണ്..

   a. ജനാധിപത്യം ഉച്ചകോടിയിൽ വാഴുന്നു.
   b. ജനങ്ങളുടെ കഴിവുകൊണ്ട് ജനാധിപത്യം നിലനിൽക്കുന്നു.
   c. ജനങ്ങളുടെ അശക്തികാരണം ജനാധിപത്യം നിഷ്ക്രിയ മായിരിക്കുന്നു.
   d. ജനാധിപത്യം നിഷ്ക്രിയമായിരിക്കുന്നു.

11. പഞ്ചനക്ഷത്രഹോട്ടലുകളുടെ അറകളിൽനിന്നും ഉരിത്തിരിയുന്ന ആശയങ്ങൾ ഇന്നു ഭരണചക്രം തിരിയ്ക്കുന്നു.

   a. ഭരണമേധാവികൾ മോശമായ രീതിയിൽ ജനിക്കുന്നു.
   b. ഭരണമേധാവികൾ ദുഷ്പ്രവൃത്തികളിൽ ഏർപ്പെടുന്നു.
   c. ഭരണമേധാവികൾ പഞ്ചനക്ഷത്രഹോട്ടലുകളിൽ സമയം പോക്കുന്നു.
   d. ഇന്നുള്ള ഭരണമേധാവികൾ പഞ്ചനക്ഷത്രഹോട്ടലുകളിൽ വെച്ചു തീരുമാനമെടുക്കുന്നു.

12. കമ്പനിമാനേജരുടെ സ്ഥാനം ത്യജിച്ച അദ്ദേഹം തന്റെ കലാവാസനകൾ വികസിപ്പിക്കുന്നതിനുവേണ്ടിയും തൊഴിൽ അവസരങ്ങൾക്കു വേണ്ടിയും പുതിയ മേച്ചിൽ സ്ഥലങ്ങൾ കണ്ടെത്തി.

   a. കമ്പനി മാനേജറിനു തന്റെ അഭിരുചിക്കനുസരിച്ചു പുതിയ ജോലികിട്ടി.
   b. കമ്പനി മാനേജർക്കു പുതിയ ജോലി കിട്ടിയില്ല.
   c. കമ്പനി മാനേജർ പശുക്കൾ മേയുന്ന സ്ഥലത്തു ചെന്നുപെട്ടു.
   d. കമ്പനി മാനേജർ തന്റെ അഭിരുചികൾ വളർത്തുന്നതിന് പശുക്കൾ മേയുന്ന പുൽമേടുകളിൽ ചെന്നിരുന്നു.

13. ശബ്ദങ്ങൾ കേൾക്കുന്നതിലും കരയുന്നതിലും, അംഗസാധാരണതയുള്ള ഒരു ശിശു തന്റെ ശബ്ദത്തിനു താനേ കേൾക്കുന്ന പ്രവണതമൂലം അതിന്റെ കരച്ചിലും കൊഞ്ചലും സമുദായത്തിലെ ഇതരശിശുക്കളിൽ കാണുന്നതു പോലെ രൂപപ്പെടുന്നു.

a. അംഗവൈകല്യങ്ങളുള്ള കുട്ടികൾക്കും മറ്റുള്ള കുട്ടികളെപ്പോലെ കഴിവുകൾ സിദ്ധിക്കുന്നു.

b. അംഗവൈകല്യമില്ലാത്തകുട്ടികളിൽ മാത്രമേ മറ്റുകുട്ടികളെപ്പോലെ ശബ്ദങ്ങൾ രൂപപ്പെടുന്നുള്ളൂ.

c. എല്ലാകുട്ടികളിലും കരച്ചിലും കൊഞ്ചലും രൂപപ്പെടുന്നു.

d. മേൽപ്പറഞ്ഞ പ്രസ്ഥാവനകൾ ഒന്നും ശരിയല്ല.

14. ഭാരതത്തിൽ ജനാധിപത്യത്തിന് ഗൗരവാവഹമായ ഭീഷണികൾ നേരിടുകയും ഏകാധിപത്യപ്രവണതകൾ തിരനോട്ടം നടത്തുകയും ചെയ്തതു അടിയന്തിരാവസ്ഥകാലഘട്ടത്തിലാണ്.

a. അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ ഏകാധിപത്യത്തിന്റെ നാമ്പുകൾ പൊട്ടിവിടർന്നു.

b. അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ ജനാധിപത്യം നാമവശേഷമായി.

c. അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ ജനാധിപത്യവും ഏകാധിപത്യവും നിലനിന്നു.

d. അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ ജനാധിപത്യം നടമാടി.

15. ജീവിതം എത്ര കഠിനമായ സംഘട്ടനകൾ നിറഞ്ഞതാണ്. എത്രയധികം എതിർപ്പുകളെ നേരിടേണ്ടി വരുമെന്നും എന്തെല്ലാം തരത്തിലുള്ള വൈഷമ്യങ്ങളെയും, ഹൃദയവ്യഥകളെയും നേരിട്ടുകൊണ്ടാണ് ഓരോ ദിവസവും തള്ളിനീക്കുന്നത്.

a. ജീവിതം അത്യന്തസുന്ദരമാണ്.

b. ജീവിതം പ്രശ്നരഹിതമാണ്.

c. ജീവിതം യാതനകളുടെ ഒരു പരമ്പരയാണ്.

d. ജീവിതം മധുരസ്വപ്നങ്ങൾ നിറഞ്ഞതാണ്.

16. ഓരോ കുടുംബത്തിനും ഓരോ തറവാട്ടിലും ഓരോ സർപ്പക്കാവുണ്ടായിരുന്ന സംസ്ക്കാരമായിരുന്നു നമ്മുടേത്. എല്ലാം വെട്ടിവെളിപ്പിച്ച് നാണ്യവിളകൾ വെച്ചുകഴിഞ്ഞു.

a. മൺമറഞ്ഞ സർപ്പക്കാവുകൾ നമ്മുടെ സംസ്ക്കാരത്തിന്റെ ചിഹ്നമായിരുന്നു.

b. സർപ്പക്കാവുകൾ നമ്മുടെ സംസ്ക്കാരത്തിലുടലെടുത്തതാണ്.

c. സർപ്പക്കാവുകൾ തറവാട്ടിന്റെ മഹിമയുടെ ചിഹ്നമായിരുന്നു.

d. സർപ്പക്കാവുകൾ നമ്മുടെ സംസ്ക്കാരത്തിന്റെ ഭാഗമാണ്.

17. പാശ്ചാത്യചിന്തകന്മാർ പറഞ്ഞു വെച്ചിട്ടുള്ള നിർവചനങ്ങളുടേയും സിദ്ധാന്തങ്ങളുടേയും ചുവടുപിടിച്ച്ഭാരതത്തിലെ പാരമ്പര്യകലകളെയും അനുഷ്ഠാനകലകളെയും പഠിച്ചാൽ മതിയോ?

a. ഭാരതീയർ തങ്ങളുടെ കലകളെക്കുറിച്ചു സ്വയംബോധവാന്മാരാകുന്നു.

b. പാശ്ചാത്യരെ അനുഗമിച്ചുകൊണ്ടു ഭാരതീയർ ഗവേഷണം നടത്തുന്നു.

c. പാശ്ചാത്യരെ അനുകരിച്ചുകൊണ്ടു ഭാരതീയർ ഗവേഷണം നടത്തുന്നു.

d. ഭാരതീയർ കലകളെക്കുറിച്ചു വിശകലനംചെയ്തു പഠിക്കുന്നു.

18. ഇത്രയേറെ ജാതികളും ഭാഷകളും ആചാരങ്ങളും അനുഷ്ഠാനങ്ങളു – മെല്ലാമുള്ള ഭാരതത്തിന്റെ ആത്മചൈതന്യം ഇനിയുംമെങ്കിലും നാം മനസ്സിലാക്കണം.

a. നമ്മുടെ നാട്ടിൽ ധാരാളം ജാതികൾ ഉണ്ട്.

b. ഭാരതത്തിന്റെ ജീവൻ നിലനിൽക്കുന്നത് നമ്മുടെ ആചാര – സമ്പ്രദായങ്ങളിലും നമ്മൾക്കുള്ള വൈവിദ്ധ്യത്തിലുമാണ്.

c. നമ്മുടെ ആചാരസമ്പ്രദായങ്ങളും വിവിധതരത്തിലുള്ള ജീവിത-രീതിയും നമുക്കു സന്തോഷം നൽകുന്നു..

d. മഹത്തായ ആദർശങ്ങളുടെ നാടാണ് ഭാരതം.

19. സംസ്കൃതത്തിലൂടെ പകർന്നുകിട്ടുന്ന ഒരു സംസ്ക്കാരം നിലനിർത്താതെ ഇന്ത്യയെ നിലനിർത്താമെന്ന് വിചാരിക്കുന്നത് അഭിഭാജ്യമായ ഒരു മൂഢസങ്കല്പമാണ്.

a. ഇന്ത്യക്കു സംസ്കൃതം ആവശ്യമില്ല.

b. ഇന്ത്യ നിലനിൽക്കണമെങ്കിൽ സങ്കല്പം അനിവാര്യമാണ്.

c. ഇന്ത്യനിലനിൽക്കണമെങ്കിൽ സംസ്ക്കാരം അനിവാര്യമാണ്.

d. ഇന്ത്യ നിലനിൽക്കണമെങ്കിൽ സംസ്കൃതം അനിവാര്യമാണ്.

20. ഇന്ത്യയുടെ അഖണ്ഡതയുടെ തിളക്കമേറിയ മുദ്രകൾ കാശ്മീരിന്റെ സംഭാവനയാണ്.

a. കാശ്മീരിൽ നിന്നുമാണ് അഖണ്ഡതക്കു വെല്ലുവിളികൾ ഉണ്ടായത്.

b. ഇന്ത്യ നിലനിൽക്കണമെങ്കിൽ സങ്കല്പം അനിവാര്യമാണ്.

c. ഇന്ത്യനിലനിൽക്കണമെങ്കിൽ സംസ്ക്കാരം അനിവാര്യമാണ്.

d. ഇന്ത്യ നിലനിൽക്കണമെങ്കിൽ സംസ്കൃതം അനിവാര്യമാണ്.

21. പ്രാദേശികഭാഷാപഠനം എന്നു പറഞ്ഞാൽ ആ ഭാഷയുടെ പ്രവർത്തി പഠനമാണ്. ഗ്രഹഭാഷയും അലങ്കാരഭാഷയും വായ്മൊഴിയിൽ നിന്ന് വ്യത്യസ്ഥവുമാണ്.

a. പ്രാദേശികഭാഷ ഗ്രഹങ്ങളിലുള്ള ഭാഷയിൽനിന്നു വ്യത്യസ്തമാണ്.

b. പ്രാദേശികഭാഷ എഴുത്തുഭാഷയാണ്.

c. പ്രാദേശികഭാഷ വായ്മൊഴിയിൽ നിന്നു വ്യത്യസ്തമാണ്.

d. മേൽപ്പറഞ്ഞ പ്രസ്താവനകൾ ഒന്നും ശരിയല്ല.

D. Transformation
രചനാന്തരം

The following sentences are transformed into 4 different types. Mark (✓) the most suitable transformation which does not change the meaning of given sentence.

തന്നിരിക്കുന്ന പ്രയോഗങ്ങളുടെ ശരിയായ രചനാന്തര രൂപങ്ങൾ കണ്ടു പിടിക്കുക.

1. ഇവിടെ വാ.
   a. നീ ഇവിടെ വാ.
   b. നിങ്ങൾ ഇവിടെ വാ.
   c. താങ്കൾ ഇവിടെ വാ.
   d. അങ്ങ് ഇവിടെ വാ.

2. മരുന്നുകൊണ്ടു തലവേദന മാറി.
   a. മരുന്നുകൊണ്ട് തലയിൽ നിന്നുള്ള വേദന മാറി.
   b. മരുന്നുകൊണ്ട് തലയ്ക്കുള്ള വേദന മാറി.
   c. മരുന്നുകൊണ്ട് തലയിലുള്ള വേദന മാറി.
   d. മരുന്നുകൊണ്ട് തലയോടുള്ള വേദനമാറി.

3. രാമൻ എന്തു പറഞ്ഞു?
   a. രാമൻ കൃഷ്ണനോട് പറഞ്ഞു.
   b. രാമൻ രഹസ്യം പറഞ്ഞു.
   c. രാമൻ പതുക്കെ പറഞ്ഞു.
   d. രാമൻ ഇന്നലെ പറഞ്ഞു.

4. കുട്ടി അസുഖത്താൽ വല്ലാതെ കഷ്ടപ്പെട്ടു.
   a. അസുഖം കുട്ടിക്ക് കഷ്ടത്തിലാണ്.
   b. അസുഖവും കുട്ടിയും കഷ്ടത്തിലായി.
   c. അസുഖം കുട്ടിയെ വല്ലാതെ കഷ്ടപ്പെടുത്തി.
   d. കുട്ടി അസുഖത്തെ വല്ലാതെ കഷ്ടപ്പെടുത്തി.

5. രാമനാണ് എലിയെ കൊന്നത്.
   a. രാമൻ എലിയെയാണ് കൊന്നത്.
   b. രാമൻ കൊന്നതാണ് എലി.
   c. രാമൻ എലിയെ കൊന്നു.
   d. രാമനാണ് എലിയെയാണ് കൊന്നത്.

6. രാമൻ പരീക്ഷ എഴുതി ജയിച്ചു.
   a. രാമൻ പരീക്ഷ എഴുതുകയും ജയിക്കുകയും ചെയ്തു.
   b. രാമൻ പരീക്ഷ എഴുതി. രാമൻ പരീക്ഷയിൽ ജയിച്ചു.
   c. പരീക്ഷ എഴുതിയാൽ രാമൻ ജയിച്ചു.
   d. രാമൻ ജയിച്ച പരീക്ഷ എഴുതി..

7. അവൾ അത് ചെയ്തത് ശരിയാണ്.
   a. അവൾ എന്തു ചെയ്തേ അത് ശരിയാണ്.
   b. അവൾ അതു ചെയ്തു എന്നതു ശരിയാണ്.
   c. അവൾ ശരിയായതാണ് ചെയ്തത്.
   d. അവൾ അത് ശരിയായി ചെയ്തു.

8. രാഘവൻ തന്നത്താൻ ശപിച്ചു.
   a. രാഘവൻ രാഘവനെ തന്നെ ശപിച്ചു.
   b. രാഘവൻ തനിയെ ആരെയോ ശപിച്ചു.
   c. രാഘവൻ തന്നെ ആരെയോ ശപിച്ചു.
   d. രാഘവൻ തനിച്ചു ശപിച്ചു.

9. അയാൾ ഊണു കഴിക്കാതെ പോയി..
   a. അയാൾ ഊണു കഴിച്ചില്ല. അയാൾ പോയി.
   b. അയാൾ പോയത് ഊണുക്കഴിക്കാത്തവനായാണ്.
   c. ഊണുകഴിക്കില്ല എന്നുപറഞ്ഞ് അയാൾ പോയി.
   d. ഉണ്ണാതെ അയാൾ പോയ്ക്കളഞ്ഞു.

10. അവൾ ഓടുകയും വരികയും ചെയ്തു.
   a. അവൾ ഓടി വന്നു.
   b. അവൾ ഓടി ; വന്നു.

c. അവൾ ഓടിക്കൊണ്ട് വന്നു.
d. അവൾ ഓടി വന്നിരിക്കുന്നു.

11. രാമൻ കാറു വാങ്ങി അച്ഛനു കൊടുക്കും.
a. രാമൻ അച്ഛനു വേണ്ടി കാറുവാങ്ങും.
b. രാമൻ കാറുവാങ്ങീട്ടുണ്ട്, രാമൻ അത് അച്ഛന് കൊടുക്കും.
c. രാമൻ കാറുവാങ്ങും, അത് അച്ഛന് കൊടുക്കും.
d. രാമൻ അച്ഛന് കൊടുക്കാൻ കാറുവാങ്ങും.

12. ആ ഒരു നല്ല മനുഷ്യൻ വളരെ വിഷമിച്ചു നടക്കുന്നു.
a. നല്ല ആ ഒരു മനുഷ്യൻ വിഷമിച്ചു വളരെ നടക്കുന്നു.
b. ഒരു നല്ല ആ മനുഷ്യൻ വളരെ വിഷമിച്ചു നടക്കുന്നു.
c. ആ നല്ല ഒരു മുഷ്യൻ വളരെ വിഷമിച്ചു നടക്കുന്നത് വളരെയാണ്.
d. വളരെ വിഷമിച്ചു നടക്കുന്നു ആ ഒരു നല്ല മനുഷ്യൻ.

13. കുട്ടികൾ പഠിക്കാൻ സ്ക്കൂളിൽ പോകും.
a. കുട്ടികൾ സ്ക്കൂളിൽ പോകും പഠിക്കും.
b. കുട്ടികൾ സ്ക്കൂളിൽ പോകാൻ പഠിക്കും.
c. കുട്ടികൾ പഠിക്കും, അതിനു സ്ക്കൂളിൽ പോകും.
d. കുട്ടികൾ സ്ക്കൂളിൽ പോയാൽ പഠിക്കും.

14. അവൻ വീട്ടിൽ പോയി, ആ കാര്യം ശരിയാണ്.
a. അവൻ വീട്ടിൽ ശരിയായികാര്യത്തിനു പോയി.
b. അവൻ വീട്ടിൽ പോയി എന്നകാര്യം ശരിയാണ്.
c. അവൻ വീട്ടിൽ പോയത് ശരിയായകാര്യത്തിനാണ്.
d. അവൻ വീട്ടി പോയി എന്നത് ശരിയായ കാര്യമാണ്.

15. അവൻ വീട്ടിൽ പോയി, ആ കാര്യം ശരിയാണ്.
a. അവൻ വീട്ടിൽ ശരിയായി കാര്യത്തിനു പോയി.
b. അവൻ വീട്ടിൽ പോയി എന്ന കാര്യം ശരിയാണ്.
c. അവൻ വീട്ടിൽ പോയത് ശരിയായ കാര്യത്തിനാണ്.
d. അവൻ വീട്ടിൽ പോയി എന്നത് ശരിയായ കാര്യമാണ്.

16. രാമൻ ചായ കഴിച്ചു, രാമൻ പലഹാരം കഴിച്ചു.

a. ചായ കഴിച്ച രാമൻ പലഹാരം കഴിച്ചു.
b. പലഹാരം കഴിച്ച രാമൻ ചായ കഴിച്ചു.
c. രാമൻ ചായയും പലഹാരവും കഴിച്ചു.
d. രാമൻ ചായ പലഹാരംകഴിച്ചുകൊണ്ട് കഴിച്ചു.

17. മന്ത്രി കെട്ടിടം ഉദ്ഘാടനം ചെയ്തു.

a. കെട്ടിടം മന്ത്രിയാൽ ഉദ്ഘാടനം ചെയ്തു.
b. മന്ത്രി കെട്ടിടത്താൽ ഉദ്ഘാടകനായി.
c. മന്ത്രിയുടെ കെട്ടിടം മന്ത്രി ഉദ്ഘാടനം ചെയ്തു.
d. മന്ത്രിയാൽ കെട്ടിടം ഉൽഘാടനം ചെയ്യപ്പെട്ടു.

18. പരീഷ ഇന്നലെ കഴിഞ്ഞു. പരീക്ഷ എളുപ്പമായിരുന്നു.

a. ഇന്നലെ എളുപ്പമായ പരീക്ഷ കഴിഞ്ഞു.
b. എളുപ്പമായ ഇന്നലെ പരീക്ഷ കഴിഞ്ഞു.
c. ഇന്നലെ കഴിഞ്ഞ പരീക്ഷ എളുപ്പമായിരുന്നു.
d. ഇന്നലെ എളുപ്പം പരീക്ഷ കഴിഞ്ഞു.

19. രാമൻ പേന വാങ്ങി. കൃഷ്ണൻ പെൻസിൽ വാങ്ങി.

a. രാമനും കൃഷ്ണനും പേനയും പെൻസിലും വാങ്ങി.
b. രാമൻ, കൃഷ്ണൻ എന്നിവർ പേനയും പെൻസിലും വാങ്ങി.
c. രാമൻ പേനയും കൃഷ്ണൻ പെൻസിലും വാങ്ങി.
d. രാമനും കൃഷ്ണനും വാങ്ങിയത് പേനയും പെൻസിലുമാണ്.

20. മിഠായിക്ക് രുചിയുണ്ട്. അമ്മ മിഠായി വാങ്ങി.

a. അമ്മ വാങ്ങിയ രുചിയുള്ള മിഠായി.
b. അമ്മ വാങ്ങിയ മിഠായിക്ക് രുചിയുണ്ട്.
c. അമ്മ രുചിനോക്കി മിഠായി വാങ്ങി.
d. അമ്മയുടെ മിഠായി രുചിയുള്ള മിഠായി.

21. അംഗവൈകല്യമുള്ള എത്രയെത്ര പേരാണ് നമ്മുടെ നാട്ടിലുള്ളത്!

a. അംഗവൈകല്യമുള്ള വളരെപ്പേർ നാട്ടിലുണ്ട്.
b. അംഗവൈകല്യമുള്ള എത്ര പേരുണ്ട്.

c. വികലാംഗർ അധികം കാണുന്നത് നമ്മുടെ നാട്ടിലാണ്.

d. വികലാംഗരുടെ നാടാണ് നമ്മുടെ നാടിനെ ഹനിക്കില്ല.

22. അനേകായിരം ശില്പികൾ ദീർഘകാലംകൊണ്ട് പണിതതാണ് ഈ കൊട്ടാരം.

a. ഈ കൊട്ടാരം അനേകായിരം ശില്പികളാൽ പണിയപ്പെട്ടതാണ്.

b. ഈ കൊട്ടാരം ശില്പികളാണ് തീർത്തത്.

c. ശില്പികൾ കൊട്ടാരം പണിതു.

d. ഈ കൊട്ടാരം ദീർഘകാലംകൊണ്ടാണ് പണിതത്.

23. പ്രാചീന ഭാരതത്തിലെ ചക്രവർത്തിമാരുടെ പ്രോത്സാഹനം കവികൾക്കു ലഭിച്ചിരുന്നു.

a. പ്രാചീന ഭാരതത്തിലെ ചക്രവർത്തിമാർ കവികളെ പ്രോത്സാഹിച്ചിരുന്നു.

b. പ്രാചീന ഭാരതത്തിലെ ചക്രവർത്തിമാർ കവികളാൽ പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു.

c. പ്രാചീന ഭാരതത്തിൽ ചക്രവർത്തിമാർക്ക് സഹകരണം ലഭിച്ചു.

d. ചക്രവർത്തിമാർ പ്രാചീന ഭാരതത്തിൽ കവികളെ പ്രോത്സാഹിപ്പിച്ചില്ല.

24. സത്യാഗ്രഹം ഗാന്ധിജിയാൽ ശക്തിമത്തായ ഒരു ആയുധമാണ്.

a. ഗാന്ധിജി സത്യാഗ്രഹത്തെ ശക്തിമത്തായ ആയുധമാക്കി.

b. ഗാന്ധിജിയുടെ സത്യാഗ്രഹം ശക്തിമത്തായിരുന്നു.

c. ശക്തിമത്തായ സത്യാഗ്രഹത്തോടെയാണ് ഗാന്ധിജി വിജയം വരിച്ചത്.

d. ഗാന്ധിജിയുടെ ശക്തമായ ആയുധം സത്യാഗ്രഹമായിരുന്നു.

25. നേരിട്ടനുഭവിച്ചവർ പറയുന്നത് അസത്യം ! കേട്ടറിഞ്ഞവർ പറയുന്നത് സത്യം, ഇതല്ലേ വിഡ്ഢിത്തം.

a. അനുഭവസ്ഥർ പറയുന്നത് അസത്യം. കേട്ടവർ പറയുന്നത് സത്യം. ഇത് വിഡ്ഢിത്തമാണ്.

b. നേരിട്ടനുഭവിച്ചവരും കേട്ടറിഞ്ഞവരും വിഡ്ഢികളാണ്.

c. നേരിട്ട് അനുഭവിച്ചവർ പറഞ്ഞത് സത്യവും കേട്ടവർ പറഞ്ഞത് വിഡ്ഢിത്തവും.

d. അനുഭവസ്ഥരും കേട്ടറിഞ്ഞവരും വിഡ്ഢികളാണ്.

26. രക്ഷിതാക്കൾ നിക്ഷേപിക്കുന്ന തുക കുട്ടികളുടെ ഭാവിക്കുവേണ്ടിയാണ്.

a. രക്ഷിതാക്കളാൽ നിക്ഷേപിക്കപ്പെടുന്ന തുക കുട്ടികളുടെ ഭാവിക്കല്ല.

b. രക്ഷിതാക്കളാൽ നിക്ഷേപിക്കപ്പെട്ടതുക കുട്ടികളുടെ ഭാവിക്കു വേണ്ടിയുള്ളതാണ്.

c. രക്ഷിതാക്കൾ കുട്ടികളുടെ ഭാവിക്കുവേണ്ടി നിക്ഷേപിക്കണം.

d. രക്ഷിതാക്കളുടെ നിക്ഷേപത്തിലാണ് കുട്ടികളുടെ ഭാവി..

27. വിദ്യാർഥിയെ കുറ്റപ്പെടുത്തുവാൻ വഴിപോക്കന് എന്തധികാരം?

a. ഒരു വിദ്യാർഥിയെ കുറ്റപ്പെടുത്തുവാൻ വഴിപോക്കന് യാതൊരധി-കാരവുമില്ല.

b. വിദ്യാർഥിയെയും കുറ്റപ്പെടുത്തുവാൻ വഴിപോക്കനു കാര്യമില്ല.

c. വിദ്യാർഥികൾക്കും വഴിപോക്കനും തമ്മിൽ യാതൊരു ബന്ധവുമില്ല.

d. വിദ്യാർഥികൾക്ക് വഴിപോക്കന്റെ ഉപദേശം ആവശ്യമില്ല.

28. തുടർച്ചയായി മഴ പെയ്തുകൊണ്ടിരുന്നതിനാൽ ഇന്ന് വിദ്യാർഥികൾ കുറവായിരുന്നു.

a. മഴ തുടർച്ചയായി പെയ്തിരുന്നതിനാൽ വിദ്യാർഥികൾ കുറവായിരുന്നു.

b. മഴ തുടർച്ചയായി പെയ്തുകൊണ്ടിരുന്നതിനാൽ ഇന്ന് വിദ്യാർഥികൾ അധികമില്ലായിരുന്നു.

c. മഴ കാരണമാണ് വിദ്യാർഥികൾ കുറവായിരുന്നത്.

d. മഴയുള്ള ദിവസം വിദ്യാർഥികൾ കുറവായിരിക്കും.

29. നമ്മുടെ മഹത്തായ പാരമ്പര്യത്തെ ചൊല്ലി ആരാണ് പുളകം കൊള്ളാത്തത്..

a. നമ്മുടെ മഹത്തായ പാരമ്പര്യത്തെ ചൊല്ലി എല്ലാവരും പുളകം കൊള്ളുന്നു.

b. മഹത്തായ നമ്മുടെ സംസ്കാരം ആരെയാണ് പുളകം കൊള്ളി -ക്കാത്തത്.

c. തമ്മിലുള്ള പാരമ്പര്യമാണ് നമ്മെ പുളകം കൊള്ളിക്കുന്നത്.

d. നമ്മുടെ പാരമ്പര്യമാണ് നമ്മുടെ പുളകം.

30. തെളിവുകളെല്ലാം പ്രതികൂലമായാൽ ന്യായാധിപൻ തീർച്ചയായും പ്രതിയെ ശിക്ഷിക്കും.

a. തെളിവുകളെല്ലാം പ്രതികൂലമായാൽ ന്യായാധിപൻ തീർച്ചയായും പ്രതിയെ ശിക്ഷിക്കാതിരിക്കില്ല.

b. പ്രതികൂലമായ തെളിവുകളാണെങ്കിൽ പ്രതി ശിക്ഷിക്കപ്പെടും.

c. തെളിവുകളാണെങ്കിൽ പ്രതിയെ ശിക്ഷിച്ചേ മതിയാവൂ.

d. തെളിവുകളുടെ അടിസ്ഥാനത്തിൽ ന്യായാധിപനാൽ പ്രതി ശിക്ഷിക്കപ്പെട്ടു.

31. വാല്മീകിമഹർഷി രാമായണം രചിച്ചു.

a. രാമായണം വാല്മീകി മഹർഷിയാൽ രചിക്കപ്പെട്ടു.

b. രാമായണം വാല്മീകിയുടേതാണ്.

c. വാല്മീകിയാൽ രചിക്കപ്പെട്ട രാമായണം.

d. വാല്മീകിയുടെ രചനയാണ് രാമായണം.

32. പല മഹാമാരികൾക്കും കാരണം രോഗാണുക്കൾ തന്നെയാണ്.

a. പല മഹാമാരികൾക്കും കാരണം രോഗാണുക്കളല്ലാതെ മറ്റൊന്നുമല്ല.

b. മഹാമാരികൾ രോഗാണുക്കളാലാണ് പകർത്തപ്പെടുക.

c. വാല്മീകിയാൽ രചിക്കപ്പെട്ട രാമായണം.

d. പല മഹാമാരികളും രോഗാണുക്കൾ പകരുന്നതിലൂടെയാണ്.

33. ദേശാഭിമാനവും രാജ്യസ്നേഹവും കൂടാതെ യഥാർഥ പൗരന് ജീവിക്കാൻ കഴിയുമോ?

a. ദേശാഭിമാനവും രാജ്യസ്നേഹവും കൂടാതെ യഥാർഥ പൗരന് ജീവിക്കാൻ കഴിയില്ലല്ലോ?

b. ദേശാഭിമാനവും രാജ്യസ്നേഹവുമാണ് ഇവനെ യഥാർത്ഥ പൗരനാക്കുന്നത്.

c. ദേശാഭിമാനം, രാജ്യസ്നേഹം, ഇവ ഒരു പൗരന് സ്ഥായിയായി നിൽക്കേണ്ട ഗുണങ്ങളായിരിക്കും.

d. ദേശാഭിമാനവും രാജ്യസ്നേഹവും ആരെയും അമ്പരപ്പിക്കും.

33. വേദങ്ങളും ഉപനിഷത്തുക്കളുമാണ് നമ്മുടെ സംസ്ക്കാരത്തിന് അടിത്തറ പാകിയിരിക്കുന്നത്.

a. വേദങ്ങളാലും ഉപനിഷത്തുക്കളാലുമാണ് നമ്മുടെ സംസ്ക്കാരത്തിന്റെ അടിത്തറ പാകപ്പെട്ടിരിക്കുന്നത്.

b. വേദത്തിലും ഉപനിഷത്തുകളാലും നമ്മുടെ അടിത്തറ പാകപ്പെട്ടു.

c. ഉപനിഷത്തുക്കളുടെ അടിത്തറ പാകപ്പെട്ടത് വേദങ്ങളാണ്.

d. വേദത്തിന്റേയും ഉപനിഷത്തിന്റെയും അടിത്തറയാണ് നമ്മുടെ സംസ്ക്കാരം.

34. ബുദ്ധിമാനായ രാജാവ്.

a. രാജാവ് ബുദ്ധിമാനായിട്ടുണ്ട്.

b. രാജാവ് ബുദ്ധിമാനാവും.

c. രാജാവ് ബുദ്ധിമാനായേക്കാം.

d. രാജാവ് ബുദ്ധിമാനാണ്.

35. സ്നേഹമുള്ളപെൺകുട്ടി.

a. പെൺകുട്ടികൾക്ക് സ്നേഹമാണ്.

b. പെൺകുട്ടിക്ക് സ്നേഹമാണ്.

c. പെൺകുട്ടിക്ക് സ്നേഹമുണ്ടാവും.

d. പെൺകുട്ടിക്ക് സ്നേഹമായി.

36. ഇവിടെ വരൂ.

a. നിങ്ങൾ ഇവിടെ വരൂ.

b. നിങ്ങൾ ഇവിടെ വരണേ.

c. നിങ്ങൾ ഇവിടെ വരണ്ട.

d. നിങ്ങൾ ഇവിടെ വരുമോ.

37. അവൻ ഉണ്ണാൻ പോയി..

a. അവൻ ഉണ്ണും.

b. അവന് പോകണം.

c. അവന് ഉണ്ണണം.

d. അവൻ ഉണ്ണുന്നതിനുവേണ്ടി പോയി.

38. നീ പോകരുത്.

a. നീ പോ.
b. നീ പോകണ്ടേ
c. നീ പോകാൻ പാടില്ല.
d. എനിക്ക് പോകാമോ.?

39. രാമചരിതം ചീരാമനാൽ എഴുതപ്പെട്ടു.

a. ചീരാമൻ എഴുതി.
b. ചീരാമൻ രാമചരിതം എഴുതി.
c. ചീരാമൻ രാമചരിതം എഴുതും.
d. ചീരാമൻ രാമചരിതം എഴുതിയില്ല.

40. രവി കത്തയക്കുമോ?

a. രവി കത്തയക്കില്ല.
b. രവി കത്ത് അയക്കാം.
c. രവി കത്ത് അയക്കും.
d. രവി കത്ത് അയക്കണം.

41. രവി വരുമെങ്കിൽ പഠിപ്പിക്കും.

a. രവിവരും, രാജു പഠിപ്പിക്കും.
b. രവി വരും, എങ്കിൽ പഠിക്കും.
c. രവി വരും, എങ്കിൽ രവി പഠിപ്പിക്കും.
d. രവി വന്നു എങ്കിൽ പഠിപ്പിക്കും.

42. തകഴി ഒരു നോവലിസ്റ്റാണ്.

a. ഒരു നോവലിസ്റ്റ് തകഴിയാണ്.
b. തകഴി എന്ന നോവലിസ്റ്റ്.
c. നോവൽ എഴുതിയ തകഴി.
d. തകഴി നോവൽ എഴുതുന്നു.

43. കാട്ടിലെ ആന

a. കാട്ടിൽ പോകുന്ന ആന.
b. കാട് ഉണ്ടാകുന്ന ആന

c. കാട്ടാന.
d. കാടും ആനയും.

44. ഞാൻ വീട്ടിൽ പോയി പക്ഷെ ഞാൻ ഊണു കഴിച്ചില്ല.
a. ഞാൻ വീട്ടിൽ പോയി ഊണു കഴിച്ചില്ല.
b. ഞാൻ ഊണു കഴിക്കാതെ വീട്ടിൽ പോയി.
c. ഞാൻ വീട്ടിൽ പോയെങ്കിലും ഊണു കഴിച്ചില്ല.
d. ഞാൻ വീട്ടിൽ പോകാതെ ഊണുകഴിച്ചില്ല.

45. കുട്ടി കരഞ്ഞു. അമ്മ കേട്ടു.
a. കുട്ടി കരഞ്ഞതു അമ്മ കേട്ടു.
b. കുട്ടി കരഞ്ഞിട്ട് അമ്മ കേട്ടു.
c. കുട്ടി കരഞ്ഞിട്ട് അമ്മ കരഞ്ഞു.
d. കുട്ടികരഞ്ഞിട്ട് അമ്മ കരഞ്ഞു.

46. അച്ഛൻ വന്നാൽ ഊണു കഴിക്കാം.
a. അച്ഛൻ വന്നാലേ ഊണു കഴിക്കൂ.
b. അച്ഛൻ വരുമെങ്കിൽ ഊണുകഴിക്കാം.
c. അച്ഛൻ വന്നില്ലെങ്കിൽ ഊണു കഴിക്കില്ല.
d. അച്ഛൻ ഊണുകഴിഞ്ഞിട്ട് വരും.

47. തലവേദന കാരണം ഉറങ്ങി.
a. ഉറങ്ങിയത് തലവേദനയാണ്.
b. ഉറങ്ങിയത് തലവേദനയോടെയാണ്.
c. ഉറങ്ങിയത് തലവേദനയിലാണ്.
d. ഉറങ്ങിയത് തലവേദനകൊണ്ടാണ്.

48. പേനകൊണ്ട് എഴുതി..
a. പേനയാൽ എഴുതി.
b. എഴുതിയത് പോനയോടുകൂടിയാണ്.
c. പേന എടുത്തു എഴുതി.
d. എഴുത്തു പേന കൊണ്ടാക്കി.

49. കുട്ടി ക്ലാസ്സിൽ കയറാതെ പോയി.
    a. കുട്ടി ക്ലാസ്സിൽ കയറിയില്ല.
    b. കുട്ടി കയറാത്ത ക്ലാസ്സിൽ പോയി.
    c. കുട്ടി ക്ലാസ്സിൽ കയറിപോയി.
    d. ക്ലാസ്സിൽ കയറാതെ പോയ കുട്ടി.

50. മരം വീണു പശു ചത്തു.
    a. മരം വീണാണ് പശു ചത്തത്.
    b. പശു വീണാണ് മരം ചത്തത്.
    c. പശു ചത്തിട്ട് മരം വീണു.
    d. മരവും പശുവും ചത്തു വീണു.

51. ജന ഹൃദയം
    a. ജനങ്ങൾക്ക് ഹൃദയമുണ്ട്.
    b. ഹൃദയം കാണിച്ച ജനങ്ങൾ.
    c. ജനങ്ങളിൽ ഹൃദയമുണ്ട്.
    d. ജനങ്ങൾ എന്ന ഹൃദയം.

52. കാറ്റടിച്ചപ്പോൾ വിളക്കുമരം കണ്ണടച്ചു.
    a. വിളക്കുമരം കണ്ണടച്ചപ്പോൾ കാറ്റടിച്ചു.
    b. കാറ്റടിച്ചെങ്കിലും വിളക്കുമരം കണ്ണടച്ചു.
    c. വിളക്കുമരം കണ്ണടച്ചത് കാറ്റടിച്ചപ്പോഴാണ്.
    d. കാറ്റടിച്ച് കണ്ണടച്ചു വിളക്കുമരം.

53. കുട്ടി സമർത്ഥനല്ല.
    a. സമർത്ഥനില്ലാത്ത കുട്ടി.
    b. സമർത്ഥനില്ലാത്ത കുട്ടി.
    c. സമർത്ഥനല്ലാതെ കുട്ടി.
    d. സമർഥനല്ലാത്ത കുട്ടി.

54. ഗർഭനിരോധ ഗുളിക.
    a. ഗർഭം നിരോധിക്കാത്ത ഗുളിക.
    b. ഗർഭം നിരോധിക്കാതെ ഗുളിക.

c. ഗർഭം നിരോധിക്കുന്ന ഗുളിക.
d. ഗർഭം ഉണ്ടാക്കുന്ന ഗുളിക.

55. ഇരുമ്പു കമ്പി

a. ഇരുമ്പുള്ള കമ്പി.
b. ഇരുമ്പുകമ്പിയുണ്ടാക്കി.
c. കമ്പി ഇരുമ്പ് ഉണ്ടാക്കി.
d. കമ്പി ഇരുമ്പ്കൊണ്ട് ഉണ്ടാക്കിയത്.

56. പഴത്തൊലി

a. പഴത്താലുള്ള തൊലി.
b. പഴുത്ത തൊലി.
c. പഴത്തിന്റെ തൊലി.
d. പഴയതൊലി.

57. ഓലപ്പാമ്പ്

a. ഓല എന്ന പാമ്പ്.
b. ഓലയിലെ പാമ്പ്.
c. ഓലയെപ്പോലുള്ള പാമ്പ്.
d. ഓലകൊണ്ടുണ്ടാക്കിയ പാമ്പ്..

58. ഇന്നലെ വന്ന രാമൻ പോയി.

a. രാമൻ ഇന്നലെ വന്നുപോയി.
b. രാമൻ വന്നത് ഇന്നലെയാണ്.
c. രാമൻ ഇന്നലെ വന്നു, രാമൻ പോയി.
d. രാമനാണ് പോയത് ഇന്നലെ വന്നത്.

59. കാര്യമറിയാതെ കളിക്കരുത്.

a. കാര്യമറിയണമെങ്കിൽ കളിക്കണം.
b. കളിക്കണമെങ്കിൽ കാര്യമറിയണം.
c. കാര്യമറിഞ്ഞ് കളിക്കരുത്.
d. കളിയും കാര്യവും അറിയരുത്.

60. ബഹുജനസമ്പർക്കം
   a. ബഹുജനങ്ങൾക്കുള്ള സമ്പർക്കം.
   b. ബഹുജനങ്ങൾ മൂലമുള്ള സമ്പർക്കം.
   c. ബഹുജനങ്ങളോടുള്ള സമ്പർക്കം.
   d. ബഹുജനങ്ങളാലുള്ള സമ്പർക്കം.

61 കാര്യവിചാരം
   a. കാര്യമെന്ന വിചാരം.
   b. കാര്യത്തെപ്പറ്റിയുള്ള വിചാരം.
   c. കാര്യമായ വിചാരം.
   d. കാര്യത്തിലെ വിചാരം.

62. രാമൻ കൃഷ്ണന്റെ കൂടെ കടയിൽ പോയി.
   a. രാമൻ കടയിൽ പോയത് കൃഷ്ണന്റെ കൂടെയാണ്.
   b. രാമൻ കൃഷ്ണന്റെ കടയിൽ കൂടെയാണ് പോയത്.
   c. രാമൻ പോയത് കൃഷ്ണന്റെ കടയിലാണ്.
   d. രാമന്റെകൂടെ കൃഷ്ണൻ തന്റെ കടയിൽ പോയി.

63. കണ്ണാടി വച്ച കുട്ടി.
   a. കുട്ടി കണ്ണാടിയിൽ വച്ചു.
   b. കുട്ടി കണ്ണാടി വച്ചു.
   c. കണ്ണാടിയിൽ വച്ചത് കുട്ടിയാണ്.
   d. കുട്ടി വച്ചതാണ് കണ്ണാടി.

64. കേശവന് ദോശ തിന്നാൻ ആശയുണ്ട്.
   a. കേശവന് ആശതിന്നാൻ ദോശയുണ്ട്.
   b. ആശയുള്ള കേശവൻ ദോശ തിന്നുന്നവനാണ്.
   c. കേശവന് ദോശതിന്നാനാണ് ആശയുള്ളത്.
   d. ദോശക്ക് കേശവനെ തിന്നാൻ ആശയുണ്ട്.

65. പടിപ്പുര
   a. പടി എന്ന പുര.
   b. പടിയ്ക്കലുള്ള പുര

c. പടിയുള്ള പുര
d. പടിപോലെയുള്ള പുര.

66. കടൽക്കാറ്റ്

a. കടയിൽ നിന്നും വരുന്നകാറ്റ്.
b. കടലിലേക്ക് വരുന്ന കാറ്റ്.
c. കടലിലുള്ള കാറ്റ്.
d. കടലിന്റെ കാറ്റ്.

67. രാമൻ പത്തുമണിക്ക് വീട്ടിൽ വരും.

a. രാമൻ എങ്ങനെ വീട്ടിൽ വരും?
b. രാമൻ എപ്പോൾ വീട്ടിൽ വരും?
c. രാമൻ എന്തിന് വീട്ടിൽ വരും?
d. രാമൻ ഏത് വീട്ടിൽ വരും?

68. രാമൻ മരുന്നു വാങ്ങാൻ പോയാൽ മതി.

a. രാമൻ പോയാൽ വരുന്നു വാങ്ങാൻ മതി.
b. രാമൻ മരുന്നുവാങ്ങിയാൽ പോകാൻ മതി.
c. രാമൻ മരുന്നു വാങ്ങുന്നതിനു പോയാൽ മതി.
d. രാമൻ മരുന്നു മതി വാങ്ങാൻ പോകുന്നത്.

69. കരിം കുരങ്ങ് രസായനം.

a. കരിം കുരങ്ങിന് വേണ്ടിയുള്ള രസായനം.
b. കരിം കുരങ്ങുകൊണ്ടുള്ള രസായനം.
c. കരിം കുരങ്ങും രസായനവും.
d. കരിം കുരങ്ങു തരുന്ന രസായനം.

70. കുണ്ടു കിണറ്റിലെ തവളകുഞ്ഞ്.

a. കുണ്ടു കിണറ്റിൽ ചാടിയ തവളകുഞ്ഞ്.
b. കുണ്ടു കിണറ്റിൽ കിടക്കുന്ന തവളകുഞ്ഞ്.
c. കുണ്ടു കിണറ്റിൽ നിന്നും വന്ന തവള കുഞ്ഞ്.
d. കുണ്ടു കിണറ്റിലെ തവളയുടെ കുഞ്ഞ്.

71. ഒത്തു പിടിച്ചാൽ മലയും നീങ്ങും.

a. മലയെ നീക്കുന്ന പിടി.
b. ഒത്ത് പിടിച്ചാൽ നീങ്ങുന്ന മല.
c. ഒത്ത് പിടിച്ചാൽ മലപോലും നീക്കാം.
d. ഒത്ത് പിടിച്ചാൽ മലയിലേക്ക് നീങ്ങും.

72. പയ്യെത്തിന്നാൽ പനയും തിന്നാം.

a. പനയെ പയ്യൻ തിന്നു.
b. പയ്യനെ തിന്നുന്ന പന.
c. പയ്യെ.തിന്നാൽ പനയെപ്പോലും തിന്നാം.
d. പയ്യനെ തിന്നുന്നതിനുള്ള പയ്യൻ.

73. തലമറന്ന് എണ്ണ തേയ്ക്കുന്നവൻ.

a. സ്വന്തം തലയിൽ എണ്ണതേയ്ക്കുന്നവൻ.
b. സ്വന്തം തലയിൽ മറന്ന് എണ്ണ തേയ്ക്കുന്നവൻ.
c. സ്വന്തം തലമറന്ന് മറ്റെവിടെയോ എണ്ണതേയ്ക്കുന്നവൻ.
d. സ്വന്തം എണ്ണ തലയിൽ തേയ്ക്കുന്നവൻ.

74. കാര്യം കാണാൻ കഴതക്കാലും പിടിക്കണം.

a. കഴുതയുടെ കാലു പിടിക്കുന്നവൻ.
b. കഴുതയുടെ കാല് പോലും പിടിച്ച് കാര്യം സാധിക്കുന്നവൻ.
c. കാര്യമായി കഴുതക്കാലു പിടിക്കുന്നവൻ.
d. കഴുതക്കാലിൽ കാര്യം കാണുന്നവൻ.

75. വിചിത്രമായ മനുഷ്യൻ.

a. മനുഷ്യന്റെ വിചിത്രം.
b. മനുഷ്യൻ വിചിത്രമാണ്.
c. മനുഷ്യന്റെ മായമായ ചരിത്രം.
d. മനുഷ്യനാകുന്ന വിചിത്രം.

76. വണ്ടിക്കൂലി കൊടുത്തു.

a. വണ്ടിക്ക് ഉള്ള കൂലിക്കാരൻ.
b. വണ്ടിവാങ്ങാനുള്ള കൂലി.

c. വണ്ടിവിൽക്കാനുള്ള കൂലി.
d. വണ്ടിക്ക് ഉള്ള കൂലി.

77. കുടുംബാസൂത്രണം.

a. കുടുംബവും ആസൂത്രണവും.
b. കുടുംബത്തിലെ സൂത്രങ്ങൾ.
c. കുടുംബവും സൂത്രങ്ങളും.
d. കുടുംബത്തിന്റെ ആസൂത്രണം.

78. രത്നച്ചുരുക്കം.

a. രത്നമായ ചുരുക്കം.
b. രത്നവും ചുരുക്കവും.
c. രത്നത്തിന്റെ ചുരുക്കം.
d. ചുരുക്കിപ്പറഞ്ഞത്.

E. . Formal Grammar
രചനാന്തര വ്യാകരണം

Mark (✓) the correct answer in accordance with the required grammatical query of each item.

1. രാമൻ ടാക്സി വിളിക്കാൻ പോയിട്ടുണ്ട്.
ഈ വാക്യത്തിൽ എത്ര ക്രിയാരൂപങ്ങളുണ്ട്?

   a. 2
   b. 3
   c. 4
   d. 1

2. ഞാൻ പനി വന്നാൽ (a) ഉടനെ ഡോക്ടറെ കാണാൻ (b) ഓടി (c) വരും (d).
ഈ വാക്യത്തിൽ അടിവരയിട്ട് a, b, c, d എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന നാലുക്രിയാരൂപങ്ങളൊന്നിൽ കാല പ്രത്യയമില്ല. അതേത്?

   a. വന്നാൽ
   b. കാണാൻ
   c. ഓടി
   d. വരും

3. 'ഇളം കാറ്റടിച്ച നേരത്ത് കുറുവടിയുമെടുത്ത് പഴയ പുള്ളികളെ തിരക്കി പല പോലീസുകാരും നടന്നു'. ഈ വാക്യത്തിലെ നാമവിശേഷണങ്ങൾ ഏവ?

   a. കുറു, പഴയ, പുള്ളി
   b. പഴയ, കുറു, പല
   c. കുറു, പല, പോലീസ്
   d. ഇളം, കുറു, പുള്ളി

4. 'ഇന്നലെ വന്ന വണ്ടിയിൽ കുട്ടികൾ ചാടിക്കയറി സഞ്ചരിച്ചു'. ഈ വാക്യം അടിസ്ഥാനപരമായി എത്ര വാക്യങ്ങൾ ഉൾകൊള്ളുന്നു?

   a. 4
   b. 3

c. 2
d. 1

5. താഴെക്കൊടുത്തിരിക്കുന്നതിൽ ഉചിതമായ നിയോജക വാക്യരൂപമേത്?

a. നീ ഇരിക്കൂ.
b. നിങ്ങൾ ഇരി.
c. അങ്ങ് ഇരിക്ക്.
d. താൻ ഇരി.

6. 'അയാൾ എന്നും അമ്പലത്തിൽ പൂജ ചെയ്തുവരുന്നു.' ഈ വാക്യത്തിൽ 'വരുന്നു' എന്നതിന്റെ സൂചന

a. വരുന്നു എന്ന പ്രവൃത്തി
b. ചെയ്യുന്നതിന്റെ തുടർച്ച
c. പ്രവൃത്തി ചെയ്യുന്ന ശീലം
d. പ്രവൃത്തിയുടെ സ്വഭാവം

7. രാമൻ തിയേറ്ററിൽ വെച്ച് കൃഷ്ണനെ കണ്ടു.
ഈ വാക്യത്തിൽ ഇല്ലാത്ത സൂചന.

a. രാമൻ തിയേറ്ററിലുണ്ട്.
b. രാമൻ തിയേറ്ററിലില്ല.
c. കൃഷ്ണൻ തിയേറ്ററിലുണ്ട്.
d. കൃഷ്ണനും രാമനും തിയേറ്ററിലുണ്ട്.

8. 'അവർ ഉറക്കെ സംസാരിച്ചുകൊണ്ട് നേരെ നടന്ന് നന്നേ ക്ഷീണിച്ചു തിരിച്ചെത്തി'. ഈ വാക്യത്തിലെ ക്രിയാവിശേഷണങ്ങൾ.

a. ഉറക്കെ, നേരെ, നന്നേ
b. കൊണ്ട്, നടന്ന്, ക്ഷീണിച്ച്
c. തിരിച്ച്, നേരെ, കൊണ്ട്
d. നന്നേ, കൊണ്ട്, തിരിച്ച്

9. 'കുട്ടിയുടെ കൈയ്യേൽ പിടിച്ച് വരമ്പത്തുകൂടി നടന്ന് പടിക്കൽ എത്തിയപ്പോൾ വീട്ടിൽ ആളനക്കമില്ല'. ഈ വാക്യത്തിൽ ആധാരികാവിഭക്തിയെ കുറിക്കുന്ന എത്ര പ്രത്യയങ്ങളുണ്ട്?

a. 2
b. 1

c. 4
d. 3

താഴെക്കൊടുത്തിരിക്കുന്നവയെ പിരിച്ചെഴുതുക.

10. പഠിച്ചോളണം

a. പഠിച്ച് + ഓളണം
b. പഠിച്ച് + കൊള്ളൻ + വേണം
c. പഠിച്ചോളൂ + വേണം
d. പഠി + ച്ചോളണം

11. കണ്ടോണ്ടിരിക്കണ്ട

a. കണ്ട് + കൊണ്ട് + ഇരിക്കൽ + വേണ്ട
b. കണ്ടോ + ഉണ്ട് + ഇരിക്ക് + വേണ്ട
c. കണ്ടോണ്ട് + ഇരിക്കണം + ആ
d. കണ്ടോ + ഉണ്ട് + ഇരി + കണ്ടാ

12. ഇത്യാദി

a. ഇത് + ആദി
b. ഇത്യാ + ദി
c. ഇതി + ആദി
d. ഇ + ത്യാദി

13. വാഗ്വാദം

a. വാഗ് + വാദം
b. വാക് + വാദം
c. വാഗ്വാ + ദം
d. വാ + ഗ്വാദം

14. തന്നിരിക്കുന്ന നാലു തദ്ധിതരൂപങ്ങളിൽ ഒന്നു ശരിയല്ല. അതേത്?

a. സത്വാ - സാത്വികത
b. പൂർണ്ണം - പൂർണ്ണിമ
c. യന്ത്രം - യാന്ത്രികത്വം
d. സരളം - സരളത

താഴെക്കൊടുത്തിരിക്കുന്ന വാക്യങ്ങൾ ഏതു പ്രകാരത്തിലുള്ളതെന്നു സൂചിപ്പിക്കുക:

15. പശുവിനെ പുല്ലുതീറ്റിക്കുന്നു.

    a. ലഘുവാക്യം
    b. സങ്കീർണ്ണ വാക്യം
    c. സംയുക്തവാക്യം
    d. ലുപ്തവാക്യം

16. ഒരു ദിവസം അമ്പലത്തിൽ ഉത്സവമുണ്ട്.

    a. ലഘു വാക്യം
    b. സങ്കീർണ്ണ വാക്യം
    c. സംയുക്ത വാക്യം
    d. ലുപ്ത വാക്യം

17. നാട്ടുകാർ എതിർപ്പും വെറുപ്പും പ്രകടിപ്പിച്ചു.

    a. ലഘുവാക്യം
    b. സങ്കീർണ്ണ വാക്യം
    c. സംയുക്തവാക്യം
    d. ലുപ്തവാക്യം

18. അയാൾക്ക് ചെലവാക്കാൻ പണമുണ്ട്, പക്ഷേ തരമില്ല.
    ഈ വാക്യത്തിലെ 'പക്ഷേ തരമില്ല' എന്ന വാക്യം.

    a. ലഘുവാക്യം
    b. സങ്കീർണ്ണ വാക്യം
    c. സംയുക്തവാക്യം
    d. ലുപ്തവാക്യം

19. രാമൻ ഓടിയാണ് പോയത്.

    a. ലഘു വാക്യം
    b. സങ്കീർണ്ണ വാക്യം
    c. സംയുക്ത വാക്യം
    d. ലുപ്ത വാക്യം

20. രാമാ, നീ ഇവിടെ വാ.

a. ലഘു വാക്യം
b. സങ്കീർണ്ണ വാക്യം
c. സംയുക്ത വാക്യം
d. ലുപ്ത വാക്യം

21. താഴെക്കൊടുത്തിരിക്കുന്ന ക്രിയകളിൽ പ്രവൃത്തിയെ കുറിക്കാത്തതേത്?

a. ഓടി
b. അടിച്ചു
c. കിട്ടി
d. കൊടുത്തു

22. താഴെക്കൊടുത്തിരിരക്കുന്ന ക്രിയകളിൽ പ്രവൃത്തിയെ കുറിക്കുന്നത് ഏത്?

a. തോണി
b. വിയർത്തു
c. വേണം
d. മുറിച്ചു

23. എനിക്കു തീരെ വയ്യ. <u>മേലാസകലം</u> വല്ലാതെ <u>വേദനിക്കുന്നു.</u>
ഈ വാക്യത്തിൽ രണ്ടു വാക്കുകൾ അടിവരയിട്ടു കാണിച്ചിരിക്കുന്നു. അവ ഏതു രൂപങ്ങളാണ്?

a. ക്രിയാരൂപങ്ങൾ
b. വിശേഷണരൂപങ്ങൾ
c. നാമരൂപങ്ങൾ
d. സഹായകക്രിയാരൂപങ്ങൾ

24. ചോദ്യം : " പത്തു രൂപാ കടം തരാമോ?"
മുകളിലത്തെ ചോദ്യത്തിനു ഏറ്റവും അനുയോജ്യമായ ഉത്തരമേത്. (കടം കൊടുക്കാനിഷ്ടമില്ലെങ്കിൽ)

a. എന്തിനാണ് രൂപാ?
b. കടം ചോദിക്കുന്നത് ശരിയാണോ?
c. എന്റെ കയ്യിൽ എവിടെയാ രൂപ?
d. എന്താണിത്ര അത്യാവശ്യം?

25. 'ആളുകൾ ഓടിവന്നെങ്കിലും അയാളെ തൊടാൻ ധൈര്യപ്പെടാതെ മാറിനിന്നു'. ഈ സങ്കീർണ്ണവാക്യത്തിലെ പ്രധാനവാക്യം ഏത്?

a. ആളുകൾ ഓടിവന്നു.
b. ആളുകൾ ധൈര്യപ്പെട്ടില്ല.
c. ആളുകൾ മാറി നിന്നു.
d. ആളുകൾ അയാളെ തൊട്ടില്ല.

26. 'അതിപ്രതാപശാലി ആയിരുന്ന നമ്മുടെ പൂർവ്വീകരെല്ലാം കാല യവനികയ്ക്കുള്ളിൽ മറഞ്ഞു പോയി. ഇതിലെ അനുപ്രയോഗങ്ങൾ താഴെപ്പറയുന്നവയാണ്.

a. അതി, നമ്മുടെ, കാല
b. ആയി, മറഞ്ഞു
c. പ്രതാപശാലി, പൂർവ്വീകർ, യവനിക
d. ഇരുന്നു, പോയി

27. 'ചുവന്ന പൂക്കൾ തുന്നിപ്പിടിപ്പിച്ച പച്ചസാരി ധരിച്ച ഒരു സുന്ദരിയെ പ്പോലെ മനോഹരമായിരുന്നു ഈ ഉദ്യാനം.' ഇതിലെ ഭേദകങ്ങൾ താഴെ ചേർക്കുന്നു:

a. പൂക്കൾ, സാരി, സുന്ദരി, ഉദ്യാനം
b. ചുവന്ന, പച്ച
c. ഒരു, ഈ
d. മനോഹരം, തുന്നി.

28. അച്ഛനമ്മമാർ _____ . പിരിച്ചെഴുതിയ ശരിയായ രൂപം.

a. അച്ഛന്റെ അമ്മമാർ
b. അച്ഛന്മാരും അമ്മമാരും
c. അച്ഛനും അമ്മയും
d. അച്ഛനോ അമ്മയോ

29. സ്വാതന്ത്ര്യം നമ്മുടെ ജന്മാവകാശമാണ് _____ അടിവരയിട്ട വാക്കു താഴെ ചേർക്കുന്ന വിഭാഗത്തിൽപെടുന്നു.

a. ക്രിയ
b. ക്രിയാനാമം

c. നാമം
d. തദ്ധിതം

30. 'ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവയാണ് ഭാരതിയരുടെ പുരുഷാർത്ഥങ്ങൾ _____'. ഈ വാക്യത്തിൽ അനുനാസികാതി പ്രസരമുള്ള രൂപമേത്?

a. ധർമ്മം
b. അർത്ഥം
c. ഭാരതീയർ
d. പുരുഷാർത്ഥങ്ങൾ

31. പഴഞ്ചൊല്ലുകൾ നമ്മുടെ ഭാഷയുടെ വിലപ്പെട്ട സമ്പത്താണ് _____ അടിവരയിട്ട പദത്തിലെ സന്ധിയെന്ത്?

a. ലോപം
b. ദ്വീനം
c. ആഗമം
d. ആദേശം

32. 'വീരത്വം പല പ്രകാരത്തിലുണ്ട് _____'. അടിവരയിട്ട പദം ഏതു വിഭാഗത്തിലുൾപ്പെടും?

a. ക്രിയ
b. ക്രിയാനാമം
c. തദ്ധിതം
d. നാമവിശേഷണം

33. അച്ചടിയിൽ കാണുന്നതെന്തും വിശ്വസിക്കുന്നത് അബദ്ധമാണ് അടിവരയിട്ട പദത്തിൽ ഉപയോഗിച്ചിരിക്കുന്ന വിഭക്തിയെന്ത്?

a. പ്രതിഗ്രാഹിക
b. ഉദ്ദേശിക
c. സംബന്ധിക
d. ആധാരിക

34. വാക്യത്തിലെ നാമരൂപങ്ങൾ കണ്ടുപിടിക്കുക.

വാലുപോയ കുരങ്ങന്റെ കഥ നിങ്ങൾക്ക് അറിയാമോ?

a. കുരങ്ങന്റെ വാലുപോയ കഥ നിങ്ങൾക്ക് അറിയാമോ?
b. പോയ കുരങ്ങൻ, വാലിന്റെ കഥ, നിങ്ങൾ അറിയാം
c. വാല്, കുരങ്ങൻ, കഥ നിങ്ങൾ
d. അറിയാമോ, കരങ്ങന്റെ, കഥ, നിങ്ങൾക്ക്.

35. ക്രിയാധാതുക്കൾ മാത്രം കണ്ടുപിടിക്കുക.

കാലാവധി നീണ്ടുപോയാൽ സമയത്തിന് ലേലം നടത്താൻ ബുദ്ധി മുട്ടുണ്ടാവും.

a. കാലാവധി, പോയാൽ, സമയത്തിന്, ഉണ്ടാകും
b. നീള്, പോര്, നടക്ക്, ഉണ്ടാക്
c. കാലാവധി, ലേലം നടക്കാൻ, ബുദ്ധിമുട്ട്, ഉണ്ടാകും
d. ലേലം, കാലാവധി, ബുദ്ധിമുട്ട്, ഉണ്ട്.

36. നാമരൂപങ്ങൾ മാത്രം കണ്ടുപിടിക്കുക

a. സമീപസ്ഥവും വിദൂരസ്ഥവുമായ ഇടിമിന്നലിൽനിന്ന് വൈദ്യുതി പ്രവഹിക്കുന്നു.
b. സമീപസ്ഥം, വിദൂരസ്ഥം, ഇടിമിന്നൽ, പ്രവാഹം
c. പ്രവഹിക്ക്, ഇടിമിന്നലിൽ, സമീപം, വിദൂരം
d. ഇടി, മിന്നൽ, വിദൂരസ്ഥമായ, സമീപസ്ഥമായ.

37. വിശേഷണപദങ്ങൾ മാത്രം കണ്ടുപിടിക്കുക.

ഏറ്റവും ശക്തമായ റോഡുണ്ടെങ്കിലെ വലിയ വാഹനങ്ങൾക്ക് സൗകര്യപൂർവ്വം പോകാനാവൂ.

a. ഏറ്റവും വലിയ, സൗകര്യപൂർവ്വം, ശക്തമായ
b. ഏറ്റവും ശക്തി, റോഡ്, വാഹനങ്ങൾ, പോവ്
c. ശക്തമായ റോഡ്, റോഡുണ്ടെങ്കിലെ, സമീപസ്ഥമായ
d. വലിയ വാഹനങ്ങൾ, ശക്തമായ റോഡ്, സൗകര്യവൂർവ്വം

38. *തന്നിരിക്കുന്ന വാക്യത്തിലെ സ്ത്രീലിംഗരൂപങ്ങൾ മാത്രം ഉള്ളവ തെരഞ്ഞെടുക്കുക.*

ദേവിദേവന്മാരുടെ അനുരാഗത്തിന്റെ ഒരു ദൃശ്യമാണ് പ്രിയതമ തന്റെ കാമുകനോട് പറഞ്ഞത്. അതുകേട്ട് പ്രിയതമൻ പ്രാണപ്രിയേ എന്ന് വിളിച്ച് ആ സതീരത്നത്തെ കെട്ടിപ്പുണർന്നു.

a. ദേവീദേവന്മാർ, പ്രിയതമനും കാമുകനും, സതിയും രത്നവും
b. സതീരത്നം, പ്രിയതമൻ, ദേവൻ, കാമുകൻ
c. അനുരാഗം, രംഗം, ദൃശ്യം, വിളി
d. പ്രിയതമ, പ്രാണപ്രിയ, സതീരത്നം

39. നിഷ്പന്നരൂപങ്ങൾ കണ്ടുപിടിക്കുക.
സ്പർശനവും ദർശനവും രണ്ടാണ്.

a. സ്പർശനം - ദർശനം
b. ദർശനം - ദർശിക്കൽ
c. സ്പർശിക്കൽ - ദർശിക്കൽ
d. ദർശിക്കുക - സ്പർശിക്കുക

40. നിർദ്ദേശികാ വിഭക്തിയേത്?

a. പിതാവിന്റെ
b. പിതാവിനാൽ
c. പിതാവ്
d. പിതാവോട്

41. പൂജക ബഹുവചനം ഏതിൽ?

a. കുട്ടികൾ
b. സ്വാമികൾ
c. മലകൾ
d. കടകൾ

42. കേവലക്രിയയേത്?

a. ഓടിക്കുന്നു
b. വരുത്തുന്നു

c. ചെയ്യിക്കുന്നു
d. പാടുന്നു

43. മുറ്റുവിനയേത്?
a. ചാടിയാൽ
b. ചിരിച്ചു
c. കണ്ട്
d. പോകാൻ

44. പേരച്ചമല്ലാത്തതേത്?
a. ഓടിയ കുട്ടി
b. വന്ന ആൾ
c. ചത്ത പട്ടി
d. ചാടിപ്പിടിച്ചു.

45. നിയോജകപ്രകാരമേത്?
a. കേട്ടേൻ
b. പോകട്ടെ
c. കരഞ്ഞു
d. ഒരും

46. അനുജ്ഞായക പ്രകാരമല്ലാത്തതേത്?
a. ഉണ്ണാം
b. വരാം
c. തരാം
d. ഉറങ്ങാം

47. കർമ്മണി പ്രയോഗമേത്?
a. കുട്ടി പക്ഷിയെ പിടിച്ചു.
b. അമ്മ പാൽ തന്നു.
c. ഡ്രൈവർ കാറോടിച്ചു.
d. താജ്മഹൽ നിർമ്മിക്കപ്പെട്ടു.

48. തദ്ധിതമല്ലാത്തതേത്?
   a. മണ്ടത്തം
   b. പണ്ടം
   c. പുതുമ
   d. നന്മ.

49. താഴെക്കൊടുത്തിരിക്കുന്നവയിൽ 'ഗതി' യേത്?
   a. കൊണ്ട്
   b. പണ്ട്
   c. കണ്ട്
   d. മണ്ടി.

50. പരിഷ്കൃതാശയൻ – ഇതിലെ സമാസമേത്?
   a. അവ്യയീഭാവൻ
   b. തത്പുരുഷൻ
   c. ദ്വിഗു
   d. ബഹുവ്രീഹി

51. 'അല്ലെന്ന്' – ഇവിടുത്തെ സന്ധിയുടെ പേരെന്ത്?
   a. ആദേശം
   b. ആഗമം
   c. ലോപം
   d. ദ്വിത്വം

52. ദ്വന്ദ്വസമാസമേത്?
   a. യഥാവിധി
   b. രാമലക്ഷ്മണൻമാർ
   c. പങ്കജാക്ഷൻ
   d. തലവേദന

53 തത്പുരുഷസമാസമല്ലാത്തതേത്?
   a. കാവ്യഭംഗി
   b. അന്ധവിശ്വാസം

c. ഈശ്വരഭക്തി
d. രാപകൽ

54. 'കൃത്ത്' ഏത്?

a. ഉച്ച
b. കവർച്ച
c. മൂർച്ച
d. പച്ച

55. 'നെന്മണി' ഇവിടെ ഏത് സന്ധിയാണ്?

a. ആഗമം
b. ആദേശം
c. ലോപം
d. ദ്വിത്വം

56. സമസ്തപദമല്ലാത്തതേത്?

a. നാൻമുഖൻ
b. ചഞ്ചലാക്ഷി
c. കസവൊളി
d. അഞ്ചോ ആറോ

57. വിസർഗ്ഗസന്ധിയേത്?

a. ചിന്മയൻ
b. പുനരപി
c. വാങ്മയം
d. മഹച്ചരിതം

58. സ്വരസന്ധിയല്ലാത്തതേത്?

a. ദേവാലയം
b. അരുണോദയം
c. ഷട്പദം
d. തന്വംഗി

59. പട്ടിണിയെപ്പറ്റി അകംനൊന്തുപാടിയ മലയാളത്തിലെ മഹാനായ മറക്കാ-നാവാത്ത കവിയാണ് രാമപുരത്ത് വാരിയർ.

ഈ വാക്യത്തിൽ പ്രയോഗിച്ചിരിക്കുന്ന നാമ വിഷേഷണങ്ങളുടെ എണ്ണം

a. 2
b. 3
c. 4
d. 1

60. ഈ കവിതയിൽ അനന്തമായ ആകാശത്തിന്റെ അഗാധതയിൽ മുഴുകി പ്പോയ കവിഹൃദയത്തിന്റെ വിവിധഭാഗങ്ങൾ ദർശിക്കാം.

ഈ വാക്യത്തിലെ നാമവിശേണങ്ങൾ

a. അനന്തമായ, വിവിധ, അഗാധതയിൽ
b. അഗാധതയിൽ, മുഴുകിപ്പോയ, അനന്തമായ
c. അനന്തമായ, വിവിധ
d. അനന്തമായ, വിവിധ, മുഴുകിപ്പോയ

61. രഘു ബസ്സിൽവെച്ച് ഗോപിയെ കണ്ടു. സംഭവം നടക്കുമ്പോൾ

a. രഘു ബസ്സിലും ഗോപി ബസ്സിനുവെളിയിലും ആയിരുന്നു.
b. രഘുവും ഗോപിയും ബസ്സിൽ ആയിരുന്നു.
c. ഗോപി ബസ്സിലും രഘു ബസ്സിനുവെളിയിലും ആയിരുന്നു.
d. രണ്ടുപേരും ബസ്സിനു വെളിയിൽ ആയിരുന്നു.

62. പാർട്ടി പ്രവർത്തകർ എല്ലാവരും ചേർന്ന് മന്ത്രിയെ കണ്ട് സംസാരിച്ചു. ഈ വാക്യത്തിൽ പ്രയോഗിച്ചിരിക്കുന്ന വിനയെച്ചം

a. നടുവിനയെച്ചമാണ്.
b. പാക്ഷികവിനയെച്ചമാണ്.
c. തൻവിനയെച്ചമാണ്.
d. മുൻവിനയെച്ചമാണ്.

63. പരിസരത്തെപ്പോലും ശ്രദ്ധിക്കാതെ, പരിവാരത്തെ വിളിക്കാതെ പാഞ്ഞുചെന്ന് ശ്രീകൃഷ്ണൻ കുചേലനെ ആലിംഗനം ചെയ്തു.

ഈ വാക്യത്തിൽ പ്രയോഗിച്ചിരിക്കുന്ന വിനയെച്ചങ്ങളുടെ എണ്ണം

a. 3
b. 2

c. 4
d. 1

താഴെക്കൊടുത്തിരിക്കുന്നവയിൽ

64. താലവ്യസ്വരമേത്?

a. ഴ
b. റ
c. മ
d. ച

65. അനുനാസികമേത്?

a. ക
b. ഗ
c. ങ
d. ഒ

66. ഓഷ്ഠ്യവ്യഞ്ജനമേത് ?

a. പ
b. യ
c. ര
d. ക

67. ദന്ത്യവ്യഞ്ജനമേത് ?

a. ഫ
b. മ
c. ത
d. ണ

68. ചില്ലക്ഷരമേത് ?

a. ഴ
b. ൾ
c. ച
d. അ

69. കൂട്ടക്ഷരമേത് ?

a. പ
b. മ്പ
c. ഥ
d. ഭ

70. താഴെകൊടുത്തിരിക്കുന്ന വാക്യങ്ങളിൽ ആഖ്യയേത് ?
വിദ്യാർത്ഥിയെ ശിക്ഷിച്ചത് അയാളുടെ അച്ഛന്റെ അനുജനാണ്.

a. വിദ്യാർത്ഥി
b. അച്ഛൻ
c. അനുജൻ
d. അയാൾ

71. ആഖ്യാനമേത് ?
വെട്ടുകത്തികൊണ്ട് കൂലിക്കാരൻ മരം മുറിച്ചു.

a. മരംമുറിച്ചു
b. കൂലിക്കാരൻ മുറിച്ചു
c. വെട്ടുകത്തികൊണ്ട് മുറിച്ചു
d. വെട്ടുകത്തികൊണ്ട് മരം മുറിച്ചു.

72. കർമ്മമേത് ?
അമ്മ കുട്ടിക്ക് പാലുകൊടുത്തു.

a. അമ്മ
b. കുട്ടി
c. പാല്
d. കൊടുത്തു

73. പ്രയോജകക്രിയയേത്?
രാമൻ കൃഷ്ണൻ പറഞ്ഞത്കേട്ട് ഗോവിന്ദനെ നന്നായി ഇടിപ്പിച്ചു.

a. പറഞ്ഞത്
b. കേട്ട്
c. നന്നായി
d. ഇടിപ്പിച്ചു

74. *അനുപ്രയോഗമേത്?*
രാമൻ വന്നു കണ്ട് ഇഷ്ടപ്പെട്ട് സ്ഥലം വാങ്ങിക്കളഞ്ഞു.

a. കളഞ്ഞു
b. വന്നു
c. കണ്ട്
d. വാങ്ങി

75. *സംഖ്യാവിശേഷണമേത്?*
ഞാൻ അഞ്ചു നല്ല പുസ്തകങ്ങൾ വാങ്ങി.

a. ഞാൻ
b. നല്ല
c. പുസ്തകം
d. അഞ്ച്

76. *ക്രിയാവിശേഷണമേത്?*
കറുത്ത കുതിര കുതിച്ചു പാഞ്ഞു.

a. കുതിച്ചു
b. കറുത്ത
c. കുതിര
d. പാഞ്ഞു.

77. *വ്യാക്ഷേപകമേത്?*
അയ്യോ ! എനിക്കു തീരെ വയ്യ !

a. തീരെ
b. വയ്യ
c. അയ്യോ
d. എനിക്കു

78. *ഘടകപദമേത്?*
വെള്ളത്തിലൂടെ സൂക്ഷിച്ചു യാത്രചെയ്യണം .

a. വെള്ളം
b. സൂക്ഷിച്ചു
c. ഊടെ
d. യാത്ര

79. *ഗതിരൂപകമേത്?*
പാമ്പിനെ വടികൊണ്ട് വീണ്ടും വീണ്ടും അടിച്ചു.

a. പാമ്പിനെ
b. വടി
c. വീണ്ടും
d. കൊണ്ട്

80. *ഭാവികാലരൂപമേത്?*
ഞാൻ ഭക്ഷണം കഴിച്ചുകഴിഞ്ഞ് ഓടി വരാം.

a. കഴിച്ചു
b. കഴിഞ്ഞ്
c. വരാം
d. ഓടി

81. *പിരിച്ചെഴുതുക.*
ദേവാസുരന്മാർ

a. ദേവാ + സുരന്മാർ
b. ദേവ + അസുരന്മാർ
c. ദോവാസു + രന്മാർ
d. ദേ + വാസു + രന്മാർ

82. *വിഗ്രഹിക്കുക.*
കളിക്കോപ്പ്

a. കളിക്കുന്ന കോപ്പ്
b. കളിക്കാനുള്ള കോപ്പ്
c. കളിയും കോപ്പും
d. കളിയെന്ന കോപ്പ്

Writing and Composition
എഴുത്തും രചനയും 4

Instructions: *It is an objective –type test. For each item 4 choices are given below the entry. The incorrect/correct one is to be marked (✓)*

നിർദ്ദേശം :

A. Spelling
തെറ്റു കണ്ടുപിടിക്കൽ

Mark (✓) the correct spelling out of the given 4 choices.

താഴെ കൊടുത്തിരിക്കുന്ന വാക്കുകളിൽ അക്ഷരതെറ്റില്ലാത്തതു തെരഞ്ഞെടുക്കുക.

1. a. പ്രധാനം
   b. പ്രഥാനം
   c. പ്രധാന്യം
   d. പ്രതാന്യം

2. a. ഉദ്ഭവം
   b. ഉത്ഭവം
   c. ഉൽഫലം
   d. ഉത്പവം

3. a. മനുഷൻ
   b. മാനുഷ്യൻ
   c. മനുഷ്യൻ
   d. നിഷ്യൻ

4. a. പരിപവം
   b. പരിഭാവം
   c. പരിഭവം
   d. പരഭവം

5. a. നീതികരണം
   b. നീതികാരം
   c. നീതികരണം
   d. നീദീകരണം

6. a. വിധാദാവ്
   b. വിഥാതാവ്
   c. വിധാതാവ്
   d. വിഥിദാവ്

7. a. ജ്യേഷ്ഠൻ
   b. ജേഷ്ഠൻ
   c. ജേഷ്ടൻ
   d. ജ്യേഷ്ടൻ

8. a. വിശിഷ്ടം
   b. വൈശിഷ്ടം
   c. വിശിഷ്ടം
   d. വൈശിഷ്ടം

9. a. ധാരാളിത്തം
   b. ധാരാളിദം
   c. ധരാളിത്തം
   d. ധാരാളത്തം

10. a. മാധുരം
    b. മാധുര്യം
    c. മാധിര്യം
    d. മദുരം

11. a. ചക്രവർദ്ധി
    b. ചക്രവർത്തി
    c. ചാക്രവർത്തി
    d. ചക്രവർത്തി

12. a. സാമൂഹ്യപരം
    b. സമൂഹപരം
    c. സമൂഹ്യപരം
    d. സാമൂഹപരം

13. a. നിരീശ്വരൻ
    b. നിരീശരൻ
    c. നീരീശ്വരൻ
    d. നിരേശ്വരൻ

14. a. ഹ്രദ്രോഹം
    b. ഹൃദ്രോഗം
    c. ഹിർദ്രോഗം
    d. ഹൃത്രോഗം

16. a. ഭീരുത്തം
    b. ഭീരത്തം
    c. ഭീരത്വം
    d. ഭീരുത്വം

17. a. മനോഹരം
    b. മനോഹാര്യം
    c. മനഹരം
    d. മനിഹരം

18. a. വികാരം
    b. വിഖാദം
    c. വിഗാരം
    d. വിഘാരം

19. a. പ്രസാതനം
    b. പ്രസാദനം
    c. പ്രസാധനം
    d. പ്രസ്ഥാനം

20. a. കഥ
    b. കത
    c. കദ
    d. കധ

21. a. അതിഥി
    b. അധിഥി
    c. അധിതി
    d. അദിഥി

22. a. വാസ്ഥവം
    b. വാസ്തവം
    c. വാസ്ഥാവം
    d. വാസ്ധവം

23. a. മേഘല
    b. മേഖല
    c. മേഗല
    d. മേകല

24. a. സാർവത്രികം
    b. സാർവത്രീകം
    c. സർവത്രികം
    d. സാർവത്രകം

25. a. സൂഷ്മം
    b. സൂക്ഷ്മം
    c. സുക്ഷ്മം
    d. സൂൽഷ്മം

26. a. സാഷ്ടാംഗം
    b. സാഷ്ഠാംഗം
    c. സാഷ്ഡാംഗം
    d. സാഷ്ഢാംഗം

27. a. സ്പടികം
    b. സ്ഫടികം
    c. സ്ഭടികം
    d. സ്ബടികം

28. a. ശ്രേഷ്ടൻ
    b. ശ്രേഷ്ഠ്യൻ
    c. ശ്രേഷ്ഢൻ
    d. ശ്രേഷ്ഠൻ

29. a. കൃതജ്ഞത
    b. കൃതഞ്ചത
    c. കൃതഞ്ജത
    d. ക്രിതജ്ഞത

30. a. വ്യഞ്ജനം
    b. വ്യജ്ഞനം
    c. വ്യഞ്ഞനം
    d. വ്യജ്ജനം

31. a. യഥേഷ്ടം
    b. യഥേഷ്ഠം
    c. യതേഷ്ടം
    d. യദേഷ്ഠം

32. a. മഹത്വം
    b. മഹത്തം
    c. മഹത്ത്വം
    d. മഹദ്വം

33. a. പ്രദിക്ഷണം
    b. പ്രദക്ഷിണം
    c. പ്രഥക്ഷിണം
    d. പ്രതിഷിതം

34. a. മുഖാന്തിരം
    b. മുഖാന്തരം
    c. മുഹാന്തരം
    d. മുഹാന്തിര

35. a. മിഥുനം
    b. മിദുനം
    c. മിതുനം
    d. മിഥിനം

36. a. സാന്ത്വനം
    b. സാന്തനം
    c. സ്വന്തനം
    d. സ്വാന്ദനം

37. a. സംഗഘാനം
    b. സംഘഗാനം
    c. സങ്കഗാനം
    d. സഘംഗാനം

38. a. പാന്ഥാവ്
    b. പന്താവ്
    c. പന്ഥാവ്
    d. പന്ദാവ്

39. a. സസൂക്ഷ്മം
    b. സുസൂക്ഷ്മം
    c. സുസൂഷ്മം
    d. സസൂഷ്മം

40. a. വിഗ്രഹാരാധന
    b. വിഘ്രഹാരാഥന
    c. വിഗ്രഹാരാഥന
    d. വിഗ്രാഹാരാധന

41. a. സന്നിഗ്ദം
    b. സന്ദിഗ്ദ്ധം
    c. സംന്ദിഗ്ധം
    d. സന്നിഗ്തം

42. a. വിദഗ്ദ്ധൻ
    b. വിധഗ്തൻ
    c. വിധഗ്ധൻ
    d. വിദഗ്ദൻ

44. a. യാദൃച്ഛികം
    b. യാദൃശ്ചികം
    c. യാദൃസ്ചികം
    d. യാദൃച്ഛ്യകം

45. a. വിജ്നാനം
    b. വിജ്ഞാനം
    c. വിഞ്ജാനം
    d. വിഞ്ജാനം

46. a. നിഘണ്ടു
    b. നികണ്ടു
    c. നിഘണ്ഡു
    d. നിഖണ്ടു

47. a. അവസ്ത
    b. അവസ്ഥ
    c. അവസ്താ
    d. അവസ്ത്ത

48. a. അഥവാ
    b. അഥവ
    c. അധവ
    d. അധവാ

49. a. വഷളത്വം
    b. വഷളത്ത്വം
    c. വഷളത്തം
    d. വശളത്തം

50. a. ശ്രേഷ്ടൻ
    b. ശ്രെഷ്ടൻ
    c. ശ്രേഷ്ഠൻ
    d. ശൃഷ്ഠൻ

51. a. പാതിവ്രത്യം
    b. പതിവ്രതം
    c. പതിവൃദ്യം
    d. പാതിവ്രത്യം

52. a. ദാരിദ്ര്യൻ
    b. ദരിദ്ര്യൻ
    c. ദരിധ്രൻ
    d. ദരിദ്രൻ

53. a. സൃഷ്ടാവ്
    b. സ്രഷ്ടാവ്
    c. സൃഷ്ഠാവ്
    d. സ്രഷ്ഠാവ്

54. a. അത്യന്താപേക്ഷിതം
    b. അത്യന്താപേഷിതം
    c. അത്യന്താപോഷിത്വം
    d. അത്യന്താപേഷിത്വം

55. a. കാരാഗൃഹം
    b. കാരാഗ്രഹം
    c. കാരാഗൃഹം
    d. കരാഗ്രഹം

56. a. മനോസ്വിനി
    b. മനൊസ്വനി
    c. മനസ്വിനി
    d. മനസ്വനി

57. a. മേഖള
    b. മേഗല
    c. മേഖല
    d. മേഘല

58. a. വൈരൂപ്യത
    b. വിരൂപത
    c. വൈരൂപത
    d. വിരൂപ്യത

59. a. സബളം
    a. ശാംബളം
    b. ശംബളം
    c. ശാബളം

60. a. അബുജം
    b. അംബജം
    c. അംബുജം
    d. അംമ്പുജം

61. a. ഉത്ഘടനം
    b. ഉദ്ഘടനം
    c. ഉത്വാടനം
    d. ഉദ്ഘാടനം

62. a. കവിയത്രി
    b. കവയിത്രി
    c. കവിയത്ത്രി
    d. കവിയിത്രി

63. a. പക്ഷഭേദം
    b. പക്ഷാഭേദം
    c. പക്ഷബേദം
    d. പക്ഷഭേതം

64. a. വിധുഷി
    b. വിദുഷി
    c. വിദുക്ഷി
    d. വിഭിഷി

65. a. വിരോദം
    b. വിരോധം
    c. വിരോഥം
    d. വിരോതം

66. a. നിരായുധൻ
    b. നിരായുതൻ
    c. നിരയുതൻ
    d. നിരായുദൻ

67. a. അംഭലം
    b. അംബലം
    c. അമ്പലം
    d. അംഫലം

68. a. ഭീകരൻ
    b. ഫീഗരൻ
    c. ഭീകരൻ
    d. ഭീവരൻ

69. a. ആരാഥന
    b. ആരാധന
    c. ആരാതന
    d. ആരാദന

70. a. സാമൂഹകം
b. സാമൂഹികം
c. സാമൂഹ്യം
d. സമൂഹ്യം

71. a. അഭ്യാസം
b. അബ്യാസം
c. അഭ്യസം
d. അപ്യാസം

72. a. അദിഥി
b. അതിതി
c. അതിഥി
d. അധിധി

73. a. ഉദ്യോകസ്ഥൻ
b. ഉദ്യോഗസ്തൻ
c. ഉദ്യോഘസ്തൻ
d. ഉദ്യോഗസ്ഥൻ

74. a. ചാതുരം
b. ചാദുര്യം
c. ചാതുര്യം
d. ചാധുര്യം

75. a. ഔധാര്യം
b അവുതാര്യം
c. അവ്ധാര്യം
d. ഔധാര്യം

76. a. അദ്വൈദം
b. അദ്വൈതം
c. അദ്വേദം
d. അദായിതം

77. a. വൈതഗ്ദ്ധ്യം
    b. വൈതഗ്ദ്ധ്യ
    c. വൈദഗ്ദ്യം
    d. വൈദഗ്ധ്യം

78. a. വ്യവസ്ഥിതി
    b. വ്യവസ്തിതി
    c. വ്യപസ്തിഥി
    d. വ്യവസ്ഥിദി

79. a. പരിബവം
    b. പരിപവം
    c. പരിഫവം
    d. പരിഭവം

80. a. മോഹഭംഗം
    b. മോകഭംഗം
    c. മോഹപംകം
    d. മോഹബക്കം

81. a. അബിമുഖം
    b. അഭിമുകം
    c. അഭിമുഖം
    d. അഭിമുഘം

82. a. പരാതീനം
    b. പരാഥീനം
    c. പരാധീനം
    d. വരാദീനം

83. a. ചന്ദ്രമണ്ടലം
    b. ചന്ദ്രമണ്ഡലം
    c. ചന്ത്രമണ്ണലം
    d. ചന്ദ്രമണ്ണലം

84. a. മഹാത്മാവ്
b. മകാദ്മാവ്
c. മഹാദ്മാവ്
d. മഹാൽമാവ്

85. a. ഭീരുത്തം
b. ഭീരത്വം
c. ഭീരുത്വം
d. ഭീരുത്തം

86. a. അധ്യാത്മികം
b. അദ്യാത്മികം
c. അദ്ധ്യാദ്മകം
d. അദ്യാത്മകം

താഴെക്കൊടുത്തിരിക്കുന്ന വാക്കുകളിൽ അക്ഷരത്തെറ്റുള്ളതേത്?

87. a. നിഷ്ഠ
b. നീർക്കോലി
c. നുഴയുക
d. നൂദനം

88. a. പണസഞ്ചി
b. പത്രാഥിപർ
c. പത്രോസ്
d. പരശുരാമൻ

89. a. മഞ്ജരി
b. തൂക്കുമഞ്ചം
c. ആഞ്ജാപിക്കുക
d. കല്പന

90. a. വാല്മീകി
b. വിചിത്രം

c. വിച്ഛേദിക്കുക
d. വിവേഗി

91. a. വൈശിഷ്ടം
b. വൃതം
c. വ്യാജം
d. വ്യോമസേന

92. a. ശബ്ദിക്കുക
b. ശദാബ്ധം
c. ശതാഭിഷേകം
d. ശതമാനം

93. a. സംബന്തം
b. സമ്മോഹനം
c. സംവരണം
d. സംസർഗ്ഗം

94. a. ഹരിശ്ചന്ദ്രൻ
b. ഹിന്ദുസ്ഥാനി
c. ഹ്രദ്രോഗം
d. ഹ്രസ്വം

B. Idioms and Proverbs
ശൈലിപ്രയോഗവും പഴഞ്ചൊല്ലും

താഴെകൊടുത്തിരിക്കുന്ന പ്രയോഗങ്ങളുടെ അനുയോജ്യമായ അർത്ഥ മേതെന്നു കാണിക്കുക.

1. മിന്നുന്നതെല്ലാം പൊന്നല്ല.
   a. മിന്നുന്ന എല്ലാറ്റിനെയും പൊന്നായി കരുതരുത്.
   b. മിന്നുന്നവയിൽ പൊന്നല്ലാത്തവയും ഉൾപ്പെടും.
   c. ബാഹ്യസൗന്ദര്യം വല്ലപ്പൊഴും നമ്മെ കബളിപ്പിക്കും.
   d. മിന്നുക എന്നതു പൊന്നിന്റെ ഗുണമല്ല.

2. കാക്കയ്ക്കും തൻകുഞ്ഞു പൊൻകുഞ്ഞ്.
   a. കാക്കക്കുഞ്ഞിന്റെ നിറം പൊന്നിന്റെ നിറമാണ്.
   b. കാക്ക അതിന്റെ കുഞ്ഞിനെ പൊന്നുപോലെ കരുതുന്നു.
   c. കാക്കകൾ കുഞ്ഞുങ്ങളെ ശ്രദ്ധിച്ചു വളർത്തുന്നു.
   d. ഏതു ജീവിക്കും സ്വന്തമായവയോടു പ്രത്യേക താല്പര്യം ഉണ്ട്.

3. കൊല്ലക്കുടിയിൽ സൂചി വിൽക്കരുത്.
   a. കൊല്ലന്മാർ സൂചി വില്ക്കുന്നു.
   b. കൊല്ലന്മാർ സൂചി നിർമ്മിക്കുന്നവരാണ്.
   c. കൊല്ലന്മാരുടെ വീടുകൾ സൂചി വില്പനയ്ക്കു കൊണ്ടു വന്നവയല്ല.
   d. കൂടുതൽ അറിവുള്ളവരുടെ മുൻപിൽ സ്വന്തം അറിവു പ്രകടിപ്പിക്കരുത്.

4. തേജോവധം ചെയ്യുക
   a. തീയിലിട്ടു കൊല്ലുക
   b. അല്പാല്പമായി കൊല്ലുക
   c. കൊല്ലാതെ കൊല്ലുക
   d. ശക്തി നശിപ്പിക്കുക

5. കുറുക്കുവഴികൾ
   a. എളുപ്പമാർഗ്ഗം
   b. വളഞ്ഞവഴി

c. കൃത്രിമം
d. കൗശലം

6. നെല്ലിപ്പലക
a. ഭീകരത
b. ശക്തി
c. അവസാനം
d. ആധിക്യം

7. മുതലക്കണ്ണീർ
a. വലിയകരച്ചിൽ
b. മുതലയുടെ കണ്ണുനീര്
c. വിലാപം
d. ദുഃഖാഭിനയം

8. മഞ്ഞപ്പത്രങ്ങൾ
a. മഞ്ഞക്കടലാസിലടിച്ച പത്രങ്ങൾ
b. മഞ്ഞലിപിയിലടിച്ച പത്രങ്ങൾ
c. കൊലപാതകങ്ങളെപ്പറ്റി എഴുതുന്ന പത്രങ്ങൾ
d. പരദൂഷണത്തിനു പ്രാധാന്യം നൽകുന്ന പത്രങ്ങൾ

9. ചരടുവലികൾ
a. രഹസ്യനീക്കങ്ങൾ
b. തൻകാര്യം നേടൽ
c. കൊലപാതകങ്ങൾ
d. ജനസേവനം

10. തുടച്ചുനീക്കുക
a. ലഘൂകരിക്കുക
b. ഇല്ലാതാക്കുക
c. മാറ്റം വരുത്തുക
d. പരിഷ്ക്കരിക്കുക

11. അണ്ടികളഞ്ഞ അണ്ണാനെപ്പോലെ ആവുക
    a. അവസരമറിഞ്ഞ് പെരുമാറുക
    b. അവസരമറിയാതെ പെരുമാറുക
    c. അവസരം പാഴാക്കുക
    d. ശ്രദ്ധയില്ലാതെ ജീവിക്കുക

12. കളഞ്ഞുകുളിക്കുക
    a. രക്ഷപ്പെടുക
    b. മനപ്പൂർവ്വം ഒഴിയുക
    c. നഷ്ടപ്പെടുത്തുക
    d. ഗതികേടിലാവുക

13. തോക്കിൽ കയറി വെടിവെയ്ക്കുക
    a. വെറുതെ ആക്രമിക്കുക
    b. ആവശ്യമില്ലാത്തിടത്ത് കയറിപ്പറയുക
    c. വെറുതെ ശബ്ദമുണ്ടാക്കുക
    d. പെട്ടെന്ന് എതിർക്കുക

14. കരിങ്കാലി
    a. കാലുമാറുന്നവൻ
    b. കള്ളൻ
    c. ശത്രു
    d. ബുദ്ധിയില്ലാത്തവൻ

15. കാക്കപിടിക്കുക
    a. കാക്കശല്യം ഒഴിവാക്കുക
    b. സേവപിടിക്കുക
    c. പ്രയാസമുള്ള പ്രവൃത്തിചെയ്യുക
    d. കൗശലമുപയോഗിക്കുക

16. കൈമടക്കുകൊടുക്കുക
    a. കൈക്കൂലി കൊടുക്കുക
    b. കൈയേറ്റു ചെയ്യുക

c. സഹായിക്കാതിരിക്കുക
d. ദോഷംചെയ്യുക.

17. കുതിരകയറുക
a. സവാരി ചെയ്യുക
b. കുറ്റം ചാരുക
c. നിയന്ത്രിക്കുക
d. സംശയിക്കുക

18. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
a. ആവശ്യമില്ലാത്ത കാര്യങ്ങൾ ചെയ്യരുത്.
b. ആവശ്യത്തിന് മാത്രമേ ജോലി ചെയ്യാവൂ.
c. വേണ്ടതു ചെയ്തില്ലെങ്കിൽ പലതും സംഭവിക്കും.
d. ആവശ്യമുണ്ടെങ്കിൽ എന്തു കാര്യവും സാധിക്കും.

19. തലമറന്ന് എണ്ണ തേക്കുക
a. അവസരം അറിയാതെ പെരുമാറുക
b. എണ്ണമാറിത്തേച്ച് തലകുഴപ്പത്തിലാക്കുക
c. എന്തുചെയ്യുമെന്നോർത്ത് വിഷമിക്കുക
d. സുഹൃത്തുക്കളെ കണ്ടാൽ മറവി നടിക്കുക

20. കണ്ണടച്ചിരുട്ടാക്കുക
a. കുഴപ്പത്തിൽ സ്വയം ചാടുക
b. കാണേണ്ടതുകാണാൻ കൂട്ടാക്കാതിരിക്കുക
c. സത്യം കാണാതിരിക്കുക
d. മറ്റുള്ളവരുടെ നേരെ അസുഖം ഭാവിക്കുക

21. ഓണം കേറാമൂല
a. ഓണം ആഘോഷിക്കാത്തസ്ഥലം.
b. ഓണത്തെപ്പറ്റി അറിയാത്തവർ.
c. മനുഷ്യർ ഇല്ലാത്തസ്ഥലം.
d. നാഗരികത തീരെ കടന്നിട്ടില്ലാത്ത സ്ഥലം.

22. ഓട്ടക്കലത്തിൽ കഞ്ഞിവയ്ക്ക

a. ശൂന്യമായി കലാശിക്കുന്ന ഏതെങ്കിലും പ്രവൃത്തിയിലേർപ്പെടുക
b. കലത്തിലെ ഓട്ട ശ്രദ്ധിക്കാതെ കഞ്ഞിവയ്ക്കുക.
c. കലത്തിലെ ഓട്ട കണ്ടിട്ടും കഞ്ഞിവയ്ക്കുക.
d. മനപ്പൂർവ്വം നശിപ്പിക്കുക.

23. കടിച്ചതുമില്ല പിടിച്ചതുമില്ല.

a. കടിച്ചതിനെ വിട്ടിട്ട് പിടിക്കുക.
b. വക കണ്ടിരുന്നത് ഉപയോഗപ്പെടാതെ വരിക.
c. പിടിച്ചപ്പോൾ കടിച്ചതു നഷ്ടപ്പെട്ടു.
d. ദുരാഗ്രഹം കാണിക്കുക.

24. എരിയുന്ന തീയിൽ എണ്ണയൊഴിക്കുക.

a. തീ കത്തിക്കൊണ്ടിരിക്കുമ്പോൾ എണ്ണയൊഴിക്കുക.
b. എണ്ണയൊഴിച്ച് തീ നന്നായി കത്തിക്കുക.
c. കൂടുതൽ നാശത്തിനു കാരണമുണ്ടാക്കുക.
d. നിർമ്മൂലനം ചെയ്യുക.

25. കുടലെടുത്തുകാണിച്ചാലും വാഴനാര്.

a. കുടലിനു പകരമായി വാഴനാരു കാണിക്കുക.
b. കുടലും വാഴനാരും ഒന്നെന്ന് തെറ്റിദ്ധരിക്കുക.
c. എന്തായാലും ബോദ്ധ്യപ്പെടാതിരിക്കുക.
d. സത്യം അറിഞ്ഞില്ലെന്നു നടിക്കുക.

26. നാടോടുമ്പോൾ നടുവെ ഓടുക

a. യോജിച്ചു പ്രവർത്തിക്കുക
b. ഭൂരിപക്ഷാഭിപ്രായത്തെ മാനിക്കുക
c. .ഓടുന്നവരുടെ നടുവിൽക്കൂടി ഓടുക
d. നാട്ടു നടപ്പനുസരിച്ചു പ്രവർത്തിക്കുക

27. പച്ചവെള്ളം ചവച്ചുകുടിക്കുക

a. സൽസ്വഭാവിയായിരിക്കുക
b. പച്ചവെള്ളത്തെ മറ്റെന്തോ എന്നു തെറ്റിദ്ധരിച്ചു കുടിക്കുക.

c. കാര്യങ്ങൾ മനസ്സിലാക്കിയശേഷം മുന്നോട്ടുപോകുക
d. കഴിക്കുന്ന ഏതു സാധനവും സാവധാനം കഴിക്കുക.

28. പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല.
a. ഉറച്ചതീരുമാനമെടുത്തു മുന്നോട്ടു നീങ്ങുക
b. പാലം കുലുങ്ങിയപ്പോൾ ഉറച്ചു നിൽക്കുക
c. എത്ര വലുതായ ആപത്തുണ്ടായാലും ഭയപ്പെടാതിരിക്കുക
d. ഏതു പ്രതിനന്ധിയെയും അഭിമുഖീകരിക്കുക

29. തേടിയവള്ളി കാലിൽചുറ്റുക
a. വള്ളിതേടിനടക്കുമ്പോൾ അത് അറിയാതെ കാലിൽ ചുറ്റുക
b. വെറുതെ നടക്കുമ്പോൾ പ്രതീക്ഷിക്കാത്ത സമ്പത്ത് ലഭിക്കുക
c. അന്വേഷിച്ചുനടന്നു പച്ചമരുന്ന് കിട്ടുക
d. ആശിച്ചിരുന്നത് അവിചാരിതമായി ലഭ്യമാകുക

30. ഇന്നലെപ്പെയ്ത മഴക്ക് ഇന്നു കുരുത്ത തകര
a. പാരമ്പര്യ ശ്രേഷ്ഠതയില്ലാത്തവൻ
b. മഴയ്ക്കുശേഷം ഉണ്ടകുന്ന പച്ചപ്പുല്ല്
c. അവിചാരിതമായുണ്ടാകുന്ന ധനം
d. മഴയ്ക്കുശേഷം ഉണ്ടാകുന്ന തകര

31. കണ്ണിൽ പൊടിയിടുക
a. കണ്ണിൽ അറിയാതെ എന്തെങ്കിലും വീഴുക
b. കബളിപ്പിക്കുക
c. ആളുകളെ സ്വാധീനിക്കുക
d. സൂത്രമുപയോഗിച്ച് കാര്യം സാധിക്കുക

32. ഉള്ളതു പറഞ്ഞാൽ ഉറിയും ചിരിക്കും.
a. മറ്റുള്ളവരുടെ കാര്യത്തിൽ ഇടപെടുക
b. കബളിപ്പിക്കാൻ ശ്രമിക്കുന്നവരെ തിരിച്ചറിയുക.
c. സത്യം പറഞ്ഞാൽ ആരും സമ്മതിക്കും.
d. സത്യം പറഞ്ഞാൽ ഇഷ്ടപ്പെടാതിരിക്കുക

33. നൊന്തകണ്ണിലേ കുന്തം ചാടൂ.

a. ആപത്തുകൾ കൂട്ടമായിവരുന്നു.
b. വേദനിച്ചിരിക്കുന്ന കണ്ണിന് വീണ്ടും അസുഖമുണ്ടാകുക
c. വേദനയിൽ കഴിയുന്നവരെ വീണ്ടും ഉപദ്രവിക്കുക.
d. കണ്ണിനു നേരെ കുന്തം പായിക്കുക

34. പൃഷ്ഠം ചൊറിഞ്ഞാൽ തലയിലെഴുത്തു മാറുമോ?

a. തലയിലെഴുത്തിനെ ശപിക്കുക
b. വിഡ്ഢിയെ തിരുത്താൻ ശ്രമിക്കുക
c. കഷ്ടകാലത്തിലും ആശ വെടിയാതിരിക്കുക
d. ഈശ്വരവിധിയെ മാറ്റാൻ കഴിയുകയില്ല.

35. താണനിലത്തേ നീരോടൂ.

a. അഹങ്കാരമില്ലാത്തവരിൽ സൽസ്വഭാവമുണ്ടാകുന്നതാണ്.
b. വെള്ളം താഴ്ന്ന സ്ഥലത്തേക്ക് ഒഴുകുന്നു.
c. ഒരിക്കൽ ബുദ്ധിമുട്ടുന്നവർക്ക് മറ്റൊരിക്കൽ സന്തോഷിക്കാം.
d. അർഹിക്കുന്നത് ലഭിക്കുന്നു.

36. അരക്കുടം തുളുമ്പും.

a. അല്പന്മാർ പ്രശസ്തി ആഗ്രഹിക്കുന്നു.
b. എല്ലാം തികഞ്ഞവർ ഉപയോഗശൂന്യരാണ്.
c. പൂർണ്ണത കിട്ടിയാൽ അവർ നിസ്സഹായരായിത്തീരും.
d. അരക്കുടം കൊണ്ടു പോകുന്നതിലും എളുപ്പം നിറകുടം കൊണ്ടു പോകുന്നതാണ്.

37. ആനയ്ക്ക് മണികെട്ടേണ്ട.

a. ആന നടക്കുമ്പോൾ മണിയില്ലെങ്കിലും ഒച്ചയുണ്ടാകും.
b. വലുപ്പമുള്ളവരെ ആരും ശ്രദ്ധിക്കും.
c. നല്ലതു നല്ലതു തന്നെയാണ്.
d. ആനയ്ക്ക് മണിയുടെ ആവശ്യമില്ല.

38. ഇഷ്ടം മുറിഞ്ഞാൽ ഒട്ടാൻ പ്രയാസം.

a. ഇഷ്ടമുള്ളവർ പിണങ്ങില്ല.
b. ഇഷ്ടപ്പെടുവൻ പ്രയാസമാണ്.

c. ഇഷ്ടമുള്ളവരുടെ പിണക്കം കാര്യമാക്കരുത്.
d. പിണങ്ങിപ്പിരിഞ്ഞതിനു ശേഷമുള്ള ബന്ധം നേരെയാകുകയില്ല.

39. താളത്തിനൊത്തു തുള്ളുക
a. താളം തെറ്റാതെ സൂക്ഷിക്കുക
b. ഇഷ്ടം പോലെ പ്രവർത്തിക്കുക
c. ഇഷ്ടത്തിനൊത്ത് പ്രവർത്തിക്കുക
d. ഇഷ്ടമുള്ളതുപോലെ ചെയ്യുക.

40. എരിതീയിൽ എണ്ണയൊഴിക്കുക
a. കുഴപ്പമുണ്ടാകാതെ സൂക്ഷിക്കുക
b. കുഴപ്പങ്ങൾ തീവ്രമാക്കുക.
c. കുഴപ്പങ്ങൾ ശമിപ്പിക്കുക
d. കുഴപ്പങ്ങൾ അമർച്ചചെയ്യുക

41. ശ്ലോകത്തിൽ കഴിക്കുക
a. ശ്ലോകരൂപത്തിൽ പറയുക
b. വളരെ വേഗം പറയുക.
c. ആവർത്തിച്ചു പറയുക
d. ചെയ്തെന്നു വരുത്തിത്തീർക്കുക

42. കായംകുളത്തുവാൾ
a. രണ്ടു ഭാഗത്തും ഒരു പോലെ നിൽക്കുക
b. കായംകുളത്തുവാൾ
c. കായംകുളത്തുകാരുടെ വാൾ.
d. ഇരുതലയ്ക്കു മൂർച്ചയുള്ള വാൾ.

43. കാക്ക കുളിച്ചാൽ കൊക്കാകുമോ?
a. ഇല്ലാത്ത സൗകര്യം ഉണ്ടാക്കുക സാദ്ധ്യമല്ല.
b. കറുപ്പിനെ വെളുപ്പിക്കുക പ്രയാസമാണ്.
c. കാക്കയും, കൊക്കും ആകൃതിയിൽ വ്യത്യസ്തമാണ്.
d. കാക്കയെ വെളുപ്പിക്കുക പ്രയാസമാണ്.

44. വിതച്ചതു കൊയ്യും.

a. വിതച്ചില്ലെങ്കിൽ കൊയ്യാൻ കഴിയില്ല.
b. വിതച്ചതിനാനുപാതികമായിരിക്കും വിളവ്.
c. മിതമായും കാലാവസ്ഥ നല്ലതല്ലെങ്കിൽ ഫലം കുറയും.
d. നാം ചെയ്യുന്ന പ്രവൃത്തിയുടെ ഫലം നമുക്കു കിട്ടും.

45. തടിതപ്പുക

a. തടിക്കടത്തിക്കൊണ്ടു പോകുക
b. തടിമിടുക്കു കാട്ടുക
c. ആരുമറിയാതെ കടന്നു കളയുക
d. ചതിക്കുക

46. കണ്ണിൽ ചോരയില്ലാത്തവൻ

a. സൗമ്യൻ
b. ദയാലു
c. ക്രൂരൻ
d. അന്ധൻ.

47. കണ്ണിൽ മണ്ണിടുക

a. സഹായിക്കുക
b. വഞ്ചിക്കുക.
c. പരോപകാരം ചെയ്യുക
d. വിഷണ്ണനാക്കുക

48. വെള്ളത്തിലെഴുതുക

a. പ്രയോജനമില്ലാതാകുക
b. കുടുങ്ങിപ്പോകുക
c. വഞ്ചിക്കപ്പെടുക
d. വെള്ളത്തിൽ വീഴുക

49. സുഗ്രീവാജ്ഞ

a. അനുസരിക്കേണ്ട ഉത്തരവ്.
b. നിഷേധിക്കാൻ പാടില്ലാത്ത ഉത്തരവ്

c. സുഗ്രീവന് ഇഷ്ടമുള്ള ആജ്ഞ
d. മഹത്തായ ആജ്ഞ

50. അർദ്ധരാത്രിക്കു കുട പിടിക്കുക

a. സ്ഥലകാലബോധമില്ലാതെ പ്രവർത്തിക്കുക
b. സന്തോഷത്തോടെ പ്രവർത്തിക്കുക
c. മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി പ്രവർത്തിക്കുക
d. അർദ്ധരാത്രിയിൽ മഴ പെയ്യുന്നത്കൊണ്ടു കുടപിടിക്കുക

51. കാണം വിറ്റും ഓണം ഉണ്ണണം.

a. ഓണക്കാലത്തു കാണം വിൽക്കുന്നു.
b. കാണം വിൽക്കേണ്ട സമയമാണ്.
c. ഓണം ആഘോഷിക്കണം.
d. എങ്ങനെയെങ്കിലും കാര്യം നടക്കണം.

52. ഓണം കേറാ മൂല

a. ഓണം ഒരു മൂലയിൽ പ്രവേശിക്കുന്നില്ല.
b. പരിഷ്ക്കാരമില്ലാത്ത സ്ഥലം
c. പുരാതനമായ സ്ഥലം
d. പവിത്രമായ സ്ഥലം

53. താളത്തിനൊത്ത് തുള്ള്

a. മറ്റുള്ളവരുടെ സ്നേഹം നേടുക
b. കൊട്ടുകൊട്ടുമ്പോൾ തുള്ളുക
c. മറ്റുള്ളവരുടെ കൂടെ തുള്ളുക
d. മറ്റുള്ളവരുടെ ഇംഗിതത്തിനനുസരിച്ചു പ്രവർത്തിക്കുക.

C. Precis Writing
ചുരുക്കെഴുത്ത്

Mark (✓) the correct one out of the 4 choices that represent the given passage in a most precise way.

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികകളിലെ ആശയം സൂക്ഷ്മമായി സംഗ്രഹിക്കുന്നതേത്?

1. കുട്ടിക്ക് ദേഷ്യം വന്നു. എത്ര ചോദിച്ചിട്ടും മിഠായി വാങ്ങാൻ പണം കിട്ടിയില്ല. അമ്മക്ക് തന്നേക്കാൾ വാശിയോ? അമ്മ അച്ഛൻ കാണാതെ പണം ഒളിച്ചു വച്ചിരിക്കുന്ന സ്ഥലം കുട്ടിക്കറിയാം. അമ്മ കാണാതെ അതെടുക്കാനുമറിയാം. കുട്ടി ഒരു തീരുമാനത്തിൽ എത്തി. അല്പനേരം കഴിഞ്ഞ് തെളിഞ്ഞ മുഖവുമായി കുട്ടി കടയിലേക്ക് നടന്നു.

   a. മിഠായി വാങ്ങാൻ അമ്മയോട് പണം ചോദിച്ചിട്ട് കിട്ടാതെ വന്നപ്പോൾ അമ്മ ഒളിച്ചു വച്ച പണം കട്ടെടുത്ത് കുട്ടി മിഠായി വാങ്ങാൻ കടയിലേക്ക് നടന്നു.

   b. കുട്ടിയെ പറ്റിക്കാൻ ശ്രമിച്ച അമ്മയെ കുട്ടിയും പറ്റിച്ചു. അമ്മയ്ക്കു നഷ്ടം. കുട്ടിയ്ക്കും കടക്കാരനും ലാഭം.

   c. അച്ഛനോട് ചോദിക്കാതെ കുട്ടി അമ്മയോട് പണം ചോദിച്ചത് കുട്ടിയെ കളവിന് പ്രേരിപ്പിച്ചു.

   d. അമ്മ കട്ടാൽ കുട്ടിയും കക്കും. അതുകൊണ്ട് അമ്മമാർ സൂക്ഷിക്കുക.

2. വിദ്യാർത്ഥികൾക്ക് പഠനത്തിലല്ല ശ്രദ്ധ. അദ്ധ്യാപകർക്ക് അദ്ധ്യാപനത്തിൽ താല്പര്യവും കുറഞ്ഞു. എല്ലാവരും 'ആർക്കാനുംവേണ്ടി ഓക്കാനിക്കുന്ന' മട്ടിലാണ്. എന്താണിതിനൊരു പരിഹാരം.? സമൂലമായ മാനസിക പരിവർത്തനമാണിന്ന് സമൂഹത്തിനാവശ്യം.

   a. വിദ്യാർത്ഥികളും അദ്ധ്യാപകരും വളരെ കഷ്ട സ്ഥിതിയിലാണ്.

   b. വിദ്യാർത്ഥികൾക്ക് ശ്രദ്ധയില്ലാത്തതും അദ്ധ്യാപകർക്ക് താല്പര്യമില്ലാത്തതും മാനസികപ്രശ്നങ്ങളാണ്.

c. വിദ്യാഭ്യാസസമൂഹത്തിൽ വിദ്യാർത്ഥിക്കും അദ്ധ്യാപകനും താല്പര്യക്കുറവുണ്ടാകുന്നതു പരിഹരിക്കാൻ സമൂലമായ ഒരു മാനസിക പരിവർത്തനമാവശ്യമാണ്.

d. മാനസികപരിവർത്തനമില്ലാതെ ആർക്കും ആരും ഒന്നും ചെയ്യുകയില്ല.

3. എന്ത് കടം വേണമെന്നോ കൊള്ളാം ! ഉണ്ടായിട്ടുവേണ്ടേ? ശമ്പളം കിട്ടി. പക്ഷേ ചെലവെന്താ? ഒരു രക്ഷയുമില്ല, നിർബന്ധിക്കരുത്.'

a. നിർബന്ധിച്ചാൽ കടം തരേണ്ടിവരും. അത്കൊണ്ട് അരുത്.

b. ശമ്പളം ചെലവിനു തികയാത്തതുകൊണ്ട് നിർബന്ധിച്ചാലും കടം തരാൻ കഴിയുകയില്ല

c. "താൻ ആളുകൊള്ളാമല്ലോ. എന്നോട് കടം ചോദിക്കണോ? ഒരു രക്ഷയുമില്ല."

d. ആകെക്കൂടി വലഞ്ഞിരിക്കുന്നു. അപ്പോഴാണ് ആ കടം ചോദ്യം.

4. രാമൻ രാവിലെ എഴുന്നേറ്റു. അരമണിക്കൂറോളം വ്യായാമം ചെയ്തു. അതു ആരോഗ്യത്തിനു നല്ലതാണല്ലോ. ഒന്ന്കുളിച്ച്വന്നപ്പോൾ കാണാം പിരിവുകാരുടെ ഒരു പട. എന്തിനും എതിനും പിരിവ്. അതു രാമനിഷ്ടപെട്ടില്ല. അയാൾ അവരുമായി വഴക്കായി. വഴക്ക്മൂത്ത് അടിപിടി. രാമൻ രാവിലെ എഴുന്നേറ്റപ്പോൾ ഇതു വല്ലതും ഓർത്തോ?

a. അടിപിടി ഓർക്കാപ്പുറത്തായതുകൊണ്ട് രാമന് കാര്യമായി ഒന്നും തയ്യാറാക്കാൻ കഴിഞ്ഞില്ല.

b. പിരിവുകാരുടെ ശല്യം ഒരു പ്രശ്നം തന്നെ.

c. വ്യായാമം ചെയ്ത രാമന് തന്റെ ബലം പരീക്ഷിക്കാൻ ഒരു അവസരം കിട്ടി.

d. രാവിലെ എഴുന്നേറ്റ് വ്യായാമവും കുളിയും കഴിഞ്ഞ് വന്ന രാമന് കുറെ പിരിവുകാരുമായി അടിപിടിയുണ്ടാക്കേണ്ടി വന്നു.

5. മഴ നിറുത്താതെപെയ്തു. ഒരു തുള്ളിക്കൊരു കുടം. വെള്ളം കലം കുത്തിപ്പാഞ്ഞു. എവിടെ നോക്കിയാലും വെള്ളപ്പൊക്കം. ആളുകൾക്ക് യാത്ര ചെയ്യാൻ വിഷമം. വാർത്താവിനിമയം തടസ്സപ്പെട്ടു. കൂടെ പകർച്ചവ്യാധിയും.

a. മഴയും വെള്ളപൊക്കവും മൂലം ഗതാഗതവും വാർത്താവിനിമയവും തടസ്സപ്പെട്ടു. പകർച്ചവ്യാധിയും പൊട്ടിപ്പുറപ്പെട്ടു.

b. മഴമൂലം ആളുകൾക്ക് യാത്ര മുടങ്ങി.
യാത്രമുടങ്ങിയതുകൊണ്ട് പകർച്ചവ്യാധി പൊട്ടിപ്പുറപ്പെട്ടു

c. മഴയുണ്ടായാൽ മഴ കൂടെ പകർച്ചവ്യാധിയും കൊണ്ടുവരും.

d. മഴപെയ്താൽ കുഴപ്പമില്ല. എന്നാൽ വെള്ളപ്പൊക്കം ഉണ്ടാകലാണ് കുഴപ്പം.

6. ജീവിക്കാൻ പണം വേണം. പണമുണ്ടാകുന്നതെങ്ങനെ? മാനംകെട്ടു പണം ഉണ്ടാക്കിയാലും പണമുണ്ടാകുമ്പോൾ മാനക്കേടു മാറുമെന്നാണ് പലരുടേയും അഭിപ്രായം. അതു ശരിയല്ല. പണം ആവശ്യത്തിനുമതി. കൂടുതലുള്ളത് മറ്റുള്ളവർക്കുകൂടി ഗുണമുണ്ടാകുന്ന കാര്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയണം.

a. ആവശ്യത്തിലധികം പണം സമ്പാദിക്കണമെങ്കിൽ മാനം കെട്ട പണികൾ ചെയ്യേണ്ടിവരും. അതു പാടില്ല.

b. പണമില്ലെങ്കിൽ പണമുള്ള നല്ലവർ തരാനിടയാകുന്ന ഒരു സാഹചര്യം ഉണ്ടാക്കാൻ കഴിയണം.

c. മിതമായി ചെലവാക്കിയാൽ അധികമുള്ളതുകൊണ്ട് മറ്റുള്ളവരെ സഹായിക്കാൻ കഴിയും.

d. പണം ഉണ്ടായാലല്ലേ മറ്റുള്ളവർക്കു കൊടുക്കാൻ കഴിയൂ. ആദ്യം പണം ഉണ്ടാക്കുക. പിന്നെ ന്യായമായതു ചെയ്യുക.

7. പൊതുജനങ്ങൾ ഓഫീസിൽ ചെല്ലുക. എന്നിട്ട് മുൻപിലത്തെ എൻക്വയറിയിൽ ചോദിച്ച് ലോണിന് ഏതു ഫോറമാണ് വാങ്ങേണ്ടത് എന്നു ചോദിക്കുക. അപേക്ഷാ ഫോറത്തിന്റെ കൃത്യസമയം വില കൊടുത്ത് അതിൽ പറഞ്ഞിരിക്കുന്ന പ്രകാരം സൂക്ഷിച്ചു വിവരങ്ങൾ പൂരിപ്പിച്ച് രജിസ്ട്രേഷൻ കൗണ്ടറിലേക്ക് നീങ്ങി അപേക്ഷകൊടുത്ത് രസീതു വാങ്ങുക.

a. പൊതുജനങ്ങൾ ഓഫീസിലെത്തി നിർദ്ദിഷ്ട ഫോറത്തിൽ നിയമാനുസൃതം ലോണിന് അപേക്ഷിക്കുക.

b. പൊതുജനങ്ങൾക്ക് ഓഫീസിലെത്താം. അവിടെ അവരെ സഹായിക്കാനാളുണ്ട്. ഫോറം വാങ്ങിവന്നാൽ ഉപയോഗിക്കണം. എന്നാലേ കാര്യം നടത്തിപോരാൻ കഴിയൂ.

c. അപേക്ഷാഫാറം വാങ്ങിയതുകൊണ്ടാവില്ല. ശരിയായി പൂരിപ്പിക്കണം. തിരിച്ചേൽപ്പിക്കുമ്പോൾ രസീതു വാങ്ങാൻ മറക്കരുത്.

d. ലോൺ കിട്ടണോ ഓഫീസിൽ പോകണം. ഓഫീസിൽ പോയാൽ അവിടെ ചെയ്യേണ്ടത് ചെയ്യേണ്ടതു പോലെ ചെയ്ത് തിരിച്ചു പോരികയും ചെയ്യണം.

8. രാത്രി വൈകുന്നതുവരെ ആഫീസിൽ പണിയുണ്ടായിരുന്നു. ഒടുവിൽ ഒരു തരത്തിൽ പുറത്തിറങ്ങി ഭയങ്കരമായ വിശപ്പ്. കൈയിൽ പണമൊന്നുമില്ല. പതിവായി ഭക്ഷണം കഴിക്കുന്ന ഹോട്ടലിലെത്തി. ഹോട്ടൽ അടച്ചിരിക്കുന്നു. എനിക്ക് ദേഷ്യം നിയന്ത്രിക്കാനായില്ല. എന്തെല്ലാമോ ഞാൻ വിളിച്ചു പറഞ്ഞു. ഞാൻ ചെയ്തതു തെറ്റാണെങ്കിൽ ക്ഷമിക്കൂ.

a. ഹോട്ടലിൽനിന്നു ഭക്ഷണം കിട്ടാത്തതിനെ തുടർന്ന് എനിക്ക് ദേഷ്യം വരികയും ഞാൻ എന്തെല്ലാമോ വിളിച്ചു പറയുകയും ചെയ്തു.

b. പണിയെടുത്ത് തളർന്ന് ഭക്ഷണം കഴിക്കാനെത്തുമ്പോൾ ഹോട്ടൽ അടച്ചിരിക്കുന്നതുകൊണ്ട് എനിക്ക് നിയന്ത്രണാതീതമായ ദേഷ്യം വന്നു.

c. രാത്രി ഹോട്ടൽ അടച്ചിരുന്നത്കൊണ്ട് ഞാൻ ക്ഷുഭിതനായി.

d. ദേഷ്യംവന്നപ്പോൾ ഞാൻ എന്തെല്ലാമോ പറഞ്ഞതിനു ശേഷം മാപ്പു ചോദിക്കുന്നു.

9. ശങ്കരപ്പിള്ള അതിരാവിലെ എഴുന്നേൽക്കും. ഭാര്യയേയും കുട്ടികളെയും വിളിച്ചുണർത്തും. ഭാര്യ തയ്യാറാക്കുന്ന ചൂടും മധുരവുമുള്ള കടുംകാപ്പി കുടിക്കും. കുട്ടികളോട് അന്നത്തെ പാഠങ്ങൾ വായിക്കാൻ നിർദ്ദേശിക്കും. പിന്നെവീണ്ടും കിടന്നുറങ്ങും. ആഫീസിലെത്താൻ എന്നും വൈകും.

a. ശങ്കരപ്പിള്ള രാവിലെ ഉണർന്ന് എല്ലാക്കാര്യങ്ങളും ഭംഗിയായി ചെയ്യും.

b. ശങ്കരപ്പിള്ള രാവിലെ ഭാര്യയെയും കുട്ടികളെയും വിളിച്ചുണർത്തി അവരെകൊണ്ട് എല്ലാക്കാര്യങ്ങളും ചെയ്യിക്കും.

c. ശങ്കരപ്പിള്ളയുടെ ഭാര്യ നല്ല കാപ്പി ഉണ്ടാക്കും.

d. ശങ്കരപ്പിള്ള വീട്ടുകാര്യങ്ങളെല്ലാം ശ്രദ്ധിച്ചു ചെയ്യുമെങ്കിലും ഓഫീസിലെന്നും വൈകിയാണെത്തുന്നത്.

10. രാവിലെ ആകാശം നിർമലമായിരുന്നു. ജനൽ കടന്നെത്തുന്ന ഇളംകാറ്റ് ഉന്മേഷം പകരുന്നതായിരുന്നു. സൂര്യൻ തന്റെ നീണ്ടകൈകൾ നീട്ടി പ്രകൃതിയെയാകെ ആലിംഗനംചെയ്തു. ഒപ്പം എന്നെയും. എന്തൊരു ആഹ്ലാദം. എങ്ങുനിന്നോ ഒരു കാർമേഘം ഒഴുകിയെത്തി. അവ്യക്തമായ ഒരു ദുഃഖം എന്നെ ആവരണം ചെയ്തു. ഞാൻ സ്വയം ചോദിച്ചു. എന്തേ ഈ ഭൂമിയിൽ സുഖം നൈമിഷികമായിരിക്കുന്നു.

a. സുന്ദരമായ പ്രകൃതിയിലുണ്ടായ മാറ്റം എന്നെ ദുഃഖിപ്പിച്ചു.

b. പ്രകൃതിയിലെ മാറ്റം മനുഷ്യനിലും പ്രതിഫലിക്കുന്നു.

c. സുഖത്തിനു പിന്നാലെ ദുഃഖവുമുണ്ട്.

d. ദുഃഖാനുഭവങ്ങൾ ജീവിത സുഖത്തിന്റെ നൈമിഷികതയെപ്പറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു.

11. പക്ഷികളെ ശ്രദ്ധിക്കുകയും അവയുടെ പ്രത്യേകതകളെക്കുറിച്ച് പഠിക്കുകയും ചെയ്യുന്നത് വിനോദമാണ്. അതിൽനിന്നും നമുക്ക് ആനന്ദവും അറിവും ഉണ്ടാകുന്നു. വെറുതെ പക്ഷികളെ നോക്കിയാൽ അവയെക്കുറിച്ച് ഒന്നുംതന്നെ പഠിക്കാനോ മനസ്സിലാക്കാനോ സാധിക്കുകയില്ല.

a. പക്ഷികളെക്കുറിച്ച് പഠിക്കുന്നത് വളരെ ലളിതമായ പ്രവൃത്തിയാണ്.

b. പക്ഷികളെക്കുറിച്ച് പഠിക്കുന്നത് രസകരമായപ്രവൃത്തിയാണെങ്കിലും ലഘുവായ കാര്യമില്ല.

c. പക്ഷികളെക്കുറിച്ച് മനസ്സിലാക്കുന്നത് സങ്കീർണ്ണമായ പ്രവൃത്തിയാണ്.

d. പക്ഷികളെക്കുറിച്ച് മനസ്സിലാക്കാൻ സന്തോഷമാണ്.

12. മലയാളസാഹിത്യത്തിലെ ത്രിമൂർത്തികളായിരുന്നു ആശാനും, ഉള്ളൂരും, വള്ളത്തോളും. ഉള്ളൂരിനു മറ്റുള്ളവരെ അപേക്ഷിച്ച് ചില മേന്മകൾ കൂടി ഉണ്ടായിരുന്നു. അദ്ദേഹം ഒരു കവി എന്നതിനുപരി ഒരു ഗവേഷകനും പ്രബന്ധകാരനും സാഹിത്യ ചരിത്രകാരനും കൂടിയായിരുന്നു.

a. ആശാനും ഉള്ളൂരും വള്ളത്തോളും ത്രിമൂർത്തികളായിരുന്നെങ്കിലും എല്ലാവരും മലയാള സാഹിത്യത്തിനുവേണ്ടി പ്രവൃത്തിച്ചു.

b. മലയാളസാഹിത്യത്തിൽ ഏറ്റവും ശ്രേഷ്ഠൻ ഉള്ളൂരാണ്.

c. ആശാൻ, ഉള്ളൂർ, വള്ളത്തോൾ കവികളായിരുന്നു.

d. ത്രിമൂർത്തികളിൽ ആശാൻ വള്ളത്തോൾ എന്നിവരിൽനിന്നും ഭിന്നനായിരുന്നു ഉള്ളൂർ എന്ന കവി.

13. പുരാതനകാലത്ത് പുരാണകഥകളെക്കുറിച്ച് ചാക്യാർ കൂത്ത് പറയുന്ന സമ്പ്രദായം ഉണ്ടായിരുന്നു. ഇത് മിക്കവാറും ക്ഷേത്രങ്ങളിൽ വച്ചായിരുന്നു നടത്തിയിരുന്നത്. സംസ്കൃത പദ്യങ്ങൾ മലയാള ഭാഷയിൽ വിശദീകരിച്ചുകൊടുക്കുന്നതിനാണ് കൂത്ത് എന്നു പറയുന്നത്.

a. കൂത്ത് എന്നുവച്ചാൽ സംസ്കൃത പദ്യങ്ങൾ മലയാളത്തിൽ വിശദീകരിക്കുന്നു.

b. ക്ഷേത്രങ്ങളിൽവച്ചു ചാക്യാന്മാർ സംസ്കൃത പദ്യങ്ങളെ മലയാളത്തിൽ വിവരിച്ചു കൊടുക്കുന്നതിനെ കൂത്ത് എന്നു പറയുന്നു.

c. ചാക്യാന്മാർ സംസ്കൃതനാടകങ്ങൾ ക്ഷേത്രങ്ങളിൽ വച്ചു വിവരിക്കുന്നതിനെ കൂത്ത് എന്നു പറയുന്നു.

d. ചാക്യാന്മാർ പുരാണകഥകളെക്കുറിച്ച് പറയുന്നതിനെ കൂത്ത് എന്നു പറയുന്നു.

14. തിമിംഗലത്തിന്റെ വയസ്സു അഞ്ഞൂറു വർഷത്തോളമാണ്. കടലിൽ വസിക്കുന്നതെങ്കിലും അതിന് കരയിലെ വായുവും ശ്വസിക്കാൻ കഴിവുണ്ട്. അതിനാൽ തിമിംഗലം മത്സ്യകുലത്തിൽപെട്ടതല്ല. പൂർണ്ണ വളർച്ചയെത്തിയ ഒരു തിമിംഗലത്തിന് ഇരുപത്തിയഞ്ചു ആനകളുടെ തൂക്കം കാണും.

a. തിമിംഗലം മനുഷ്യനെപ്പോലെ ദീർഘായുസ്സുള്ളതാണ്.

b. തിമിംഗലം ഭയങ്കരഭാരമുള്ള ഒരു കടൽ ജന്തുവാണ്.

c. നല്ല തൂക്കമുള്ളതും അഞ്ഞൂറുവർഷത്തോളം ആയുസ്സുള്ളതുമായ തിമിംഗലം എന്ന കടൽ ജന്തു മനുഷ്യനെപ്പോലെ അന്തരീക്ഷവായു ശ്വസിക്കുന്ന ഒരു ജീവിയാണ്.

d. മനുഷ്യകുലത്തിൽപെട്ട തിമിംഗലമെന്ന കടൽജന്തു ഭാരം കൂടിയതാണ്.

15. ഇന്ന് വൈദ്യുതി നമ്മുടെ ദൈനംദിന ജീവിതത്തിന് അത്യാവശ്യമായിരിക്കുന്നു. ഒരു ദിവസം വൈദ്യുതിയില്ലെങ്കിൽ നമുക്ക് ഉണ്ടാവുന്ന നഷ്ടത്തെക്കുറിച്ച് ഊഹിക്കാൻ പോലും സാധ്യമല്ല.

a. ഇന്ന് വൈദ്യുതി നമുക്ക് അത്യന്താപേക്ഷിതമാണ്.

b. വൈദ്യുതിയുടെ അഭാവം നമുക്ക് സഹിക്കാം.

c. വൈദ്യുതി നമ്മൾക്കു വീട്ടാവശ്യത്തിനും വേണം.

d. വൈദ്യുതി നമ്മൾക്കു എപ്പോഴും വേണ്ട.

16. ചില കാര്യങ്ങളിൽ എൻ-റേസും എക്സ്-റേസും തമ്മിൽ വളരെ സാമ്യമുണ്ടെങ്കിലും അവ തമ്മിലുള്ള പ്രധാന വ്യത്യാസം ഒരു ഫിലിമിൽ വസ്തുത ജനപ്രതിബിംബങ്ങളുണ്ടാക്കാനുള്ള കഴിവിലാണ്. ഒരേ വസ്തുവിന്റെ വ്യത്യസ്ത തരത്തിലുള്ള പ്രതിബിംബങ്ങളാണ് ഈ രണ്ടു രശ്മികളും ഉണ്ടാക്കുന്നത്. എൻ-റേസിനു ലോഹപ്രതലത്തിലും തുളച്ചു കയറാനുള്ള കഴിവുണ്ടെങ്കിലും എക്സ്-റേസിനു അതിനും സാധ്യമല്ല.

a. എക്സ്-റേസിനും എൻ-റേസിനും വിവിധരീതിയിലുള്ള കഴിവുകളുണ്ട്.

b. എൻ-റേസും എക്സ്-റേസും തമ്മിൽ സാമ്യമേറെയുണ്ടെങ്കിലും ഇവയുടെ വ്യത്യാസം വസ്തുക്കളിൽ ഉണ്ടാക്കുന്ന പ്രതിബിംബങ്ങളിലാണ്.

c. എൻ–റേസിനു ലോഹപ്രതലത്തിന്റെ പ്രതിബിംബങ്ങൾ എടുക്കാൻ സാധിക്കുന്നു.

d. എക്സ്–റേസിനു ശരീരത്തിന്റെ ആന്തരീകവയവങ്ങളുടെ പ്രതിബിംബങ്ങൾ സൃഷ്ടിക്കാൻ കഴിയും.

16. ആയുസ്സിന്റെ സംരക്ഷണത്തിന് ആരോഗ്യം ആവശ്യം ഉണ്ടായിരിക്കേണ്ടതാകുന്നു. സാധാരണയായി നാം ആരോഗ്യഹാനി അറിയുന്നതു രോഗം കൊണ്ടോ അവശത നേരിടുമ്പോഴോ ആകുന്നു. കണ്ണുള്ളപ്പോൾ കാഴ്ചയുടെ ഗുണമറിയുന്നതുപോലെ ആരോഗ്യമുള്ളപ്പോൾ അതിന്റെ മഹിമ ഗ്രഹിക്കുന്നില്ല.

a. ആയുസ്സിന് അത്യാവശ്യമായ ആരോഗ്യത്തിനെക്കുറിച്ച് അതുള്ളപ്പോൾ മനുഷ്യൻ മനസ്സിലാക്കുന്നില്ല.

b. ആരോഗ്യത്തിന്റെ മഹത്വത്തെക്കുറിച്ച് മനുഷ്യനറിവില്ല.

c. കണ്ണുള്ളപ്പോൾ കാഴ്ചയില്ലായ്മ

d. ആരോഗ്യമുള്ളപ്പോൾ സുഖമാണ്.

18. മറ്റെല്ലാ ഭാഷയിലുമെന്നപോലെ മലയാളത്തിലും സാഹിത്യമാരംഭിച്ചത് കവിതാരൂപത്തിലാണ്. ഒന്നുമാറ്റിപ്പറഞ്ഞാൽ ഒരു കാലത്ത് സാഹിത്യ–മെന്നതിനർത്ഥം കവിത എന്നായിരുന്നു. കവിതയുടെ ഈ സർവ്വാതി–ഗായിയായ നേട്ടം ഇന്നു പരിത്യജിക്കപ്പെട്ടിരിക്കുന്നു. നോവൽ, ചെറുകഥ മുതലായ പുതിയ രൂപങ്ങളുടെ ആവിർഭാവമാണ് കവിതയുടെ ഈ ദുർഗ്ഗതിക്കു കാരണമായി ഭവിച്ചത്. അങ്ങനെ സാഹിത്യ-ത്തറവാട്ടിലെ ഒരുതായ്‌വഴി താരതമ്യേന പ്രാബല്യം കുറഞ്ഞതായിത്തീർന്നു.

a. മലയാള സാഹിത്യത്തിന്റെ തുടക്കം കവിതയിലായിരുന്നു.

b. നോവലും കഥയുമെല്ലാമുണ്ടായ വിധം

c. കവിതയുടെ ദുർഗ്ഗതിക്കുള്ള കാരണം

d. എല്ലാ ഭാഷയിലേയും സാഹിത്യങ്ങളുടെ ഉത്ഭവം കവിതയിലൂടെ-യായിരുന്നു. നോവൽ തുടങ്ങിയവയുടെ പ്രവേശം അതിന്റെ പ്രാധാന്യം നഷ്ടപ്പെടുത്തി.

19. സ്വതന്ത്രഭാരതം ഒരു പുതിയ രാജ്യമാണ്. അതു കെട്ടിപ്പടുക്കുവാൻ ഒരു പുതിയ മനസ്ഥിതി ആവശ്യമാണ്. ഒരു പുതിയ മനോഭാവം വളർത്തേണ്ടതുണ്ട്. നമ്മെക്കുറിച്ചുള്ള വിശ്വാസം മറ്റുള്ളവരിൽ ഉളവാകത്തക്കവിധം പെരുമാറുവാനും പ്രവർത്തിക്കുവാനുമുള്ള ഒരുക്കം ഈ സ്വഭാവത്തിന്റെ പ്രധാനവശമത്രേ. 'അയാൾ

സത്യമേ പറയൂ. പറയുന്നതുപോലെ പ്രവർത്തിക്കും'. ഈ അഭിപ്രായം മറ്റുള്ളവരിൽ വളർത്തണം. ഈ വിധമുള്ള ഒരു തലമുറയ്ക്ക് മാത്രമേ രാഷ്ട്രത്തെ ഉയർത്തുവാനും, കിട്ടിയ സ്വാതന്ത്ര്യം ആസ്വദിക്കുവാൻ പ്രാപ്തമാക്കുവാനും കഴിയുള്ളു.

a. ഇന്ത്യ സ്വതന്ത്രയായി എന്ന വസ്തുത നാം മനസ്സിലാക്കണം.

b. സ്വതന്ത്ര രാജ്യത്തിന് ഒരു നല്ല തലമുറയുടെ ആവശ്യകതയെപ്പറ്റി നാം ബോധവന്മാരാകണം.

c. നല്ലതുപോലെ പ്രവർത്തിക്കുക എന്ന ശീലം തമ്മിൽ വേണ്ടതു ഉണ്ടായിട്ടില്ല.

d. രാഷ്ട്ര പുരോഗതിയ്ക്കുള്ള പ്രയത്നം സ്വാതന്ത്ര്യത്തിൽ നിന്ന് ആരംഭിക്കുന്നു.

20. ജീവിത സമുദ്രത്തിലെ നിത്യങ്ങളായ അടിയൊഴുക്കുകൾ ചിത്രീകരിക്കുന്ന സാഹിത്യകാരന്മാർ ഒരു ഭാഗത്തുണ്ടെങ്കിൽ അതിന്റെ ഉപരിതലത്തെ ഹൃദയാകർഷകമായി വിസ്തരിച്ചുവർണ്ണിച്ചു ജയിക്കുന്ന ഗ്രന്ഥകാരന്മാർ മറുവശത്തുണ്ട്. സാഹിത്യത്തിലെ പരിണാമ ചരിത്രത്തിൽ ഇരുകൂട്ടർക്കും സ്ഥാനമുണ്ട്. ആദ്യം പറഞ്ഞവർ എണ്ണത്തിൽ കുറവായിരിക്കും. പക്ഷേ ഇവർക്ക് ഈടു കുടിയിരിക്കുകയും ചെയ്യും. സാഹിത്യചരിത്രം ഒരു മഹാവൃക്ഷമാണെങ്കിൽ അവർ അതിന്റെ തടിയാണ്.

a. സാഹിത്യം വികാരാവിഷ്കരണത്തിനായിട്ടുള്ളതാണ്.

b. ജീവിതഗന്ധിയായ സാഹിത്യമെഴുതുന്നവർ നിലനിൽക്കും.

c. സാഹിത്യത്തിന്റെ പരിണാമ ചരിത്രത്തിൽ ജീവിതത്തിന്റെ അടിയൊഴുക്കുകൾ കാണിച്ചുതരുന്നവയ്ക്കും ഉപരിതലാംശങ്ങളെ അവതരിപ്പിക്കുന്നവയ്ക്കും സ്ഥാനമുണ്ട്.

d. ജീവിതത്തിന്റെ തീവ്രത സാഹിത്യത്തിൽ പ്രതിഫലിക്കുന്നു

21. നമ്മുടെ അഭ്യസ്തവിദ്യരുടെ കൂട്ടത്തിൽ വായന ശീലമുള്ളവർ എത്രയോ ചുരുക്കമാണ്. പഠനം കഴിയുന്നതോടെ വായന അവസാനിപ്പിക്കുകയാണ് പതിവ്. സ്ക്കൂളിലും, ആഫീസിലും ജോലി ചെയ്യുന്നവരിൽ പത്രങ്ങൾ തന്നെയും വായിക്കുന്നവർ ചുരുക്കമാണ്. ഒരു മാസികയോ പത്രമോ വായിക്കുന്ന നല്ല വായനാശീലം ആഹാരവും വസ്ത്രവുംപോലെ പുസ്തകവും ഒരു ആവശ്യവസ്തുവായി പരിഗണിക്കുന്നവനു മാത്രമേ സാക്ഷരൻ എന്ന പേരിനർഹതയുള്ളു.

a. വായനശീലത്തിന്റെ ആവശ്യകതയെപ്പറ്റി നമുക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.

b. മാസികകളും പത്രങ്ങളും വായിക്കുന്ന ശീലം മനുഷ്യന് അത്യാവശ്യമാണ്.

c. അഭ്യസ്തവിദ്യരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വായനയാണ് മാർഗ്ഗം.

d. വിദ്യാഭ്യാസത്തിനു ശേഷവും ജീവിതത്തിൽ പുസ്തകത്തിനും സ്ഥാനം അർഹിക്കുകയും വായനതുടരുകയും വേണം.

22. പല മഹാന്മാരുടെയും ജീവചരിത്രങ്ങൾ നമുക്ക് ആശ്വാസവും ആവേശവും നൽകുന്നു. അവരുടെ വാക്കുകളും പ്രവൃത്തികളും നേട്ടങ്ങളും അനുഭവങ്ങളും അനുസ്മരിക്കുന്നതിനും അവയെപ്പറ്റി കൂടുതലറിയുന്നതിനും നാം ആഗ്രഹിച്ചിരുന്നു. ഒരു കാലത്തു സൂക്ഷിച്ചുവെച്ച പണം അത്യാവശ്യം നേരിടുമ്പോൾ ഉപകരിക്കുന്നതു പോലെ ഈ ജീവചരിത്രങ്ങൾ നമുക്ക് വഴികാട്ടികളായി വർത്തിക്കുന്നു.

a. ജീവചരിത്രങ്ങൾ വായിക്കുക രസകരമാണ്.

b. ജീവചരിത്രങ്ങൾ വായിക്കുന്നതിന്റെ ആവശ്യകത മനസ്സിലാക്കുന്നതു പ്രയോജനകരമാണ്.

c. ജീവിച്ചിരിക്കുമ്പോൾ സത് പ്രവൃത്തികൾ ചെയ്യേണ്ടതുണ്ട്.

d. ജീവചരിത്രങ്ങളുടെ വായന പ്രതിസന്ധി ഘട്ടങ്ങളിൽ നമുക്ക് മാർഗ്ഗദർശകമാണ്.

23. സംയമപടുക്കളായ മഹർഷിമാരും ലോകോത്തര പരാക്രമികളായ വീരപുരുഷന്മാരും ചിലപ്പോഴൊക്കെ കരഞ്ഞുപോയിട്ടുണ്ട്. തന്റെ ഓമൽപുത്രിയുടെ വേർപാടിൽ ഗർദ്ദാദകണനും, ബാഷ്പാവില നേത്രനുമായി നിന്ന കണ്വനെപ്പറ്റി നാം കേട്ടിട്ടുണ്ടല്ലോ! ഒരു ബാല്യകാലസഖാവിന്റെ ദയനീയമായ വരവുകണ്ട് ശ്രീകൃഷ്ണൻ ജീവിതത്തിലൊരിക്കലും കരഞ്ഞിട്ടില്ലാത്ത ആ മഹാപുരുഷൻ-കണ്ണീരണിഞ്ഞില്ലേ? അപഥസഞ്ചാരിണിയായ വാസവദത്തയുടെ ശ്മശാനഭസ്മത്തിൽ ബാഷ്പമർപ്പിച്ച ഉപഗുപ്തനെ നാം കണ്ടിട്ടില്ലേ? ഇവരുടെയെല്ലാം ഉള്ളിൽ വർത്തിക്കുന്നത് ഒരേ ശക്തിയാണ്.

a. മഹാന്മാർ ഇടയ്ക്കിടെ കരയാറുണ്ട്.

b. കണ്വന്റെയും കൃഷ്ണന്റെയും ഉപഗുപ്തന്റെയും കണ്ണുനീർ ഈ ഭൂമിയിൽ വീണിട്ടുണ്ട്.

c. മനുഷ്യർ വികാരജീവികളാണ്.

d. ജീവിതമേൽപ്പിക്കുന്ന യാതനകൾക്കു മുന്നിൽ മഹാന്മാർക്കു തന്നെയും നിസ്സംഗത പാലിക്കാൻ കഴിയില്ല.

25. മലയാളസാഹിത്യ ചരിത്രത്തിൽ അറിയപ്പെടാതെ കിടക്കുന്ന ഒരു മഹാമണ്ഡലമാണ് മാപ്പിളപ്പാട്ടുകൾ. ഈ പാട്ടുകൾ നമ്മുടെ സാഹിത്യത്തിന്റെ മഹനീയ സമ്പാദ്യങ്ങളാണ്. അവയുടെ ഗാനസ്വരൂപം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. മധുരം കലർന്ന സംഗിത

സ്വഭാവമാണ് അവയിൽ നിറഞ്ഞു നിൽക്കുന്നത്. ഏതെല്ലാം സംഗീതാംശങ്ങൾ കലർത്താമോ അവയെല്ലാം ചേർത്താണവയുടെ രചന നിർവ്വഹിച്ചിരിക്കുന്നത്.

a. മാപ്പിളപ്പാട്ടുകളുടെ മലയാളസാഹിത്യത്തിലുള്ള സ്ഥാനം സുപ്രധാനമാണ്.

b. മാപ്പിളപ്പാട്ടുകളുടെ ആസ്വദനീയത ശ്രദ്ധേയമാണ്.

c. മലയാളത്തിൽ സംഗീതാത്മകതകൊണ്ട് സവിശേഷതയാർജ്ജിച്ച സാഹിത്യരൂപമാണ് മാപ്പിളപ്പാട്ടുകൾ.

d. സാഹിത്യവും സംസ്കാരവുമായുള്ള ചേർച്ച മാപ്പിളപ്പാട്ടുകളുടെ പ്രത്യേകതയാണ്.

26. ഇരയിമ്മൻ തമ്പി ധാരാളം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. ആ നിലയ്ക്ക് അദ്ദേഹത്തിന് സമുന്നത പദവിയുണ്ട്. ശാസ്ത്രീയസംഗീതങ്ങൾ ധാരാളം എഴുതിയിട്ടുണ്ട് അദ്ദേഹം. സാമാന്യജനങ്ങൾക്കുവേണ്ടി ലളിതഗാനങ്ങൾ നിർമ്മിക്കുന്നതിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

a. ഗാനരചനയിൽ സമുന്നതപദവിയുള്ള ഇരയിമ്മൻതമ്പി ശാസ്ത്രീയ സംഗീതങ്ങളും ലളിതഗാനങ്ങളും നിർമ്മിച്ചിട്ടുണ്ട്.

b. ധാരാളം ഗാനങ്ങൾ രചിച്ചിട്ടും ഇരയിമ്മൻ തമ്പി ലളിതഗാനങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

c. സമുന്നതനായ തമ്പി ശാസ്ത്രീയഗാനങ്ങൾ രചിച്ചിട്ടുണ്ട്.

d. ഗാനങ്ങൾ നിർമ്മിച്ചിട്ടുള്ള തമ്പിയ്ക്ക് സമൂഹത്തിൽ സമുന്നത സ്ഥാനം ഉണ്ട്.

27. കാലം മുമ്പോട്ടുനീങ്ങി. പരമപവിത്രമായ ദാമ്പത്യം! സന്തോഷത്തിനല്ലാതെ സന്താപത്തിനു വകയില്ല. 1069 ധനുമാസത്തിൽ ആ പതിവ്രതാരത്നം ഒരു അമ്മയായി. ആൺകുഞ്ഞ്. ആ വീട് ആനന്ദത്തിൽ മുഴുകി.

a. കാലം മുമ്പോട്ടു നീങ്ങി 1069 ധനുമാസമായി.

b. 1069 ധനുമാസത്തിൽ ആ പതിവ്രത ഒരാൺകുഞ്ഞിനെ പ്രസവിച്ചു.

c. ആൺകുഞ്ഞ് ജനിച്ചപ്പോൾ എല്ലാവരും സന്തോഷിച്ചു.

d. ആ പതിവ്രതയുടെ ജീവിതത്തിൽ സന്താപത്തിനു സ്ഥാനമില്ലായിരുന്നു.

28. ഒരു പുസ്തകത്തിനു 34 പതിപ്പുകൾ. മലയാളത്തിൽ പുതിയ അനുഭവ മായിരുന്നു. ഏകദേശം ഒന്നരലക്ഷം പ്രതികൾ. അവ മധുര നാരങ്ങപോലെ വിറ്റഴിയുന്നു. അപ്പോൾ തക്ക കാരണമുണ്ടായിരിക്കണം. ചങ്ങമ്പുഴ കൃതികൾക്ക് സംഭവിച്ചതിതാണ്.

a. ചങ്ങമ്പുഴകൃതികൾക്ക് 34 പതിപ്പുകളുണ്ടായി.

b. 34 പതിപ്പുകൾ ഉണ്ടാകുക എന്നത് പുതിയ ഒരനുഭവമായിരുന്നു.

c. ഒരു കൃതിയും ഒന്നരലക്ഷത്തോളം പ്രതികൾ 34 പതിപ്പുകളിലായി വിറ്റഴിയുന്നത് ചങ്ങമ്പുഴയെ വേർതിരിച്ചു നിർത്തുന്ന സാഹിത്യ-മേന്മയുടെ തെളിവാണ്.

d. ചങ്ങമ്പുഴയുടെ കൃതികൾ വിറ്റഴിയാൻ കാരണമുണ്ടായിരിക്കണം.

29. ഭാരതത്തിൽ അനേകം ഭാഷകൽ ഉണ്ട്. ഭാഷയുടെ ബാഹുല്യം ഒരു ബലഹീനതയല്ല നേരെ മറിച്ച് ശക്തിപ്രധാനം ചെയ്യുന്ന ഒരു ഘടകമാണ്. ഭാഷകൾ തമ്മിൽ വലുപ്പചെറുപ്പ വ്യത്യാസത്തിനു സ്ഥാനമില്ല. എല്ലാ ഭാഷയും എളുപ്പമാണ്. ആഗ്രഹവും സന്നദ്ധതയുമുണ്ടെങ്കിൽ ഏതു ഭാഷയും വേഗത്തിൽ സ്വായത്തമാക്കാം.

a. അനേകം ഭാഷകളുള്ള ഭാരതത്തിൽ എല്ലാവർക്കും ഭാഷകൾ എളുപ്പത്തിൽ പഠിക്കാൻ കഴിയും.

b. അനേകം ഭാഷകൾ ഭാരതത്തിൽ ഉണ്ടെന്നത് ഒരു ബലഹീനതയല്ല. താല്പര്യമുണ്ടെങ്കിൽ ഏതു ഭാഷയും ആർക്കും വേഗം പഠിക്കാം.

c. ഭാഷകൾ തമ്മിലുള്ള വലുപ്പച്ചെറുപ്പവ്യത്യാസം ശ്രദ്ധിക്കാതെ തന്നെ അവ പഠിക്കാൻ എളുപ്പമാണെന്നു കാണാം.

d. ഭാഷാബാഹുല്യം കാരണം വലുപ്പച്ചെറുപ്പ വ്യത്യാസങ്ങൾ ശ്രദ്ധിക്കരുത്.

30. ചിലർക്ക് നല്ല കഴിവുണ്ടെങ്കിലും അവരത് ഉപയോഗിക്കാറില്ല. മററു ചിലർക്ക് ധാരാളം പണമുണ്ടായിരിക്കാം. അവർക്ക് അതെങ്ങനെ ചെലവഴിക്കണമെന്നറിയില്ല. ഒരു കൂട്ടർക്ക് പണവും പ്രതാപവും കാണും. എന്നിരുന്നാലും ബുദ്ധിയുണ്ടായെന്നിരിക്കില്ല. ചിലർ സ്വതേ വിഡ്ഢിയൻമാരായിരിക്കും. എന്ത് എപ്പോൾ എങ്ങനെ ചെയ്യണ മെന്നറിയില്ല.

a. മനുഷ്യർ വിഭിന്ന പ്രകൃതികളാണ്.

b. പണം, കഴിവ്, ബുദ്ധി ഇവയെല്ലാം അപ്രധാനമാണ്.

c. എപ്പോൾ എങ്ങനെ പ്രവർത്തിക്കണം എന്ന അറിവാണ് ഏറ്റവും പ്രധാനം.

d. മനുഷ്യർ നല്ലവരാണ്.

31. ഏതു വിഭാഗത്തിൽപ്പെട്ടവർക്കും വിനോദവും ആനന്ദവും ധർമ്മോദ ബോധനവും നൽകുന്നവയായിരിക്കണം നാട്യകലയുടെ ലക്ഷ്യങ്ങൾ എന്ന് ഭരതമുനി പറഞ്ഞിട്ടുണ്ട്. ഭാരതീയകലകൾക്ക് മാത്രമല്ല ലോകത്തിലെ ഏതു കലകളെ എടുത്തുനോക്കിയാലും മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾക്ക് പ്രാധാന്യമുള്ളതായികാണാം.

a. ഏത് മതവിഭാഗത്തിൽപ്പെട്ടവർക്കും ആനന്ദത്തിനും വിനോദത്തിനും ധർമ്മത്തിനും സ്ഥാനം നൽകുന്നു.

b. എല്ലാകലകളും ആനന്ദവും വിനോദവും നൽകുന്നവയായിരിക്കു-മെന്നാണ് ഭരതമുനി പറഞ്ഞിരിക്കുന്നത്.

c. ലോകത്തിലെ എല്ലാ കലകളെക്കുറിച്ചും ഭരതമുനി പറഞ്ഞിട്ടുണ്ട്.

d. ലോകത്തിൽ ധാരാളം കലാസൃഷ്ടികളുണ്ട്.

32. തമിഴിലെ അതിപ്രാചീനങ്ങളായ ശിലാലേഖനങ്ങൾക്ക് ക്രിസ്തു വർഷാരംഭത്തോളം തന്നെ പഴക്കമുണ്ട്. തമിഴിൽ പലതരം ഭാഷാഭേദങ്ങളും കണ്ടുവരുന്നു. ഇവയിൽ വായ്മൊഴിയും വരമൊഴിയും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങൾ എടുത്തു പറയത്തക്ക താണ്. അഭ്യസ്തവിദ്യർ ലേഖനത്തിനു മാത്രം ഉപയോഗിക്കുന്ന പ്രത്യേക ഭാഷോപാധിയാണ് സാഹിത്യഭാഷ. ഇതു പണ്ടുമുതൽക്കേ തമിഴുഭാഷയിൽ കണ്ടുവരുന്ന ഒരു പ്രത്യേകതയാണ്.

a. തമിഴ്ഭാഷയ്ക്ക് ക്രിസ്തുമതത്തോളം പഴക്കമുണ്ട്. പലതരം ഭാഷകളും ഭാഷാഭേദങ്ങളും തമിഴിൽ ഉണ്ട്. അഭ്യസ്തവിദ്യരുടെ തമിഴും മറ്റുള്ളവരുടെ തമിഴും പ്രത്യേകതകൾ ഉള്ളതാണ്.

b. തമിഴിന് വളരെ പഴക്കമുണ്ട്. ഭാഷാഭേദങ്ങൾ കുറവാണ്.

c. തമിഴിലെ സാഹിത്യഭാഷയ്ക്കും സംസാരഭാഷയ്ക്കും അന്തരം കുറവാണ്. ഭാഷയ്ക്കു പ്രാചീനതകൂടും.

d. തമിഴ് ക്രിസ്തുവിനോളം പഴക്കമുള്ള ഭാഷയല്ല. ഭാഷാഭേദങ്ങൾ വളരെയുണ്ടെങ്കിലും അവ സാഹിത്യഭാഷയോട് അടുത്തു നിൽക്കുന്നു.

D. Text Organisation
പ്രബന്ധരചന

താഴെപ്പറയുന്ന വാക്യങ്ങൾ ഏത് ക്രമത്തിൽ എഴുതിയാൽ ആശയ പൂർണ്ണമായ പ്രസ്താവനയുണ്ടാക്കാം?

1. 1. എനിക്ക് ഊണു കിട്ടിയില്ല.
   2. സാധാരണയായി ഒന്നരമണിക്കാണ് ഞാൻ ഉണ്ണാറ്.
   3. ഒരു വിനോദയാത്രാസംഘം വന്ന് നേരത്തെ ഊണു കഴിച്ചതു മൂലം ഹോട്ടലിൽ ഊണ് തീർന്നു പോയി.
   4. ഇന്ന് ഓഫീസിൽ വലിയ ജോലിത്തിരക്കായിരുന്നു.
   5. ഒരു മണിക്കേ വിശന്നു തുടങ്ങി.

   a. 4, 1, 2, 3, 5
   b. 4, 5, 2, 3, 1
   c. 2, 1, 4, 3, 5
   d. 1, 2, 3, 4, 5

2. 1. ഏതായാലും രാമൻ ഇന്നിലെ തിരിച്ചു നാട്ടിൽ വന്നു.
   2. അച്ഛനും അമ്മയ്ക്കും സന്തോഷമായി.
   3. എല്ലാവർക്കും പുതിയ തുണി സമ്മാനമായി കൊടുത്തു.
   4. പത്തുവർഷം മുമ്പ് രാമൻ നാടുവിട്ടു.
   5. അച്ഛൻ രാമനെ തല്ലിയത്രെ.

   a. 4, 5, 1, 3, 2
   b. 2, 3, 1, 5, 4
   c. 4, 5, 2, 1, 3
   d. 3, 5, 1, 4, 2

3. 1. സീത നല്ല പാചകക്കാരി തന്നെ.
   2. എഴുന്നേറ്റയുടൻ പച്ചക്കറിയരിഞ്ഞത് എടുത്തിട്ട് പെട്ടെന്ന് കറി വാങ്ങി വെച്ചു
   3. പരിശീലനമില്ലാത്ത ഒന്നും ചെയ്യാൻ കഴിയില്ല.
   4. ഉപ്പും മുളകും അരച്ച് നന്നായി വെള്ളത്തിലിട്ട് കലക്കിയിട്ട് ഒന്നു മയങ്ങി.
   5. പക്ഷേ, അടുപ്പിൽ തീ കൊളുത്താൻ മറന്നുപോയി.

   a. 5, 2, 4, 3, 1
   b. 3, 2, 1, 4, 5

c. 4, 5, 2, 1, 3
d. 1, 5, 4, 3, 2

4. 1. ഇന്ന് എഴുന്നേറ്റത് ഏഴരമണിക്കാണ്.
2. ഓഫീസിലെത്താൻ വൈകിയതെന്താണെന്നോ?
3. വീട്ടിൽ നിന്നും ബസ്സ്റ്റാൻഡിലേക്കു ഏതാണ്ട് ഒരു കിലോമീറ്റർ നടക്കണം.
4. എട്ടരയ്ക്ക് വീട്ടിൽ നിന്നു പുറപ്പെട്ടെങ്കിലും താക്കോലെടുക്കാൻ മറന്നു പോയതുകൊണ്ട് തിരിച്ചുപോന്നു.
5. തിരിച്ചുചെന്നപ്പോഴേക്കും ബസ്സുപോയിക്കഴിഞ്ഞു.

a. 1, 5, 4, 3, 2
b. 3, 1, 5, 4, 2
c. 4, 1, 5, 3, 2
d. 2, 1, 4, 3, 5

5. 1. വണ്ടി ഒരു വളവുതിരിഞ്ഞതും മറിഞ്ഞതും ഒപ്പം കഴിഞ്ഞു.
2. പുറകിലിരുന്നവർക്ക് സാരമായ പരുക്കില്ല.
3. ഒരു കല്ല്യാണപ്പാർട്ടി തൃശ്ശൂർക്കു പോകുകയായിരുന്നു.
4. ഡ്രൈവർ വഴിക്കുവെച്ച് നല്ലവണ്ണമൊന്നു മദ്യപിച്ചു.
5. എന്തു പറയാൻ ദയനീയമെന്നേ പറയേണ്ടൂ.

a. 3, 5, 4, 2, 1
b. 3, 4, 1, 2, 5
c. 4, 5, 2, 1, 3
d. 1, 2, 4, 5, 3

6. 1. മണിയടിച്ചു.
2. അദ്ധ്യാപകർ തമ്മിൽ ക്ലാസിനുവെളിയിൽ നിന്നു വർത്തമാനം പറയുകയാണ്.
3. എന്തൊരു അച്ചടക്കമില്ലായ്മ.
4. കുട്ടികൾ ക്ലാസിലേക്കിരച്ചുകയറി
5. പഠിത്തമെങ്ങനെ തുടങ്ങും?

a. 1, 4, 2, 5, 3
b. 4, 1, 2, 3, 5
c. 5, 1, 3, 2, 4
d. 2, 1, 5, 3, 4

7. 1. എന്തൊരു മറിമായം.
   2. ഉഷ്ണം ശമിച്ചില്ല.
   3. മഴ പെയ്തുകൊണ്ടേയിരുന്നു.
   4. ദാഹം തീർന്നില്ല.
   5. വെള്ളപ്പൊക്കം തന്നെയുണ്ടായി.

   a. 2, 4, 5, 1, 3
   b. 5, 1, 3, 4, 2
   c. 3, 2, 5, 4, 1
   d. 1, 2, 3, 4, 5

8. 1. കുറേ നേരം തമ്മിലടി തുടർന്നതുകണ്ട് ആളുകൾ അമ്പരന്നു
   2. ആരോ പോയി പോലീസിനു ഫോൺ ചെയ്തു.
   3. രാമൻ കൃഷ്ണനെ അടിയ്ക്കുന്നു. കൃഷ്ണൻ രാമനെ അടിക്കുന്നു.
   4. കരാട്ടേ പരിശീലനമായിരുന്നത്രേ.
   5. പോലീസ് ഉടൻ രംഗത്തെത്തി ചോദ്യം ചെയ്തപ്പോഴെന്തുണ്ടായി?

   a. 2, 4, 5, 1, 3
   b. 5, 1, 3, 4, 2
   c. 3, 2, 5, 4, 1
   d. 1, 2, 3, 4, 5

9. 1. വന്നു.
   2. കല്യാണവും കഴിച്ചു.
   3. ഉറപ്പിച്ചു.
   4. ഇഷ്ടപ്പെട്ടു.
   5. കൂടെ താമസവുമായി.

   a. 3, 5, 4, 2, 1
   b. 1, 4, 3, 2, 5
   c. 2 , 5, 1, 3, 4
   d. 5, 4, 3, 2, 1

10. 1. തന്നിഷ്ടമേ പ്രവർത്തിക്കൂ.
    2. ആരെന്തു പറഞ്ഞാലും ചിലർക്ക് പ്രശ്നമേയല്ല.
    3. വീണ്ടും തന്നിഷ്ടം തുടരും.

4. കുടുക്കിൽ ചാടുമ്പോൾ മാത്രം പശ്ചാത്തപിക്കും.
5. ആളുകൾ പലതരത്തിലാണ്.

a. 1, 5, 2, 3, 4
b. 4, 2, 5, 3, 1
c. 1 , 5, 3, 2, 4
d. 5, 2, 1, 4, 3

11. 1. അരമണിക്കൂർ യോഗ്യാഭ്യാസം നടത്തി.
2. രാവിലെ ഉണർന്നു.
3. ഓഫീസിലെത്തുമ്പോൾ വളരെ വൈകി.
4. ഭാര്യയെയും കുട്ടികളെയും ഉണർത്തി.
5. അല്പസമയം കൂടെ ഉറങ്ങി.

a. 2, 1, 4, 5, 3
b. 1, 4, 3, 2, 5
c. 5, 3, 4, 1, 2
d. 1, 2, 4 3, 5

12. 1. എതിരെ ഒരു സ്നേഹിതൻ വന്നു.
2. പോസ്റ്റാഫീസിലേക്കു പോകാനിറങ്ങി.
3. ചായക്കടയിൽ കയറി.
4. പോസ്റ്റാഫീസിൽ സമയം കഴിഞ്ഞിരിക്കുന്നു.
5. കുറെ സമയം വെടി പറഞ്ഞിരുന്നു.

a. 1, 3, 4, 2, 5
b. 2, 1, 3, 5, 4
c. 3 , 1, 4, 5, 2
d. 4, 5, 3, 2, 1

13. 1. ഒരു ഭരണിയിൽ അല്പം വെള്ളവും അടുത്തു കുറെ ചെറു കല്ലുകളും കണ്ടു.
2. കല്ലുകൾ കൊത്തിയെടുത്തു ഭരണിയിലിട്ടു.
3. കാക്കയ്ക്കു ദാഹിച്ചു.
4. ഭരണിയിലുയർന്ന വെള്ളം കുടിച്ചു കാക്ക ദാഹം തീർത്തു.
5. വെള്ളം തേടി അലഞ്ഞു.

a. 3, 5, 4, 2, 1
b. 3, 5, 1, 2, 4

c. 4 , 5, 3, 1, 2
d. 5, 1, 2, 4, 3

14. 1. ഒരു സാരി വേണമെന്നു രാവിലെ ഭാര്യയുടെ നിവേദനം.
2. ഓഫീസിലേക്കു പോകുന്ന വഴി തുണിക്കടയിൽ കയറുന്നു.
3. പേഴ്സിൽ പണമുണ്ടെന്ന് ഉറപ്പു വരുത്തുന്നു.
4. വൈകിയെത്തുന്നതിനു ഓഫീസ് മാനേജരുടെ ശകാരം.
5. സാരി വാങ്ങി പണം കൊടുത്തു പുറത്തു കടക്കുന്നു

a. 2, 3, 4, 1, 5
b. 3, 2, 1, 4, 5
c. 1 , 3, 2, 5, 4
d. 1, 3, 2, 4, 5
e. 4, 4, 3, 1, 2

15. 1. എങ്ങും ഇരുൾ നീങ്ങി പ്രകാശം പരന്നു.
2. സൂര്യൻ ഉദിച്ചു.
3. മറ്റൊരു ദിവസത്തിന്റെ തിരക്കുകളിൽ എല്ലാവരും മുഴുകി.
4. ഉറങ്ങിക്കിടന്നവർ ഉണർന്നു.
5. പ്രഭാതകൃത്യങ്ങൾ നിർവ്വഹിച്ചു

a. 1, 2, 5, 3, 4
b. 2, 1, 4, 5, 3
c. 2 , 1, 4, 3, 5
d. 4, 5, 3, 2, 1

16. 1. വീണ്ടും അടുത്ത തെരഞ്ഞെടുപ്പിന് വോട്ട് ചോദിച്ചപ്പോഴൊക്കെ ആളുകൾ കൊടുക്കാമെന്നു പറഞ്ഞു.
2. മണ്ഡലത്തിനുവേണ്ടി ഒന്നും ചെയ്തില്ല.
3. ആദ്യമായി തെരഞ്ഞെടുപ്പിനുനിന്നപ്പോൾ ആളുകൾ നേതാവിനെ ജയിപ്പിച്ചു.
4. തെരഞ്ഞെടുപ്പുഫലം അറിഞ്ഞപ്പോൾ തേനാവ് ദയനീയമായി പരാജയപ്പെട്ടു.
5. നേതാവ് മന്ത്രിസ്ഥാനം വരെ നേടി.

a. 3, 5, 2, 1, 4
b. 1, 2, 3, 4, 5
c. 2 , 3, 4, 5, 1
d. 4, 5, 2, 1, 3

17. 1. കുറെ ദിവസം ഓടിച്ചു പഠിക്കാൻ ശ്രമിച്ചു.
    2. ഉരുണ്ടു വീണതിനു കണക്കില്ല.
    3. രാമൻ ഒരു പുതിയ സ്ക്കൂട്ടർ വാങ്ങി.
    4. രാമൻ സ്ക്കൂട്ടർ കിട്ടിയ വിലയ്ക്കു വിറ്റു.
    5. എത്ര നല്ല സ്ക്കൂട്ടർ ! സുഹൃത്തുക്കൾ അഭിനന്ദിച്ചു.

    a. 3, 4, 1, 5, 2
    b. 3, 5, 1, 2, 4
    c. 2 , 3, 4, 5, 1
    d. 1, 5, 3, 4, 2

18. 1. കുളിച്ചു.
    2. രാവിലെ എഴുന്നേറ്റു.
    3. പല്ലുതേച്ചു.
    4. ഓഫീസിലേക്കു യാത്രയായി.
    5. ഭക്ഷണം കഴിച്ചു.

    a. 1, 2, 3, 4, 5
    b. 2, 5, 4, 3, 1
    c. 5 , 4, 2, 1, 3
    d. 2, 3, 1, 5, 4

19. 1. ബസ്സിൽ കയറിയപ്പോഴാണ് റിസർവേഷൻ ഇല്ലെന്ന് മനസ്സിലായത്.
    2. എനിക്ക് തലസ്ഥാനം വരെ പോകേണ്ടിയിരുന്നു.
    3. ബസ്സ്റ്റാൻഡിനു മുമ്പിൽവെച്ച് ഓടിത്തുടങ്ങിയ ഒരു വണ്ടിയിൽ ചാടിക്കയറി.
    4. ഇറങ്ങിപ്പോകാതെ മറ്റെന്തു ഗതി.
    5. ഇന്നലെ രാവിലെ തന്നെ ഞാൻ വീട്ടിൽ നിന്നു പുറപ്പെട്ടു.

    a. 5, 2, 3, 1, 4
    b. 1, 2, 3, 4, 5
    c. 5, 4, 2, 1, 3
    d. 3, 2, 1, 4, 5

20. 1. പിന്നീട് കാല് വേദനിച്ചുതുടങ്ങി.
    2. നിറുത്താനൊക്കുമോ?

3. ഞാൻ ഒരു സൈക്കിൾ റേസിനു ചേർന്നു.
4. സൈക്കിളിൽ കയറിയതും ചവിട്ടോടു ചവിട്ടു.
5. കുറച്ചുദൂരം ഉത്സാഹമായി ചവിട്ടി വിട്ടു.

a. 5, 4, 3, 2, 1
b. 2, 1, 3, 4, 5
c. 3 , 4, 5, 1, 2
d. 5, 4, 2, 1, 3

21. 1. ജോൺ അഞ്ചുവർഷത്തോളം അവിടെ ഒരു പഞ്ചസാരക്കമ്പനിയിൽ ജോലിനോക്കി.
2. താൻ ഫിജിയിലേക്ക് കപ്പൽ കയറുമ്പോൾ വീട്ടിൽ ഭാര്യ സൂസനും രണ്ടു മക്കളും ഉണ്ടായിരുന്നു.
3. മറ്റൊരു ഇന്ത്യക്കാരിയായ നരീന്ദറിനെ കണ്ടു മുട്ടി, പ്രേമത്തിലായി വിവാഹവും നടന്നു..
4. ഏതോ നിസ്സാര വീട്ടുവഴക്കിൽ ജോൺ വീടും നാടും വിട്ടു.

a. 1, 2, 3, 4
b. 3, 2, 4, 1
c. 1 , 3, 4, 2
d. 4, 2, 1, 3

22. 1. നൈസാമിന്റെ സ്വത്തിൽ വിലപിടിപ്പുള്ള പഴയ ആഭരണ ശേഖരങ്ങളും ഉണ്ട്.
2. ഈ ആഭരണങ്ങൾക്ക് എന്തു വിലയാവും എന്നറിയുന്നതിന് കേന്ദ്രം ഒരു കമ്മിറ്റിയെ നിയോഗിച്ചു.
3. ഭാരതത്തിലെ ഭാരിച്ച സ്വത്തുള്ളവരിൽ ഒരാളാണല്ലോ ഹൈദരാബാദിലെ നൈസാം.
4. കേന്ദ്രസർക്കാർ തങ്ങളുടെ മ്യൂസിയത്തിലേക്ക് ആ ആഭരണങ്ങൾ വിലക്കെടുക്കാൻ തീരുമാനിച്ചു.

a. 3, 2, 1, 4
b. 4, 1, 2, 3
c. 3, 1, 4, 2
d. 1, 2, 4, 3

23. 1. വിലകൂടിയതരം സ്ക്കോച്ച് വിസ്കി, സിഗററുകൾ, സ്വർണ്ണ-ബിസ്ക്കറ്റുകൾ, തുണിത്തരങ്ങൾ ഇവയെല്ലാം പിടിച്ചെടുക്കപ്പെട്ടു
2. കസ്റ്റംസുകാർ ഇത് മണത്തറിഞ്ഞു.

3. പതിവുകാർ ചെറുബോട്ടുകളിൽ ആ കപ്പലിനു ചുറ്റും തുഴഞ്ഞെത്തി.
4. പുറം കടലിൽ 'ലോക്പ്രീതി' എന്ന കപ്പൽ നങ്കൂരമടിച്ചു കിടന്നു.

a. 4, 3, 2, 1
b. 3, 4, 2, 1
c. 2, 3, 1, 4
d. 3, 2, 1, 4

24. 1. ഇക്കഴിഞ്ഞയാഴ്ച ട്രെയിനിൽ കിടന്നുറങ്ങുകയായിരുന്ന ഒരാളുടെ പോക്കറ്റിൽ നിന്നും 500–ൽ പരം രൂപ മോഷണം പോയി.
2. രണ്ടുമാസം മുൻപ് തിരുവനന്തപുരത്ത് ഒരു തിയേറ്ററിന്റെ ഗേറ്റിനരുകിൽ ഒരു ഓട്ടോറിക്ഷയിൽ കിടന്നുറങ്ങുകയായിരുന്ന ഡ്രൈവറുടെ പോക്കറ്റിലുണ്ടായിരുന്ന പണവും, ധരിച്ചിരുന്ന സ്വർണ്ണചെയിനും മോഷ്ടിക്കപ്പെട്ടു.
3. റെയിൽവേ പോലീസ് സുകുമാരൻ എന്ന മോഷ്ടാവിനെ പിടികൂടി ചോദ്യം ചെയ്തു വരുന്നു.
4. ഏതാണ്ട് മൂന്നു മാസം മുൻപ് തിരുവനന്തപുരത്ത് ബസ് സ്റ്റാൻഡിൽ കിടന്നുറങ്ങിയ ഒരാളുടെ വാച്ച് മോഷണം പോയി.

a. 2, 4, 1, 3
b. 4, 2, 1, 3
c. 1, 3, 2, 4
d. 2, 3, 1, 4

25. 1. ലോഗോസ്, അതിന്റെ പ്രചാരണ സഞ്ചാരവേളയിൽ അർജന്റീനയ്ക്കടുത്തു വെച്ച് ഒരു പാറയിലിടിച്ച് താഴ്ന്നു കൊണ്ടിരിക്കുന്നതായി വിവരം ലഭിച്ചിരിക്കുന്നു.
2. ആഗോളതലത്തിൽ സുവിശേഷപ്രചരണം നടത്തുന്ന ക്രിസ്ത്യൻ സംഘടനയാണ് ഓപ്പറേഷൻ മൊബിലൈസേഷൻ.
3. 1971 – ലും 1979–ലും ലോഗോസ് കൊച്ചിയിൽ അടുത്തിട്ടുണ്ട്.
4. ഓപ്പറേഷൻ മൊബിലൈസേഷന്റെ കീഴിലുള്ള എഡ്യൂക്കേഷണൽ ബുക്ക് എക്സിബിഷനുള്ള ഒരു കപ്പലിന്റെ പേരാണ് ലോഗോസ്.

a. 1, 2, 3, 4
b. 1, 4, 3, 2
c. 2, 4, 3, 1
d. 4, 2, 1, 3

26. 1. ഒരു റഷ്യൻ പ്രഭുവിന്റെ പുത്രിയായ കാതറീൻ – 11 അതീവ സുന്ദരിയായിരുന്നു

2. റഷ്യൻ കിരീടാവകാശിയായ പീറ്റർ 111–ആ മൻ പിന്നീട് അവരെ വിവാഹം കഴിച്ചു.

3. മഹാനായ പീറ്റർക്കുശേഷം പ്രാധാന്യമർഹിക്കുന്ന ഒരു ഭരണാധി–കാരിയായിരുന്നു കാതറീൻ –11.

4. ഭരണശേഷിയില്ലാത്തതിനാൽ പീറ്റർ 111 –ആമനെ ചക്രവർത്തിയായ അതേവർഷം തന്നെ രാജ്ഞി സ്ഥാനഭ്രഷ്ടനാക്കുകയും സാറിന കാതറിൻ എന്ന പേരിൽ സ്വയം ഭരണാധികാരി ആകുകയും ചെയ്തു.

a. 3, 1, 2, 4
b. 1, 3, 4, 3
c. 1, 2, 3, 4

27. 1. 1814 ഏപ്രിലിൽ നെപ്പോളിയൻ സ്ഥാനത്യാഗം ചെയ്തു. നാടുകടത്തപ്പെടുകയും ചെയ്തു.

2. ആസ്ത്രിയ, റഷ്യ, പ്രഷ്യ ഇവയുടെ സൈന്യങ്ങൾ പാരീസിനെ ലക്ഷ്യമാക്കി മുന്നേറിക്കൊണ്ടിരുന്നു. അപ്പോൾ നെപ്പോളിയൻ വീറോടെ പൊരുതി.

3. 1813 ഒക്ടോബറിൽ യൂറോപ്യൻ സഖ്യസൈന്യം നെപ്പോളിയനെ നിശ്ശേഷം പരാജയപ്പെടുത്തി.

4. 1821 –ൽ നെപ്പോളിയൻ അന്തരിച്ചു.

a. 1, 2, 3, 4
b. 3, 2, 1, 4
c. 2, 1, 3, 4
d. 1, 3, 4, 2

28. 1. കുടിവെള്ളത്തിനു വില കൂടാൻ പോകുന്നു.

2. അടുത്തയാഴ്ച ജലസേചനമന്ത്രിയുടെയും ബന്ധപ്പെട്ട ഉദ്യോഗ-സ്ഥന്മാരുടെയും ഒരു യോഗത്തിൽ നിശ്ചയിക്കും.

3. ഏതായാലും ഈ മാസാവസാനത്തോടുകൂടി കുടി വെള്ളത്തിന്റെ വിലയെപ്പറ്റി ഒരു തീരുമാനത്തിലെത്തും.

4. ഛർദ്ദിയും അതിസാരവും പടരുന്നത് കുടിവെള്ളത്തിലൂടെയാണെന്ന് അറിയാനും മന്ത്രി ആഗ്രഹിക്കുന്നു.

a. 3, 2, 1, 4
b. 2, 1, 3, 4
c. 1, 2, 4, 3
d. 1, 2, 3, 4

29. 1. അന്നത്തെ മനുഷ്യന്റെ അനുഭവങ്ങളും ആശയങ്ങളും ഒരു താളക്കൊഴുപ്പോടെ പാട്ടുകളിൽ ദർശിക്കാം.
    2. തലമുറകളായി കൈമാറിക്കൊണ്ടിരിക്കുന്ന സംസ്ക്കാരത്തിന്റെ മണിച്ചെപ്പുകളാണ് പാട്ടുകൾ.
    3. നമ്മുടെ പാട്ടുകൾ പാട്ടുസാഹിത്യത്തിലെ ചില കൃതികൾ മാത്രമേ ആകുന്നുള്ളൂ.
    4. അദ്ധ്വാനിക്കുന്നവർക്ക് ആവേശവും, ഭാരം ചുമക്കുന്നവർക്ക് ഉത്സാഹവും പകർന്നുകൊടുത്തത് ഈ പാട്ടുകൾ ആയിരിക്കണം.

    a. 3, 4, 1, 2
    b. 4, 2, 1, 3
    c. 2, 1, 4, 3
    d. 2, 1, 3, 4

30. 1. ഈ മറുപടി അയയ്ക്കാൻ അല്പം വൈകിപ്പോയതിനു ക്ഷമിക്കണം.
    2. താങ്കൾ പറഞ്ഞതനുസരിച്ച് ഗസ്റ്റ്ഹൗസ് അടുത്തയാഴ്ച മുതൽ നമ്മുടെ കൈവശമായിരിക്കും.
    3. അന്ന് താങ്കൾ അയച്ചിരിക്കുന്ന കത്തു കിട്ടി, നന്ദി.
    4. എനിക്ക് ഇതിനിടയ്ക്ക് അത്യാവശ്യകാര്യത്തിന് എറണാകുളം വരെ പോകേണ്ടതുണ്ടായിരുന്നു. അതാണ് ഉടൻ എഴുതാൻ സാധിക്കാതെ പോയത്.

    a. 3, 2, 1, 4
    b. 2, 1, 3, 4
    c. 1, 2, 3, 4
    d. 3, 1, 4, 2

31. 1. ഓട്ടോറിക്ഷക്കാരൻ കഴിയുന്നത്രവേഗത്തിൽ ഓടിച്ചുപോയി.
    2. ഓട്ടോ വെട്ടിത്തിരിച്ചതും ഫുട്പാത്തിൽ നിന്ന കുട്ടിയുടെ ശരീരത്തിൽ തട്ടിയതും ഒരുമിച്ചു കഴിഞ്ഞു.
    3. ഞാൻ നോക്കി നിൽക്കുമ്പോഴാണ് അപകടമുണ്ടായത്.
    4. എതിരേ നിന്നും ഒരു ഓട്ടോറിക്ഷ വരുന്നുണ്ടായിരുന്നു.
    5. ഇന്നലെ പത്രത്തിൽ കണ്ട വാർത്തയെപ്പറ്റിയല്ലേ പറയുന്നത്.

    a. 1, 4, 3, 2, 5
    b. 5, 4, 3, 2, 1
    c. 1, 2, 3, 4, 5
    d. 5, 3, 4, 2, 1

32. 1. ഓടി നടന്നു.
    2. രാവിലെ എഴുന്നേറ്റു.
    3. വല്ലാതെ വിയർത്തു.
    4. പൈപ്പിൽ വെള്ളം വേണ്ടേ?
    5. കുളിക്കാൻ കുളിമുറിയിൽ കയറി.

    a. 2, 1, 3, 5, 4
    b. 1, 2, 3, 4, 5
    c. 5, 2, 3, 1, 4
    d. 4, 2, 3, 1, 5

33. 1. കുട്ടിയ്ക്കു ദേഷ്യം വന്നു.
    2. പാലുകൊടുക്കാൻ അമ്മയ്ക്കു നേരം വേണ്ടേ?
    3. വല്ലാതെ വിശപ്പ്
    4. കുട്ടി ഏഴുമണിയ്ക്കാണ് എഴുന്നേറ്റത്.
    5. കുറേ നേരം കണ്ണുതുറന്നു കിടന്നു.

    a. 4, 5, 3, 2, 1
    b. 1, 2, 3, 4, 5
    c. 5, 3, 4, 2, 1
    d. 2, 3, 4, 5, 1

34. 1. കുട്ടികളെല്ലാം മുകളിലേക്ക് നോക്കി നില്ക്കാം.
    2. ഞങ്ങളുടെ മുറ്റത്തെ മാവിൽ നിറയെ മാമ്പഴം.
    3. ചെറിയൊരു കാറ്റ് വീശിയാൽ തുരാതുരാ മാമ്പഴം വീഴും.
    4. അയൽ പക്കത്തുള്ള പിള്ളേർ എപ്പോഴും മാച്ചുവട്ടിൽ വരും.
    5. ഓടിച്ചെന്നെടുത്തു കടിച്ചുതിന്നുമ്പോൾ അവർക്കുണ്ടാകുന്ന സന്തോഷത്തിനു അതിരുകളുണ്ടോ?

    a. 1, 2, 3, 4, 5
    b. 2, 4, 1, 3, 5
    c. 2, 5, 1, 3, 4
    d. 4, 5, 1, 2, 3

35. 1. കുളങ്ങളിലെ വെള്ളമൊക്കെ വറ്റി.
    2. മുഖ്യമന്ത്രി വരൾച്ചയെ നേരിടാൻ ജനങ്ങളുടെ സഹകരണം തേടി

3. മഴ പെയ്യാതെ ആറുമാസം കഴിഞ്ഞപ്പോൾ നാട്ടിലാകെ ഭയങ്കര വരൾച്ച.
4. പ്രതിപക്ഷം സമരത്തിനു തയ്യാറായി.
5. ജനങ്ങൾക്ക് പൊറുതിമുട്ടിത്തുടങ്ങി

a. 5, 2, 3, 4, 1
b. 2, 1, 3, 4, 5
c. 3, 1, 5, 4, 2
d. 1, 2, 3, 4, 5

36. 1. ദാരിദ്ര്യം അസഹ്യമായപ്പോൾ കുചേലൻ സ്നേഹിതനെ സമീപിച്ചു.
2. കുചേലൻ സംതൃപ്തമായ ഒരു ജീവിതമാരംഭിച്ചു.
3. കുറെക്കാലം കഴിഞ്ഞപ്പോൾ കൃഷ്ണൻ സമ്പന്നനും കുചേലൻ ദരിദ്രനുമായി.
4. കൃഷ്ണനും കുചേലനും സഹപാഠികളായിരുന്നു.
5. കൃഷ്ണൻ കുചേലനെ സൽക്കരിച്ചു സമ്പന്നനാക്കി

a. 4, 5, 3, 2, 1
b. 4, 3, 2, 1, 5
c. 5, 3, 4, 1, 2
d. 4, 3, 1, 5, 2

37. 1. അതാണു നളോപാഖ്യാനം.
2. അക്കാലത്തു ബൃഗദശ്വമഹർഷി പാണ്ഡവരെ സന്ദർശിച്ചു.
3. പാണ്ഡവരുടെ വനവാസകാലമായിരുന്നു.
4. നളനോട് രാജാവിനുണ്ടായ ദുഃഖങ്ങളെപ്പറ്റി മഹർഷി പറഞ്ഞു.
5. ധർമ്മപുത്രർ അതിദുഃഖിതനായിരുന്നു.

a. 5, 3, 4, 2, 1
b. 5, 2, 1, 3, 4
c. 3, 2, 5, 4, 1
d. 3 2, 5, 1, 4

38. 1. പക്ഷേ രാജ്യം അന്തഛിദ്രങ്ങൾ നിറഞ്ഞതായിരുന്നു.
2. സമ്പത്സമൃദ്ധമായിരുന്നു രാജ്യം.
3. എവിടെ നിന്നോ എത്തിയ കുറെ വിദേശികൾ ഈ സ്ഥിതി ഉപയോഗപ്പെടുത്തി.

4. അതിൽ നിന്നു മോചനം നേടാൻ വലിയൊരു സമരം വേണ്ടിവന്നു.
5. അവർ രാജ്യത്തെ സ്വന്തം അധീനതിയിലാക്കി.

a. 2, 4, 5, 3, 1
b. 1, 2, 4, 5, 3
c. 2, 1, 3, 4, 5
d. 2, 1, 3, 5, 4

39. 1. പൈലറ്റ് യാതൊരു കേടും കൂടാതെ വിമാനം ഗ്രൗണ്ടിലിറക്കി.
2. ഡൽഹിയിൽ നിന്നും നിശ്ചിതസമയത്തുതന്നെ വിമാനം പുറപ്പെട്ടു.
3. ഉടൻ തന്നെ പൈലറ്റ് കൺട്രോൾ ടവ്വറിനേക്ക് വിവരം നൽകി.
4. കുറെ ദൂരം ഉയർന്നുകഴിഞ്ഞപ്പോഴാണ് എഞ്ചിൻ തകറാറുള്ളതായി പൈലറ്റ് കണ്ടുപിടിച്ചത്.
5. കൺട്രോൾ ടവ്വറിൽനിന്നും ഇറങ്ങാനുള്ള സിഗ്നൽ ലഭിച്ചു.

a. 1, 2, 3, 4, 5
b. 3, 4, 5, 2, 1
c. 4, 5, 3, 2, 1
d. 2, 4, 3, 5, 1

40. 1. പാൽക്കച്ചവടക്കാരൻ പാലിൽ ധാരാളം വെള്ളം ചേർത്തു.
2. വെള്ളത്തിൽ നിന്നു കിട്ടിയത് വെള്ളത്തിൽ.
3. ഒരു കുരങ്ങൻ ആ പണപ്പൊതി എടുത്ത് അടുത്തുള്ള നദിയിലേക്കെറിഞ്ഞു.
4. വെള്ളം ചേർത്ത പാൽ വിറ്റുകിട്ടിയ പണം ഒരു മടിശ്ശീലയിലാക്കി അയാൾ വീട്ടിലേക്കു നടന്നു.
5. മടിശ്ശീല ഒരു മരച്ചുവട്ടിൽ വച്ചശേഷം അയാൾ അല്പമൊന്നു മയങ്ങി.

a. 1, 4, 5, 3, 2
b. 3, 1, 4, 2, 5
c. 5, 1, 4, 3, 2
d. 3, 2, 4, 5, 1

41. 1. മൈക്ക് പ്രവർത്തിച്ചില്ല.
2. തംബുരുവിൽ നിന്ന് ശ്രുതി ഉയർന്നു.
3. പാട്ടുകാരൻ പാടാൻ തുടങ്ങി.

4. പാട്ടുകച്ചേരി തുടരാൻ കഴിഞ്ഞില്ല.
5. സദസ്യർ ബഹളമുണ്ടാക്കി.

a. 3, 2, 5, 4, 1
b. 2, 5, 3, 4, 1
c. 2, 3, 1, 5, 4
d. 1, 5, 4, 3, 2

42. 1. കുഞ്ഞിനെ ഉറക്കിക്കിടത്തി അമ്മ വെള്ളം കോരാൻ പോയി.
2. കീരിക്ക് ആ വീട്ടിലെ കുഞ്ഞിനോട് വലിയ സ്നേഹമായിരുന്നു.
3. ഒരു വീട്ടമ്മ ഒരു കീരിയെ വളർത്തി.
4. കീരി പാമ്പിനെ കടിച്ചു കൊന്നു.
5. ഒരു പാമ്പ് കുഞ്ഞിന്റെ അടുത്തേക്ക് ഇഴഞ്ഞുചെന്നു.

a. 3, 2, 1, 5, 4
b. 4, 5, 3, 1, 2
c. 3, 1, 4, 5, 2
d. 1, 2, 3, 4, 5

43. 1. ജാഗ്രതപൂണ്ട് സർക്കാർ കൊള്ളക്കാരെ ഉടൻ പിടികൂടാൻ വേണ്ട നിർദ്ദേശങ്ങൾ പോലീസിനു നൽകി.
2. ഏറെ നാളത്തെ പരിശ്രമത്തിനുശേഷം പോലീസ് അവരെ പിടികൂടി.
3. കൊള്ളക്കാർ ഗൂഢസങ്കേതത്തിൽ ഒളിച്ചിരുന്നു.
4. ബാങ്ക് കൊള്ളയെത്തുടർന്ന് നാട്ടിൽ ഭീതി പരന്നു.
5. പോലീസ് നിരന്തരമായി അന്വേഷണം നടത്തി.

a. 3, 1, 2, 4, 5
b. 2, 4, 1, 3, 5
c. 5, 2, 3, 4, 1
d. 4, 1, 3, 5, 2

44. 1. എന്തെങ്കിലും ജോലി നേടുന്നു.
2. ഉദ്യോഗം തേടി അലയുന്നു.
3. പഠിച്ചു ബിരുദം നേടുന്നു.
4. ഒരു തരത്തിൽ ജീവിക്കുന്നു.
5. മരണം കടന്നു വരുന്നു.

a. 3, 1, 2, 4, 5
b. 3, 2, 1, 4, 5

c. 4, 5, 3, 2, 1
d. 1, 3, 4, 5, 2

45. 1. രോഗം ഭേദമായി.
2. ഗോപി ആശുപത്രിയിൽ എത്തി.
3. ഡോക്ടറെ കണ്ടു പരിശോധന നടത്തി.
4. ഗോപിക്കു സുഖമില്ലാതിരുന്നതുകൊണ്ട് ബസ്സിൽ കയറി.
5. മരുന്നു വാങ്ങിക്കുടിച്ചു.

a. 2, 3, 4, 1, 5
b. 3, 2, 1, 4, 5
c. 1, 2, 3, 4, 5
d. 4, 2, 3, 5, 1

തന്നിരിക്കുന്ന വാക്യങ്ങൾ ക്രമമായി ചിട്ടപ്പെടുത്തുക. a,b,c,d എന്നു കൊടുത്തിട്ടുള്ള ഒരു ഖണ്ഡികയുണ്ടാക്കാൻ എങ്ങനെ ക്രമപ്പെടുത്താം?

46. a. കൂത്തിന്റെ പ്രധാന വാദ്യോപകരണം മിഴാവാണ്.
b. കൂത്തമ്പലത്തിൽ വെച്ചാണ് കൂത്ത് നടത്തുന്നത്.
c. മിഴാവു കൊട്ടുന്നതു നമ്പ്യാരായിരിക്കും.
d. മിക്ക ക്ഷേത്രങ്ങളിലും കൂത്തമ്പലം ഉണ്ടായിരുന്നു.

1. c, b, d, a
2. b, c, d, a
3. d, b, a, c
4. a, b, c, d

47 a. മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടു.
b. എല്ലാവർക്കും വളരെ സന്തോഷമായിരുന്നു.
c. നാട്ടിൽ നിന്നു മുത്തച്ഛന്റെ എഴുത്തു കിട്ടിയിരുന്നു.
d. അവധിക്കാലത്ത് നാട്ടിൽ പോയി.

1. c, b, d, a
2. b, c, d, a
3. a, b, c, d
4. d, c, b, a

48. a. വിവിധ സംസ്ഥാനങ്ങളിൽ നിന്നു പരിശീലനത്തിനു വരുന്നു.
    b. ഒരു ഭാഷ പഠിക്കുന്നു.
    c. ശമ്പളം കൂടുതൽ കിട്ടും.
    d. പരിശീലനത്തിനുശേഷം പഠിച്ചഭാഷ പഠിപ്പിക്കണം.

    1. d, a, b, c
    2. a, b, d, c
    3. a, c, b, d
    4. c, b, c, d

49. a. അച്ഛൻ ചായ കുടിച്ചുകൊണ്ട് പത്രം വായിച്ചു.
    b. അമ്മ പാലു കാച്ചി.
    c. പാൽക്കാരൻ പാലു കൊണ്ടു വന്നു.
    d. അച്ഛന് ചായ കൊടുത്തു.

    1. a, b, c, d
    2. d, b, a, c
    3. c, b, d, a
    4. b, c, d, a

50. a. അതിസമർത്ഥനായ അവനെ പിടിച്ചുകെട്ടാൻ ആർക്കും പറ്റിയില്ല.
    b. രാജാവ് അവനെ തൂക്കികൊല്ലാൻ വിധിച്ചു.
    c. ഒടുവിൽ ഒരു ദിവസം ഭടന്മാർ പിടിച്ചുകെട്ടി.
    d. പണ്ട് വിദേഹരാജ്യത്ത് ഒരു കള്ളനുണ്ടായിരുന്നു.

    1. b, a, c, d
    2. a, c, b, d
    3. a, b, d, c
    4. d, a, c, b

51. a. ഒരു ആട് വഴിതെറ്റിപ്പോയി.
    b. ഒരു ആട്ടിടയൻ ആടുകളെയുംകൊണ്ടു മേയ്ക്കാൻ പോയി.
    c. ആട്ടിടയൻ ആടിനെ തേടി വന്നു.
    d. മലമുകളിൽ നല്ല പച്ചിലകൾ ഉണ്ടായിരുന്നു.

    1. d, b, a, c
    2. b, d, a, c
    3. a, c, b, d
    4. a, b, c, d

52. a. തോടുകളിലും വയലുകളിലും കുത്തിയൊലിച്ചു ഒഴുകി.
b. ഭയങ്കരമായ കാറ്റും മഴയും ഉണ്ടായിരുന്നു.
c. ആളുകൾ ആറ്റുവാള പിടിക്കാൻ പുറപ്പെട്ടു.
d. വെള്ളപ്പൊക്കമുണ്ടായി.

1. a, b, d, c
2. a, c, b, d
3. b, d, a, c
4. d, b, a, c

53. a. താമസമായി.
b. ഒരു മണി മാളിക തീർത്തു.
c. പൂമുഖത്തു ചെടികൾ വച്ചു.
d. അയാൾ സ്ഥലം വാങ്ങിച്ചു.

1. d, b, a, c
2. b, d, a, c
3. d, b, c, a
4. a, b, d, c

54. a. ഇന്ദുലേഖ പൂവള്ളിയിലെ ഒരംഗമാണ്.
b. ഇന്ദുലേഖയെ സൂരിനമ്പൂതിരിക്കു വിവാഹം കഴിച്ചുകൊടുക്കാൻ തീരുമാനിച്ചു.
c. പഞ്ചുമേനോനാണ് പൂവള്ളിയിലെ കാരണവർ.
d. ചന്തുമോനോൻ എഴുതിയ കഥയാണ് ഇന്ദുലേഖ.

1. b, c, a, d
2. a, d, c, b
3. a, c, b, d
4. d, a, c, b

E. Letter Writing and Composition
കത്തെഴുത്തും രചനയും

Mark (✓) the correct one that matches the content of the given letters / speeches /compositions most appropriately.

പലതരം കത്തിടപാടുകളുമായി ബന്ധപ്പെട്ട പ്രത്യേകതരം പ്രയോഗങ്ങൾ തന്നിട്ടുണ്ട്. അനുയോജ്യമായവ തെരഞ്ഞെടുക്കുക.

1. പാലം പണിയാൻ പൊതുജനങ്ങൾ മന്ത്രിക്കു നിവേദനം കൊടുക്കുമ്പോൾ

   a. പാലം പണി ഉടനെ തുടങ്ങാൻ ആജ്ഞാപിക്കുന്നു.
   b. പാലം പണി ഉടനെ തുടങ്ങണമെന്ന് നിലവിളിക്കുന്നു.
   c. പാലം പണി ഉടനെ തുടങ്ങണമെന്ന് നിർദ്ദേശിക്കുന്നു.
   d. പാലം പണി ഉടനെ തുടങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

2. സുഹൃത്തുക്കൾക്ക് കത്തെഴുമ്പോൾ – പേരെഴുതി ഒപ്പിടുമ്പോൾ ചേർക്കുന്നത്

   a. ബഹുമാനപുരസ്സരം
   b. ഉപചാരപൂർവ്വം
   c. സസ്നേഹം
   d. വിധേയൻ

3. കീഴുദ്യോഗസ്ഥൻ മേലുദ്യോഗസ്ഥനോട് അവധിക്കപേക്ഷിക്കുമ്പോൾ

   a. എനിക്ക് ഓഫീസിൽ വരാൻ സാധ്യമല്ല. ലീവ് തരാമല്ലോ.
   b. എനിക്ക് ഓഫീസിൽ വരാൻ കഴിയാത്തതുകൊണ്ട് ലീവ് അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.
   c. എനിക്ക് ഓഫീസിൽ വരാൻ കഴിയുമോ എന്ന് സംശയമുണ്ട്. വന്നില്ലെങ്കിൽ ലീവായി കണക്കാക്കാൻ നിർദ്ദേശിക്കുന്നു.
   d. എനിക്ക് ദയവായി ഓഫീസിൽ വരാൻ കഴിയുകയില്ല. അതുകൊണ്ട് വിനീതമായി ലീവ് അനുവദിക്കണം.

4. അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ്

   a. അപേക്ഷകർ സർട്ടിഫിക്കറ്റുകളുടെ ശരിപ്പകർപ്പ് അയക്കാതിരി – ക്കരുത്. അവസാനത്തിയതി പത്താണ് എന്ന് ഓർമ്മയിലിരിക്കട്ടെ.
   b. പത്താംതിയതിയ്ക്കു മുമ്പ് അപേക്ഷകർ നർട്ടിഫിക്കറ്റുകളുടെ ശരിപ്പകർപ്പ് അയച്ചുതരാൻ അനുവദിച്ചിരിക്കുന്നു.

c. അപേക്ഷകർ സർട്ടിഫിക്കറ്റുകളുടെ ശരിപ്പകർപ്പ് സഹിതം അപേക്ഷിക്കേണ്ടതാണ്. അപേക്ഷകൾ പത്താം തിയതിക്കകം കിട്ടിയിരിക്കണം.

d. പത്താം തീയതിയ്ക്കു മുമ്പ് അപേക്ഷിക്കൂ. സർട്ടിഫിക്കറ്റുകളുടെ ശരിപ്പകർപ്പ് മറക്കല്ലേ.

5. യോഗം പാസാക്കിയ ഒരു പ്രമേയം

a. സർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

b. സർക്കാർ തീരുമാനിച്ചത് തെറ്റാണെന്ന് ഈ യോഗം അഭിപ്രായ-പ്പെടുന്നു.

c. സർക്കാർ തീരുമാനിച്ചതിനെ പുനപ്പരിശോധിച്ച് തിരസ്കരിച്ചതായി ഈ യോഗം പ്രഖ്യാപിക്കുന്നു.

d. ഈ യോഗം പറയുന്നു സർക്കാർ തീരുമാനം പുനപ്പരിശോധിച്ചേ പറ്റൂ എന്ന്.

6. ജില്ലാകളക്റ്റർക്ക് കൊടുക്കുന്ന ഒരപേക്ഷയുടെ തുടക്കം

a. ജില്ലാ കളക്റ്റർക്ക് തരുന്ന അപേക്ഷ.

b. ജില്ലാ കളക്റ്ററുടെ മുമ്പിൽ ഉന്നയിക്കുന്ന അപേക്ഷ.

c. ജില്ലാകളക്റ്റർക്ക് അറിയുന്നതിലേക്ക് അയയ്ക്കുന്ന അപേക്ഷ.

d. ജില്ലാകലക്റ്റർക്ക് സമക്ഷം ബോധിപ്പിക്കുന്ന അപേക്ഷ.

7. ഉദ്ഘാടനം ചെയ്യുമ്പോൾ ഉദ്ഘാടകൻ

a. ഇത്രയും പറഞ്ഞുകൊണ്ട് വിരമിച്ചുകൊള്ളുന്നു.

b. ഇത്രയും പറഞ്ഞുകൊണ്ട് ഉദ്ഘാടനം ചെയ്തതായി രേഖപ്പെടുത്തുന്നു.

c. ഇത്രയും പറഞ്ഞുകൊണ്ട് ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിക്കുന്നു.

8. വിവാഹ ക്ഷണക്കത്തിൽ

a. ഈ വിവാഹത്തിൽ പങ്കുകൊള്ളേണ്ടതാണ്.

b. ഈ വിവാഹത്തിൽ പങ്കുകൊള്ളണമെന്ന് താല്പര്യപ്പെടുന്നു.

c. ഈ വിവാഹത്തിനു വരാൻ വിളിക്കുന്നു.

d. ഈ വിവാഹത്തിനു വരാമെങ്കിൽ ബഹുസന്തോഷം.

താഴെപ്പറയുന്നവയിൽ അനുയോജ്യമല്ലാത്തവയേത്?

9. സമരക്കാർ പോലീസ് മർദ്ദനത്തിനെതിരെ പ്രതിഷേധിച്ചപ്പോൾ

a. പോലീസ് ഞങ്ങൾക്ക് പുല്ലാണ്.
b. പോലീസ് മർദ്ദനം അവസാനിപ്പിക്കുക.
c. തല്ലുന്നേ തല്ലുന്നേ തല്ലിത്തല്ലികൊല്ലുന്നേ.
d. വീരന്മാരേ പോലീസേ ധീരതയോടെ നയിച്ചോളൂ.

10. അദ്ധ്യാപകന് വിദ്യാർത്ഥി അയക്കുന്ന കത്തിലെ സംബോധന

a. അഭിവന്ദ്യനായ ഗുരുവിന്
b. ബഹുമാനപ്പെട്ട സാറിന്
c. പ്രിയപ്പെട്ട സാറിന്
d. പ്രിയപ്പെട്ട സുഹൃത്തേ

11. ഒരു ക്ലാർക്ക് തസ്തികക്ക് അപേക്ഷിക്കുന്ന കത്ത്

a. ഇന്നലെ താങ്കൾ അപേക്ഷ ക്ഷണിച്ച പ്രകാരം ക്ലാർക്കിന്റെ പോസ്റ്റിലേക്ക് ഞാൻ ഇതോടൊപ്പം അപേക്ഷിക്കയാണ്.
b. ഇന്നലത്തെ (20–3–88) മലയാളമനോരമയിലെ പരസ്യപ്രകാരം താങ്കളുടെ ഡിപ്പാർട്ടുമെന്റിലേക്കായി ഒരു ക്ലാർക്കിന്റെ തസ്തിക - ക്കായി ഒരു അപേക്ഷ ഞാൻ സമർപ്പിക്കുന്നു.
c. ഇന്നലത്തെ (20–3–88) മനോരമയിൽ ഒരു ക്ലാർക്കിനെ ആവശ്യ - മുണ്ടെന്ന് താങ്കൾ പരസ്യപ്പെടുത്തിയതനുസരിച്ച് പ്രസ്തുത തസ്തികക്ക് ഞാൻ അപേക്ഷ സമർപ്പിക്കുകയാണ്.
d. താങ്കളുടെ ഇന്നത്തെ പരസ്യപ്രകാരം ഞാൻ ക്ലാർക്കിന്റെ തസ്തികക്കുള്ള യോഗ്യതപ്രകാരം ഒരുഅപേക്ഷയും മറ്റു വിവരമെല്ലാം അറിയിക്കുന്നു.

12. ഒരു കമ്പനി തെരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് അയയ്ക്കുന്ന സന്ദേശ - ത്തിലെ അവസാന വാചകം

a. ദയവുചെയ്ത് ഇതിൽ പറയുന്നവ്യവസ്ഥകൾ താങ്കൾക്ക് സ്വീകാര്യ മാണോ? എന്ന് ജോലിയിൽ പ്രവേശിക്കാൻ സാധിക്കും എന്നും എത്രയും നേരത്തെ അറിയിക്കുവാൻ അപേക്ഷ.
b. ഈ കമ്പനിയിലെ വ്യവസ്ഥകൾ താങ്കൾക്ക് സ്വീകാര്യമാണെങ്കിൽ എത്ര ദിവസത്തിനകം ജോലിയിൽ പ്രവേശിക്കാമോ അത്രയും വേഗം ബന്ധപ്പെട്ട പേപ്പറുകൾ സഹിതം ഹാജരാക്കേണ്ടതാണ്.

c. ദയവുചെയ്ത് താങ്കളുടെ കത്തിലെപ്പോലെ ഈ വ്യവസ്ഥകൾ സ്വീകരിച്ച് ജോലിയിൽ പ്രവേശിക്കുന്നത് ഉത്തമമായിരിക്കും.

d. ഇതിൽപ്പറയുന്ന വ്യവസ്ഥകൾ അനുസരിച്ച് ദയവുചെയ്ത് കഴിയുന്നതും വേഗം താങ്കൾ ഈ ജോലിയിൽ പ്രവേശിക്കുമെന്ന് കമ്പനിക്കുവേണ്ടി അറിയിക്കുന്ന അറിയിപ്പ്.

13. ഒരു ശുപാർശക്കത്തിലെ ഉള്ളടക്കം

a. പുത്തൻചന്തയിൽ തുണിക്കച്ചവടം നടത്തുന്ന ശ്രീ രാജുവിനെ താങ്കൾക്ക് പരിചയപ്പെടുത്തുന്നതിൽ എനിക്ക് സന്തോഷമേ ഉള്ളൂ. ടിയാനെ എനിക്ക് ഏതാണ്ട് അഞ്ചുവർഷമായി നല്ല പരിചയമുണ്ട്.

b. എനിക്ക് എതാണ്ട് അഞ്ചുവർത്തോളം പരിചയമുള്ള പ്രസ്തുത വ്യക്തിയെ പരിചയമുണ്ട്. തുണിക്കടക്കാരനായ ശ്രീ രാജുവിനെ ക്കുറിച്ചുള്ള മറ്റു കാര്യങ്ങൾ എനിക്കറിയില്ല.

c. പുത്തൻ ചന്തയിൽ തുണിക്കച്ചവടം നടത്തിക്കൊണ്ടിരുന്ന രാജുവിനെക്കുറിച്ചുള്ള ഒരു കത്താണിത്. ടിയാനെ എനിക്ക് അഞ്ചുവർഷം കൊണ്ടേ മനസ്സിലായുള്ളൂ.

d. ശ്രീ രാജു ഒരു തുണിക്കച്ചവടക്കാരനാണ്. അഞ്ചു വർഷമായി അയാളെ അറിയും. ഈ വസ്തുത ഞാൻ താങ്കളെ രേഖാമൂലം അറിയിക്കുന്നു.

14. ബാങ്കിൽ നിന്നും വായ്പ്പ ലഭിക്കുന്നതിന് സാക്ഷിയുടെ പക്കൽനിന്നും ബാങ്ക് ചോദിക്കുന്ന വ്യക്തിപരമായ റിപ്പോർട്ട്.

a. മേൽപ്പറഞ്ഞയാളിനെക്കുറിച്ചുള്ള സാമ്പത്തിക ഭദ്രതയെപ്പറ്റിയോ ഒരു റിപ്പോർട്ട് തരാൻ സാക്ഷിയായ താങ്കൾ ബാധ്യസ്ഥനാണ്. ഈ രേഖകൾ രഹസ്യമായിരിക്കണം.

b. മേൽപ്പറഞ്ഞയാളിനെക്കുറിച്ചുള്ള സ്വഭാവസർട്ടിഫിക്കറ്റും മറ്റു വിവരങ്ങളും താങ്കൾ ഉടനേ രേഖാമൂലം അറിയിക്കേണ്ടതാണ്. ഈ രേഖകൾ വ്യക്തിപരമായിരിക്കണം.

c. മേൽപറഞ്ഞയാളിന്റെ സാമ്പത്തിക നിലയെപ്പറ്റിയും പണം തവണകൾ മുടക്കാതെ തിരിച്ചടയ്ക്കുമോ എന്നതിനെപ്പറ്റിയും മറ്റും താങ്കൾക്ക് അറിയാവുന്ന വസ്തുതകളുടെ വെളിച്ചത്തിൽ ഞങ്ങൾക്ക് ഉപദേശം നൽകുക. ഈ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

d. മേൽപ്പറഞ്ഞയാളിനെക്കുറിച്ചുള്ള വ്യക്തിപരമായ റിപ്പോർട്ടുകളും സ്വഭാവസർട്ടിഫിക്കറ്റുകളും സാക്ഷിയായ താങ്കൾകൂടി അറിഞ്ഞിരി - ക്കേണ്ടതാണ്. ഈ വസ്തുതകൾ രഹസ്യമായി സൂക്ഷിക്കേണ്ടതുമാണ്.

15. വ്യാപാരവുമായി ബന്ധപ്പെട്ട ഒരു കത്തിന്റെ അവസാന ഭാഗം

a. ഇതുവരെ താങ്കൾ ഞങ്ങളുടെ വ്യാപാരത്തിൽ കാണിച്ച സഹകരണവും സഹായവും തുടർന്നു നൽകട്ടെ എന്ന് ആശംസിക്കുന്നു.

b. കഴിഞ്ഞ കാലങ്ങളിൽ താങ്കൾ ഞങ്ങളുടെ വ്യാപാരവുമായി ബന്ധപ്പെട്ടും സഹായിച്ചും സഹകരിച്ചും പ്രവർത്തിച്ചതിന് നന്ദി - രേഖപ്പെടുത്തികൊണ്ട്.

c. കഴിഞ്ഞ കാലങ്ങളിൽ താങ്കൾ ഞങ്ങളുടെ വ്യാപാരത്തിനു നൽകി ക്കൊണ്ടിരിക്കുന്ന സഹായവും സഹകരണവും തുടർന്നു നൽകു-മെന്ന് പ്രത്യാശിക്കുന്നു.

d. ഇക്കഴിഞ്ഞ കാലമത്രയും താങ്കളുമായി ഞങ്ങൾ വ്യാപാര ഇടപാടുകൾ നടത്തിയപ്പോൾ കിട്ടിയ അനുഭവങ്ങളുടെ വെളിച്ച-ത്തിൽ ഇനിയും ഈ വ്യാപാരവുമായി കൂടുതൽ ബന്ധപ്പെടണമെന്ന് ആശിക്കുന്നു.

16. മേൽവിലാസത്തിലെ മാറ്റം അറിയിച്ചുകൊണ്ടുള്ള കത്തിലെ ഒരു വാചകം

a. വരുന്ന ഏപ്രിൽ 1 മുതൽ ഞങ്ങളുടെ പുതിയ വിലാസത്തിലേക്ക് കത്തിടപാടുകൾ അയക്കുവാൻ അപേക്ഷ.

b. ഈ വരുന്ന ഏപ്രിൽ ഒന്നു മുതലുള്ള കത്തിടപാടുകൾ ഞങ്ങളുടെ വിലാസം ദയവായി അയച്ചുതരിക.

c. ഇക്കഴിഞ്ഞ ഏപ്രിൽ ഒന്നുമുതലുള്ള കത്തിടപാടുകൾ ഞങ്ങളുടെ വിലാസത്തിൽ ദയവായി അയച്ചുതരിക.

d. ഈ ഏപ്രിൽ മുതലുള്ള എല്ലാകത്തുകളും മണിയോഡർകളും രജിസ്ട്രേഷനുകളും മേൽപ്പറഞ്ഞ വിലാസത്തിലേക്ക് അയച്ചുതന്നാലും.

17. വിലവിവരം അന്വേഷിച്ചറിയുന്ന കത്തിലെ ഒരു വാചകം

a. താങ്കളുടെ വിലകളും വ്യവസ്ഥകളും ഈ കമ്പനിമാനേജർക്ക് തൃപ്തികരമാണെങ്കിൽഞങ്ങൾക്കാവശ്യമുള്ളവ താങ്കളിൽ നിന്നും വാങ്ങാവുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

b. താങ്കളുടെ വിലകളും വ്യവസ്ഥകളും മറ്റുള്ളവരുടേതിനേക്കാൾ നല്ലതാണെന്ന് ബോധ്യമായാൽ ഞങ്ങൾക്കാവശ്യമുള്ളവ താങ്കളിൽ നിന്നും വാങ്ങാവുന്നതാണ്.

c. താങ്കളുടെ വിലകളും, വ്യവസ്ഥകളും ഈ കമ്പനിക്ക് തൃപ്തികര-മാണെങ്കിൽ ഞങ്ങൾക്കാവശ്യമുള്ളവ താങ്കളിൽനിന്നുതന്നെ വാങ്ങുന്നതാണ്.

d. താങ്കളുടെ വിലകൾ ഈ കമ്പനി വ്യവസ്ഥകളുമായി തൃപ്തിപ്പെട്ടാൽ ഞങ്ങൾക്കാവശ്യമായവ താങ്കളിൽനിന്നും വാങ്ങാവുന്നതാണ്.

18. ഒരു പമ്പ്സെറ്റു വാങ്ങുന്നതിനുള്ള ക്വട്ടേഷൻ അയക്കുന്ന കത്തിലെ തുടക്കം

a. ജൂലായ് നാലാം തീയതിയിലെ താങ്കളുടെ കത്തിൻപ്രകാരം താഴെ പ്പറയുന്ന മാതൃകകളുടേയും അവയുടെ വിലവിവരവും ഇതോടൊപ്പം അയച്ചുതരുന്നു.

b. ജൂലായ് 4-ആം തീയതിയിലെ താങ്കളുടെ നിർദ്ദേശപ്രകാരം ചില മാതൃകകളും വിലകളും അടങ്ങുന്ന കാറ്റലോഗ് സൗജന്യമായി ഇതോടൊപ്പം അയച്ചുതരുന്നു.

c. ജൂലായ് 4-ആം തീയതിയിലെ വിലവിവരവും ഏതാനും മാതൃകകളും താങ്കളുടെ ആവശ്യപ്രകാരം ഇതോടൊപ്പം അയച്ചുതരുന്നു.

d. ജൂലായ് 4-ആം തീയതിയിലെ ഏതാനും മാതൃകകളും അവയുടെ വിവരങ്ങളും മറ്റു താങ്കളുടെ കത്തിലൂടെ ആവശ്യപ്പെട്ടതനുസരിച്ചു ഇതോടൊപ്പം അയക്കുന്നു.

19. ഒരു ഓർഡർ സ്വീകരിച്ചതായി കമ്പനി അറിയിക്കുന്ന കത്തിന്റെ മാതൃക

a. താങ്കൾ അയച്ച 24-ആം തീയതി മാർച്ചിലെ ഓർഡറനുസരിച്ച് തയ്യൽ മെഷീനുകൾ താങ്കളുടെ ഏറ്റവും അടുത്ത ഡീലറിൽനിന്നും വാങ്ങാവുന്നതാണ്.

b. താങ്കൾ ഓർഡർ അനുസരിച്ചുള്ള മാർച്ചു 24-ആം തീയതിയിലെ കത്തിൻ പ്രകാരം പത്തു ദിവസത്തിനകം ഏറ്റവും അടുത്തുള്ള ഡീലറിന്റെ പക്കൽ നിന്നും തയ്യൽ മെഷീനുകൾ കൈപ്പറ്റി കൊള്ളേണ്ടതാണ്.

c. മാർച്ചു 24-ആം തീയതിയിലെ താങ്കളുടെ ഓർഡർ പ്രകാരമുള്ള തയ്യൽ മെഷീനുകൾ ഇന്നുമുതൽ പത്തുദിവസത്തിനകം താങ്കളുടെ ഏറ്റവും അടുത്ത ഡീലറിൽനിന്നും വാങ്ങവുന്നതാണ്.

d. താങ്കൾ മാർച്ചു 24-ആം തീയതി അയച്ച ഓർഡർ പ്രകാരമുള്ള തയ്യൽ മെഷീനുകൾ ഇന്നു മുതൽ പത്തുദിവസത്തിനകം താങ്കളുടെ ഏറ്റവും അടുത്ത ഡീലറിൽ നിന്നു വാങ്ങാവുന്നതാണ്.

20. ഒരു ബാങ്ക് ചെക്ക് തിരിച്ചയച്ചതിന് സമാധാനം ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തിലെ ഒരു ഭാഗം

a. ആയതിനാൽ ഏപ്രിൽ 4-ആം തീയതിയിലെ ആ ചെക്ക് പിരിച്ചെടുക്കാൻ വേണ്ടത്രസമയം തന്നിട്ടും താങ്കൾ ചെക്ക് നിഷേധിച്ചതിന്റെ സമാധാനം അറിയിക്കുക.

b. അതിനാൽ ഏപ്രിൽ 4–ആം തീയതിയിലെ ആ ചെക്ക് പിരിച്ചെടു-ക്കുന്നതിന് വേണ്ടത്ര സമയം ഉണ്ടായിരുന്നിട്ടും താങ്കൾ ചെക്ക് നിഷേധിച്ചതിന്റെ സമാധാനം ആവശ്യപ്പെടുന്നു.

c. ആയതിനാൽ ഏപ്രിൽ 4–ആം തീയതിയിലെ ചെക്ക് പിരിച്ചെടു-ക്കാമെന്നു അറിയാമായിരുന്നിട്ടും താങ്കൾ ചെക്ക് നിഷേധിച്ചതിന്റെ രേഖാമൂലം അറിയിക്കുക.

d. അതുകൊണ്ട് ഏപ്രിൽ 4–ആം തീയതിയിലെ ആ ചെക്ക് എന്തുകൊണ്ട് നിഷേധിച്ചു എന്നതിനുള്ള സമാധാനം രേഖപ്പെടുത്തുക.

21. ഹൈസ്ക്കൂൾ അനുവദിക്കുന്നതിനായി വിദ്യാഭ്യാസവകുപ്പ് മന്ത്രിക്ക് നിവേദനം തയ്യാറാക്കുമ്പോൾ

a. നാട്ടിലെ ജനപ്പെരുപ്പത്തിന്.
b. നാട്ടിന്റെ സാംസ്ക്കാരിക പിന്നോക്കാവസ്ഥക്ക് യാത്രാബുദ്ധിമുട്ട്
c. കുട്ടികൾക്ക് മറ്റു ഹൈസ്ക്കൂളിലെത്താൻ വളരെ ദൂരം താണ്ടേണ്ടിയിരിക്കുന്ന എന്ന സംഗതിക്ക്
d. വേറെ ഹൈസ്ക്കൂൾ ഇല്ലാത്തത്കൊണ്ട്.

22. ബാങ്ക് മാനേജർക്ക് ലോണിനുവേണ്ടി അപേക്ഷ തയ്യാറാക്കുമ്പോൾ

a. ലോൺ അനുവദിച്ചുകിട്ടിയാൽ തന്റെ ജീവിതത്തിന് ഒരു സഹായമാണെന്ന സംഗതി
b. തന്റെ സുരക്ഷിതത്വമില്ലായ്മ
c. തന്റെ അരക്ഷിതാവസ്ഥ
d. വേഗം അനുവദിച്ചുതരേണമെന്ന അഭ്യർത്ഥന

23. ആശുപത്രികെട്ടിടം പുതുക്കിപ്പണിയുവാനായി പരാതി നൽകുമ്പോൾ

a. കെട്ടിടം തകറാറിലാണെന്ന സംഗതി
b. ജനപ്പെരുപ്പത്തിന്
c. നാട്ടുകാർ ചികിത്സാസൗകര്യത്തിനായി പരക്കം പായുന്നതിന്
d. നാട്ടിൽ ആശുപത്രികൾ ആവശ്യമുണ്ട് എന്ന കാര്യം

24. നിങ്ങളുടെ ഗ്രാമത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് നിവേദന-മെഴുതുമ്പോൾ

a. ജനങ്ങൾ വല്ലാതെ ബുദ്ധിമുട്ടുകയാണെന്ന സംഗതി
b. സാംസ്ക്കാരികവും വ്യാവസായികവുമായ പിന്നോക്കം
c. കാടും പടലും നിറഞ്ഞ പ്രദേശമാണെന്ന സംഗതി
d. പലതവണ പരാതിപ്പെട്ടിട്ടു, ഫലം കിട്ടിയില്ല എന്ന്.

25. ബസ്റൂട്ട് അനുവദിക്കുവാനായി നിവേദനമെഴുതുമ്പോൾ

a. ജനമനുഭവിക്കുന്ന യാത്രാക്ലേശം
b. ബസ്സുകാത്തുനിൽക്കുന്ന പ്രയാസം
c. ജനപ്പെരുപ്പം
d. റോഡുകൾ നല്ലതാണെന്ന കാര്യം

26. വാട്ടർ സപ്ലൈ ലഭിക്കുവാൻ മന്ത്രിക്കു നിവേദനം നൽകുമ്പോൾ

a. നദികളുടെ കുറവ്
b. ജനപ്പെരുപ്പം
c. കിണറുക്കുഴിക്കുവാനുള്ള ബുദ്ധിമുട്ട്
d. ശുദ്ധജലക്ഷാമത്തിന്

27. ക്ഷീരവ്യവസായ സഹകരണ സംഘത്തിനുള്ള ധനസഹായത്തിനായി അപേക്ഷിക്കുമ്പോൾ

a. പാൽ ചെലവാക്കാനുള്ള ബുദ്ധിമുട്ട്
b. സഹായം ലഭിച്ചില്ലെങ്കിൽ ഗ്രാമം തകരുമെന്നതിന്
c. ജനങ്ങളുടെ ദാരിദ്യം
d. വരൾച്ചകൊണ്ടുള്ള പ്രയാസം

28. പോലീസ്സ്റ്റേഷനിൽ കൊണ്ടുവന്ന കള്ളനോട് ഇൻസ്പെക്ടർ

a. എടാ! സത്യം പറയെടാ
b. അങ്ങ് സത്യം പറഞ്ഞാലും
c. സ്നേഹിതാ സത്യം പറയാമോ
d. താങ്കൾ സത്യം വെളിവാക്കൂ

29. ചേട്ടൻ അനിയനോട്

a. എടാ നീയിവിടെ വാ
b. കുഞ്ഞേ നീ ഇവിടെ വന്നാലും
c. ചേട്ടാ ഇവിടെ വരൂ
d. വാ ഇവിടെ

30. യാത്രക്കാരൻ കണ്ടക്ടരോട്

a. ഒരു ടിക്കറ്റു തരൂ
b. ടിക്കറ്റെവിടെ

c. ടിക്കറ്റു തന്നാൽ പണം തരാം
d. പണം തരാം ടിക്കറ്റ് തരാമോ?

31. ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ

a. ദൈവമേ എന്നെ രക്ഷിച്ചില്ലെങ്കിൽ പറ്റില്ല
b. ദൈവമേ രക്ഷിക്കണേ
c. ദൈവം! രക്ഷിച്ചോ!
d. ദൈവമേ രക്ഷവേണമല്ലോ?

32. കവലസർക്കസുകാരന്റെ അനൗൺസ്മെന്റ്

a. വന്നോ കണ്ടോ!
b. വന്നാൽ കാണാം
c. വരുവിൻ കാണുവിൻ
d. വാടാ കാണെടാ.

33. ചോദ്യപേപ്പറിലെ നിർദ്ദേശം

a. അഞ്ചു ചോദ്യങ്ങൾക്ക് മനസ്സുണ്ടെങ്കിൽ ഉത്തരമെഴുതുക.
b. അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
c. പറ്റുമെങ്കിൽ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
d. ഉത്തരമെഴുതു. അഞ്ചെങ്കിൽ അഞ്ച്.

34. സ്വാഗതപ്രസംഗകൻ മേയറെ അഭിസംബോധന ചെയ്യുമ്പോൾ

a. ആദരണീയനായ മേയർ
b. പ്രിയപ്പെട്ട മേയർ
c. മാന്യമേയർ
d. സുഹൃത്തേ

35. പുരോഹിതനെ ഭക്തൻ അഭിസംബോധന ചെയ്യുമ്പോൾ

a. അഭിവന്ദ്യനായ
b. സഖാവേ
c. മാന്യരേ
d. സാർ

36. സുഹൃത്തിനോട് പണം കടം ചോദിക്കുമ്പോൾ

a. കുറച്ചുപണം തന്നില്ലെങ്കിൽ കാണിച്ചുതരാം
b. കുറച്ചു പണം തരാമോ
c. കുറച്ചു പണം തരേണ്ടതുണ്ട്
d. കുറച്ചു പണം കിട്ടേണ്ട സമയമായി.

37. വഴിപോക്കൻ അപരിചിതനോട്

a. ഓഫീസിലേക്കുള്ള വഴി പറയെടോ
b. ഓഫീസിലേക്കുള്ള വഴി പറയാതെ പോകാമെന്നാണോ വിചാരം
c. ഓഫീസിലേക്കുള്ള വഴിയേതാണ്?
d. ഓഫീസെവിടെ വഴിയെവിടെ

38. തെരഞ്ഞെടുപ്പിൽ ജയിച്ച നേതാവ് ജനങ്ങളോട്

a. നിങ്ങൾ എന്നെ വിജയിപ്പിച്ചതിൽ വളരെ ദുഃഖമുണ്ട്.
b. നിങ്ങളുടെ വിജയം എന്റെ പരാജയം.
c. എന്റെ വിജയം നിങ്ങളുടെ പരാജയം.
d. എന്റെ വിജയം നിങ്ങളുടെ വിജയം.

39. രാമൻ കൃഷ്ണനോട് ' നീ ഇവിടെ വാ എനിക്കൊരു രഹസ്യം. പറയാനുണ്ട്' രാമൻ പറഞ്ഞകാര്യം കൃഷ്ണൻ റിപ്പോർട്ടു ചെയ്യുമ്പോൾ

a. രാമൻ ഇവിടെ വരാൻ എന്നോട് രഹസ്യം പറഞ്ഞു.
b. രാമൻ എന്നോട് അവിടെ ചെല്ലാനും അയാൾക്ക് ഒരു രഹസ്യം പറയാനുണ്ടെന്നും പറഞ്ഞു.
c. എനിക്കൊരു രഹസ്യം പറയാനുണ്ടെന്ന് രാമൻ എന്നോട് പറഞ്ഞു.
d. രഹസ്യം പറഞ്ഞത് എനിക്കാണെന്ന് രാമൻ പറഞ്ഞു.

40. ഞാൻ പറഞ്ഞു.. 'ബസ്സു പോയില്ല' ഇതു റിപ്പോർട്ടു ചെയ്യുമ്പോൾ

a. ബസ്സു പോയില്ലെന്ന് ഞാൻ പറഞ്ഞു.
b. ഞാൻ പോയില്ലെന്നാണ് പറഞ്ഞത്
c. ബസ്സു പറഞ്ഞത് ഞാൻ പോയില്ലെന്നാണ്
d. ബസ്സു പോയില്ലെന്നല്ല ഞാൻ പറഞ്ഞത്.

41. അപകടം പിണയുമ്പോൾ

a. അയ്യയ്യേ! മഹാ കഷ്ടം
b. അയ്യോ! മഹാ കഷ്ടം
c. ഹായ്! എന്തൊരു കഷ്ടം
d. ഏയ് കഷ്ടതരം

42. വെയിലുകൊണ്ട് ക്ഷീണിച്ചവർ തണൽ മരച്ചോട്ടിലെത്തുമ്പോൾ

a. ഓയ്. എന്തൊരു ഉഷ്ണം
b. അതെ എന്തൊരു സുഖം
c. ഹൊ! എന്തൊരാശ്വാസം
d. ഹേയ്! എന്തൊരുപദ്രവം

43. രാഷ്ട്രീയ പ്രസംഗക്കാർ പ്രസംഗത്തിനിടയ്ക്ക്

a. പ്രതിപക്ഷം എന്തുചെയ്തു എന്ന് ഞാൻ ചോദിക്കയാണ്.
b. പ്രതിപക്ഷം എന്തു ചെയ്തില്ല എന്നു ഞാൻ ആശിക്കുകയാണ്.
c. പ്രതിപക്ഷംഎന്തുചെയ്യും എന്നു ഞാനജ്ഞാപിക്കുകയാണ്.
d. പ്രതിപക്ഷം ഏതു ചെയ്താലും ഞാൻ വിവരിക്കുകയാണ്

44. പ്രശസ്ത വിജയം വരിച്ച വിദ്യാർത്ഥിയോട് അദ്ധ്യാപകൻ

a. താൻ ആളൊരു മഠയൻ തന്നെ.
b. താൻ ഇതിനുതക്ക ശിക്ഷയർഹിക്കുന്നു.
c. മിടുക്കൻ! താനിതുതികച്ചും അർഹിക്കുന്നു.
d. എടോ എങ്ങിനെ ഈ അബദ്ധം പറ്റി !

Listening Comprehension
ശ്രവ്യഗ്രഹണം 5

Instruction : *Mark (✓) the correct answer according to given questions.*

Passage-1

യാത്രയയപ്പിനു മറുപടി

സുഹൃത്തുക്കളെ,

എന്റെ ഔദ്യോഗിക ജീവിതമവസാനിക്കുകയാണ്. മറ്റൊരുതരത്തിൽ കുറച്ചു വ്യത്യസ്തമായ ഒരു ജീവിത ക്രമത്തിലേക്കുള്ള പ്രവേശനവും. ഹൃദയം നിറയുമ്പോൾ വാക്കുകൾ ചുരുങ്ങുമെന്നു പറയാറില്ലേ?. അത്തരമൊരു പ്രതിസന്ധിയിലാണ് ഞാൻ. എങ്കിലും നിങ്ങളേവരും പ്രകടിപ്പിച്ച സ്നേഹത്തിനും വികാരങ്ങൾക്കും നന്ദി പറയേണ്ട കടമയെനിക്കുണ്ട്.

എന്റെ ചിന്തകൾ പുറകോട്ട് പായുകയാണ്. ഒരു യുവാവായി ഞാനീ സ്ഥാപനത്തിൽ കടന്നുവന്ന നാളുകൾ. എത്രയെത്ര മുഖങ്ങൾ. എന്തെന്തു അനുഭവങ്ങൾ. കയ്പും മധുരവും. പക്ഷേ ഒന്നുണ്ട്. എന്നെ ഞാനാക്കിയ ഒരു ജീവിതതാളമുണ്ടല്ലോ. അത് സ്വായത്തമാക്കിത്തന്നത് ഈ സ്ഥാപനവും ചുറ്റുപാടുകളുമാണ്. ജീവിതത്തിനുണ്ടായ ചിട്ട, അച്ചടക്കമനോഭാവം സൗഹൃദയത്തിലടിയുറച്ച പുരോഗമനചിന്താഗതി ഇവയ്ക്കെല്ലാം ഞാനീ സ്ഥാപനവുമായി കടപ്പെട്ടിരിക്കുന്നു. പലരും മുഷിഞ്ഞിട്ടുണ്ട്. എന്നാൽ ആരും ആർക്കും ഒരു നിത്യശത്രുവല്ല എന്നതാണ് സത്യം.

എന്റെ സ്വപ്നങ്ങളിൽ പലതും ബാക്കിയുണ്ട്. ഈസ്ഥാപനത്തിന്റെ കോണുമൂലയും എനിക്കറിയാം. അതിന്റെ വികസനത്തിൽ ഞാനും നിങ്ങളും എന്നും ഒപ്പമായിരുന്നു. ഞാൻ ഇല്ലെങ്കിൽ മുന്നോട്ടു കുതിക്കാനുള്ള ശക്തിയും ബുദ്ധിയും ഇന്ന് നിങ്ങൾക്കുണ്ട്. അതാണ് ഒരു സ്ഥാപനത്തിന്റെ ശക്തി. ഏതു ഒഴിവും സ്വയം നികത്താനുള്ള ആത്മബലം അതുണ്ടാക്കിത്തരും.

ഒരു മന്ത്രിയോ, ഗവർണ്ണറോ അംബാസഡറോ ആയിക്കാണാൻ പലരും ആശംസിക്കുകയുണ്ടായി. അത്തരമൊരു അത്യാഹിതം എനിക്കു സംഭവിക്കരുതേ എന്നു പ്രാർത്ഥിച്ചുപോകുകയാണ്. ലോകം എത്രവിശാലമാണ്. ഓരോരുത്തർക്കുമില്ലേ ചില സ്വകാര്യസ്വപ്നങ്ങൾ. ചിലതൊക്കെ എനിക്കുമുണ്ട്. അവയ്ക്കുവേണ്ടികൂടി കുറച്ചു ജീവിതം മാറ്റിവയ്ക്കേണ്ടതാണെന്നു തോന്നുന്നു.

എന്റെ കുടുംബത്തിന് ഒരു തരത്തിൽ പറഞ്ഞാൽ ആശ്വാസകരമാണ് എന്റെ റിട്ടയർമെന്റ്. അവർക്ക് എന്നെ മുഴുവനായും കിട്ടുമല്ലോ. മക്കൾക്കും

പേരക്കിടാങ്ങൾക്കും പഴമക്കാരോടുള്ള മനോഭാവമെന്താണെന്ന് അടുത്തറിയാൻ കൂടുതൽ സൗകര്യവുമായി. എല്ലാം നല്ലതിനെന്നു കരുതാം. സംതൃപ്തിയോടെ ഞാൻ യാത്രപറയുന്നു. എല്ലാവർക്കും നന്ദി.

ചോദ്യങ്ങൾ

1. ഈ മറുപടി പ്രസംഗത്തിൽ മുന്തിനിൽക്കുന്ന ഒരു പ്രധാന ആശയം
   a. ജീവിത വിജയത്തിനു ഒരു സ്ഥാപനം വേണം.
   b. ഔദ്യോഗിക ജീവിതം ഒരു ഭാരമാണ്.
   c. റിട്ടയർമെന്റിൽ ഉദ്യോഗസ്ഥന് നിരാശയുണ്ട്
   d. ജീവിത താളമാണ് ജീവിത വിജയത്തിനടിസ്ഥാനം.

2. താഴെപറയുന്നതിലൊന്നിന്റെ സൂചന പ്രസംഗത്തിലില്ല.
   a. പെൻഷനാകുന്ന ആൾ മേലുദ്യോഗസ്ഥനാണ്.
   b. സ്ഥാപനത്തിൽ ധാരാളം ഒഴിവുകളുണ്ട്.
   c. ഉദ്യോഗസ്ഥൻ പലരുമായി വഴക്കുകൂടിയിട്ടുണ്ട്.
   d. ഉദ്യോഗസ്ഥന് രാഷ്ട്രീയത്തിൽ താല്പര്യമില്ല.

3. ഉദ്യോഗസ്ഥനെപ്പറ്റി നിങ്ങൾക്കെന്തു തോന്നുന്നു?
   a. അദ്ദേഹം ഒരു വീമ്പുപറച്ചിലുകാരനാണ്.
   b. അദ്ദേഹം തികച്ചും ഒരു സൂത്രശാലിയാണ്.
   c. അദ്ദേഹത്തിന് നല്ല നേതൃത്വശേഷിയുണ്ട്.
   d. അദ്ദേഹത്തിന് ചില സ്വകാര്യ ദുഃഖങ്ങളുണ്ട്.

4. ഉദ്യോഗസ്ഥന്റെ കുടുംബത്തിൽ
   a. ഉദ്യോഗസ്ഥന്റെ ഭാര്യ ജീവിച്ചിരിപ്പില്ല.
   b. ധാരാളം കള്ളപ്പണമുണ്ട്.
   c. മക്കളുടെ വിവാഹം കഴിഞ്ഞിട്ടുണ്ട്.
   d. എന്നും വഴക്കാണ്.

5. ഉദ്യോഗസ്ഥൻ സ്ഥാപനത്തിൽ ചേർന്നത്
   a. ഏതാണ്ട് മൂന്നു ദശാബ്ദത്തിനുമുമ്പ്
   b. ഏതാണ്ട് ഒരു പന്തീരാണ്ടു മുമ്പ്
   c. ഏതാണ്ട് ഒരു ശതാബ്ദത്തിനു മുമ്പ്
   d. ഏതാണ്ട് ഒരു സഹസ്രാബ്ദത്തിനു മുമ്പ്

6. ' ഹൃദയം നിറയുമ്പോൾ വാക്കുകൾ ചുരുങ്ങും' എന്നതിന്റെ അർത്ഥം.
   a. ഹൃദയം നിറയുമ്പോൾ ഹൃദയത്തിൽ വാക്കുകൾക്ക് സ്ഥലമില്ല.
   b. ഹൃദയം നിറയുമ്പോൾ പറയുന്ന വാക്കുകൾ തെറ്റിപ്പോകും.
   c. ഹൃദയം നിറയുമ്പോൾ ഒന്നും പറയാൻ ശക്തിയുണ്ടാവില്ല.
   d. ഹൃദയം ശൂന്യമായാൽ പിന്നെ വാക്കുകളുടെ ഒരു വേലിയേറ്റമാണ്.

7. 'എത്രയെത്ര മുഖങ്ങൾ' എന്നത് ഏതർത്ഥത്തിൽ പ്രയോഗി ച്ചിരിക്കുന്നു?
   a. സ്ഥാപനത്തിൽ ചിലർക്ക് പല മുഖങ്ങളുണ്ട്.
   b. സ്ഥാപനത്തിൽവച്ച് വിവിധതരത്തിലുള്ള ആളുകളെ കണ്ടു.
   c. സ്ഥാപനത്തിൽ പെൻഷനാകുന്ന ഉദ്യോഗസ്ഥന് പല മുഖങ്ങളാണുണ്ടായിരുന്നത്.
   d. ഉദ്യോഗസ്ഥൻ ആളുകളുടെ മുഖം കണ്ടു മടുത്തു.

Passage-2

ഒരു സംഭവ വിവരണം

രാത്രി ഏതാണ്ട് പന്ത്രണ്ടരമണിയായിക്കാണും. കമ്പാർട്ടുമെന്റിലുള്ള എല്ലാവരും ഉറക്കം. ട്രെയിൻ നല്ല വേഗതയിലോടിക്കൊണ്ടിരിക്കുന്നു. ഞാൻ ഇടയ്ക്കൊന്നു മയങ്ങിപ്പോയി.

പെട്ടെന്നാണത് സംഭവിച്ചത്. ഒരു ഭയങ്കരശബ്ദം. വണ്ടി ആകെ-യൊന്നുലഞ്ഞു. പലരും ബർത്തിൽനിന്നു താഴെ വീണു. ലൈറ്റ്പോയി. കുറ്റാക്കൂരിരുട്ട്. ഒരു വലിയ കുഴിയിലേക്ക് വീഴുന്നതുപോലെ തോന്നി. കുറേ നേരത്തേക്ക് ഒന്നും ഓർമ്മ കിട്ടിയില്ല. കണ്ണു തുറന്നപ്പോൾ ലഗേജുകൾക്കിടയിൽ കിടന്നു നിലവിളിക്കുന്നവരുടെ ശബ്ദമാണ് കേട്ടത്.

ഞാൻ തനിയെ ഒന്നെഴുന്നേല്ക്കാൻ ശ്രമിച്ചു. 'ദൈവമേ എന്റെ കാല്' ഞാൻ നിലവിളിച്ചു പോയി. എല്ലു പിളർക്കുന്ന വേദന. ഞാൻ ചുറ്റും നോക്കി. എല്ലായിടത്തും വേദനിക്കുന്ന മുഖങ്ങൾ, എതിരെയുള്ള സീറ്റിലിരുന്ന സ്ത്രീ ഉറക്കെ വിലപിക്കുന്നു. 'എന്റെ കുഞ്ഞിനെരക്ഷിക്കണേ, എന്റെ കുഞ്ഞിനെരക്ഷിക്കണേ.'

പുറത്തുനിന്ന് ആരൊക്കെയോ എന്തൊക്കെയോ വിളിച്ചു കൂവുന്നു. ഞാനൊന്നു ചരിഞ്ഞു കിടക്കാൻ ശ്രമിച്ചു. ഞങ്ങൾ ഇരുന്നിരുന്ന ബോഗി ഒരു വശം ചെരിഞ്ഞ് പാളം തെറ്റിക്കിടക്കുന്നുവെന്നു മനസ്സിലായി. മറ്റു കമ്പാർട്ടുമെന്റുകൾക്ക് എന്തു സംഭവിച്ചുവെന്നറിഞ്ഞില്ല. എങ്ങും കരച്ചിൽ. ചിലരൊക്കെ പേരുവിളിച്ച് കരയുന്നു. എനിക്കു തല മരവിക്കുന്നതുപോലെ തോന്നി. എനിക്കു ബോധം കെടുകയാണോ? പിന്നെയൊന്നും ഓർമ്മയില്ല.

വീണ്ടും ബോധം തെളിഞ്ഞപ്പോൾ ഞാനൊരു ആശുപത്രിയിലാണ്. 'ദൈവമേ എന്റെ പെട്ടി. എല്ലാവിലപ്പെട്ട രേഖകളും അതിലാണ്.' എന്റെ മുഖം വിളറി. എന്റെ അനക്കം കേട്ട് ഒരു നേഴ്സ് ഓടിയെത്തി. അവർ സാവധാനം കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി. ട്രെയിനപകടത്തിൽ മുന്നൂറോളം പേർ കൊല്ലപ്പെട്ടു. എന്റെ കമ്പാർട്ടുമെന്റിലാണ് കൂടുതൽ മരണമുണ്ടായത്.

ഏതാണ്ട് ആറുമാസം ആശുപത്രിയിൽ കിടക്കേണ്ടി വന്നു കാല് ശരിയാകാൻ. ആ ഭീകരമായ അപകടം ഓർക്കുമ്പോൾ ഇന്നും ഞെട്ടിപ്പോകാറുണ്ട്.

ചോദ്യങ്ങൾ

1. അപകടം സംഭവിച്ചപ്പോൾ
   a. എല്ലാ യാത്രക്കാരും ഉറക്കമായിരുന്നു.
   b. ട്രെയിൻ സ്റ്റേഷനിനടുത്തെത്തിയിരുന്നു.
   c. പാതിരാത്രി കഴിഞ്ഞിരുന്നു.
   d. ഞാൻ നല്ല ഉറക്കത്തിലായിരുന്നു.

2. ട്രെയിൻ അപകടം ഉണ്ടാകാൻ കാരണം മിക്കവാറും
   a. രണ്ടു വണ്ടികൾ തമ്മിൽ കൂട്ടിമുട്ടിയതാകണം.
   b. ബോഗി പാളം തെറ്റിയതാകണം.
   c. വണ്ടിപെട്ടെന്നു വേഗത കൂട്ടിയതാകണം.
   d. വെളിച്ചമില്ലാത്തതുകൊണ്ടാകണം.

3. മുകളിലത്തെ വിവരണത്തിൽ നിന്ന് വ്യക്തമായി അനുമാനിക്കാവുന്നതേത്?'
   a. യാത്രക്കാരന് തന്റെ പെട്ടിതിരിച്ചു കിട്ടി.
   b. യാത്രക്കാരൻ ഏകനായാണ് സഞ്ചരിച്ചത്.
   c. എതിരെയിരുന്ന സീറ്റിലിരുന്ന സ്ത്രീയുടെ കുഞ്ഞ് മരിച്ചുകാണും.
   d. അപകടത്തിൽ പരുക്കേറ്റവരുടെ എണ്ണം.

4. 'എന്റെ മുഖം വിളറി' കാരണം
   a. എന്റെ രക്തം മുഴുവൻ വാർന്നുപോയി.
   b. എന്റെ കാല് ഒടിഞ്ഞുപോയി.
   c. വിലപ്പെട്ട രേഖകൾ നഷ്ടപ്പെട്ടു.
   d. എനിക്കു ബോധം വീണ്ടു കിട്ടി.

5. ' കുറ്റാകുറ്റിരുട്ട് ' എന്നതിന്റെ അർത്ഥം
   a. കുറഞ്ഞ അളവിലുള്ള ഇരുട്ട്
   b. കുറ്റം പറയാനാവാത്ത ഇരുട്ട്
   c. കറുത്ത കൂരിരുട്ട്
   d. ഭയങ്കരമായ ഇരുട്ട്

6. 'വേദനിക്കുന്ന മുഖങ്ങൾ' എന്നതിന്റെ അർത്ഥം
   a. മുഖത്തു പരിക്കു പറ്റിയവർ
   b. വേദന മുഖത്തു കാണിക്കുന്നവർ
   c. മുഖം വേദനിക്കുന്നവർ
   d. വേദനയുണ്ടാക്കുന്ന മുഖങ്ങൾ

7. യാത്രക്കാരൻ എത്രതവണ ബോധരഹിതനായി?
   a. 1
   b. 2
   c. 3
   d. 4

8. ഈ വിവരണത്തിൽ ഇല്ലാത്ത ഒരു സൂചന
   a. നഴ്സ് പറഞ്ഞാണ് മരിച്ചവരുടെ എണ്ണം മനസ്സിലായത്.
   b. വണ്ടിയപകടമുണ്ടായ സ്ഥലം.
   c. യാത്രക്കാരൻ ആശുപത്രിയിലെത്തിയപ്പോൾ ബോധരഹിതനായിരുന്നു.
   d. യാത്രക്കാരന്റെ കാലൊടിഞ്ഞു.

Passage - 3

മലയാള ഭാഷാപഠനം

മലയാളി കടന്നുചെല്ലാത്തിടം കുറവാണ്. എന്നാൽ മലയാളം അതുപോലെ കടന്നുചെന്നിട്ടുള്ളയിടവും കുറവാണ്. തമിഴ് സാഹിത്യത്തിനും ഭാഷയ്ക്കും ഇന്ത്യക്കു വെളിയിലുള്ള വിവിധ സർവ്വകലാശാലകളിൽ പഠന വകുപ്പുകൾ തന്നെയുണ്ട്. അമേരിക്കയിൽ ദ്രാവിഡഭാഷാ പഠനകേന്ദ്രങ്ങൾ എന്നു പറഞ്ഞാൽ തമിഴ് പഠനകേന്ദ്രങ്ങൾ എന്നു മനസ്സിലാക്കിയാൽ മതിയെന്നുകൂടി വന്നിരിക്കുന്നു. വിദേശീയരിൽ പലർക്കും തമിഴ് തന്നെ

ദ്രാവിഡം എന്നൊരു ധാരണയുമുണ്ട്. അമേരിക്കയിൽ പെൻസിൽവേനിയ, ടെക്സാസ്, ഷിക്കാഗോ, വിസ്കോൻസിൻ തുടങ്ങിയ ചുരുക്കം ചില സർവ്വകലാശാലകളിലേ വേണ്ടിവന്നാൽ മലയാളം പഠിക്കാനുള്ള സൗകര്യമുള്ളൂ താനും.

കേരളത്തെപ്പറ്റിയും, കേരളത്തിലെ കമ്യൂണിസം, ഗൾഫ് ബൂം, സാക്ഷരത, കോവളം എന്നിവയെപ്പറ്റിയൊക്കെ വിദേശിയർ ചോദിക്കാറുണ്ട്. പക്ഷെ തമിഴുപോലെ മലയാളം അവരെ ആകർഷിച്ചിട്ടില്ല. വിദേശികൾക്ക് സൗകര്യമായി മലയാളം പഠിക്കാനുള്ള സാമഗ്രികൾ ഉണ്ടാക്കിക്കൊടുക്കാൻ നമുക്കും കഴിഞ്ഞിട്ടില്ല.

അമേരിക്കൻ സർവ്വകലാശാലകളിൽ ദ്രാവിഡ ഭാഷകൾ എങ്ങനെ പഠിപ്പിക്കുന്നു എന്ന് നേരിട്ടു മനസ്സിലാക്കാൻ കഴിഞ്ഞപ്പോൾ അത്ഭുതം തോന്നി. തമിഴിനും, മലയാളത്തിനും കന്നടയ്ക്കുമെല്ലാം കൂടി ഒരൊറ്റ അദ്ധ്യാപകൻ. അയാൾ ഇതിലേതെങ്കിലും അറിയാവുന്ന ഒരിന്ത്യാക്കാരനോ അമേരിക്കനോ ആയിരിക്കും. അറിയാവുന്ന ഭാഷഒഴിച്ച് ബാക്കിയുള്ളവ പഠനവേളകളിലെ ഒഴിവുസമയങ്ങളിൽ അല്പവേതനം ലക്ഷ്യമാക്കിവരുന്ന ഇന്ത്യൻ വിദ്യാർത്ഥികളെ അസിസ്റ്റന്റുമാരായി വച്ച് പഠിപ്പിച്ചു കാര്യം കഴിക്കുന്നു. 'മലയാളം പഠിച്ച സായിപ്പിനോളം വരുമോ സാക്ഷാൽ മലയാളി' എന്നൊരു ഭാവമാണവിടെ. 'വിദേശപ്രൊഫസ്സർമാരുടെ ടീച്ചിംഗ് അസിസ്റ്റന്റുമാരായി വരാൻ തയ്യാറാവുന്ന ഇന്ത്യൻ പ്രൊഫസ്സറന്മാരുണ്ടെങ്കിലോ?' എന്ന് ഒരമേരിക്കൻ പ്രൊഫസ്സർ ചെവിയിൽ മന്ത്രിച്ചപ്പോഴാണ് ഈ ലേഖകൻ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയത്.

മലയാള ഭാഷാദ്ധ്യാപനത്തിൽ അദ്ധ്യാപന സാമഗ്രികളുടെ കുറവിനെക്കുറിച്ച് പരാതിപ്പെടുമ്പോൾ പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ ആവശ്യകത സൗകര്യപൂർവ്വം മറക്കരുത്. വിദഗ്ധപരിശീലനം ലഭിച്ച മലയാള ഭാഷാദ്ധ്യാപകരുണ്ടാകേണ്ടിയിരിക്കുന്നു.

ചോദ്യങ്ങൾ

1. ഈ ലേഖനത്തിൽ അമേരിക്കൻ മലയാളം പഠിപ്പിക്കുന്ന എത്ര യൂണിവേഴ്സിറ്റികളുടെ പേര് പറയുന്നുണ്ട്?

   a. 3
   b. 2
   c. 5
   d. 4

2. ഈ ലേഖനം വിദേശത്തെ മലയാളം പഠിപ്പിക്കലിനെ

   a. വിശദീകരിച്ചുദാഹരിക്കുന്നു.
   b. വിമർശനബുദ്ധ്യാ വിലയിരുത്തുന്നു.

c. അഭിനന്ദിച്ചുറപ്പിക്കുന്നു.
d. ആക്ഷേപിച്ചുപേക്ഷിക്കുന്നു.

3. ഈ ലേഖനത്തിൽ നിന്നും കിട്ടുന്ന സൂചന
a. ദ്രാവിഡമെന്നാൽ തമിഴ് തന്നെ.
b. ദ്രാവിഡപഠനത്തിനു മലയാളം ആവശ്യമില്ല.
c. മലയാളത്തിനു വിദേശത്തു കാര്യമില്ല.
d. തമിഴ് മലയാളത്തേക്കാൾ അംഗീകാരം നേടിയിട്ടുണ്ട്.

4. താഴെകൊടുത്തിരിക്കുന്ന ജോഡികളിൽ യോജിപ്പില്ലാത്തത്.
a. തമിഴ് - തമിഴർ
b. മലയാളം - മലയാളി
c. തെലുങ്ക് - തെലുങ്കൻ
d. കന്നട - കന്നടൻ

5. 'തരമാക്കുക' എന്ന പ്രയോഗം സൂചിപ്പിക്കുന്നത്
a. സാദ്ധ്യമാക്കുക
b. ഉണ്ടാക്കുക
c. തരംതിരിച്ചുണ്ടാക്കുക
d. ഉറപ്പിക്കുക

6. 'സായിപ്പിനോളം വരുമോ സാക്ഷാൽ മലയാളി ' എന്നതിന്റെ സൂചന
a. മലയാളി സായിപ്പിന്റെ അടുത്ത് വരും.
b. സായിപ്പും മലയാളിയും തുല്യരാണ്.
c. സായിപ്പിനോളം മിടുക്കില്ല മലയാളിക്ക്.
d. സായിപ്പിനെക്കണ്ടാൽ മലയാളികവാത്തു മറക്കും.

7. 'അക്ഷരാർത്ഥത്തിൽ ഞെട്ടുക ' എന്നാൽ അർത്ഥമെന്ത്?
a. അക്ഷരത്തിന്റെ അർത്ഥം കണ്ടു ഞെട്ടുക.
b. അക്ഷരത്തിന്റെ അർത്ഥം കേട്ടു ഞെട്ടുക.
c. അക്ഷരത്തിന്റെ പകുതി കേട്ട് ഞെട്ടുക.
d. വല്ലാതെ ഞെട്ടുക.

8. 'അനുപേക്ഷണീയം' എന്നതിന്റെ അർത്ഥം

a. ഉപേക്ഷിക്കാവുന്നത്.

b. ഉപേക്ഷിക്കാനാവാത്തത്.

c. ഉപേക്ഷിക്കത്തക്കത്.

d. ഉപേക്ഷയായത്.

Passage - 4

ഒരുദിവസം ഉച്ചയ്ക്കൂണു കഴിഞ്ഞ് ഒന്നു മയങ്ങിപ്പോയി. ഉറക്കത്തിൽ ഞാനൊരു സ്വപ്നം കണ്ടു. അതു ഞാനിതേവരെ മറന്നിട്ടില്ല. എങ്ങനെ മറക്കും. അത്രയ്ക്ക് രസകരമായിരുന്നത്. എന്താണെന്നല്ലേ. പറയാം കേട്ടോളൂ.

ഞാൻ വലിയ ഒരു കാട്ടിലൂടെ നടക്കുകയാണ്. സമയം രാത്രി. നടന്നുനടന്നു ക്ഷീണിച്ചിട്ടും കാട്ടിനുവെളിയിലേക്കുള്ള വഴി പിടികിട്ടുന്നില്ല. പെട്ടെന്നൊരു ശബ്ദം കേട്ടു. ഞാൻ വിരണ്ടു പോയി. ഒരു ഒറ്റക്കൊമ്പൻ ചിന്നം വിളിച്ചുകൊണ്ട് മുന്നിൽ. എന്തുചെയ്യാൻ കഴിയും. എന്തും വരട്ടെ എന്നുകരുതി ഞാൻ അടുത്തു കണ്ട ഒരു മരത്തിൽ ചാടിക്കയറി. ജീവനിലുള്ള കൊതികൊണ്ട് ഒറ്റക്കേറ്റത്തിന് മുകളിലെത്തി.

ആനയുണ്ടോ വിടുന്നു. മരത്തിനുചുറ്റും നടക്കാൻ തുടങ്ങി. ഉച്ചത്തിലുള്ള ചിന്നം വിളിയും. കുരങ്ങനെപ്പോലെ ഞാൻ മരത്തിലള്ളിപ്പിടിച്ചിരുന്നു. ആന കുറേക്കഴിഞ്ഞ് മരം കുത്തിമറിക്കാൻ ശ്രമമായി. മരത്തിലിരുന്ന് ഞാൻ കുലുങ്ങിത്തുടങ്ങി. 'ഭഗവാനേ' ഞാൻ വിളിച്ചു. വിളിച്ചു കഴിഞ്ഞപ്പോഴാണ് മറ്റൊരു ബോധോദയമുണ്ടായത്. ഭഗവാനോ? ഞാൻ സ്ഥലത്തെ പ്രധാന നിരീശ്വരവാദിയല്ലേ? പക്ഷേ കാടായതുകൊണ്ട് ആനയല്ലാതെ മറ്റാരും എന്റെ വിളികേട്ടു കാണുകയില്ല.

കുറച്ചു കഴിഞ്ഞ് ഞാൻ മരത്തിൽ നിന്നും ഊർന്നിറങ്ങി. നിലത്തെത്തി. മുകളിലേക്കുനോക്കി. 'ഭഗവാനേ!' എത്ര ഉയരത്തിലാണ് ഞാൻ കയറിയിരുന്നത്. ഇത്രയും വലിയ ഒരു മരത്തിൽ ഞാൻ എങ്ങനെ കയറിപ്പറ്റിയെന്ന് നോക്കി ഞാൻ അന്തം വിട്ടു. അപ്പോഴാണ് അടുത്ത അത്ഭുതം. 'ഭഗവാനേ' എന്ന രണ്ടാമത്തെ വിളിയോടെ എന്റെ കണ്ണു തെളിഞ്ഞപ്പോലെ ഒരനുഭവം. ഞാൻ ഒന്നുകൂടി കണ്ണടച്ചുതുറന്നു. ഞാൻ കാടിനു പുറത്ത് വീട്ടിലേക്കുള്ള വഴിയിലെത്തിയിരിക്കുന്നു.

ഞാൻ സന്തോഷംകൊണ്ട് തുള്ളിച്ചാടി. മതിമറന്നു വിളിച്ചു കൂവി 'ഹായ് ! ഹായ് !'

'നിങ്ങളെന്താ ദുഃസ്വപ്നം കണ്ടോ? കട്ടിലിൽ നിന്നും താഴെപോയ എന്നെപിടിച്ചെഴുന്നേല്പിച്ചുകൊണ്ട് ഭാര്യ ചോദിച്ചു, ഞാൻ നാണിച്ചുപോയോ?

വാതിലിനു പുറകിൽ മറഞ്ഞു നിന്നുകൊണ്ട് എന്റെ ചെറുമകൾ കുണുങ്ങിച്ചിരിക്കുന്നു. ഞാൻ ശരിയ്ക്കും നാണിച്ചുപോയി.

ചോദ്യങ്ങൾ

1. ഈ സ്വപ്നവിവരണത്തിൽ പ്രാധാന്യംകൊടുത്തിരിക്കുന്ന സൂക്ഷ്മമായ സാഹിത്യാംശം എന്താണ്?

   a. ദുഃഖം
   b. ഹാസ്യം
   c. തത്വജ്ഞാനം
   d. ശൃംഗാരം

2. 'ജീവൻ തിരിച്ചുകിട്ടി' എന്നതിന്റെ അർത്ഥം

   a. മരിച്ചതിനുശേഷം വീണ്ടും ജീവിച്ചു.
   b. ജീവൻ ആനയെടുത്തു. പിന്നീട് തിരിച്ചു കൊടുത്തു.
   c. രക്ഷപ്പെട്ടു.
   d. ജീവൻ വീണുകിട്ടി.

3. സത്യത്തിൽ സ്വപ്നക്കാരൻ യഥാർത്ഥ ജീവിതത്തിൽ

   a. ഒരു കനത്ത ഈശ്വര വിശ്വാസിതന്നെയാണ്.
   b. കനത്ത നിരീശ്വരവാദി തന്നെ.
   c. പുറത്തു നിരീശ്വരൻ, ഉള്ളിന്റെയുള്ളിൽ ഈശ്വരവിശ്വാസി
   d. ഒരു സ്വപ്നാടകൻ.

4. ഈ സ്വപ്ന വിവരണത്തിൽ ഗോപ്യമായി സൂചിപ്പിക്കുന്ന ആശയം.

   a. ദൈവാനുഗ്രഹം ആപത്തൊഴിവാക്കും.
   b. പകലുറക്കം പതിവാക്കരുത്.
   c. അടിതെറ്റിയാൽ ആനയും വീഴും.
   d. തന്റെ വിശ്വാസം തന്നെ രക്ഷിക്കും.

5. 'അന്തംവിട്ടു' എന്നതിന്റെ അർത്ഥം

   a. ശ്വാസം വിട്ടു.
   b. അന്ത്യശ്വാസം വലിച്ചു.
   c. അത്ഭുതപ്പെട്ടു.
   d. ഭയപ്പെട്ടു.

6. ഈ വിവരണത്തിനുപറ്റിയ തലക്കെട്ട്
   a. സ്വപ്നങ്ങൾ
   b. ഒരു നിരീശ്വരവാദിയുടെ സ്വപ്നം
   c. ഒറ്റക്കൊമ്പന്റെ ക്രൂര കൃത്യം
   d. ഞാൻ നാണിച്ചു പോയി.

7. 'ഞാൻ നാണിച്ചു പോയോ?' എന്നതിന്റെ സൂചന
   a. ഞാൻ നാണിച്ചില്ല.
   b. ഞാൻ നാണിച്ചു എന്നുസംശയിക്കുന്നു.
   c. ഞാൻ നാണിച്ചതു എനിക്കു പിടികിട്ടി.
   d. ഞാൻ നാണിച്ചതു പോലെയായി.

8. 'കണ്ണു തെളിയുക' എന്നാൽ
   a. സന്തോഷിക്കുക
   b. വഴിയുണ്ടാകുക
   c. ബോധമുണ്ടാവുക
   d. പ്രശ്നം തീരുക

Passage - 5

ശ്രദ്ധിച്ചു കേട്ടതിനുശേഷം ചോദ്യങ്ങൾക്കു ഉത്തരമടയാളപ്പെടുത്തുക.

ചന്ദ്രശേഖർ ലൊഹുമി ഒരു റിട്ടയേർഡ് അദ്ധ്യാപകനാണ്. പ്രൈമറി സ്ക്കൂൾ അദ്ധ്യാപകൻ. 79 വയസ്സായി. നാട് ഉത്തരപ്രദേശിലെ നൈനിറ്റാൾ ജില്ല. ശാസ്ത്രവിദ്യാഭ്യാസത്തിന്റെ അടുത്തെങ്ങും അദ്ദേഹം പോയിട്ടില്ല. ഹിന്ദിമാത്രമേ അറിയൂ. അതുകൊണ്ടെന്താ? 'ജീവശാസ്ത്രത്തിലെ രാമാനുജൻ' എന്ന പേരിൽ ഇന്നു അദ്ദേഹം അറിയപ്പെടുന്നു. (നവീന ഗണിത ശാസ്ത്രത്തിനു രാമാനുജം നൽകിയ സംഭാവനകൾ വിസ്മയം ജനിപ്പിക്കുന്നവയായിരുന്നല്ലോ) എന്തിനേറെ ലൊഹുമി ഇന്ത്യൻ കാർഷിക ഗവേഷണ സ്ഥാപനത്തിന്റെ അത്യുന്നത ബഹുമതിക്ക് അർഹനായിരുന്നു. 15,000 രൂപയും ഒരു ബഹുമതി പത്രവും കൃഷിമന്ത്രി അദ്ദേഹത്തിന് നൽകുകയുണ്ടായി.

കുന്നുകളുടെയും മലകളുടേയും നാടാണ് നൈനിറ്റാൾ. 1934 വരെ നല്ല കാടുകളും പുൽമേടുകളും കൃഷിസ്ഥലങ്ങളും എല്ലാം അവിടെ ഉണ്ടായിരുന്നു. പിന്നീട് ക്രമേണ ഒരു പാഴ്ച്ചെടി ലെന്റാന – അവിടങ്ങളിൽ

വളരാൻ തുടങ്ങി. അത് എങ്ങും അതിവേഗം വ്യാപിച്ചു. കൃഷിസ്ഥലങ്ങൾ അപ്രത്യക്ഷമായി. പുൽമേടുകൾ കണികാണാനില്ല. വൻകാടുകളെപ്പോലും അത് ബാധിച്ചു. ചുരുക്കത്തിൽ പ്രകൃതിസുന്ദരവും ഫലഭൂയിഷ്ഠവുമായ ആ പ്രദേശമാകെ ആ പാഴ്ച്ചച്ചെടികൊണ്ടു നിറഞ്ഞു. നാട്ടിൻ പുറങ്ങളിൽ നടക്കാൻ പോലും വഴി ഇല്ലാതായി.

നാടിനുനേരിട്ട ഈ വിപത്തു ലൊഹൂമിയെ ഇരുത്തിച്ചിന്തിപ്പിച്ചു. ഈ പാഴ്ച്ചെടി നശിപ്പിക്കാൻ വല്ല മാർഗ്ഗവുമുണ്ടോ? വെട്ടിനശിപ്പിച്ചാൽ മുന്നേക്കാൾ ശക്തിയിലാണ് വളർച്ച. ചുട്ടെരിച്ചിട്ടും ഫലം കണ്ടില്ല. എന്താണ് ഒരുപോംവഴി? എന്നു ലൊഹൂമി ഉത്തരം കിട്ടാത്ത ചോദ്യവുമായി പാഴ്ച്ചെടികളെ നോക്കി നിൽക്കും. ഒരു ദിവസം ഒരിടത്തു കുറെ ചെടികൾ വാടിക്കരിഞ്ഞ് നില്ക്കുന്നത് അദ്ദേഹം കണ്ടു. അവിടെപ്പോയി പരിശോധിച്ചു. ഒന്നും കണ്ടില്ല. വല്ല ചെറുജീവികളും ആയിരിക്കും ചെടികളെ നശിപ്പിക്കുന്നതു എന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം. പക്ഷെ അതിന് തക്ക തെളിവൊന്നും കിട്ടിയില്ല. ഒരിക്കൽ നിരാശ മൂത്തു. അദ്ദേഹം ഒരു വടിയെടുത്തു ചെടികളെ അടിച്ചു വീഴ്ത്താൻ തുടങ്ങി. കുറെ ചെറുപ്രാണികൾ നിലത്തു വീണു. കുറെ പറന്നു പോയി. യാദൃശ്ചികമായി ഈ സംഭവമാണ് ലെന്റാന പാഴ്ച്ചെടിയുടെ വംശനാശത്തിന് വഴിതെളിച്ചത്.

ലൊഹൂമി പരീക്ഷണങ്ങൾ മുറയ്ക്ക് തുടർന്നു. അദ്ദേഹത്തിന് ലാബറട്ടറിയില്ല. ഉപകരണങ്ങളില്ല. അദ്ദേഹത്തിന്റെ പരീക്ഷണരീതി പുതുമയേറിയതായിരുന്നു. എന്തെന്നല്ലേ? സ്ക്കൂൾകുട്ടികളെ അദ്ദേഹം സംഘടിപ്പിച്ചു. അവർക്കു വലിയ ഉത്സാഹം. എല്ലാവരും ചേർന്നു ഈ ചെറുജീവികൾ അള്ളിപ്പിടിച്ചിരിക്കുന്ന ചില്ലകൾ പൊട്ടിച്ചെടുത്ത്, സഞ്ചികളിലാക്കി സ്ക്കൂളിലേക്ക് പുറപ്പെടും. വഴിക്കുള്ള പാഴ്ച്ചെടികളിലേയ്ക്കു എല്ലാം അവയെ വിടും. സ്ക്കൂൾ വിട്ട് മടങ്ങുമ്പോഴും ഈ പണി തുടരും. ഈ പരീക്ഷണം വളരെ വിപുലമായ തോതിൽ നടന്നു. പല സ്ക്കൂളുകളും അതിൽ പങ്കുചേർന്നു. പാഴ്ച്ചെടികൾ വാടിക്കരിയാൻ തുടങ്ങി. ലെന്റാനയെ നശിപ്പിക്കാൻ ഏറ്റവും ഫലപ്രദവും ദോഷരഹിതവുമായ മാർഗ്ഗം ലൊഹൂമിയുടേതാണെന്ന് തെളിയിക്കപ്പെട്ടു. ലെന്റാന വണ്ടിനെ വൻതോതിൽ വളർത്തുകയും അവയെ പാഴ്ച്ചെടികളിലേയ്ക്കു പറത്തിവിടുകയും ചെയ്യുക അവ ആ പ്രത്യേകതരം ചെടികളെമാത്രം നോക്കി നശിപ്പിക്കും.

ചോദ്യങ്ങൾ

1. ചന്ദ്രശേഖർ ലഹൂമി ആരാണ്?
   a. കാർഷിക ഗവേഷകൻ
   b. സർവ്വീസിൽനിന്നു വിരമിച്ച അദ്ധ്യാപകൻ
   c. കർഷകൻ
   d. കൃഷിമന്ത്രി

2. ലൊഹൂമിയെ ആരോടാണ് ഉപമിക്കുന്നത്?

   a. ഗണിതശാസ്ത്രത്തിലെ രാമാനുജൻ
   b. ജീവശാസ്ത്രത്തിലെ രാമാനുജൻ
   c. കൃഷിമന്ത്രി
   d. ഒരു പ്രാഥമിക വിദ്യാലയത്തിലെ അദ്ധ്യാപകൻ

3. എങ്ങനെയുള്ള പ്രദേശമാണ് ചന്ദ്രശേഖരിന്റെ സ്വദേശം?

   a. സമതലം
   b. താഴ് വര
   c. തീരപ്രദേശം
   d. മലമ്പ്രദേശം

4. ലെന്റാന എന്ന ചെടി ഏതു തരത്തിൽപ്പെട്ടതാണ്? ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക.

   a. സസ്യവർഗ്ഗത്തിൽപ്പെട്ട ഒരു മരുന്ന്
   b. ഈ ചെടിയുടെ നീര് മനുഷ്യൻ ഉപയോഗിക്കുന്നു.
   c. മനുഷ്യന് പ്രയോജനപ്രദമായ ഒരു ചെടി
   d. മനുഷ്യന് വിപത്തുണ്ടാക്കിവയ്ക്കുന്ന ഒരു ചെടി.

5. ലെന്റാന എന്ന പാഴ്ച്ചെടിയെ നശിപ്പിക്കാൻ ആദ്യം എന്തു ചെയ്തു നോക്കി?

   a. ചെറുപ്രാണികളെ പിടിച്ചു ലെന്റാനയിൽ ഇട്ടു.
   b. വടിയെടുത്തു അടിച്ചു വീഴ്ത്തി
   c. ചുട്ടെരിക്കാൻ ശ്രമിച്ചു
   d. സ്ക്കൂൾ കുട്ടികൾ പിഴുതെടുത്തു.

6. ലെന്റാന എന്ന ചെടിയുടെ വംശനാശത്തിനു ഇടയാക്കിയത് എന്തു സംഭവമാണ്?

   a. സ്ക്കൂൾ കുട്ടികൾ നിരന്തരമായി പരിശ്രമിച്ചതുകൊണ്ടാണ്.
   b. ലൊഹൂമിയുടെ പരീക്ഷണം
   c. ലൊഹൂമി, .യാദൃശ്ചികമായി ചെറുപ്രാണികളെ കണ്ടതു കൊണ്ട്.
   d. ലൊഹൂമിയും സ്ക്കൂൾ കുട്ടികളും ചേർന്നു പാഴ്ച്ചെടികളെ വെട്ടി നശിപ്പിച്ചപ്പോൾ.

7. ചന്ദ്രശേഖർ ലൊഹൂമിയുടെ പ്രവർത്തനത്തെ എങ്ങനെ വിശേഷിപ്പിക്കാം ?

a. പുനരാവർത്തനം
b. നവീന പരീക്ഷണം
c. ആധുനിക ഗവേഷണത്തെ അടിസ്ഥാനമാക്കി
d. വിഫലമായ പരീക്ഷണം

8 എങ്ങനെയാണ് ചന്ദ്രശേഖർ ലൊഹൂമിയും കുട്ടികളും ലെന്റാനയെന്ന ചെടിയുടെ ഉന്മൂലനാശം വരുത്തി വച്ചത്?

a. ചെറുപ്രാണികളെ പിടിച്ചു ലെന്റാനയിൽ വിട്ടു.
b. ചെറുപ്രാണികളെ പിടിച്ചു കൊന്നു.
c. ചെറുപ്രാണികളെ പിടിച്ചു സഞ്ചികളിലാക്കി.
d. ചെറുപ്രാണികളെ പിടിച്ചു വളർത്തി.

Passage - 6

നിത്യജീവിതത്തിൽ എല്ലായ്പ്പോഴും നമുക്കു വേദനകൾ അനുഭവപ്പെടാറുണ്ട്. വേദനകൾ സഹിക്കുവാൻ മാനസികമായി കരുത്തും ധൈര്യവും ഉള്ളവർ ഉണ്ടായേക്കാം. ചെറിയ വേദനപോലും സഹിക്കുവാനാകാതെ ചൂളിപ്പോകുന്നവരും നമ്മുടെയിടയിൽ കാണുവാൻ കഴിഞ്ഞേക്കും. വേദന തീരെ അനുഭവപ്പെടാൻ കഴിയാത്ത അപൂർവ്വം ചില വ്യക്തികളും ഉണ്ടായേക്കാം. കുഷ്ഠരോഗികൾക്കു രോഗംബാധിച്ച അവയവങ്ങളിൽ വേദന അനുഭവപ്പെടാനുള്ള കഴിവു നഷ്ടപ്പെട്ടുപോകുന്നു.

രോഗിയെ വേദനയിൽനിന്നും വിമോചിപ്പിക്കുവാൻ ചരിത്രാതീതകാലം മുതൽ ഭിഷഗ്വരന്മാർ അശ്രാന്തപരിശ്രമം ചെയ്തുവന്നിട്ടുണ്ട്. വേദന എന്ന പ്രതിഭാസത്തെ സംബന്ധിച്ചു എന്തെങ്കിലും ശാസ്ത്രീയമായി പഠിക്കുവാനും അറിയുവാനും കഴിഞ്ഞിട്ടുള്ളത് ഈ അടുത്ത കാലഘട്ടങ്ങളിൽ മാത്രമാണ്. വേദനാ ശാസ്ത്രത്തിലും വേദനാ ചികിൽസയിലും പല പുതിയ നേട്ടങ്ങളും ഇന്ന് ആധുനിക വൈദ്യശാസ്ത്രം അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.' പരീക്ഷണവും പരാജയവും വീണ്ടും പരിശ്രമവും എന്ന പരിപാടിയിൽ പല പഠനങ്ങളും നടത്തി ഇന്നു വേദനാസംഹാരികളുടെ ആവിഷ്ക്കരണത്തിലും ബോധം കെടുത്തൽ, മോഹനിദ്ര എന്നിവ ഉപയോഗിച്ചുള്ള ചികിൽസയിലും നാം എത്തിച്ചേർന്നിരിക്കുന്നു. വേദനയെപ്പറ്റി വിശകലനം ചെയ്യുവാനും അതിനു ശാസ്ത്രീയമായി ഒരു നിർവചനം കൊടുക്കുവാനും ഇന്നു ശരീര ശാസ്ത്രജ്ഞനാമാർക്കു കഴിഞ്ഞിരിക്കുന്നു.

ശരീരത്തിൽ ഏതൊരു ഭാഗത്തും നാശത്തിന് ഇരയായിക്കൊണ്ടിരിക്കുന്ന ടിഷ്യൂവിൽ നിന്നുമുളവാക്കുന്ന ഉദ്ദീപനങ്ങൾ പ്രത്യേക

നാഡീതന്തുക്കളിൽകൂടി മസ്തിഷ്ക്കത്തിലെ ഉയർന്ന കേന്ദ്രങ്ങളിലേയ്ക്കു സഞ്ചരിക്കുമ്പോൾ നമ്മുടെ ബോധമനസ്സിൽ അനുഭവപ്പെടുന്ന വ്യക്തിനിഷ്ഠമായ സംവേദനമാണ് വേദന എന്നു നിർവചിക്കാം. ശരീരത്തിൽ എവിടേയും ഉണ്ടാകുന്ന അപകടത്തിന്റെ സൂചനയായി വേദനയെ പരിഗണിക്കാം.. വേദന പലവിധത്തിലുണ്ടാകാം. മുറിവും ചതവും കൊണ്ടുണ്ടാകുന്ന വേദന, പ്രാണികൾ കടിച്ചും കുത്തിയുമുണ്ടാകുന്ന വേദന, നടുവിനു വേദന, തലവേദന, പല്ലിനു വേദന, ഹൃദയവേദന, പ്രസവ വേദന, മനോവേദന എന്നിങ്ങനെ വേദനകളുടെ പട്ടിക വേണമെങ്കിൽ ഉണ്ടാക്കാൻ കഴിയും. എന്തെങ്കിലും ഒരു വേദനയുടെ പരാതിയില്ലാതെ ഡോക്ടർമാരെ സമീപിക്കുന്നവർ ആരുണ്ട്.? സാങ്കല്പികമായി വേദനകളുമായി ഡോക്ടറുടെ മുമ്പിൽ ചെല്ലുന്നവർക്കു താൽക്കാലിക ശമനം കിട്ടുവാനായി അനാൽജിൻ, നോവാൽജിൻ എന്നീ ഗുളികകൾ നിർദ്ദേശിക്കുകയായി. നിയന്ത്രണം ഇല്ലാതെ ഇത്തരം ഗുളികകൾ ഉപയോഗിക്കുന്നതു ഇന്നു സർവ്വവകുപ്പുകളായി അഭയം തേടുന്നു. എന്നാൽ ഇവയൊന്നുകൊണ്ടും വേദനകൾ പൂർണ്ണമായും മാഞ്ഞുമറയുന്നില്ല. വേദനകൾ വീണ്ടും വീണ്ടും അനുഭവപ്പെടുന്നു. അതു ശരീരത്തിന്റെയും മനസ്സിന്റേയും ആധുനിക ജീവിതത്തിന്റേയും ഭാഗമായി അവശേഷിക്കുന്നു.

ചോദ്യങ്ങൾ

1. ഇപ്പോൾ കേട്ട ഖണ്ഡികയെ ആസ്പദമാക്കി ഏറ്റവും ശരിയായ വാക്യം അടയാളപ്പെടുത്തുക.

   a. എല്ലാവർക്കും വേദന അനുഭവിച്ചറിയാൻ സാധിക്കും.
   b. കുഷ്ഠരോഗികൾ ഒഴികെ എല്ലാവർക്കും വേദന അനുഭവിച്ചറിയാൻ സാധിക്കും.
   c. എല്ലാവർക്കും വേദന അനുഭവിച്ചറിയാൻ സാധിക്കുകയില്ല.
   d. ആർക്കും വേദന ഉണ്ടാവുന്നില്ല.

2 വേദനാശാസ്ത്രത്തിൽ പ്രാചീനാചാര്യന്മാരുടെ ശ്രദ്ധപതിപ്പിച്ചിരുന്നോ?

   a. വേദനയിൽ നിന്ന് വിമോചിപ്പിക്കാൻ അശ്രാന്ത പരിശ്രമം ചെയ്തിരുന്നു
   b. വേദനയെക്കുറിച്ച് ശാസ്ത്രീയമായി പഠിച്ചിരുന്നു.
   c. രോഗിയെ നിസ്സഹായവസ്ഥയിൽ ഉപേക്ഷിക്കുന്ന പ്രവണത ഉണ്ടായിരുന്നു.
   d. ശാസ്ത്രീയമായ ചികിൽസാക്രമം അടുത്തകാലത്തേ നടപ്പിലായുള്ളു.

3. വേദനസംഹാരത്തിന് ഇന്നത്തെ സാധ്യതകൾ എന്താണ്?

   a. ബോധംകെടുത്തൽ വരുത്താനുള്ള ഔഷധങ്ങളുടെ ഉപയോഗം.
   b. വേദനസംഹാരത്തിനുള്ള മനോചികിൽസ.

c. ബോധം കെടുത്തൽ, മോഹനിദ്ര എന്നിവ ഉപയോഗിച്ചുള്ള ചികിത്സ.
d. പരീക്ഷണവും നിരീക്ഷണവും നടക്കുന്നതേയുള്ളു.

4. 'വേദന' എന്നാലെന്നത്?
a. ബോധമനസ്സിലുണ്ടാകുന്ന വ്യക്തിനിഷ്ഠസംവേദന
b. ശരീരപേശികളിലുള്ള സമ്മർദ്ദം
c. ടിഷ്യുകളുടെ നാശവും തജ്ജന്യമായ വികാരവായ്പും
d. പുതിയസെല്ലുകളുടെ ആവിർഭാവം സൃഷ്ടിക്കുന്ന ആഘാതം

5. 'വേദന' കൾ എന്തിനെ സൂചിപ്പിക്കുന്നു?
a. അപകട സൂചന
b. ശരീരത്തിൽ എവിടെയെങ്കിലും സംഭവിക്കുന്ന അപകടം
c. സ്ഥായിയായ രോഗം
d. മനസ്സിലുണ്ടാകുന്ന വിഷമം

6. അനാൽജിൻ, നോവാൽജിൻ എന്നിവ എന്തിന് ഉപയോഗിക്കുന്നു?
a. ജലദോഷത്തിന്
b. മനോദുഃഖത്തിന്
c. തലവേദനയ്ക്ക്
d. വേദനയകറ്റാൻ

7. വേദനകളുടെ വൈവിധ്യത്തിനു കാരണമെന്ത്?
a. മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ
b. പാരമ്പര്യ രോഗങ്ങൾ
c. ആധുനിക ജീവിത ശൈലി
d. ശാരീരികവും മാനസികവുമായ പിരിമുറുക്കം സൃഷ്ടിക്കുന്ന ചുറ്റുപാടുകൾ

Passage - 7

ജീമൂതവാഹനൻ

ജീമൂതകേതു എന്ന രാജാവിന്റെ പുത്രനാണ് ജീമൂതവാഹനൻ. അച്ഛന്റെ രാജ്യം ശത്രുക്കൾ ആക്രമിച്ചും ജീമൂതവാഹനൻ ശാന്തനും ദാനശീലനും സൽസ്വഭാവക്കാരനും ആയിരുന്നു. തന്റെ രാജ്യം ശത്രുക്കൾക്ക് നൽകി. അതിനുശേഷം വനവാസത്തിനായി മലയപർവ്വതത്തിലേക്ക് പോയി. അവിടെ വച്ചു തനിക്ക് ഒരു സുഹൃത്തിനെ കിട്ടി. അയാളുടെ പേര് മിത്രവാസു എന്നായിരുന്നു. ഒരു ദിവസം അവർ രണ്ടുപേരും കൂടി ഒരു വനയാത്ര നടത്തി. വനത്തിലെ പല കാഴ്ചകളും കണ്ട ജീമൂതവാഹനൻ നിന്നു പോയി. കുറെ ഉള്ളിലേക്ക് ചെന്നപ്പോൾ ഒരു പാറപ്പുറത്തെ സർപ്പങ്ങളുടെ അസ്ഥി കൂട്ടികിടക്കുന്നത് കണ്ടു. ജീവൂതവാഹനൻ തന്റെ സുഹൃത്തിനോട് അത് എന്താണെന്നും, അതിന്റെ കാരണം എന്താണെന്നും തിരക്കി. സുഹൃത്ത് ആ കഥ ഇങ്ങനെയാണെന്ന് പറഞ്ഞു. അതായത്, പണ്ട്, പണ്ട് നാഗമാതാവായ കദ്രു ഗരുഡന്റെ മാതാവായ വീനതയെ ചതിപ്രയോഗം കൊണ്ടു ദാസിയാക്കി ഗരുഡൻ തന്റെ പ്രശ്നം കൊണ്ടു അമ്മയുടെ ദാസ്യം ഒഴിവാക്കി. ആ വൈരാഗ്യം തീർക്കുന്നതിന് നാഗങ്ങളെ തിന്നു തീർക്കാൻ തുടങ്ങി. നാഗവംശം തന്നെ ഉന്മൂലനാശം ചെയ്യണമെന്ന വാശിയായിരുന്നു ഗരുഡന്.. നാഗവംശം നശിക്കുന്നത് കണ്ടു ഭയന്ന നാഗരാജാവ് ഗരുഡനുമായി ഒരു കരാറിലെത്തി. ആ കരാറനുസരിച്ച് ഒരു ദിവസം ഒരു നാഗം എന്ന ക്രമത്തിൽ ഗരുഡന് ഭക്ഷിക്കാനായി അയച്ചുകൊള്ളാമെന്നായിരുന്നു. അത് അങ്ങനെ കുറെകാലമായി ഗരുഡൻ തിന്നു തീർത്ത സർപ്പങ്ങളുടെ അസ്ഥികളാണിവ. ഈ കഥ കേട്ട് ജീമൂതവാഹനൻ കരുണാർദ്രനായി. ഇതിന് പോംവഴിയായി തനിക്ക് ഏതെങ്കിലും ചെയ്യാൻ പറ്റുമോ എന്നായി ചിന്ത. അപ്പോഴാണ് ഒരു വിലാപം കേട്ടത്. തന്റെ ഏകപുത്രനായ ശംഖചൂഡനെ അന്നത്തെ ഇരയായി നൽകണമല്ലോ എന്ന് വാവിട്ട് കരഞ്ഞ് ഒരു നാഗമാതാവിന്റെ ദീനരോധന-മായിരുന്നു അത്. ജീമൂതവാഹനൻ ആ അമ്മയെ സമാധാനിപ്പിച്ചു. ഇന്ന് ശംഖചൂഡന് പകരം താൻ പൊയ്കൊള്ളാമെന്നും അമ്മ കരയണ്ട എന്നും പറഞ്ഞ് ആ മാതാവിനെയും പുത്രനെയും സമാധാനിപ്പിച്ചയച്ചു. ആ ദിവസം ഗരുഡന്റെ ഇരയായി ജീവൂതവാഹനൻ യഥാസ്ഥാനത്തു ചെന്നു കിടന്നു. ഗരുഡൻ പതിവുപ്പോലെ തന്റെ ഇരയെ ഭക്ഷിക്കാനായി വന്നു. ആ ഇരയെ തൂക്കിയെടുത്ത് മലമുകളിൽ കൊണ്ടുചെന്നു ഭക്ഷിക്കാൻ തുടങ്ങി. പതിവിന് വിപരീതമായി നിശ്ചലനായി കിടന്ന തന്റെ ഇരയെ ഗരുഡൻ സൂക്ഷിച്ചു നോക്കി. അപ്പോഴാണ് തനിക്ക് ആളുമാറിപ്പോയത് മനസ്സിലായത്. തന്നെ ഭക്ഷിച്ചുകൊള്ളൂ എന്ന് ജീവൂതവാഹനൻ നിർബന്ധിച്ചു. അങ്ങനെ ആ മഹാനുഭാവന്റെ ദേഹി ദേഹം വെടിഞ്ഞു. ഗരുഡൻ അതു മുതൽ നാഗങ്ങളെ കൊന്നൊടുക്കുന്ന കാര്യത്തിൽ നിന്നും പിൻമാറി. ദേവി പ്രത്യക്ഷപ്പെട്ടു. അമൃത് കൊണ്ടുവരപ്പെട്ടു. ജീമൂതവാഹനനെ ജീവിപ്പിച്ചു. ഈ കഥ നടക്കുന്നത് മലയപർവ്വതത്തിലെ ഏഴിമലയിൽവച്ചാണ് എന്നതാണ് സങ്കല്പം. കേരളവുമായി ബന്ധപ്പെടുത്തിയാണ് ഈ പുരാണകഥയെ നാം നോക്കിക്കാണാറുള്ളത്.

ചോദ്യങ്ങൾ

1. ജീവൂത വാഹനന്റെ അച്ഛൻ ---------- ആണ്. ശരിയെന്നു തോന്നുന്ന ഉത്തരത്തിന് അടിവരയിടുക.

   a. മിത്രവാണ്
   b. ശംഖചൂഡൻ
   c. ദൂമകേതു
   d. ജീമൂതകേതു.

2. ---------- സാനുക്കളിൽ ജീമൂത വാഹനൻ വനവാസം നടത്തി.

   a. മലയപർവ്വതം
   b. വിന്ധ്യാപർവ്വതം
   c. ഹിമാലയാപർവ്വതം
   d. ഏഴുമലയുടെ.

3. ജീമൂതവാഹനന്റെ ദേഹി ദേഹം വെടിഞ്ഞു. എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

   a. മരിച്ചു
   b. ശരീരത്തോടുകൂടിപോയി
   c. രക്തം വാർന്നു
   d. അസ്ഥികൂടം മാത്രമായി.

4. ശരിയായ ഉത്തരമേത്?

   a. ദേവി പ്രത്യക്ഷപ്പെട്ട് ജീമൂതവാഹനനെ തൂക്കികൊണ്ടു പോയി.
   b. ദേവി പ്രത്യക്ഷപ്പെട്ട് ജീമൂതവാഹനനെ സഹായിച്ചു.
   c. ദേവി പ്രത്യക്ഷപ്പെട്ട് ഗരുഡനെ ശാസിച്ചു.
   d. ദേവി പ്രത്യക്ഷപ്പെട്ട് ജീമൂതവാഹനനെ ജീവിപ്പിച്ചു.

5. ശരിയായ ഉത്തരമേത്?

   a. കദ്രു ഒരു നാഗമാതാവാണ്.
   b. കദ്രു നാഗരാജാവാണ്.
   c. കദ്രു ഒരു രാജാവാണ്.
   d. കദ്രു ഒരു ഗരുഡ രാജാവാണ്.

6. അടിവരയിട്ട വാക്കിന്റെ ശരിയായ അർത്ഥം വരുന്ന വാക്കിന് നേരെ അടയാളപ്പെടുത്തുക. ശംഖചൂഡനായിരുന്നു അന്നത്തെ ഇര.

   a. വ്യക്തി
   b. നാഗം
   c. ആഹാരം
   d. ഊഴം

7. ജീമൂതവാഹനൻ സൽസ്വഭാവക്കാരനായിരുന്നു.

   a. ദാനശീലൻ
   b. ശാന്തൻ
   c. ധീരൻ
   d. നല്ല സ്വഭാവമുള്ളവൻ

8. ശരിയായ ഉത്തരത്തിനു നേരെ അടയാളമിടുക.

   a. വടക്കുള്ള ഹിമാലയത്തിലാണ് മലയപർവ്വതം.
   b. വിന്ധ്യാപർവ്വതത്തിലാണ് മലയപർവ്വതം.
   c. വടക്കൻ കേരളത്തിലാണ് മലയപർവ്വതം.
   d. തെക്കൻ കേരളത്തിലാണ് മലയപർവ്വതം.

Passage - 8

ഒക്റ്റോപ്പസ്

നീരാളി, കിനാവള്ളി, പേയ്കിനാവ്, സീഡെവിൾ, ഡെവിൾ ഫിഷ് എന്നീ പേരുകളിലൊക്കെ അറിയപ്പെടുന്ന ഒക്റ്റോപ്പസ് യഥാർത്ഥത്തിൽ നീരുപദ്രവിയും ലജ്ജാശീലനുമാണ്. എന്നാൽ മനുഷ്യനെ ജീവനോടെ വെള്ളത്തിനടിയിൽ കൊണ്ടുപോയി രക്തം ഊറ്റികുടിക്കുന്ന ചെകുത്താൻമാരും മറ്റുമായിട്ടാണ് ഇവ ചിത്രീകരിക്കപ്പെട്ട് പോരുന്നത്.

17000–ത്തോളം താഴ്ചയുള്ള സമുദ്രാന്തർഭാഗങ്ങളിലാണ് ഇവയെ കണ്ടു പോരുന്നത്. പ്രേതകഥാപാത്രങ്ങളെ ഓർമ്മിപ്പിക്കുന്ന ഭീകരമായതും വികൃതമായ ശരീര ഘടനയാണ് ഇവയ്ക്കുള്ളത്. വളരെ വേഗത്തിൽ സഞ്ചരിക്കുന്നതിനും മഷിപോലെ ഇരുണ്ട നിറത്തിലുള്ള ഒരു തരം ദ്രാവകം ഉല്പാദിപ്പിക്കുന്നതിനും ഇവയ്ക്കു കഴിവുണ്ട്. ഇതിനുപുറമേ യൂമാസ്, വിക്ടർയൂഗോ തുടങ്ങിയ ഗ്രന്ഥകാരൻമാർ തങ്ങളുടെ കൃതികളിൽ ഇവയെ ഭീകര ജന്തുക്കളായി ചിത്രീകരിച്ചിട്ടുണ്ട്. അങ്ങിനെ ഈ നിരപരാധി ഒരു കൊലയാളിയായി തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യരോട് വളരെ വേഗം

ഇണങ്ങുന്ന സ്വഭാവക്കാരനാണ് ഒക്റ്റോപ്പസ്. നന്നായി ഇണങ്ങിയ ഒക്റ്റോപ്പസ് മനുഷ്യൽ നിന്നും ആഹാരം വാങ്ങിക്കഴിക്കുകയും ചെയ്യും.

നട്ടെല്ലില്ലാത്ത ജന്തുക്കളുൾപ്പെടുന്ന ഒരു പ്രധാന ഫൈലമാണ് മൊളസ്ക. ഇവയെ സെഫലോപ്പാഡ, പെലിപോഡ, അൾഫിന്യൂ, ഗ്യാസ്ട്രോപ്പോഡ എന്നിങ്ങനെ നാലായി തിരിച്ചിട്ടുണ്ട്. ഇതിൽ സെഫലോപോഡ ഉപവിഭാഗത്തിൽപ്പെടുന്നതാണ് ഒക്റ്റോപ്പസ്. മൃദുലമായ വലിയ തലയും നാലുജോഡി കാലുകളും തലയുടെ ഇരുവശങ്ങളിലായി രൂക്ഷമായ രണ്ടു കണ്ണുകളും കാണുന്നു. അവയുടെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഇന്ദ്രീയമാണ് നേത്രങ്ങൾ. സാധാരണ ഒരു കശേരു ജീവിയുടെ കണ്ണുകൊണ്ട് കാണാവുന്നതെല്ലാം ഇവയുടെ കണ്ണുകൾ കൊണ്ടും ദർശിക്കാവുന്നതാണ്. എന്നാൽ നേത്രപടലത്തിന്റെ ഉൾഭാഗത്തായി പ്രകാശസംവേദക ശക്തിയുള്ള കോശങ്ങളുണ്ടെന്നുള്ളത് ഇവയുടെ മാത്രം സവിശേഷതയായി കണക്കാക്കാം. കാലുകളുടെ അടിഭാഗത്തായി രണ്ടു നിര സക്കറുകൾ കാണുന്നു. ബലമേറിയ ചുണ്ടുകളും അരംപോലെയുള്ള റാഡുലയും ഇവയ്ക്കുണ്ട്. ഒക്റ്റോപ്പസിൽതന്നെ നൂറിലധികം ജാതികൾ ഈ ഭൂമുഖത്തു ജീവിച്ചിരിപ്പുണ്ട്. കച്ചു ഉൾക്കടലിലും, പാക് ഉൾക്കടലിലും ഇവ ധാരാളമായി കണ്ടുവരുന്നു. വിവിധ വലിപ്പത്തിലുള്ള ഒക്റ്റോപ്പസുക്കളുമുണ്ട്. ശാന്തസമുദ്രത്തിൽ ഭീമാകാരൻമാരായ ഒക്റ്റോപ്പസുകളെ കണ്ടുവരുന്നു. ഭാരതത്തിൽകാണുന്ന ഐസ്മാൻ എന്ന ഒക്റ്റോപ്പസിനു മനുഷ്യന്റെ കൈപ്പത്തിയോളം വലുപ്പമുണ്ട്. ഇവയുടെ 15 മീറ്ററോളം നീളമുള്ള കാലുകൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഒക്റ്റോപ്പസുകൾക്ക് വളരെ വേഗം സഞ്ചരിക്കാനുള്ള കഴിവുണ്ട്. സഞ്ചരിക്കുമ്പോൾ ദൈർഘ്യമേറിയ ഭുജങ്ങൾ പിന്നിലോട്ട് ചേർന്നിരിക്കും. ബുദ്ധിശക്തി, ഓർമ്മശക്തി വിവേകം ഇവയിലെല്ലാം മുൻപന്തിയിലാണ് ഒക്റ്റോപ്പസ്. മഹാനാഡീതന്തുക്കൾ കൊണ്ടാണ് ഇവയ്ക്കു ഇത് സാധിക്കുന്നത്. മഹാനാഡിതന്തുക്കൾക്ക് സ്പന്ദനങ്ങളെ അതിവേഗം പ്രസരണം ചെയ്യുന്നതിലുള്ള കഴിവുണ്ട്.

പാറക്കെട്ടുകൾക്കിടയിലെ ചെറുവിള്ളലുകളിലാണ് ഇവ വസിക്കുന്നത്. ഞണ്ട്, കൊഞ്ചു, ചെറുതരം മീനുകൾ തുടങ്ങിയവയെല്ലാം ഇവ ഭക്ഷിക്കുന്നു. ഇരയ്ക്കുവേണ്ടി കാത്തിരിക്കയും ഒരു വേട്ടക്കാരന്റെ സാമർത്ഥ്യ-ത്തോടെ പതുങ്ങി പതുങ്ങി അവയെ പിടികൂടാനും ഒക്റ്റോപ്പസുകൾക്ക് കഴിയും. വദനഭാഗത്തുള്ള റാഡലനും മൂർച്ചയേറിയ ചുണ്ടുകളും ഇതിന് സഹായിക്കുന്നു. റാഡലുകളുടെ സഹായത്തോടെയുണ്ടാകുന്ന സുഷിര ത്തിലൂടെ ഇരയുടെ ശരീരത്തിൽ ഇവ ഉമിനീർ കുത്തി വയ്ക്കുന്നു. വിഷാംശമുള്ള ഉമിനീർ ഇരയുടെ മാംസള ശരീരത്തെ കുഴുംമ്പു രൂപത്തി-ലാക്കുകയും അവ ശരീരത്തിലേക്ക് വലിച്ചെടുക്കുകയും ചെയ്യുന്നു. ഒക്റ്റോപ്പസിൽ ലിംഗവ്യത്യാസമുണ്ട്. അവമുട്ടയിട്ടാണ് കുഞ്ഞുങ്ങളെ വിരിക്കുന്നത്.

ചോദ്യങ്ങൾ

ശരിയെന്നുതോന്നുന്ന ഉത്തരങ്ങൾ അടയാളപ്പെടുത്തുക.

1. ഒക്റ്റോപ്പസിന് മലയാളത്തിൽ _____ എന്നും പേരുണ്ട്.
   a. പേയ്കിനാവ്
   b. നീരാളം
   c. കിനാവു വള്ളി
   d. കിനാവള്ളി

2. a. മനുഷ്യരോട് വളരെ വേഗം പിണങ്ങുന്ന സ്വഭാവക്കാരാണ് ഒക്റ്റോപ്പസ്.
   b. മനുഷ്യരോട് വളരെ വേഗം ഇണങ്ങുന്ന സ്വഭാവക്കാരാണ് ഒക്റ്റോപ്പസ്.
   c. മനുഷ്യരെ വളരെ വേഗം വിഴുങ്ങുന്ന സ്വഭാവക്കാരാണ് ഒക്റ്റോപ്പസ്
   d. മനുഷ്യന്റെ രക്തം വളരെ വേഗം വലിച്ചെടുക്കുന്ന സ്വഭാവക്കാരാണ് ഒക്റ്റോപ്പസ്.

3. a. ഒക്റ്റോപ്പസുകൾ നട്ടെല്ലുള്ളവയിൽപ്പെടുന്നു.
   b. ഒക്റ്റോപ്പസുകൾ കൊർഡേറ്റയിൽ ഉൾപ്പെടുന്നു.
   c. ഒക്റ്റോപ്പസുകൾ സാംഫീവിയൻസിൽ ഉൾപ്പെടുന്നു.
   d. ഒക്റ്റോപ്പസുകൾ നട്ടെല്ലില്ലാത്തവയിൽ ഉൾപ്പെടുന്നു.

4. a. ഒക്റ്റോപ്പസുകൾക്ക് മനോഹരമായ ശരീരഘടനയാണ്.
   b. ഒക്റ്റോപ്പസ്സുകൾക്ക് ഒതുങ്ങിയ ശരീരഘടനയാണ്.
   c. ഒക്റ്റോപ്പസുകൾക്ക് ഭീകരമായ ശരീരഘടനയാണ്.
   d. ഒക്റ്റോപ്പസുകൾക്ക് ലജ്ജാശീലമായ ശരീരഘടനയാണ്.

5. a. ഒക്റ്റോപ്പസുകൾക്ക് നാലുജോഡി കാലുകൾ ഉണ്ട്.
   b. ക്റ്റോപ്പസുകൾക്ക് മൂന്നു ജോഡി കാലുകൾ ഉണ്ട്.
   c. ഒക്റ്റോപ്പസുകൾക്ക് അഞ്ചു ജോഡി കാലുകൾ ഉണ്ട്.
   d. ഒക്റ്റോപ്പസുകൾക്ക് രണ്ടു ജോഡി കാലുകൾ ഉണ്ട്.

6. ഒക്റ്റോപ്പസുകൾ _____ സമുദ്രത്തിലാണ് ധാരാളമായി കണ്ടുവരുന്നത്
   a. അറേബ്യൻ
   b. അറ്റ്ലാന്റിക്ക്

c. ഇന്ത്യൻ
d. പെസഫിക്ക്

7. ഒക്റ്റോപ്പസുകളുടെ ആഹാരം പ്രധാനമായും _____.
a. കടൽ സസ്യങ്ങളാണ്
b. കടൽ ജീവികളാണ്
c. കടൽ കക്കകളാണ്
d. വൻമത്സ്യങ്ങളാണ്.

8. എഴുത്തുകാർ ഒക്റ്റോപ്പസിനെ _____ ആയി വർണ്ണിക്കാറുണ്ട്.
a. മനുഷ്യന്റെ സഹായിയായി
b. മനുഷ്യന്റെ ശത്രുവായി
c. ഭീകരജന്തുവായി
d. മനോഹരജന്തുവായി.

9. ഒക്റ്റോപ്പസ് _____ വർഗ്ഗങ്ങളുണ്ട്.
a. ഒന്നിലധികം
b. നൂറിലധികം
c. ആയിരത്തോളം
d. അഞ്ഞൂറിലധികം.

Passage - 9

ചേരൻമാർ

ഇന്ന് കേരളമെന്നറിയപ്പെടുന്ന ഭൂപ്രദേശവും തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയും ഉൾക്കൊള്ളുന്ന ഭൂവിഭാഗമായിരുന്നു പ്രാചീന കേരളം. ഒരു കാലത്ത് തമിഴ് രാജ്യത്തിന്റെ ഒരു ഭാഗമായിരുന്ന കേരളം സംഘകാലത്ത് സംപൽസമൃദ്ധമായ ഒരു സ്വതന്ത്ര രാഷ്ട്രമായിരുന്നു. ആദ്യകാലത്ത് ചേരരാജാക്കൻമാരിൽ അഗ്രഗണ്യനായിരുന്ന ചെങ്കുട്ടവൻ കേരളം ഭരിച്ചിരുന്നു. ചെങ്കുട്ടവന്റെ മരണശേഷം ഏതാണ്ട് 8–ആം നൂറ്റാണ്ടുവരെയുള്ള കേരള ചരിത്രം അജ്ഞാതമാണ്. എ.ഡി.800–ആംമാണ്ടോടുകൂടി രണ്ടു ചേര സാമ്രാജ്യം ഉദയംചെയ്യുന്നതായി നാം കാണുന്നു.

പത്താം നൂറ്റാണ്ടിന്റെ അവസാനത്തിൽ ചേരരാജാവായ ഭാസ്കര രവിവർമനെ രാജരാജചോളൻ തോല്പിച്ചു. അങ്ങനെ ചോളരാജാക്കൻമാർ ചേരൻമാരുടെ മേൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്തു. വീണ്ടും 12–ആം

നൂറ്റാണ്ടിൽ വീരകേരളന്റെ നേതൃത്വത്തിൽ മൂന്നാം ചേരസാമ്രാജ്യം ഉടലെടുത്തുവെങ്കിലും 13-ആം നൂറ്റാണ്ടോടെ പാണ്ഡ്യൻമാർ ചേരൻമാരെ പരാജയപ്പെടുത്തി. മാലിക്ഗഫൂർ പാണ്ഡ്യരാജ്യം ആക്രമിച്ചപ്പോഴാണ് ചേരരാജാക്കൻമാർ പാണ്ഡ്യരാജാക്കൻമാരോട് പകവീട്ടിയത്. അപ്പോഴേക്കും പാണ്ഡ്യരാജ്യത്തിന്റെ ഒരു നല്ല ഭാഗവും ചേരരാജാക്കൻമാരുടെ അധീനതയിലായി. 14-ആം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിൽ ചേരൻമാർ ദക്ഷിണ ഇന്ത്യയിലെ ഏറ്റവും പ്രബല ശക്തിയായിത്തീർന്നു. അതിനുശേഷം ചേരരാജ്യം ശിഥിലമാവുകയും പല ചെറിയ നാട്ടുരാജ്യങ്ങളായി ചിന്നിച്ചിതറിപ്പോവുകയും ചെയ്തു. രണ്ടാം ചേരസാമ്രാജ്യത്തിന്റെ കാലത്തു ചേരൻമാർ ദക്ഷിണേന്ത്യൻ സംസ്ക്കാരത്തിന് വിലപ്പെട്ട സംഭാവനകൾ ചെയ്തു. കേരളചരിത്രത്തിലെ സുവർണകാലമെന്ന് ഈ കാലഘട്ടത്തെ വിശേഷിപ്പിക്കാം. മതം, സാഹിത്യം, കല, ശാസ്ത്രം എന്നിവയെല്ലാം ഈ കാലത്തു ബഹുലമായ പുരോഗതി നേടി.

ചേരരാജാക്കൻമാർ മതസഹിഷ്ണുതയുള്ളവരായിരുന്നു. അവർ പൊതുവേ ഹിന്ദുമതവിശ്വാസികളായിരുന്നെങ്കിലും ബുദ്ധമതക്കാരും ജൈനമതക്കാരും ക്രിസ്ത്യാനികളും യഹൂദരും പരസ്പരം മതസഹിഷ്ണുതയോടെ പെരുമാറുകയും ചെയ്തിരുന്നു. എല്ലാ മതവിഭാഗക്കാർക്കും ഉദാരമായ ആനുകൂല്യങ്ങൾ ലഭിക്കുകയും ചെയ്തു. എന്നാൽ രണ്ടാം ചേരസാമ്രാജ്യകാലം വിശേഷിച്ചും ഒരു ഹൈന്ദവ നവോത്ഥാന കാലമായിരുന്നുവെന്ന്പറയാം. ഈ നവോത്ഥാനകാലത്തെ ഉജ്വല ജ്യോതിസ്സുകൾ ശങ്കരാചാര്യരും കുലശേഖരആൾവാരും ചേരൻമാർ പെരുമാൾ നായനാരുമാണ്.

ചോദ്യങ്ങൾ

ശരിയെന്നു തോന്നുന്ന ഉത്തരങ്ങൾ അടയാളപ്പെടുത്തുക.

1. a. പ്രാചീന കേരളം തമിഴ്നാട്ടിലായിരുന്നു.
   b. പ്രാചീന കേരളത്തിൽ തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയും ഉൾപ്പെട്ടിരുന്നു.
   c. പ്രാചീന കേരളത്തിൽ ഇന്നത്തെ കേരളത്തിന്റെ എല്ലാം ഭാഗങ്ങളും ഇല്ലായിരുന്നു.
   d. പ്രാചീന കേരളത്തിൽ സ്വതന്ത്ര രാഷ്ട്രങ്ങളുണ്ടായിരുന്നു.

2. a. ഏതാണ്ട് 8-ആം നൂറ്റാണ്ടുവരെയുള്ള കേരളചരിത്രം അജ്ഞാതമാണ്.
   b. ഏതാണ്ട് 8-ആം നൂറ്റാണ്ടു മുതലുള്ള കേരളചരിത്രം അജ്ഞാതമാണ്.
   c. ഏതാണ്ടു 10-ആം നൂറ്റാണ്ടുവരെയുള്ള കേരളചരിത്രം അജ്ഞാതമാണ്.
   d. ഏതാണ്ട് 9-ആം നൂറ്റാണ്ടുവരെയുള്ള കേരളചരിത്രം അജ്ഞാതമാണ്.

3. ഒന്നാം ചേരസാമ്രാജ്യത്തിലെ പ്രധാനി ആരായിരുന്നു?
   a. കുലശേഖര ആൾവാർ

b. രാജശേഖരവർമൻ
c. ചേരൻ ചെങ്കുട്ടുവൻ
d. ഭാസ്കര രവിവർമൻ

4. രണ്ടാം ചേര സാമ്രാജ്യത്തിന്റെ സ്ഥാപകൻ _____ ആയിരുന്നു?

a. രാജരാജചോളൻ
b. ചേരൻചെങ്കുട്ടുവൻ
c. രാജശേഖരവർമൻ
d. കുലശേഖര ആൾവാർ

5. _____ ന്റെ കാലത്താണ് കൊല്ലവർഷം ആരംഭിക്കുന്നത്?

a. രാജശേഖരവർമൻ
b. ചേരൻ ചെങ്കുട്ടവൻ
c. ഭാസ്കര രവിവർമൻ
d. വീര കേരളൻ

6. വീരകേരളന്റെ നേതൃത്വത്തിൽ _____ ചേരസാമ്രാജ്യം ഉടലെടുത്തു.

a. ഒന്നാം
b. രണ്ടാം
c. മൂന്നാം
d. നാലാം

7. _____ നൂറ്റാണ്ടോടെ പാണ്ഡ്യൻമാർ ചേരൻമാരെ പരാജയപ്പെടുത്തി.

a. 12–ആം
b. 13–ആം
c. 14–ആം
d. 10–ആം

8. മാലിക്ഗഫൂർ പാണ്ഡ്യരാജ്യം കീഴടക്കിയപ്പോഴാണ് ചേരൻമാർ പാണ്ഡ്യൻമാരോടുള്ള _____.

a. സ്നേഹം കാണിച്ചത്.
b. സഹതാപം കാണിച്ചത്.
c. പക വീട്ടിയത്.
d. കടമ നിർവഹിച്ചത്

9. ചേരൻമാരുടെ കാലം ഒരു _____ നവോത്ഥാന കാലമായിരുന്നു എന്നു പറയാം.

a. ബുദ്ധമത
b. ക്രിസ്തുമത
c. ജൈനമത
d. ഹിന്ദുമത

10. _____ ചേര സാമ്രാജ്യകാലം ദക്ഷിണേന്ത്യൻ സംസ്ക്കാരത്തിനു വിലപ്പെട്ട സംഭാവനകൾ ചെയ്തു.

a. ഒന്നാം
b. രണ്ടാം
c. മൂന്നാം
d. നാലാം.

Passage - 10

ചെമ്പരത്തി

ചെമ്പരത്തി കാണാത്തവരാരുമുണ്ടാവില്ല. വീട്ടുമുറ്റങ്ങളിലും പാർക്കുകളിലും മറ്റും സദാകാലം പൂക്കളുമേന്തി നിൽക്കുന്ന ചെമ്പരത്തിയെപ്പറ്റി ആരും അത്ര ശ്രദ്ധിക്കാറില്ല. മാലകെട്ടാനും, തലയിൽ ചൂടാനും, പൂജക്കും മറ്റും ധാരാളമായി ഈ പൂക്കളുപയോഗപ്പെടുത്താറുണ്ട്. ശാസ്ത്രീയമായി ഈ പൂവുകൊണ്ട് പല ഉപയോഗങ്ങളുമുണ്ട്. ഇതിന്റെ ശാസ്ത്രനാമം ഹിബിങ്കസ് റോസാസൈനിസിസ്, എന്നാണ്. ചുവന്ന പൂക്കളായതിനാലാവാം സംസ്കൃതത്തിൽ ഇത് 'രുദ്രപുഷ്പം' എന്നറിയപ്പെടുന്നത്. ഇതേ കാരണത്താലായിരിക്കും തമിഴിലും മലയാളത്തിലും ചെം അഥവാ ചുവപ്പു എന്ന അർത്ഥത്തിലുള്ള ചെമ്പരത്തിയായത്. ഇന്ന് അനേകതരത്തിലുള്ള ചെമ്പരത്തിപൂവുകൾ പലയിടങ്ങളിലും കാണാൻ സാധിക്കും.

ചെമ്പരത്തിയുടെ ജന്മദേശം ചൈനയാണ്. അവിടെനിന്നാണ് ഇത് നാനാഭാഗങ്ങളിലും കടന്നുചെന്നത്. അതിനാൽ ചിലയിടങ്ങളിലത് ചീന ചെമ്പരത്തി എന്നും അറിയപ്പെടാറുണ്ട്. മറ്റു പൂക്കളെപ്പോലെ ചെമ്പരത്തി പൂക്കൾക്കും ദീർഘായുസ്സുള്ളവയല്ല. ഒരു ദിവസം മാത്രമേ ഈ പൂ വിടർന്നു നിൽക്കൂ. അതിനുശേഷം വാടിക്കൊഴിഞ്ഞു പോവുന്നു. ഏതുതരം മണ്ണിലും തഴച്ചു വളരുവാൻ കഴിവുള്ളതുകൊണ്ട് ഇന്ത്യയിലെവിടെ നോക്കിയാലും ഇവ കണ്ടുവരുന്നു. ചെമ്പരത്തിക്ക് വലിയ ആകൃതിയിലുള്ള ഇലകളാണുള്ളത്. ഇവയുടെ പൂക്കൾ മിക്കവാറും ബെൽ ആകൃതിയിൽ വിസ്താരമുള്ള ദളങ്ങളോടു കൂടിയവയാണ്. സ്വാഭാവികമായും പിസ്റ്റളിനെ വലയം ചെയ്ത

അനവധി സ്റ്റേറ്റ്മെന്റുകൾ കണ്ടു വരുന്നു. കംപുകൾ മുറിച്ചുനട്ടോ, ഗ്രാഫ്റ്റിങ്ങ് മൂലമോ പുതിയ ചെടികളുണ്ടാക്കാം. വിത്തുക്കൾ മൂലമുള്ള സസ്യവ്യാപനം അത്രവിജയിക്കാറില്ല എന്നുള്ളതും ശ്രദ്ധേയമാണ്.

പൂവാടിക്കൊലങ്കാരമെന്നതിനുപരി അനവധി ഔഷധ ഗുണങ്ങളുള്ള ഒരു ചെടിയും കൂടിയാണ് ചെമ്പരത്തി. ടിഷ്യുകളും ചർമ്മങ്ങളും മൃദുവാക്കുന്നതിന് വളരെ ഫലപ്രദമായതുകൊണ്ട് ചുമ, ശരീരവേദന, ജലദോഷം എന്നിവയ്ക്ക് ചെമ്പരത്തിപ്പൂക്കളുടെ സത്തടങ്ങുന്ന കഷായങ്ങൾ ഉപയോഗിച്ചു വരുന്നുണ്ട്. പരു, ചൂടുപൊങ്ങൽ ഇവയ്ക്ക് ചെമ്പരത്തി പൂക്കളിൽനിന്നും ഉണ്ടാകുന്ന കുഴമ്പ് ഫലപ്രദമത്രെ. തുല്യഭാഗം ഒലിവ് എണ്ണയും ചേർത്ത് തിളപ്പിച്ചാൽ പൂക്കളുടെ നീരിൽനിന്നും ഒരുതരം എണ്ണയുണ്ടാക്കാം. തലമുടി സമൃദ്ധിയായി വളരുന്നതിന് ഈ എണ്ണ വളരെ ഫലവത്തായി കാണുന്നു.

ഔഷധരംഗത്ത് ചെമ്പരത്തി ഇലകളും വേരുകളും മോശമല്ല. ഇലകൾ വേദനസംഹാരിയായ ഭേദിമരുന്നുമാണ്. ദിവസംതോറും ഒന്നോരണ്ടോ ചെമ്പരത്തിയിലയുടെ നീരിറക്കുന്നത് മലശോധനയ്ക്ക് നല്ലതാണ്. വിവിധയിനം ഔഷധങ്ങളുടെ നിർമ്മാണത്തിന് ഇവയുടെ വേരുകൾ ഉപയോഗിച്ചുവരുന്നുണ്ട്. ജനിതപരമായ രോഗങ്ങൾക്കൂടി ചെമ്പരത്തിയുടെ വേരുകൾ സിദ്ധൗഷധമാണ്. രോഗനിവാരണത്തിന് മാത്രമല്ല, മറ്റു പല രംഗങ്ങളിലും ചെമ്പരത്തി മനുഷ്യന്റെ സഹായിയാണ്. ചൈനയിലും ഫിലിപ്പൈൻസിലും ചെമ്പരത്തിപ്പൂക്കൾ അസംകൃതമായിത്തന്നെ ഭക്ഷിക്ക-പ്പെടുന്നു. പൂക്കളിൽ നിന്നും ചെരുപ്പ് പോളിഷ് ചെയ്യാനുതകുന്ന ഒരുതരം ചായവും നിർമ്മിക്കുന്നുണ്ട്. വെറും നിസ്സാരമായി നാം കരുതാറുണ്ടെങ്കിലും ചെമ്പരത്തിചെടിയും മനുഷ്യന്റെ നിത്യോപയോഗ വസ്തുക്കളിൽ അതിന്റേതായ സ്ഥാനം പിടിച്ചിട്ടുണ്ട്.

ചോദ്യങ്ങൾ

ശരിയെന്നു തോന്നുന്ന ഉത്തരങ്ങൾ അടയാളപ്പെടുത്തുക.

1. രുദ്രപുഷ്പം എന്നതിന്റെ അർത്ഥം
   a. മഞ്ഞനിറം ഉള്ള പൂവ്
   b. ഇളംചുവപ്പു നിറം ഉള്ള പൂവ്
   c. വെള്ളനിറം ഉള്ള പൂവ്
   d. ചുവപ്പുനിറം ഉള്ള പൂവ്

2. ചെമ്പരത്തിയുടെ ജന്മദേശം _____ ആണ്.
   a. കേരളമാണ്.
   b. വടക്കേ ഇന്ത്യയാണ്.

c. പാക്കിസ്ഥാനാണ്.
d. ചൈനയാണ്.

3. _____ അലങ്കരിക്കുന്നതിൽ ചെമ്പരത്തിക്ക് ഒരു മുഖ്യസ്ഥാനം തന്നെയുണ്ട്.

a. തോട്ടങ്ങളെ
b. വീടുകളെ
c. അമ്പലങ്ങളെ
d. പൂന്തോട്ടങ്ങളെ

4. ചെമ്പരത്തിപൂവ് വിരിഞ്ഞു കഴിഞ്ഞാൽ _____ മാത്രമേ നിൽക്കൂ.

a. ഏതാനും മണിക്കൂറുകൾ
b. ഏതാനും നിമിഷങ്ങൾ
c. രണ്ടു ദിവസങ്ങൾ
d. ഒരു ദിവസം

5. ചെമ്പരത്തി തൈകൾ ഉണ്ടാകുന്നത് _____.

a. വിത്തുകൾ നട്ടാണ്.
b. ഇലകൾ നട്ടാണ്.
c. ഗ്രാഫ്റ്റിങ്ങ് മൂലമാണ്.
d. വേരിൽനിന്നു മുറിച്ചു നട്ടാണ്.

6. ചെമ്പരത്തിക്ക് ---------- ഉണ്ട്.

a. പല നിറങ്ങൾ
b. പല രൂപങ്ങൾ
c. ഔഷധഗുണങ്ങൾ
d. അസുഖങ്ങൾ

7. ദിവസവും ഒന്നു രണ്ടു ചെമ്പരത്തിയില ചവച്ചിറക്കുന്നത് _____ നല്ലതാണ്.

a. രക്തശുചീകരണത്തിന്
b. മുടി വളരുന്നതിന്
c. ത്വക്ക് മിനുസമാകുന്നതിന്
d. മലശോധയ്ക്ക്

8. ചൈനയിലും ഫിലിപ്പൈൻസിലും ചെമ്പരത്തിപ്പൂക്കൾ _____ ഭക്ഷിക്കാറുണ്ട്

a. അസംസ്കൃതമായി

b. ആഹാരസാധനങ്ങളുടെ കൂടെ

c. വേവിച്ച്

d. തിളപ്പിച്ച എണ്ണയിൽ ഇട്ട്

Passage - 11

ആധുനിക മലയാള മഹാകവികളിൽ പ്രമുഖനാണ് വള്ളത്തോൾ നാരായണമോനോൻ. സാഹിത്യമഞ്ജരി എന്ന കാവ്യസമാഹാരം മാത്രം മതി കവിയെന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ പ്രതിഷ്ഠ തെളിയിക്കുവാൻ. മാതൃവന്ദനവും, എന്റെ ഗുരുനാഥനും കിളിക്കൊഞ്ചലും മറ്റും കാവ്യ ലോകത്തിലേക്ക് അനുവാചകനെ നയിക്കുവാൻ പ്രാപ്തങ്ങളായ സൃഷ്ടി കളാണ്. ബന്ധനസ്ഥനായ അനിരുദ്ധനും, മഗ്ദലമറിയവും മറ്റും നൽകുന്ന അനുഭൂതി പറഞ്ഞറിയിക്കുവാൻ പ്രയാസം. വള്ളത്തോൾ കവിതയുടെ ഓജസ്സും സൗന്ദര്യവും പ്രസാദവും മലയാളത്തിലെ ചുരുക്കം ചില കവി കളുടെ കൃതികളിലേ കണ്ടെത്താൻ കഴിയൂ.

കവിത്രയത്തിന്റെ കൂട്ടത്തിൽ വള്ളത്തോൾ തനതായ സ്ഥാന-മർഹിക്കുന്നു. വള്ളത്തോൾ കവിതയുടെ ലളിത സുന്ദരമായ ഒഴുക്കോ അചുംബിതങ്ങളായ ആശയങ്ങളോ സംഗീതാത്മകതയോ ഇതര കവികളുടെ കവിതകളിൽ വിരളമായേ കണ്ടെത്താൻ കഴിയൂ. ആശാൻ നവ്യങ്ങളായ, സാമൂഹ്യപ്രാധാന്യമുള്ള ആശയങ്ങൾകൊണ്ടും കവിതാദേവിയെ അണിയിച്ചൊരുക്കി എങ്കിലും സാധാരണക്കാരനു മനസ്സിലാകുന്ന പ്രചുരപ്രചാരമുള്ള അത്യാ-കർഷകവുമായ പദങ്ങളെത്തന്നെ തെരഞ്ഞടുക്കുന്നതിലും മറ്റു കവികളെ വള്ളത്തോൾ പിന്നിലാക്കുന്നു.

രാഷ്ട്രകവി എന്ന അപര നാമധേയം വള്ളത്തോളിനു സിദ്ധിക്കാൻ കാരണം അദ്ദേഹത്തിന്റെ കവിതകളിൽ നിറഞ്ഞുനിൽക്കുന്ന രാജ്യ സ്നേഹമാണ്. ഗാന്ധിജിയുടെ ആരാധകനായിരുന്നു വള്ളത്തോൾ. ഗാന്ധിജിയുടെ അഹിംസയും സത്യാന്വേഷണ തത്പരതയും വള്ളത്തോളിനെ അത്യധികം ആകർഷിച്ചു. ദേശാഭിമാനം നിറഞ്ഞു തുളുമ്പുന്ന എത്രയെത്ര കവിതകളാണ് അദ്ദേഹം രചിച്ചിട്ടുള്ളത്. മനുഷ്യസമുദായത്തെ ഒന്നായി ക്കാണാനും അതിന്റെ ഉയർച്ചക്കും സ്വാതന്ത്ര്യത്തിനും വേണ്ടി തൂലിക ചലിപ്പിക്കുവാനും മഹാകവിക്കു കഴിഞ്ഞു. മാതൃഭൂമിയെപ്പറ്റി മാത്രമല്ല, മാതൃഭാഷയെപ്പറ്റി പാടുമ്പോഴും വള്ളത്തോളിനുള്ള വികാരവായ്പ അനന്യമാണ്. കേരളം ആസ്ഥാനമഹാകവിയെന്ന പദവി നൽകി അദ്ദേഹത്തെ ആദരിച്ചത് ഉചിതം തന്നെയാണ്.

ചോദ്യങ്ങൾ

1. ആധുനിക മലയാള കവികളിൽ പ്രമുഖൻ
   a. ഇടശ്ശേരി
   b. കാവാലം
   c. ചെമ്മനം ചാക്കോ
   d. വള്ളത്തോൾ

2. വള്ളത്തോളിന്റെ കാവ്യസമാഹാരമാണ്.
   a. കുസുമമഞ്ജരി
   b. സാഹിത്യമഞ്ജരി
   c. കാവ്യ മഞ്ജരി
   d. പുഷ്പ മഞ്ജരി

3. വള്ളത്തോൾ കവിതയിലില്ലാത്ത ഗുണം
   a. ഓജസ്സ്
   b. സൗന്ദര്യം
   c. ഉജ്വലശബ്ദപ്രയോഗം
   d. പ്രസാദം

4. കവിത്രയങ്ങളിൽ പെടാത്തതാര്?
   a. ആശാൻ
   b. ചങ്ങമ്പുഴ
   c. വള്ളത്തോൾ
   d. ഉള്ളൂർ

5. ആശാന്റെ കവിതയിലെ വൈശിഷ്ട്യം
   a. ഉജ്വലശബ്ദപ്രയോഗം
   b. സംസ്കൃത ഭാഷാപ്രയോഗം
   c. ശബ്ദമാധുര്യം
   d. സാമൂഹ്യ പ്രാധാന്യമുള്ള ആശയങ്ങൾ

6. വള്ളത്തോളിനു രാഷ്ട്രകവി എന്ന പേർ സിദ്ധിച്ചതെന്തുകൊണ്ട്?
   a. രാഷ്ട്രീയത്തിൽ പ്രവർത്തിച്ചതു കൊണ്ട്

b. രാഷ്ട്രീയം നിറഞ്ഞ കവിതകൾ എഴുതിയതുകൊണ്ട്
c. രാജ്യസ്നേഹം നിറഞ്ഞ കവിതകൾ എഴുതിയതുകൊണ്ട്
d. കാവ്യലോകത്തിനു സംഭാവന നൽകിയതു കൊണ്ട്

7. ഗാന്ധിജിയുടെ ഏതുഗുണമാണ് വള്ളത്തോളിനെ ആകർഷിച്ചത്?
a. ലാളിത്യം
b. മിതവ്യയത്വം
c. ദീർഘദർശിത്വം
d. അഹിംസ

8. വള്ളത്തോൾ _____വികാര വായ്പുകൊണ്ടിരുന്നു.
a. കവിത രചിക്കുന്നതിൽ
b. ഗാന്ധിജിയെ പ്രകീർത്തിക്കുന്നതിൽ
c. മാതൃഭൂമിയെപ്പറ്റി പാടുന്നതിൽ
d. രാഷ്ട്രസേവനത്തിൽ

9. മാതൃഭാഷയെപ്പറ്റി പാടിപ്പുകഴ്ത്തിയ കവി
a. വള്ളത്തോൾ
b. ആശാൻ
c. ചങ്ങമ്പുഴ
d. കേശവപിള്ള

10. വള്ളത്തോൾ _____ വേണ്ടി തൂലിക ചലിപ്പിച്ചു.
a. പിന്നോക്കക്കാരെ ഉദ്ധരിക്കാൻ വേണ്ടി
b. കവിതയ്ക്ക് പുതിയ പാത തെളിയിക്കാൻ
c. മനുഷ്യ സമുദായത്തിന്റെ ഉയർച്ചയ്ക്കും സ്വാതന്ത്ര്യത്തിനും
d. സത്യാന്വേഷണ തത്പരത വ്യാപിപ്പിക്കാൻ.

Passage - 12

നമ്മുടെ നാട്ടിൽ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥി സമരങ്ങളും ബഹുജനപ്രക്ഷോഭങ്ങളും പണിമുടക്കുകളും നാട്ടിനു ചെയ്യുന്ന ദോഷഫലങ്ങളെപ്പറ്റി നാം തികച്ചും ബോധവാന്മാരാണോ? അല്ലായെന്നുത്തരം നൽകേണ്ടിയിരിക്കുന്നു. ഏറെനാളത്തെ കഠിനാദ്ധ്വാനംകൊണ്ട് നാം

നിർമ്മിച്ചെടുക്കുന്ന വസ്തുവകകൾ ഞൊടിയിടകൊണ്ടു നശിപ്പിക്കപ്പെടുമ്പോൾ നമ്മുടെ നേതാക്കന്മാർക്കോ ഭരണാധിപന്മാർക്കോ വലിയ നഷ്ടബോധമുണ്ടാകുന്നില്ല. വീണ്ടും വിണ്ടുമുള്ള സമരങ്ങൾക്കും പണിമുടക്കുകൾക്കും അവർ ആശ്വാസവും പ്രേരണയും നൽകുമായിരുന്നില്ല. നിസ്സാരകാര്യങ്ങളെ ചൊല്ലി വിലപിടിച്ച വസ്തുവകകൾ നശിപ്പിക്കുന്നത് എന്തുതത്വത്തിന്റെ പേരിലായാലും നീതികരിക്കാനാവില്ല. ഈ നശീകരണ പ്രവണത ആർക്കെങ്കിലും ഗുണം ചെയ്യുന്നണ്ടോ? ഈ രാജ്യത്തിന്റെ ഫാക്ടറികളുടേയും ബസ്സുകളുടേയും മറ്റു സാധനസാമഗ്രികളുടേയും ഉടമ ഇവിടത്തെ ജനങ്ങൾ തന്നെയാണ്. സാധാരണക്കാരായ ജനങ്ങൾ നൽകുന്ന നികുതിയാണ് ഇവയ്ക്ക് മുടക്കു മുതൽ. നമ്മുടെ ഓരോരുത്തരുടേയും അദ്ധ്വാനഫലമാണ് നാം തന്നെ നശിപ്പിച്ചു കളയുന്നത്. എന്തു കാര്യത്തിനും രാജ്യത്തിന്റെ പൊതുമുതൽ നശിപ്പിക്കുക എന്നത് തികച്ചും ഒരാശാസ്യവും അനാരോഗ്യവുമായ പ്രവണതയാണു. നശീകരണ വാസന ഒരു മനോരോഗം പോലെ നമ്മെ പിടികൂടിയിരിക്കുന്നു.

ശൈശവത്തിൽ തന്നെ രചനാത്മക പ്രവൃത്തികളിൽ താൽപര്യം ജനിപ്പിക്കത്തക്ക പരിശീലനം നൽകുകയാണ് ഇതിനൊരു പരിഹാരമാർഗ്ഗം. രാജ്യത്തിന്റെ സമ്പത്ത് തന്റെയും സമ്പത്താണെന്ന ബോധം ചെറുപ്പത്തിൽതന്നെ ഉടലെടുക്കണം. ലക്ഷ്യബോധമുള്ള സമൂഹത്തിൽ നശീകരണപ്രവണത തലയെടുക്കുകയില്ല.

നശീകരണം മാത്രമല്ല, അമിതവ്യയവും പൊതുമുതൽ നശിപ്പിക്കൽ തന്നെയാണ്. അതുപോലെ തന്നെ പുഴ്ത്തിവയ്ക്കലും. ധനം രാജ്യത്തിന്റെ ശ്രേയസ്സിനും പുരോഗതിക്കും വേണ്ടി ഉപയോഗിക്കുവാനുള്ളതാണ്. അത് കെട്ടിക്കിടക്കാനോ, പാഴാക്കപ്പെടാനോ അനുവദിക്കാൻ പാടില്ല. ശരിയായ പൗരബോധം ഉള്ള ജനതക്കു മാത്രമേ ഈ ചിന്താഗതി സ്വീകരിക്കാനും ദീർഘവീക്ഷണത്തോടുകൂടി പ്രവർത്തിക്കാനും കഴിയൂ.

ചോദ്യങ്ങൾ

1. നാം എന്തിനെപ്പറ്റിയാണ് ബോധവാന്മാരല്ലാത്തത്?
   a. നമ്മുടെ നാടിന്റെ പുരോഗതിയെപ്പറ്റി
   b. സമരങ്ങൾ നാട്ടിനു ചെയ്യുന്ന ദോഷങ്ങളെപ്പറ്റി
   c. രാഷ്ട്രീയക്കാരുടെ ദുഷ്ചെയ്തികളെപ്പറ്റി
   d. അദ്ധ്വാനത്തിന്റെ പ്രയോഗങ്ങളെപ്പറ്റി

2. നേതാക്കന്മാർ പണിമുടക്കുകൾക്കു പ്രേരണ നൽകുന്നതെന്തുകൊണ്ട്?
   a. രാഷ്ട്രീയത്തിന് പ്രയോജനമുണ്ടാകുന്നതുകൊണ്ട്
   b. വിദ്യാർഥികളുടേയും തൊഴിലാളികളുടേയും പിൻതുണ ലഭിക്കുമെന്നുള്ളതു കൊണ്ട്

c. പൊതുസ്വത്ത് നശിപ്പിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടത്തെപ്പറ്റി ബോധവാന്മാരല്ലാത്തതു കൊണ്ട്

d. രാഷ്ട്രനിർമ്മാണത്തിന്റെ ഘടകങ്ങളെപ്പറ്റി ബോധവാന്മാരല്ലാത്തതു കൊണ്ട്

3. എന്താണ് നീതികരിക്കാനാവാത്തത്?

a. പൊടുന്നനെയുള്ള സമര പ്രഖ്യാപനങ്ങൾ

b. രാഷ്ട്രീയക്കാരുടെ മുതലെടുപ്പ്

c. വിദ്യാർത്ഥിസമരങ്ങൾക്ക് നേതൃത്വം നൽകുന്നത്

d. നിസ്സാരകാര്യങ്ങളെച്ചൊല്ലി വിലപിടിച്ച വസ്തുക്കൾ നശിപ്പിക്കുന്നത്

4. പൊതുസ്വത്തുക്കൾക്കുള്ള മുടക്കുമുതൽ ഏതാണ്?

a. ധനവാന്മാർ പൂഴ്ത്തി വച്ചിരിക്കുന്ന ധനം

b. ഫാക്ടറികളിൽ നിന്നുമുള്ള ലാഭം

c. സാധാരണക്കാരായ ജനങ്ങൾ നൽകുന്ന നികുതി

d. വിദേശ സഹായം

5. നശീകരണ പ്രവണതകൊണ്ട് ആർക്ക് ഗുണമുണ്ടാകുന്നു?

a. ആർക്കും ഗുണമുണ്ടാകുന്നില്ല

b. രാഷ്ട്രീയക്കാർക്ക്

c. ഭരണാധിപന്മാർക്ക്

d. ജനങ്ങൾക്ക്

6. നശീകരണപ്രവണത ഇല്ലായ്മ ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗം

a. രാഷ്ട്രീയക്കാരെ ഒഴിവാക്കുക

b. രചനാത്മക പ്രവൃത്തികളിൽ താത്പര്യം ജനിപ്പിക്കുക

c. ഭരണാധിപന്മാരെ ഒഴിവാക്കുക

d. വിദ്യാഭ്യാസം നൽകുക

7. പൊതുമുതൽ നശിപ്പിക്കുന്നതിൽ പെടാത്തതേത്?

a. പൂഴ്ത്തിവയ്ക്കൽ

b. അമിതവ്യയം

c. പാഴാക്കൽ

d. മിതവ്യയം

8. ഈ പാഠഭാഗത്തിന് ഏറ്റവും ഉചിതമായ ശീർഷകം?

a. രാഷ്ട്രീയക്കാരുടെ മുതലെടുപ്പ്
b. പൊതുമുതൽ നശിപ്പിക്കുന്ന പ്രവണത
c. രാഷ്ട്ര നിർമ്മാണം
d. പൗരബോധം

Passage - 13

അക്ഷരജ്ഞാനം നേടിയിട്ടുള്ള സ്ഥിതിയെ സാക്ഷരത എന്നുപറയുന്നു. പത്രങ്ങളോ പുസ്തകങ്ങളോ വായിച്ചു കാര്യങ്ങൾ ഗ്രഹിക്കുക, സ്വന്തം അഭിപ്രായങ്ങൾ ലിഖിത രൂപത്തിൽ മറ്റുള്ളവരെ അറിയിക്കുക ഇതിനു രണ്ടിനും പ്രാപ്തിയുള്ളവരെ സാക്ഷരരെന്നു പറയുന്നു. നിരക്ഷതയുടെ നിർഭാഗ്യത്തെപ്പറ്റി ഓർക്കുമ്പോഴാണ് നാം സാക്ഷരതയുടെ വില മനസ്സിലാക്കുന്നത്. നമ്മുടെനാട്ടിൽ നിരക്ഷരത എത്രമാത്രം രൂക്ഷങ്ങളായ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്.

ലോകത്തിലെ വികസിത രാജ്യങ്ങളിൽ പലതും ഏകദേശം നൂറുശതമാനം സാക്ഷരത കൈവരിച്ചു കഴിഞ്ഞു. സോവിയറ്റ്റഷ്യയെ പ്പോലുള്ള രാജ്യങ്ങൾ സ്വാതന്ത്ര്യം നേടി വളരെ കുറച്ചുകാലം കൊണ്ടാണ് നിരക്ഷരതയെ നിശ്ശേഷം ഇല്ലായ്മ ചെയ്തത്. ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ്, ജർമ്മനി, സ്വിറ്റ്സർലന്റ് തുടങ്ങിയ പരിഷ്കൃത രാജ്യങ്ങളുടെ സ്ഥിതിയും മറിച്ചല്ല. എന്നാൽ ഇന്ത്യയിലെ സ്ഥിതിയോ? കേവലം മുപ്പതു ശതമാനം ആളുകൾക്കു മാത്രമാണ് കഷ്ടിച്ച് എഴുതാനും വായിക്കാനും അറിയാവുന്നത്. വിദ്യാഭ്യാസമില്ലാത്ത ഭൂരിപക്ഷം ജനത ഭരണകൂടത്തിനു രൂപം നൽകുമ്പോൾ ഉണ്ടാകുന്ന വിപത്തുക്കളെപ്പറ്റി നാം വേണ്ടത്ര ബോധവാന്മാരല്ല. ജനങ്ങളുടെ നിരക്ഷരത രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക പുരോഗതിയെ പ്രതികൂല മായി ബാധിക്കുന്നു എന്ന വസ്തുതയെപ്പറ്റി അല്പമെങ്കിലും ബോധവാന്മാരായത് അടുത്തകാലത്താണ്. ശാസ്ത്രസാങ്കേതിക വിഷയങ്ങളിലുള്ള ഭാരത ത്തിന്റെ പിന്നോക്കാവസ്ത വികസനത്തെ സാരമായി ബാധിച്ചിരിക്കുന്നു. സാക്ഷരരായ ജനങ്ങൾക്കു മാത്രമേ ശാസ്ത്രസാങ്കേതിക മേഖലകളിൽ നൈപുണ്യം നേടാൻ കഴിയൂ. പുരോഗതിയിലും രാഷ്ട്ര നവീകരണത്തിലും സുപ്രധാനമായ ഘടകമാണ് സാക്ഷരതയും വിദ്യാഭ്യാസവും; ജനാധിപത്യ വ്യവസ്ഥിതിയിൽ പ്രത്യേകിച്ചും.

ഭാരതത്തിന്റെ ഭരണഘടന സാർവ്വത്രികവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പു ചെയ്യുന്നുണ്ട്. പക്ഷെ ഇന്നും ആ ലക്ഷ്യത്തിൽ നിന്നു നാം അകലെയാണ്. നാൽപത്തിയൊന്നു വർഷത്തെ സ്വതന്ത്ര-ഭരണംകൊണ്ട് സഫലമായ ജനാധിപത്യവ്യവസ്ഥിതിയുടെ അടിത്തറയായ സാക്ഷരതപോലും കൈവരിക്കാൻ കഴിഞ്ഞില്ലല്ലോ. വിദ്യാഭ്യാസമെന്നാൽ സ്ക്കൂളുകളും കോളേജുകളും മാത്രമാണെന്ന സങ്കല്പത്തിൽനിന്നും നാം

മാറേണ്ടിയിരിക്കുന്നു. നിരക്ഷരരായ ലക്ഷോപലക്ഷം ഗ്രാമീണരെ സാക്ഷരരാക്കാൻ അനൗപചാരിക വിദ്യാഭ്യാസം കൊണ്ടേ കഴിയൂ. നമ്മുടെ നാട്ടിലെ അഭ്യസ്തവിദ്യരായ ഏവരും ഈ സത്യം മനസ്സിലാക്കി അനൗപചാരിക വിദ്യാഭ്യാസ രംഗത്തെ സന്നദ്ധഭടന്മാരായി പ്രവർത്തിക്കേണ്ട കാലം വൈകിയിരിക്കുന്നു. ഇതിനു വേണ്ട പ്രചാരമാകട്ടെ നമ്മുടെ ഇപ്പോഴത്തെ ലക്ഷ്യം.

ചോദ്യങ്ങൾ

1. സാക്ഷരത എന്നതിനർത്ഥം
   a. വിദ്യാഭ്യാസലബ്ധി
   b. അക്ഷരജ്ഞാനം നേടിയിട്ടുള്ള സ്ഥിതി
   c. പരിസ്ഥിതി സംരക്ഷിക്കാനുള്ള പ്രാപ്തി
   d. വികസനത്തിൽ പങ്കാളികളാക്കാനുള്ള കഴിവ്

2. ഏകദേശം പൂർണ്ണ സാക്ഷരത നേടാത്ത രാജ്യം
   a. സോവിയറ്റ് റഷ്യ
   b. ജർമ്മനി
   c. അമേരിക്ക
   d. ഇന്ത്യ

3. നാം എന്തിനെപ്പറ്റിയാണ് ബോധവാന്മാരല്ലാത്തത്?
   a. നൂറുശതമാനം സാക്ഷരത കൈവരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി
   b. നിരക്ഷരജനത ഭരണകൂടത്തിനു രൂപം നൽകുമ്പോൾ ഉണ്ടാകുന്ന വിപത്തുക്കളെപ്പറ്റി
   c. സാക്ഷരതയുടെ നന്മകളെപ്പറ്റി
   d. അന്യരാജ്യങ്ങൾ കൈവരിച്ചിട്ടുള്ള പുരോഗതിയെപ്പറ്റി

4. രാജ്യത്തിന്റെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്ന കാര്യം
   a. ഭരണാധിപന്മാരുടെ ബോധമില്ലായ്മ
   b. വ്യാവസായികമായ പിന്നോക്കം
   c. രാഷ്ട്രീയക്കാരുടെ ആധിക്യം
   d. ജനങ്ങളുടെ നിരക്ഷരത

5. ശാസ്ത്രസാങ്കേതിക വിഷയങ്ങളിലുള്ള പിന്നോക്കാവസ്ഥ _____ സാരമായി ബാധിക്കുന്നു
   a. സാക്ഷരതയെ

b. വികസനത്തെ
c. വാണിജ്യത്തെ
d. ഭാവിയെ

6. ഭാരതത്തിന്റെ ഭരണഘടന എന്താണ് ഉറപ്പുതരുന്നത്?
a. സർവ്വജനങ്ങൾക്കും സമാന നീതി
b. പിന്നോക്ക പ്രദേശങ്ങളുടെ ഉയർച്ച
c. വ്യാവസായികമായ വളർച്ച
d. സാർവ്വത്രികവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം

7. സാക്ഷരത കൈവരിക്കാനുള്ള മാർഗ്ഗം?
a. കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിക്കുക
b. കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക
c. അനൗപചാരിക വിദ്യാഭ്യാസത്തിന് പ്രചാരം നൽകുക
d. കൂടുതൽ വ്യവസായ ശാലകൾ സ്ഥാപിക്കുക

8. ഈ പാഠഭാഗത്തിന് ഏറ്റവും ഉചിതമായ ശീർഷകം
a. സാക്ഷരതകൊണ്ടുള്ള പ്രയോജനം
b. നിരക്ഷരതാ നിർമ്മാർജ്ജനം
c. വിദ്യാഭ്യാസ പുരോഗതി
d. രാഷ്ട്രവും വിദ്യാഭ്യാസവും

Passage - 14

പാഞ്ചാലി എന്ന സ്ത്രീ

ഇന്ത്യയുടെ ഏറ്റവും വിശിഷ്ടമായ പ്രാചീന സമ്പത്തായ ഇതിഹാസങ്ങളിൽ നമ്മെ ആകർഷിക്കുന്ന ഒട്ടേറെ സ്ത്രീകഥാപാത്രങ്ങളുണ്ട്. രാമായണത്തിലെ സീത, കൗസല്യ, കൈകേയി, ഊർമ്മിള തുടങ്ങിയവരും മഹാഭാരതത്തിലെ സത്യവതി, കുന്തി, അംബ, പാഞ്ചാലി എന്നിവരെല്ലാം അതിൽ ഉൾപ്പെടും. സ്ത്രീയുടെ ദുഃഖത്തിന്റെ വിവിധ മുഖങ്ങൾക്ക് അവർ പ്രാതിനിധ്യം വഹിക്കുന്ന ഇവരിൽ മറക്കാനാവാത്ത ഒരുവളാണ് പാഞ്ചാലി.

ആലോചിച്ചുനോക്കിയാൽ അതിദയനീയമാണു പാഞ്ചാലിയുടെ കഥ. പ്രതാപവാനായിരുന്ന പാഞ്ചാലരാജാവിന്റെ ഓമനപ്പുത്രിയായിരുന്നു അവൾ. ഒരു രാജകുമാരിക്കു സ്വപ്നം കാണാവുന്ന എല്ലാ സുഖസൗകര്യങ്ങളും

അവൾക്കുണ്ടായിരുന്നു. മനസ്സിനോ ശരീരത്തിനോ ചെറിയൊരു മുറിവെങ്കിലും ഉണ്ടാകാൻ അവസരമില്ലാത്തതായിരുന്നു അവളുടെ ജീവിതം. യൗവ്വനാരംഭത്തിൽ അർജ്ജുനനെന്ന മഹാവീരനെ അവൾ ഭർത്താവായി വരിക്കുകയും ചെയ്തു.

പക്ഷേ, തുടർന്നു വന്ന അവളുടെ ജീവിതം എങ്ങനെ ആയിരുന്നു. അതുവരെയുണ്ടായിരുന്നതിൽ നിന്നു തീർത്തും വ്യത്യസ്തം. അർജ്ജുനനെ് യാണു ഭർത്താവായി വരിച്ചതെങ്കിലും അഞ്ചു ഭർത്താക്കന്മാരുമായി കിടക്കപെങ്കിടേണ്ടി വന്നു അവൾക്ക്. അവരിൽ ഏറ്റവും പ്രാകൃതരൂപിയായ ഭീമനൊഴികെ ആർക്കും അവളോടു ആത്മീയമായ അടുപ്പം ഉണ്ടായിരുന്നില്ല. സ്വന്തം വികാരശമനത്തിനുള്ള ഒരു ഉപകരണം മാത്രമായിരുന്നു അവൾ അവർക്ക്.

അതുകൊണ്ടുതന്നെ പാഞ്ചാലിക്കു നേരെയുണ്ടായ ഏറ്റവും ഹീനമായ പെരുമാറ്റങ്ങളെത്തന്നെയും അവൾക്കൊറ്റയ്ക്കു നേരിടേണ്ടിവന്നു. അന്തപ്പുരത്തിൽ നിന്നു കൗരവസഭയിലേക്കു വലിച്ചിഴയ്ക്കപ്പെട്ട രജസ്വലയായ പാഞ്ചാലിയുടെ ഉടുപുടവ ദുശ്ശാസനൻ വലിച്ചഴിച്ചപ്പോൾ പോലും ആ ഭർത്താക്കന്മാർ നിഷ്ക്രിയരായിരുന്നു. പതിനെട്ടു ദിവസം ദീർഘിച്ച കുരുക്ഷേത്ര യുദ്ധത്തിന്റെ അന്ത്യത്തിൽ കൗരവപക്ഷമാകെ തകർന്നു വീഴുകയും പാണ്ടവർ അധികാരം പിടിച്ചെടുക്കകയുംചെയ്തപ്പോഴും പാഞ്ചാലിയുടെ സുഖത്തിൽ അവർ ശ്രദ്ധിച്ചില്ല. അവർക്കു ശ്രദ്ധിക്കാൻ കൂടുതൽ പ്രധാനമായ സ്വന്തം കാര്യങ്ങൾ ഏറെയുണ്ടായിരുന്നു.

എല്ലാം കഴിഞ്ഞ് മഹാപ്രസ്ഥാനമായി ഭൗതികസുഖങ്ങളെല്ലാമുപേക്ഷിച്ചു പാണ്ഡവർ നടത്തിയ അന്ത്യയാത്ര. ആ യാത്രയിൽ അവളുമുണ്ടായിരുന്നു. പക്ഷെ, തളർന്നു വീണ അവൾക്കൊരു കൈത്താങ്ങു നൽകുവാൻ ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവൾ അതുവരെ അത്രയൊന്നും കാര്യമാക്കാതിരുന്ന ഭീമൻ.

ഒരു ജീവിതകാലത്തിനിടയിൽ ഇത്രയേറെ ദുഃഖങ്ങൾ അനുഭവിച്ചു തീർക്കാൻ വിധിക്കപ്പെട്ട ഏറെ കഥാപാത്രങ്ങളെ നമുക്കു കാണാനാവില്ല.

ചോദ്യങ്ങൾ

1. ഇന്ത്യയുടെ ഏറ്റവും വിശിഷ്ടമായ പ്രാചീനസമ്പത്തെന്ത്?
   a. നാടൻ പാട്ടുകൾ
   b. ശില്പങ്ങൾ
   c. നൃത്തനൃത്യങ്ങൾ
   d. ഇതിഹാസങ്ങൾ

2. ഭാരതീയ ഇതിഹാസങ്ങളിലെ സ്ത്രീകഥാപാത്രങ്ങളുടെ മുഖ്യ സവിശേഷത
   a. അസാധാരണമായ സൗന്ദര്യമുള്ളവർ
   b. ധൈര്യശാലികൾ

c. മനുഷ്യനന്മയുടെ പ്രതിനിധികൾ
d. സ്ത്രീയുടെ ദുഃഖത്തിന്റെ വിവിധ മുഖങ്ങൾ

3. പാഞ്ചാലിയോട് ഏറ്റവും താല്പര്യം ഉണ്ടായിരുന്ന പാണ്ഡവർ
   a. ധർമ്മപുത്രർ
   b. അർജ്ജുനൻ
   c. ഭീമൻ
   d. സഹദേവൻ

4. വിവാഹത്തിനു ശേഷമുള്ള പാഞ്ചാലിയുടെ ജീവിതം
   a. വിവാഹത്തിനു മുൻപുണ്ടായിരുന്ന തരത്തിലുള്ളത്
   b. കൂടുതൽ സന്തോഷകരം
   c. മാതൃകാപരം
   d. ദുഃഖകരം

5. പാഞ്ചാലിയുടെ വസ്ത്രാക്ഷേപവേളയിൽ പാണ്ഡവരിൽ നിന്നുണ്ടായ പ്രതികരണം
   a. സന്തോഷം
   b. പരിഹാസം
   c. നിഷ്ക്രിയത്വം
   d. ദുഃഖം

6. അധികാരത്തിലെത്തിയ ശേഷം പാഞ്ചാലിക്കു അർഹിക്കുന്ന ശ്രദ്ധ കിട്ടാതിരിക്കാൻ കാരണം
   a. സമയക്കുറവ്
   b. ഭരണപരമായ തിരക്കുകൾ
   c. പാഞ്ചാലിയോടുള്ള വിരക്തി
   d. കൂടുതൽ പ്രധാനമായ സ്വന്തം കാര്യങ്ങൾ

7. നിഷ്ക്രിയർ – ഈ വാക്കിന്റെ ശരിയായ അർത്ഥമെന്ത്?
   a. നല്ലക്രിയ ചെയ്യുന്നവർ
   b. ക്രിയകളിൽ വൈദഗ്ധ്യമുള്ളവർ
   c. ക്രിയ ചെയ്യാത്തവർ
   d. ക്രിയകളിൽ താല്പര്യമില്ലാത്തവർ

8. ദീർഘം – ഈ വാക്കിന്റെ ശരിയായ അർത്ഥമെന്ത്?

a. വലിയ

b. സന്തുഷ്ടമായ

c. വിശാലമായ

d. നീണ്ട

Passage - 15

ആട്ടക്കഥകൾക്കുശേഷം മലയാളത്തിലുണ്ടായ ശ്രദ്ധേയമായ ഒരു പ്രസ്ഥാനമാണ് തുള്ളൽ. ഒരു ദൃശ്യകല എന്ന നിലയ്ക്ക് തികച്ചും ശാസ്ത്രീയമാണ് കഥകളി. സാധാരണ ജനങ്ങൾക്ക് അതിന്റെ സംഗീതവും ഭാഷയും മുദ്രയും മനസ്സിലാക്കി ആസ്വദിക്കാൻ തന്നെ പ്രയാസമുണ്ട്. എന്നാൽ ലളിതമായ ഒരു കലാരൂപമാണ് തുള്ളൽ. ചാക്യാർകൂത്തിൽനിന്നും ആട്ടക്കഥയിൽനിന്നും ആവശ്യമായ അംശങ്ങൾ മാത്രം സ്വീകരിച്ചത്. പുതുതായി രൂപപ്പെടുത്തിയ കലാരൂപമായ തുള്ളൽ ജനസാമാന്യത്തിന്റെ കലയാണ്. കുഞ്ചൻനമ്പ്യാരാണ് തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. കല സാമൂഹ്യമാണെന്നും സമൂഹത്തിൽനിന്നും അകന്ന കലയ്ക്ക് അർത്ഥ മില്ലെന്നും മനസ്സിലാക്കിയ നമ്പ്യാർ ജനങ്ങൾക്കുവേണ്ടി കവിത രചിച്ചു. ഫലിതത്തിലൂടെ സാമൂഹ്യവിമർശനം നടത്തി സമൂഹത്തെ പരിഷ്കരിക്കുക-യായിരുന്നു നമ്പ്യാരുടെ ഉദ്ദേശ്യം. ലളിതവും ഋജുവും ശുദ്ധവുമായ മലയാള ശൈലിയാണ് അദ്ദേഹം തുള്ളലിനു സ്വീകരിച്ചത്. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ തുള്ളലുകൾ മൂന്നു വിധമുണ്ട്. മൂന്നു രൂപങ്ങളുടേയും വേഷവിധാനങ്ങളും അവതരണരീതികളും വ്യത്യസ്തപ്പെട്ടിരിക്കുന്നു. സാഹിത്യവും കലയും സാമൂഹ്യ മാറ്റം കൈവരിക്കാൻ എത്ര കണ്ടുതകും എന്നു തെളിയിച്ചുതന്ന കവിയാണ് കലക്കത്തു കുഞ്ചൻനമ്പ്യാർ. കൂത്തിനു മിഴാവു കൊട്ടവേ ഉറങ്ങിപ്പോയ നമ്പ്യാരെ ചാക്യാർ കണക്കിന് കളിയാക്കിയത്രെ. അതുമൂലം ചാക്യാരോട് പകരം വീട്ടാൻ നമ്പ്യാർ ഉടനടി രൂപം കൊടുത്ത കലാരൂപമാണ് തുള്ളൽ. ഒരൊറ്റ രാത്രികൊണ്ട് രചിക്കപ്പെട്ടകാവ്യമാണ് കല്യാണസൗഗന്ധികമെന്ന അതിമധുരമായ തുള്ളൽ കാവ്യം.

ചോദ്യങ്ങൾ

1. ആട്ടകഥകൾക്കു ശേഷം മലയാളത്തിലുണ്ടായ ഒരു പ്രസ്ഥാനം

a. പാട്ട്

b. ചമ്പു

c. മഹാകാവ്യം

d. തുള്ളൽ

2. കഥകളി ആസ്വദിക്കാൻ എല്ലാവർക്കും കഴിയില്ല. എന്തുകൊണ്ട്?
   a. കൂടുതൽ സമയമെടുക്കുന്നത്കൊണ്ട്
   b. കഥകളി ലളിതമായതു കൊണ്ട്
   c. അതിന്റെ ഭാഷയും മുദ്രയും മനസ്സിലാക്കാൻ പ്രയാസമുള്ളതു കൊണ്ട്
   d. കഥകളിയിലെ രംഗസജ്ജീകരണംകൊണ്ട്.

3. തുള്ളലിന്റെ ഉപജ്ഞാതാവ്?
   a. എഴുത്തച്ഛൻ
   b. ഉണ്ണായിവാര്യർ
   c. കുഞ്ചൻ നമ്പ്യാർ
   d. പുനം നമ്പൂതിരി

4. നമ്പ്യാരുടെ ഉദ്ദേശം എന്തായിരുന്നു?
   a. ചാക്യാരെ പരിഹസിക്കുക
   b. സമൂഹത്തെ പരിഷ്കരിക്കുക
   c. കഥകളിയിലെ പോരായ്മകൾ നികത്തുക
   d. കൂത്തിലെ പോരായ്മകൾ നികത്തുക

5. നമ്പ്യാരുടെ ഉപാധി
   a. ഫലിതം
   b. ഹാസ്യം
   c. ദൈന്യം
   d. വ്യംഗ്യം

6. തുള്ളലുകളിൽ പെടാത്തതേത്?
   a. ഓട്ടൻ
   b. പുലയൻ
   c. ശീതൻ
   d. പറയൻ

7. നമ്പ്യാരുടെ തുള്ളൽ കാവ്യം
   a. നളചരിതം
   b. ഉമാകേരളം

c. കല്യാണസൗഗന്ധികം

d. സിംഹപ്രസവം

8. ഈ പാഠഭാഗത്തിനുള്ള പറ്റിയ ശീർഷകം

a. ചാക്യാരും നമ്പ്യാരും

b. കഥകളിയും തുള്ളലും

c. തുള്ളൽ പ്രസ്ഥാനം

d. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്

Passage - 16

കാണാതെ പോയ ആട്

–ഒരു നാടോടിക്കഥ

ഒരു ഇടയൻ ഒരു പറ്റം ആടിനെകൊണ്ട് മലയുടെ മുകളിൽ കയറി. നല്ല പച്ചിലകൾ ആ മലയിൽ ധാരാളം ഉണ്ടായിരുന്നു. കൂട്ടത്തിൽ ഒരാട് തിന്നു മദിച്ചു മല കയറിക്കടന്നു. അത് കൂട്ടം പിരിഞ്ഞ് എവിടെയോ അകന്നു പോയി. വളഞ്ഞ കൊമ്പും പള്ളയിൽ പുള്ളിയും ഉള്ള ഒരാടായിരുന്നു അത്.

ഇടയന് വലിയ സങ്കടം ഉണ്ടായി. മറ്റ് ഇടയന്മാരെയും ഈ കാര്യം അറിയിച്ചു. അവർ എല്ലാവരും കൂടി മലയിൽ തിരക്കി നടന്നു. വളരെ നേരം തിരക്കിയിട്ടും ആടിനെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല.

അന്ന് ഇടയന്റെകൂടെ അയാളുടെ കൊച്ചുമകളും ഉണ്ടായിരുന്നു. അവൾ കുന്നിന്റെ മുകളിൽ കയറിച്ചെന്നു. അവിടെ ഒരു പൂമരം നിന്നിരുന്നു. നല്ല മണമുള്ളപൂക്കൾ നിറഞ്ഞ് നിൽക്കുന്നത് അവൾ കണ്ടു. അവൾ പൂവിറുക്കുവാൻ മരത്തിൽ കയറി. ആ ഉയരത്തിൽ നിന്നുകൊണ്ട് നാലു വശത്തും നോക്കി. പുള്ളിമാനിന്റെ നിറമുള്ള ആ ആടിനെ അവൾക്കു കാണുവാനിടയായി. എല്ലാവരുംകൂടി ആടിനെ പിടിച്ചുകൊണ്ടു വന്നു.

ഇടയന്മാരെ എല്ലാവരെയും വളരെ വിഷമിപ്പിച്ച ആ കള്ളിയായ ആടിനെ കല്ല് എറിഞ്ഞു കൊല്ലാൻ അവർ തീരുമാനിച്ചു. അപ്പോൾ മൂത്ത ഇടയൻ തന്റെ കൊച്ചുമകളുടെ ഒരു പാട്ടു കേട്ടു. അവൾ ആ പൂമരത്തിന്റെ ഒരു കൊമ്പിലിരുന്ന് പൂവിറുക്കുകയായിരുന്നു. ആ പൂക്കളുടെ മണവും നിറവും അവളെ വളരെ സന്തോഷിപ്പിച്ചു. ആ സന്തോഷംകൊണ്ട് അവൾ പാടിപ്പോയതാണ്. ഇടയന്മാർ അവളെ നോക്കി നിന്നു.

ഒരു പൂവിറുത്ത് അവൾ തന്റെ മുടിയിൽ തിരുകി. പിന്നേയും പൂക്കളിറുത്ത് മടിയിൽ വെച്ചു. ആ പൂക്കളുടെ മണം ഇടയന്മാരുടെ കൂട്ടത്തിലും കടന്നു ചെന്നു. പൂക്കളുടെ നിറവും അവരെ സന്തോഷിപ്പിച്ചു. എല്ലാവർക്കും വലിയ

ആനന്ദമുണ്ടായി. അതിനിടയിൽ ആടിനെ എറിഞ്ഞുകൊല്ലുന്ന കാര്യം ഇടയന്മാർ മറന്നു പോയി.

ചോദ്യങ്ങൾ

1. കൂട്ടം പിരിഞ്ഞ ആടിന് എന്തെങ്കിലും പ്രത്യേകതയുണ്ടോ?
   a. മുടന്തനാണ്.
   b. വളഞ്ഞ കൊമ്പും പള്ളയിൽ പുള്ളിയും ഉണ്ട്.
   c. ഒറ്റക്കണ്ണനായിരുന്നു.
   d. ഒറ്റക്കൊമ്പനായിരുന്നു.

2. ആടിനെ കണ്ടെത്തിയത് എങ്ങനെ?
   a. ആട്ടിടയന്റെ കൊച്ചുമകൾ മരത്തിൽ കയറി നോക്കി.
   b. ആട്ടിടയൻ അന്വേഷിച്ചു കണ്ടെത്തി.
   c. നാട്ടുകാർ ഓടിച്ചു പിടിച്ചു.
   d. അറവുകാരുടെ കയ്യിൽ നിന്നും രക്ഷപ്പെട്ടു.

3. ആടിനെ കല്ലെറിഞ്ഞ് കൊല്ലാൻ തീരുമാനിച്ചത് എന്തുകൊണ്ട്?
   a. ആട് കള്ളിയായത് കൊണ്ട്.
   b. ഇടയന്റെ കണ്ണ് പൊട്ടിച്ച് ആട് ഓടിപ്പോടയു കൊണ്ട്.
   c. ഇടയന്റെ കൊച്ചു മകളോട് ആട് കൂടുതൽ അടുപ്പം കാണിച്ചതിനാൽ.
   d. ആട് വയസായതിനാൽ.

4. ആടിനെ എറിഞ്ഞു കൊല്ലുന്ന കാര്യം മറന്നതെങ്ങനെ?
   a. ആട് കൺമുമ്പിൽ നിന്ന് ഓടി മറഞ്ഞതിനാൽ
   b. ഇടയന്റെ കൊച്ചു മകൾ പാട്ട് പാടി നൃത്തം ചെയ്ത് ശ്രദ്ധ മാറിയതിനാൽ
   c. പൂക്കളുടെ മണവും പാട്ടിന്റെ ഈണവും അംഗീകരിച്ചതിനാൽ
   d. പൂത്ത മരങ്ങളുടെ ദൃശ്യം

5. പൂമരം എന്നാൽ
   a. പൂക്കളുള്ള മരം
   b. പൂക്കുന്ന മരം
   c. പൂപോലുള്ള മരം
   d. പൂക്കളോടുകൂടിയ മരം

6. 'പള്ള' എന്ന വാക്കിന്റെ അർത്ഥം

   a. മുഖം
   b. മുളക്
   c. വയറ്
   d. കഴുത്ത്

7. 'ആനന്ദം' എന്ന വാക്കിന് പകരം കഥയിൽ ഉപയോഗിച്ചിട്ടുള്ള മറ്റൊരു വാക്ക്

   a. ആമോദം
   b. സന്തോഷം
   c. ഉത്സാഹം
   d. ആഹ്ലാദം

8. 'കയറിക്കടന്ന' എന്ന വാക്കിലെ സന്ധി ഏത്?

   a. ലോപസന്ധി
   b. ആദേശം
   c. ദ്വിത്വം
   d. ആഗമം

Passage - 17

തിരുവള്ളുവർ

മദിരാശി സംസ്ഥാനത്തിലുള്ള മൈലാപൂർ എന്ന സ്ഥലത്തു തിരുവള്ളുവർ എന്നൊരു വൃദ്ധ സന്യാസിയുണ്ടായിരുന്നു. അദ്ദേഹം അഗാധപണ്ഡിതനും കവിയും ആയിരുന്നു. അദ്ദേഹത്തെക്കാണുവാനും ഉപദേശം നേടുവാനും അനേകം ആളുകൾ ദിവസവും എത്തിയിരുന്നു.

ഒരു പ്രഭാതത്തിൽ ഒരു യുവാവ് തിരുവള്ളുവരെ സന്ദർശിച്ചു ഇപ്രകാരം ചോദിച്ചു. സ്വാമി, പുരുഷനു ഒരു ഭാര്യയുണ്ടായിരിക്കുന്നതോ ഇല്ലാതെയിരിക്കുന്നതോ നല്ലത്.

തിരുവള്ളുവർ പറഞ്ഞു ക്ഷമിക്കൂ. കുറെകഴിഞ്ഞു ഞാൻ ഉത്തരംപറയാം. യുവാവ് ക്ഷമയോടെ ഇരുന്നു. കുറെകഴിഞ്ഞ് രണ്ടുപേരുകൂടി പഴങ്കഞ്ഞി കുടിക്കാനിരുന്നു. അപ്പോൾ തിരുവള്ളുവർ ഭാര്യയെ വിളിച്ചു.

വാസുകി, ഈ കഞ്ഞിക്കു വലിയ ചൂടുണ്ടല്ലോ. വാസുകി പെട്ടെന്നു ഒരു വിശറിയുമായി വന്നു പഴങ്കഞ്ഞി വിളമ്പിയ പ്ളേറ്റിൽ വീശി.

പഴങ്കഞ്ഞിക്കു ചുടുണ്ടെന്നൊ? മൂപ്പിലിനു വട്ടായിരിക്കണം. അതിലേറെ വട്ടായിരിക്കണം മൂപ്പിലിന്റെ ഭാര്യയ്ക്ക്. അല്ലെങ്കിൽ അവർ ഉടനെ വിശറിയുമായിട്ടെത്തുമോ? ഇങ്ങനെയല്ലേ, നമുക്കു തോന്നുക. പക്ഷെ ആ യുവാവിനു അങ്ങനെ തോന്നിയില്ല.

ഉച്ചയൂണിനു അവർ ഒന്നിച്ചിരുന്നു. വാസുകി ചോറു വിളമ്പി. തിരുവള്ളുവർ ഭാര്യയുടെ നേരെ തിരിഞ്ഞു അരിശപ്പെട്ടു.

വാസുകി, രാത്രിയാണെന്നു നിനക്കറിഞ്ഞുകൂടേ? നിനക്കൊരു വിളക്കു കൊളുത്തി വച്ചുകൂടെ? ഒരക്ഷരംപോലും ഉരിയാടാതെ വാസുകി ഒരു വിളക്കു കൊളുത്തിക്കൊണ്ടു വന്നു. ഊണു കഴിഞ്ഞു അവർ വിശ്രമിച്ചപ്പോൾ തിരുവള്ളുവർ യുവാവിനോട് ചോദിച്ചു.

നിങ്ങളുടെ ചോദ്യത്തിനു ഉത്തരം ലഭിച്ചില്ല ഇല്ലേ? യുവാവ് സവിനയം പറഞ്ഞു.

സ്വാമി, എന്റെ ചോദ്യത്തിനുള്ള ഉത്തരം എനിക്കു കിട്ടി. ഭത്തൃഹിതമറിഞ്ഞ് പ്രവർത്തിക്കുന്ന പതിഭക്തയായ സ്ത്രീയാണെങ്കിൽ, ഭാര്യയുണ്ടായിരിക്കുന്നതു നല്ലതുതന്നെ. മറിച്ചുള്ളവളാണെങ്കിൽ, ഭാര്യ ഇല്ലായിരിക്കുന്നതാണ് നല്ലത്.

ചോദ്യങ്ങൾ

ഏറ്റവും ശരിയായ വാക്യം അടയാളപ്പെടുത്തുക.

1. a. തിരുവള്ളുവർ ഒരു സ്ഥലത്തിന്റെ പേരാണ്.
   b. തിരുവള്ളുവർ ഒരു കവിയായിരുന്നു.
   c. തിരുവള്ളുവർ ഒരു തമിഴ് കവിയായിരുന്നു.
   d. തിരുവള്ളുവർ ഒരു ദൈവമായിരുന്നു.

2. a. തിരുവള്ളുവരെ കാണാൻ ആളുകൾ വരുമായിരുന്നു.
   b. തിരുവള്ളുവരെ കണ്ട് അവരുടെ പ്രശ്നങ്ങൾ ബോധിപ്പിക്കാൻ വരുമായിരുന്നു.
   c. തിരുവള്ളുവരെ കണ്ട് അവരുടെ സംശയങ്ങൾ തീർക്കാൻ വരുമായിരുന്നു.
   d. തിരുവള്ളുവരെക്കണ്ട് ആളുകൾ ചികിത്സിക്കുമായിരുന്നു.

3. a. യുവാവിന് സംശയം ഇല്ലായിരുന്നു.
   b. യുവാവിന് ഒരു സംശയം ഉണ്ടായിരുന്നു.
   c. യുവാവിന് സംശയങ്ങൾ ഉണ്ടായിരുന്നു.
   d. യുവാവിന് സംശയം മാറിയില്ല.

4. a. പഴങ്കഞ്ഞിക്ക് ചൂടുണ്ട്.
   b. പഴങ്കഞ്ഞിക്ക് ചൂടുണ്ടെന്ന് തിരുവള്ളുവർ പറഞ്ഞു.
   c. പഴങ്കഞ്ഞിക്ക് ചൂടില്ല.
   d. പഴങ്കഞ്ഞിക്ക് ചൂടില്ലെന്ന് തിരുവള്ളുവർ പറഞ്ഞു.

5. a. പഴങ്കഞ്ഞിക്ക് ചൂടുള്ളതുകൊണ്ട് തിരുവള്ളുവരുടെ ഭാര്യ വീശി.
   b. പഴങ്കഞ്ഞിക്ക് ചൂടുണ്ടെന്ന് തോന്നിയാണ് ഭാര്യ വീശിയത്.
   c. തിരുവള്ളുവരുടെ ഭാര്യ വീശിയത് പഴങ്കഞ്ഞിക്ക് ചൂടുള്ളതു കൊണ്ടല്ല.
   d. തിരുവള്ളുവർ പറഞ്ഞതുകൊണ്ടാണ് തിരുവള്ളുവരുടെ ഭാര്യ വീശിയത്.

6. a. തിരുവള്ളുവർക്ക് കിറുക്കുണ്ട്.
   b. തിരുവള്ളുവരുടെ ഭാര്യക്ക് കിറുക്കുണ്ട്.
   c. തിരുവള്ളുവർക്കും ഭാര്യക്കും യുവാവിനും കിറുക്കുണ്ട്.
   d. മൂന്നുപേർക്കും കിറുക്കില്ല.

7. a. തിരുവള്ളുവരും യുവാവും ഉച്ചയ്ക്കാണ് ഉണ്ണാനിരുന്നത്.
   b. തിരുവള്ളുവരും യുവാവും രാത്രിക്കാണ് ഉണ്ണാനിരുന്നത്.
   c. തിരുവള്ളുവരും യുവാവും പകലാണ് ഉണ്ണാനിരുന്നത്.
   d. തിരുവള്ളുവരും യുവാവും സന്ധ്യയ്ക്കാണ് ഉണ്ണാനിരുന്നത്.

8. a. തിരുവള്ളുവരുടെ ഭാര്യ രാത്രിയായതുകൊണ്ട് വിളക്കു കൊളുത്തി കൊണ്ടു വന്നു.
   b. തിരുവള്ളുവരുടെ ഭാര്യ തിരുവള്ളുവർ പറഞ്ഞതുകൊണ്ട് വിളക്കുകൊളുത്തി കൊണ്ടു വന്നു.
   c. തിരുവള്ളുവരുടെ ഭാര്യ അവർക്ക് തോന്നിയതുകൊണ്ട് വിളക്കു കൊളുത്തി കൊണ്ടു വന്നു.
   d. തിരുവള്ളുവരുടെ ഭാര്യ സ്വന്തം ഇഷ്ടപ്രകാരം വിളക്കുകൊളുത്തി ക്കൊണ്ടു വന്നു.

9. a. യുവാവിന്റെ ചോദ്യത്തിനു ഉത്തരം കിട്ടിയില്ല.
   b. യുവാവിന്റെ ചോദ്യത്തിനു ഉത്തരം യുവാവിന് മനസ്സിലായി.
   c. യുവാവിന്റെ ചോദ്യത്തിനു ഉത്തരം തിരുവള്ളുവർ പറഞ്ഞു കൊടുത്തു.
   d. യുവാവിന്റെ ചോദ്യത്തിന് ഉത്തരം ഇല്ലായിരുന്നു.

10. a. ഭർത്താവിന്റെ ഹിതമറിഞ്ഞ് പ്രവർത്തിക്കുന്ന സ്ത്രീയാണെങ്കിൽ
    b. ഭർത്താവിന്റെ ഹിതമറിഞ്ഞ് അന്ധയായി പ്രവർത്തിക്കുന്ന സ്ത്രീ നല്ലതാണ്.
    c. സ്വന്തം ഇഷ്ടമനുസരിച്ചു പ്രവർത്തിക്കുന്ന സ്ത്രീയാണ് നല്ലത്.
    d. ഭർത്താവിന്റെ ഇഷ്ടം നോക്കാതെ പ്രവർത്തിക്കുന്ന സ്ത്രീ നല്ലതാണ്.

Passage - 18

Listening Comprehension-A

കേട്ട ഗദ്യഭാഗത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യങ്ങൾക്കുള്ള ശരിയായ ഉത്തരം അടയാളപ്പെടുത്തുക:

ശിവജി മറാത്ത ചക്രവർത്തിയായി നാടുവാഴുന്ന കാലം. ചെറിയ ചെറിയ നാട്ടുരാജ്യങ്ങൾ ഒന്നൊന്നായി ശിവജിയുടെ മേൽക്കോയ്മ അംഗീകരിച്ചു കീഴടങ്ങി. കർണ്ണാടകത്തിലെ ബലാവതി എന്ന നാട്ടുരാജ്യം മാത്രം ശിവജിക്ക് കീഴടങ്ങൻ തയ്യാറായില്ല.

ഒരിക്കൽ ബലാവതിയിൽനിന്ന് ഒരു പണ്ഡിതൻ ശിവജിയുടെ കൊട്ടാരത്തിലെത്തി. പന്ത്രണ്ടുഭാഷകൾ ഒരുപോലെ അറിയാവുന്ന ഒരു പണ്ഡിതൻ. ആ പണ്ഡിതൻ വന്നപ്പോൾത്തന്നെ ശിവജിയുടെ സദസ്സിലെ പണ്ഡിതന്മാരെ വെല്ലുവിളിച്ചു. എന്റെ മാതൃഭാഷ ഏതാണെന്ന് കണ്ടുപിടിക്കാൻ ചുണയുള്ള ആരെങ്കിലും ഇവിടെയുണ്ടോ?

ശിവജിയുടെ സദസ്സിലെ പണ്ഡിതന്മാർ അയാളുടെ മാതൃഭാഷ കണ്ടുപിടിക്കാൻ ആവും മട്ട് ശമിച്ചു. പക്ഷേ പന്ത്രണ്ട് ഭാഷകളിൽ ഒരു പോലെ വിദഗ്ദ്ധനായിരുന്ന അയാളുടെ മാതൃഭാഷ കണ്ടുപിടിക്കാൻ അവരിലാർക്കും കഴിഞ്ഞില്ല. തന്റെ സദസ്സിന്റെ കഴിവുകേടിൽ ശിവജിക്ക് ലജ്ജതോന്നി.

പണ്ഡിതന്മാരെല്ലാം തോറ്റു പിൻമാറിയപ്പോൾ ശിവജിയുടെ മന്ത്രിയായ അംബാജി മഹാദേവൻ ആ വെല്ലുവിളി ഏറ്റെടുത്തു. അംബാജിക്ക് അക്കാര്യം കഴിയുമെന്ന് ആരും കരുതിയില്ല. അംബാജിയും ആ തന്ത്രത്തിൽ വിദഗ്ധനാണ്. ഭരണപരിചയവുമുണ്ട്. പക്ഷേ ഭാഷാപണ്ഡിതൻ അല്ല. ബഹുഭാഷാപണ്ഡിതന്മാർ അടിയറവു പറഞ്ഞ മത്സരത്തിൽ അംബാജിക്ക് വിജയിക്കുവാൻ കഴിയില്ലെന്ന് ശിവജിപോലും കരുതി.

ഒരു ദിവസം രാത്രി പണ്ഡിതൻ ഉറക്കമായപ്പോൾ അംബാജി ഒരു പാത്രത്തിൽ വെള്ളവുമായി പതുങ്ങിപ്പതുങ്ങി അടുത്തെത്തി പണ്ഡിതന്റെ മുഖത്തൊഴിച്ചു.

തണുത്തവെള്ളം മുഖത്ത് വീണ പണ്ഡിതൻ പരിഭ്രമത്തോടെ ഞെട്ടിയെഴുന്നേറ്റ് ചോദിച്ചു. 'സുൺചെം, സുൺചെം! '

എന്താണിത്, എന്താണിത് എന്നായിരുന്നു ആ ഗുജറാത്തി വാക്കിന്റെ അർഥം. ഭയത്തിനും പരിഭ്രമത്തിനുമിടയ്ക്ക് പണ്ഡിതൻ തന്റെ മാതൃ-ഭാഷയൊഴിച്ച് മറ്റ് എല്ലാ ഭാഷകളും മറന്നിരുന്നു.

പണ്ഡിതന്റെ മാതൃഭാഷ കണ്ടു പിടിച്ച അംബാജിക്ക് ചക്രവർത്തി വിലപിടിച്ച സമ്മാനങ്ങൾ നൽകി.

ചോദ്യങ്ങൾ

1. ശിവജിയുടെ കൊട്ടാരത്തിലെത്തിയ പണ്ഡിതന്റെ നാട്
   a. ഗുജറാത്ത്
   b. മഹാരാഷ്ട്ര
   c. ബലാവതി
   d. തന്നിരിക്കുന്ന ഗദ്യഭാഗത്ത് നിന്ന് വ്യക്തമല്ല.

2. ശിവജിയുടെ കൊട്ടാരത്തിലെത്തിയ പണ്ഡിതന്റെ മാതൃഭാഷ കണ്ടുപിടിച്ചത്.
   a. ശിവജിതന്നെയായിരുന്നു.
   b. ശിവജിയുടെ സദസ്സിലെ പണ്ഡിതന്മാർ ആയിരുന്നു.
   c. ശിവജിയുടെ മന്ത്രിയായിരുന്നു.
   d. ശിവജിയുടെ സേനാധിപധി ആയിരുന്നു.

3. പണ്ഡിതന്റെ ശിവജിയോടുള്ള വെല്ലുവിളി
   a. തന്നെ യുദ്ധത്തിൽ പരാജയപ്പെടുത്താമോ എന്നായിരുന്നു.
   b. തന്റെ മാതൃഭാഷ കണ്ടുപിടിക്കാമോ എന്നായിരുന്നു.
   c. തന്റെ പാണ്ഡിത്യത്തിനൊപ്പം പാണ്ഡിത്യമുള്ള പണ്ഡിതർ രാജധാനിയിൽ ഉണ്ടോ എന്നതായിരുന്നു.
   d. തന്റെരാജാവിനെ യുദ്ധത്തിൽ പരാജയപ്പെടുത്താമോ എന്നതായിരുന്നു.

4. മത്സരത്തിൽ അംബാജി വിജയിക്കില്ലെന്ന്
   a. ശിവജിപോലും കരുതി.
   b. പണ്ഡിതന്മാർ പ്രതീക്ഷിച്ചില്ല.
   c. കൊട്ടാരത്തിലെത്തിയ പണ്ഡിതന് ഉറപ്പുണ്ടായിരുന്നു.
   d. തന്നിരിക്കുന്ന ഗദ്യഭാഗത്തു നിന്ന് വ്യക്തമല്ല.

5. പണ്ഡിതന്റെ മുഖത്ത് തണുത്ത വെള്ളം ഒഴിച്ചു.

a. അപ്പോൾ പണ്ഡിതൻ കോപത്തോടെ ചാടിയെണീറ്റു.
b. പണ്ഡിതൻ ശബ്ദമുണ്ടാക്കാതെ കിടന്നു.
c. പണ്ഡിതൻ ഉറക്കം നടിച്ചു കിടന്നു.

6. മുഖത്ത് വെള്ളം ഒഴിച്ചപ്പോൾ പണ്ഡിതൻ മാതൃഭാഷയിൽ സംസാരിക്കാൻ കാരണം

a. പരിഭ്രമത്തിനിടയിൽ തന്റെ മാതൃഭാഷയൊഴിച്ച് മറ്റു ഭാഷകൾ മറന്നുപോയിരുന്നു.
b. അടുത്തുള്ളയാൾക്ക് ആ ഭാഷയറിയാം എന്നു കരുതിയാണ്.
c. ആ പ്രദേശത്തെ പണ്ഡിതന്മാരുടെ ഭാഷയായിരുന്നു അത്.
d. പണ്ഡിതന് മറ്റു ഭാഷകൾ വശമില്ലായിരുന്നു.

7. ഈ ഗദ്യഭാഗത്ത് 'ആവും മട്ട്' എന്ന പ്രയോഗത്തിന്റെ അർഥം

a. കഴിയുന്ന വിധം എന്നാണ്.
b. ആ മട്ടിൽ എന്നാണ്.
c. പല മട്ടങ്ങൾ പ്രയോഗിച്ചു എന്നാണ്.
d. പല ചട്ടങ്ങൾ ഉപയോഗിച്ചു എന്നാണ്.

8 *പൂരിപ്പിക്കുക*

